H 48
K 13

പിതാവിൻ പക്കലേക്കു് - 5

# ദൈവിക ജീവൻ നമ്മിൽ



# ദൈവികജീവൻ

# നമ്മിൽ

അഞ്ചാം ക്ലാസ്സ്

H48
K13

DHARMARAM COLLEGE LIBRARY,
BANGALORE.
34025

P. O. C. PUBLICATIONS NO. 9

Nihil Obstat — Very Rev. Fr. Dominic, O. C. D.
and
Rev. Fr. John Kunnappally

Imprimatur — H. Em. Cardinal Joseph Parecattil,
Abp. of Ernakulam
Dr. Joseph Attipetty, Abp. of Verapoly
Dr. Benedict Mar Gregorios,
Abp. of Trivandrum
Dr. Mathew Kavukatt,
Abp. of Changanacherry

Date — May 1, 1969

Published — by Pastoral Orientation Centre,
Kerala-India

Copyright — (c) 1969 Pastoral Orientation Centre,
Kerala-India

All Rights Reserved. No part of this book may be reproduced in any form without permission, in writing, from the publisher.

Printed — at The Coronation Litho Works, Sivakasi

പിതാവിൻപക്കലേയ്ക്ക്—V

# ദൈവികജീവൻ നമ്മിൽ

അഞ്ചാം ക്ലാസ്സ്

TEXT BOOK COMMITTEE

Mgr Emmanuel Lopez
Fr. G. C. Teelar
Fr. John Kunnappally
Fr. John Vallamattom, L.D., Ph.D.
Fr. Joseph Kannath, (Diploma-Lumen Vitae)
Mr. Kurian Vempeni, B.O.L.
Fr. Mathai Malencharuvil
Fr. Mathew Nadakkal
Sr. Osia, C.M.C., M.A.
Fr. Sebastian Thuruthel, M.A.
Sr. Servia, C.M.C., B.A., B.T.
Miss Thressiakutty, (Diploma-Munich)
Fr. Xavier Cherupallikkatt, M.A.

P. O. C. PUBLICATIONS No. 9

"പിതാവിൻപക്കലേയ്ക്കു്"

# Catechetical Text Book Series for All Kerala

**Sponsored by**

| Diocese | Bishop | Diocesan Catechism Director |
|---|---|---|
| 1) Ernakulam | His Em. Cardinal Joseph Parecattil | Fr. Joseph Kottakkal |
| 2) Verapoly | Most Rev. Dr. Joseph Attipetty | Mgr. E. Lopez |
| 3) Trivandrum | Most Rev. Dr. Benedict Mar Gregorios | Fr. Mathai Malencharuvil |
| 4) Changanacherry | Most Rev. Dr. Mathew Kavukatt | Fr. Mathew Nadakal |
| 5) Quilon | Rt. Rev. Dr. Jerome Fernandez | Fr. Alphonse Thundil |
| 6) Trichur | Rt. Rev. Dr. George Alappatt | Fr. Antony Anthikatt |
| 7) Kottayam | Rt. Rev. Dr. Thomas Tharayil<br>Rt. Rev. Dr. K. Kunnacherry | Fr. Kuriakose Mialil |
| 8) Calicut | Rt. Rev. Dr. Aldo Maria Patroni, S. J. | Fr. J. Pulikodan S. J. |
| 9) Vijayapuram | Rt. Rev. Dr. Ambrose Abasolo, O. C. D. | Fr. Antony Vazhappilly |
| 10) Palai | Rt Rev. Dr. Sebastian Vayalil | Fr. Thomas Purayidom |
| 11) Cochin | Rt. Rev. Dr. Alexander Edezhath | Fr. J. Kalapura-ckal |
| 12) Alleppey | Rt. Rev. Dr. Michael Arattukulam | Mgr. Reynolds Purackal |
| 13) Tiruvalla | Rt. Rev Dr. Zacharias Mar Athanasios | Fr. Alex Payyampalli |
| 14) Trivandrum | Rt. Rev. Dr Peter B. Pereira | Fr. Augustine Xavier |
| 15) Tellicherry | Rt. Rev. Dr. Sebastian Valloppilly | Fr. George Valiamattam |
| 16) Kothamangalam | Rt. Rev. Dr. Mathew Pothanamuzhi | Fr. John Vallamattom |

# ഉള്ളടക്കം


1 ദൈവജനം 1
2 ദൈവാരാധന 4
3 ക്രിസ്തു നമ്മുടെ നേതാവ് 7
4 ദൈവരാജ്യം 10
5 സഭാസ്ഥാപനം 13
6 പ്രസാദവരജീവൻ 16
7 സഭയുടെ വളർച്ച 19
8 നമ്മുടെ പങ്കാളിത്തം 22

മാമ്മോദീസ
- A. മലബാർ ക്രമത്തിൽ 23
- B. ലത്തീൻ ക്രമത്തിൽ 26
- C. മലങ്കര ക്രമത്തിൽ 29

9 ക്രിസ്തുവിൻെറ അവയവങ്ങൾ 33
10 സ്ഥിരീകരണം 36

സ്ഥൈര്യലേപനം
- A. മലബാർ ക്രമത്തിൽ 39
- B. ലത്തീൻ ക്രമത്തിൽ 41
- C. മലങ്കര ക്രമത്തിൽ 42

11 പരിശുദ്ധ കർബാന 44
12 കർബാന എന്ന ബലി 47

കർബാന
- A. മലബാർ ക്രമത്തിൽ 48
- B. ലത്തീൻ ക്രമത്തിൽ 57
- C. മലങ്കര ക്രമത്തിൽ 61

13 അനുതാപത്തിൻെറ കൂദാശ 69
14 അനുതാപത്തിൻെറ കൂദാശ സ്വീകരിക്കുന്ന വിധം 73
15 രോഗിലേപനം 77

രോഗിലേപനം
- A. മലബാർ ക്രമത്തിൽ 78
- B. ലത്തീൻ ക്രമത്തിൽ 80
- C. മലങ്കര ക്രമത്തിൽ 82

| | | | |
|---|---|---|---|
| 16 | പൗരോഹിത്യം | | 84 |
| | പൗരോഹിത്യം | A. മലബാർ ക്രമത്തിൽ | 85 |
| | | B. ലത്തീൻ ക്രമത്തിൽ | 87 |
| | | C. മലങ്കര ക്രമത്തിൽ | 89 |
| 17 | വിവാഹം | | 90 |
| | വിവാഹം | A. മലബാർ ക്രമത്തിൽ | 92 |
| | | B. ലത്തീൻ ക്രമത്തിൽ | 95 |
| | | C. മലങ്കര ക്രമത്തിൽ | 97 |
| 18 | കൂദാശകളിലൂടെ | | 100 |
| 19 | പുണ്യവാന്മാരുടെ ഐക്യം | | 105 |
| 20 | സഭാവത്സരം | | 108 |
| 21 | ആദിമക്രിസ്ത്യാനികൾ | | 111 |
| 22 | ക്രിസ്തുവിൻെറ സാക്ഷികൾ | | 114 |
| 23 | അവർ ഒന്നായിരിക്കേണ്ടതിന്ന് | | 118 |
| 24 | ദൈവഭവനം | | 123 |
| 25 | ദൈവദാനം | | 126 |
| 26 | രണ്ടാമത്തെ വരവിൽ | | 129 |




# ആമുഖം

നാലുകൊല്ലത്തെ മതാഭ്യസനം പൂർത്തിയാക്കിയ കുട്ടികൾക്കായാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്. മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള ദൈവത്തിൻെറ മഹത്തായ പദ്ധതി മുൻവത്സരങ്ങളിലെ പാഠങ്ങളിലൂടെ നാം കണ്ടുകഴിഞ്ഞു. നമ്മുടെ രക്ഷകനായ മിശിഹായുടെ ജീവിതവും പ്രബോധനങ്ങളും നമ്മുടെ പഠനവിഷയമായി. ക്രിസ്തുവിലൂടെയും ക്രിസ്തുവിനോടുകൂടെയും സ്വർഗ്ഗസ്ഥനായ പിതാവിനെ അറിയുന്നതിനും സ്നേഹിക്കുന്നതിനും നമുക്കവസരം ലഭിച്ചു. ദൈവകല്പനകളനുസരിക്കുകയാണു ദൈവത്തോടു സ്നേഹം പ്രകടമാക്കുന്നതിനു പററിയ മാർഗ്ഗമെന്നും നമുക്കിപ്പോൾ അറിയാം.

ദൈവത്തിൻെറ പരിത്രാണപരിപാടി എങ്ങനെ നമ്മിൽ പ്രാവർത്തികമാകുന്നുവെന്നതാണ് അഞ്ചാംപുസ്തകത്തിലെ പ്രതിപാദ്യം. ക്രിസ്തുവും നാമും തമ്മിലും, നാമും മററുള്ളവരും തമ്മിലും ഗാഢമായ ഐക്യമുണ്ടെന്നു നമുക്കു മനസ്സിലാകും. ഈ ഐക്യം ക്രിസ്തുവിൽ നമ്മെയെല്ലാവരേയും ഒന്നാക്കുന്നു. ഈ വർഷം പ്രധാനമായി നമ്മുടെ പഠനവിഷയമാകേണ്ടതു കത്തോലിക്കാസഭയെപ്പററി ക്രിസ്തു പഠിപ്പിച്ച കാര്യങ്ങളാണ്. അവയുടെ അർത്ഥം ശരിയായി മനസ്സിലാക്കുവാൻ അവിടുന്നുതന്നെ നമ്മെ സഹായിക്കേണ്ടതുണ്ട്. ഓരോ പാഠവും ക്ലാസ്സിലെ പഠനത്തിനുപുറമേ വീട്ടിൽവച്ചും പഠിക്കുക ആവശ്യകമത്രെ.

ഈ പുസ്തകത്തിലെ ഓരോ പാഠവും വിശുദ്ധഗ്രന്ഥത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. വിഷയത്തിനിണങ്ങുന്ന വേദപുസ്തകഭാഗങ്ങൾ തിരഞ്ഞുദ്ധരിക്കാൻ പരിശ്രമിച്ചിട്ടുണ്ട്. അവ എപ്പോഴും നിഷ്പ്രയാസം ഗ്രഹിക്കാവുന്നവയല്ല. മാതാപിതാക്കളുടെ സഹായവും മാർഗ്ഗനിർദ്ദേശവും കുട്ടികൾക്കു ലഭിക്കണം. ഫലപ്രദമായി ഈ പാഠങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഞങ്ങൾ പ്രസിദ്ധീകരിക്കുന്ന 'അദ്ധ്യാപകസഹായി' വളരെ ഉപകരിക്കും.

മതപഠനത്തിൻെറ അഞ്ചാം വത്സരത്തിലെത്തുന്ന കുട്ടി മുൻവത്സരങ്ങളിലെ പാഠപുസ്തകങ്ങളിൽ കൊടുത്തിട്ടുള്ള പ്രാർത്ഥനകൾ പഠിച്ചിരിക്കണം. മാതാപിതാക്കൾ ഇക്കാര്യത്തിൽ നിഷ്കർഷിക്കണം. മക്കൾക്കു് ഈ പ്രാർത്ഥനകൾ അറിയാമോ എന്നു് ഇടയ്ക്കിടെ അവർ പരിശോധിക്കേണ്ടതാണ്. മതപഠനത്തിൽ കുട്ടികൾക്കുണ്ടാകുന്ന താല്പര്യവും വിജയവും മാതാപിതാക്കളുടെ ശ്രദ്ധയെ ആശ്രയിച്ചിരിക്കും. കുട്ടികളുടെ ആദ്ധ്യാത്മികവും സാന്മാർഗ്ഗികവുമായ ഉന്നമനത്തിന് വീടും വിദ്യാലയവും പരസ്പരം സഹകരിച്ചേ മതിയാവൂ.

'പിതാവിൻ പക്കലേയ്ക്ക്'' എന്ന പൊതുശീർഷകത്തിൽ "പാസ്റ്റൊറൽ ഓറിയെന്റേഷൻ സെൻറർ" പ്രസിദ്ധീകരിക്കുന്ന അ ഞ്ചാമത്തെ ഗ്രന്ഥമാണ് "ദൈവികജീവൻ നമ്മിൽ". ഈ പരമ്പര On Our Way Series എന്ന പ്രശസ്ത വേദപാഠപുസ്തകങ്ങളുടെ അനുകരണ മത്രേ.

കേരളത്തിലെ മൂന്നു റീത്തുകളിലുമുള്ള അഭിവന്ദ്യപിതാക്കന്മാരു ടെ പ്രോത്സാഹനവും പ്രബുദ്ധരായ പലരുടേയും പ്രയത്നവും ഫലമ ണിഞ്ഞതാണ് ഈ ഗ്രന്ഥപരമ്പര. ഒരു പക്ഷേ പോരായ്മകൾ പലതുംഇതിൽ കടന്നുകൂടിയിരിക്കാം. പരിഹരിക്കാവുന്നവയെല്ലാം പരിഹരിച്ച് ഈ ഗ്രന്ഥം വീണ്ടും കൈരളിക്കു കാഴ്ചവയ്ക്കുന്നതിനിട വന്നെങ്കിൽ എന്നു ഞങ്ങൾ ആശിക്കുന്നു. നിശ്ശബ്ദമായ സേവനപാര മ്പര്യത്തിൻെറ പ്രതീകങ്ങളായ പലരും സഹകരിച്ചുനൽകിയ ഗാ നങ്ങൾ*, നിർദ്ദേശങ്ങൾ, അഭിപ്രായങ്ങൾ മുതലായവ ഈ ചെറുഗ്ര ന്ഥത്തെ കൂടുതൽ സമ്പന്നമാക്കിയതിനു ഞങ്ങൾ അവരോട് കൃതജ്ഞ രാണ്. ഈ ഗ്രന്ഥപരമ്പര കേരളത്തിനാകമാനംഒരു നവചൈതന്യം പ്രദാനം ചെയ്യട്ടെ. മതപഠനം കുറേക്കൂടെ ആകർഷകമാക്കാൻ ഞങ്ങ ളുടെ എളിയ ഉദ്യമം ഉപകരിച്ചാൽ ഞങ്ങൾ കൃതാർത്ഥരായി. വളർന്നു വരുന്ന തലമുറയെ ജീവൻെറ നാഥനായ ക്രിസ്തുവിലൂടെ സ്നേഹനി ധിയായ പിതാവിങ്കലേയ്ക്കു നയിക്കുന്നതിനു പരിശുദ്ധാത്മാവിൻെറ പ്രകാശം നമുക്കു പ്രാർത്ഥിക്കാം.

എന്നു്,

P. O. C.,
19-3-1969

കമ്മിററിക്കുവേണ്ടി,
ഫാ. ജോസഫ് കണ്ണത്തു്

* 4, 6, 15, 22 എന്നീ പാഠങ്ങളിലെ ഗാനങ്ങൾ "സ്വർഗ്ഗ സന്ദേശ"ത്തിൽനിന്നു്. 7, 10, 11, 13, 17, 21 എന്നീപാഠങ്ങ ളിലെ ഗാനങ്ങൾ ഫാദർ ആബേലിൻേറയും 25-ാം പാഠത്തി ലെ ഗാനം ശ്രീ മാത്യു ഉലകംതറയുടേയുമാണ്.

# I

# ദൈവജനം



"ദൈവം അബ്രാഹത്തോടു പറഞ്ഞു: ഞാൻ സർവ്വശക്തനായ ദൈവമാകുന്നു. നീ എന്റെ മുമ്പിൽ ജീവിച്ചു പരിപൂർണ്ണനാവുക....നിന്നോടുള്ള എന്റെ ഉടമ്പടി ഇതാ. നീ നിരവധി ജനതകളുടെ പിതാവാകും....നീയും ഞാനും നിന്റെ സന്തതികളും തമ്മിൽ ശാശ്വതമായ ഒരുടമ്പടിയുണ്ടാകും."

(ഉൽപത്തി 17:1–7)

മോശവഴി ദൈവം ഇസ്രായേൽ ജനത്തോട് അരുൾചെയ്തു: "ഭൂമി മുഴുവൻ എന്റേതാകുന്നു. എങ്കിലും നിങ്ങൾ എന്റെ സ്വരം കേൾക്കുകയും എന്റെ നിയമങ്ങൾ അനുസരിക്കുകയും ചെയ്താൽ, മറ്റെല്ലാ ജനങ്ങളേയുംകാൾ നിങ്ങൾ എനിക്കു പ്രിയപ്പെട്ട ജനമായിരിക്കും.... നിങ്ങൾ എനിക്കു പുരോഹിതന്മാരുടെ ഒരു രാജ്യവും വിശുദ്ധ ജനവുമായിരിക്കും."

(പുറപ്പാട് 19:5–6)

ദൈവകല്പനകൾ അനുസരിക്കുവാൻ മോശ ഇസ്രായേൽ ജനത്തെ പ്രോത്സാഹിപ്പിച്ചു. "നിങ്ങളുടെ ദൈവമായ കർത്താവിനു നിങ്ങൾ വിശുദ്ധ ജനമാകുന്നു. ഭൂമിയിലുള്ള എല്ലാ ജനങ്ങളിലും നിന്ന് അവിടുന്നു നിങ്ങളെ തന്റെ പ്രത്യേക ജനമായി തിരഞ്ഞെടുത്തു. എണ്ണത്തിൽ മറ്റെല്ലാ ജനതകളേയും പിന്നിലാക്കുന്നതിനല്ല, ദൈവം നിങ്ങളെ സ്നേഹിച്ചതും തി

രഞ്ഞെടുത്തതും. നിങ്ങൾ മററു ജനതകളെ അപേക്ഷിച്ച് എണ്ണത്തിൽ കുറവാണ്. ദൈവം നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പിതാക്കന്മാരോടുചെയ്ത വാഗ്ദാനം പാലിക്കുകയും ചെയ്യുക നിമിത്തമാണ് അടിമത്തത്തിൻെറ ഭവനമായ ഈജിപ്തിൽനിന്നു നിങ്ങളെ ആനയിക്കുകയും ഫറവോൻെറ കൈയിൽനിന്നു കരുത്തേറിയ കരം വഴി നിങ്ങളെ രക്ഷിക്കുകയും ചെയ്തതു്.... അവിടുന്നു തന്നെ സ്നേഹിക്കുകയും തൻെറ കല്പനകൾ അനുസരിക്കുകയും ചെയ്യുന്നവരോട് ആയിരം തലമുറവരെ കാരുണ്യം കാണിക്കുന്നു." (ആവർത്തനം 7:6–9)

ദൈവത്തിൻെറ ജീവനിലും ആനന്ദത്തിലും മഹത്വത്തിലും മനുഷ്യനു പങ്കു നല്കണമെന്നായിരുന്നു ദൈവം ആവിഷ്ക്കരിച്ച മഹത്തായ പദ്ധതി. ദൈവം നമ്മുടെ ആദിപിതാക്കന്മാരെ സൃഷ്ടിച്ചപ്പോൾ ആത്മീയവും ശാരീരികവുമായ അനേകം ദാനങ്ങൾ അവർക്കു നല്കി. ഈ ദാനങ്ങൾ അവരുടെ മക്കൾക്കും ജന്മനാ ലഭിക്കണമെന്നായിരുന്നു അവിടുത്തെ ഉദ്ദേശ്യം. ദൈവം അവർക്കു നല്കിയ ദാനങ്ങളിൽ ഏററവും പ്രധാനം പ്രസാദവരമാണ്. ദൈവികജീവനിലുള്ള പങ്കുചേരലിനെയാണ് പ്രസാദവരമെന്നു നാം വിളിക്കുന്നതു്.

ദൈവനിശ്ചയത്തിനു വിപരീതമായി ആദവും ഹവ്വയും പ്രവർത്തിച്ചു. അവർ ദൈവത്തോടു നന്ദികേടു കാണിച്ചു. പാപം മൂലം അവർ തങ്ങൾക്കും തങ്ങളുടെ മക്കൾക്കും ദൈവികജീവൻ നഷ്ടപ്പെടുത്തി. അങ്ങനെ സ്വർഗ്ഗഭാഗ്യത്തിനുള്ള അവകാശം അവർക്കില്ലാതായി.

പാപത്തിനുശേഷവും ദൈവം മനുഷ്യവർഗ്ഗത്തെ സ്നേഹിച്ചുകൊണ്ടിരുന്നു. ദൈവികജീവൻ നമുക്കു വീണ്ടും ലഭിക്കുന്നതിനായി ഒരു രക്ഷകനെ ദൈവം വാഗ്ദാനം ചെയ്തു. രക്ഷകനെ സ്വീകരിക്കുവാൻ മനുഷ്യവർഗ്ഗം ഒരുങ്ങേണ്ടതുണ്ടായിരുന്നു.

ഈ വാഗ്ദാനത്തിൽ വിശ്വസിക്കുകയും തന്നെ ആരാധിക്കുകയും ചെയ്യുന്ന ജനതയുടെ പിതാവായി ദൈവം അബ്രാഹത്തെ തിരഞ്ഞെടുത്തു. അബ്രാഹത്തിൻെറ സന്താനപരമ്പര ഇസ്രായേൽക്കാർ എന്ന പേരിൽ അറിയപ്പെടുന്നു. ഇവരെ ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനം എന്നു വിളിക്കുന്നു. ഇവരിൽ നിന്നാണു രക്ഷകൻ ജനിച്ചതു്.

അബ്രാഹത്തിൻെറ സന്താനപരമ്പര ഈജിപ്തിൽ താമസമാക്കി. കാലക്രമത്തിൽ അവർ ഈജിപ്ത്കാരുടെ അടിമകളായിത്തീർന്നു. ഈജിപ്ത്കാർ അവരോടു വളരെ ക്രൂരമായി പെരുമാറി. പക്ഷേ, ദൈവം അവരെ സ്വതന്ത്രരാക്കി. മോശവഴിയാണു ദൈവം അവരെ രക്ഷിച്ചതു്.

മോശയുടെ നേതൃത്വത്തിൽ ദൈവം അവരെ ചെങ്കടൽ കടത്തി പലസ്തീനായിലേക്കു നയിച്ചു. യാത്രയിൽ ഭക്ഷണമായി അവർക്കു മന്ന നല്കി; പാറ പിളർന്നു ജലവും കൊടുത്തു.

സീനാമലയിൽവച്ച് ദൈവം മോശവഴി ഇസ്രായേൽ ജനവുമായി ഒരുടമ്പടി ചെയ്തു. അവർ തന്നോട് അനുസരണയുള്ളവരായിരുന്നതിനാൽ താൻ അവരെ പഠിപ്പിക്കുകയും നയിക്കുകയും സംരക്ഷിക്കുകയും ചെയ്യാമെന്നു ദൈവം വാഗ്ദാനം ചെയ്തു. അവർ അനുസരിക്കേണ്ട നിയമങ്ങളും അവക്കു നല്കി. അവയാണ് പത്തു പ്രമാണങ്ങൾ. അവരെ വിശുദ്ധിയും പൗരോഹിത്യവുമുള്ള ഒരു ജനതയാക്കാമെന്നും വാഗ്ദത്തദേശത്തേയ്ക്ക് അവരെ നയിക്കാമെന്നും അവിടുന്നു് ഉറപ്പു നല്കി.

ദൈവത്തിൻെറ ഈ ഉടമ്പടി ഇസ്രായേൽക്കാർ അംഗീകരിച്ചു. ആഘോഷപൂർവ്വമായ ഒരു ബലി സമർപ്പണം വഴി അവർ അതിനു മുദ്രവച്ചു.

## ഓർമ്മിക്കാൻ

വേദപുസ്തകത്തിൽനിന്നു്:

"നിങ്ങൾ എൻെറ സ്വരം കേൾക്കുകയും എൻെറ നിയമങ്ങൾ അനുസരിക്കുകയും ചെയ്താൽ മററെല്ലാ ജനങ്ങളേയുംകാൾ നിങ്ങൾ എനിക്കു പ്രിയപ്പെട്ട ജനമായിരിക്കും." (പുറപ്പാട് 19:5)

## പ്രവർത്തിക്കാൻ

മാമ്മോദീസ സ്വീകരിക്കാൻ ഭാഗ്യം ലഭിച്ച ഞാൻ ദൈവകല്പനകൾ അനുസരിക്കും.

ദൈവപ്രമാണങ്ങൾ എഴുതുക........

താഴെക്കൊടുത്തിട്ടുള്ള പദങ്ങൾ ഉപയോഗിച്ചു വാചകം പൂരിപ്പിക്കുക:

(ഉടമ്പടി, രക്ഷകൻ, അബ്രാഹം, കല്പനകൾ, മോശ, ഇസ്രായേൽ ജനം)

തൻെറ തിരഞ്ഞെടുക്കപ്പെട്ട ജനതയുടെ പിതാവാക്കുമെന്ന് ദൈവം............ത്തോടു വാഗ്ദാനം ചെയ്തു. വളരെക്കാലങ്ങൾക്കുശേഷം ദൈവം...........ത്തെ അടിമത്തത്തിൽനിന്നു..........യുടെ നേതൃത്വത്തിൽ മോചിപ്പിച്ചു. അവരുമായി ഒരു...........ചെയ്തു. അവരെ വിശുദ്ധരാക്കാൻ അവക്ക്...........നല്കി. അവർ...........ൻെറ ആഗമനത്തിനായി ലോകത്തെ ഒരുക്കേണ്ടിയിരുന്നു.



# 2

# ദൈവാരാധന



"മേഘം കൂടാരത്തെ മൂടുകയും കർത്താവിൻെറ പ്രതാപം അതിൽ നിറയുകയും ചെയ്തു. മേഘം എല്ലാററിനേയും മറയ്ക്കുകയും കർത്താവിൻെറ പ്രതാപം കൂടാരത്തിൽ പ്രകാശിക്കുകയും ചെയ്തതുകൊണ്ടു മോശയ്ക്കു് അതിൽ പ്രവേശിക്കുവാൻ കഴിഞ്ഞില്ല" (പുറപ്പാടു് 40: 32, 33).

"ഇസ്രായേൽജനസമൂഹം കാൺകെ സോളമൻ കർത്താവിൻെറ ബലിപീഠത്തിനു മുമ്പിൽ ആകാശത്തിലേക്കു കൈകളുയർത്തി നിന്നുകൊണ്ടു പ്രാർത്ഥിച്ചു: ഇസ്രായേലിൻെറ ദൈവമായ കർത്താവേ, അങ്ങയെപ്പോലെ സ്വർഗ്ഗത്തിലോ ഭൂമിയിലോ വേറൊരു ദൈവമില്ല. പൂർണ്ണഹൃദയത്തോടെ അങ്ങേ മുമ്പാകെ നടക്കുന്ന അങ്ങേ ദാസർക്കു വാഗ്ദാനപ്രകാരം അങ്ങു് അനുഗ്രഹം നൽകുന്നു. ദൈവം യഥാർത്ഥമായി ഭൂമിയിൽ വസിക്കുമെന്നു വിചാരിക്കാമോ? സ്വർഗ്ഗത്തിനും സ്വർഗ്ഗാധിസ്വർഗ്ഗത്തിനും അങ്ങയെ ഉൾക്കൊള്ളാൻ സാധിക്കയില്ലെങ്കിൽ ഞാൻ നിർമ്മിച്ച ഈ ആലയത്തിനു് അതു സാദ്ധ്യമാകുമോ? എൻെറ ദൈവമായ കർത്താവേ, അങ്ങേ ദാസൻെറ പ്രാർത്ഥനകളും യാചനകളും ശ്രവിക്കണമേ......അങ്ങേ ദാസൻേറയും അങ്ങേ ജനമായ ഇസ്രായേലിൻേറയും യാചന കേൾക്കണമേ. അവർ ഈ സ്ഥലത്തുനിന്നു പ്രാർത്ഥിക്കുമ്പോൾ അങ്ങേ വാസസ്ഥലമായ സ്വർഗ്ഗത്തിൽ നിന്നു് അവ

രെ ശ്രവിക്കണമേ. അവരെ ശ്രവിക്കുമ്പോഠം അവരോടു കാരുണ്യം കാണിക്കണമേ!" (രാജാ: 8: 23–30)

ദൈവം ഇസ്രായേൽ ജനതയോടു വളരെ അടുത്ത ബന്ധം പുലർത്തിയിരുന്നു. തൻെറ ഇഷ്ടജനമായ ഇസ്രായേലിനെ, തന്നോടുള്ള കടമകഠം നിർവ്വഹിക്കുവാൻ ദൈവം സഹായിച്ചു. ദൈവകല്പനപ്രകാരം മോശ മരുഭൂമിയിൽ ഒരു കൂടാരം നിർമ്മിച്ചു. ജനങ്ങഠം ഇടയ്ക്കിടെ ഈ കൂടാരത്തിനു ചുററും സമ്മേളിക്കുകയും ദൈവം തങ്ങളിൽനിന്നു് ആവശ്യപ്പെട്ടവ എന്തെല്ലാമെന്നു മോശയിൽനിന്നു പഠിക്കുകയും ചെയ്തിരുന്നു.

ഈ കൂടാരത്തിലാണു് പ്രമാണപ്പലകകഠം അടങ്ങിയ പേടകം സൂക്ഷിച്ചിരുന്നതു്.

വാഗ്ദാനഭൂമിയിലേയ്ക്കുള്ള യാത്രയിൽ ഇസ്രായേൽജനം ഈ പേടകം വഹിച്ചിരുന്നു.

അത്ഭുതകരമായ രണ്ടു് അടയാളങ്ങഠംവഴി ദൈവം തൻെറ സാന്നിദ്ധ്യം അവക്കു വെളിപ്പെടുത്തി. പകൽസമയത്തു് അസാധാരണമായ ഒരു മേഘം പേടകത്തിനുമുകളിൽ കാണപ്പെട്ടു. രാത്രി ഈ മേഘത്തിൽ അഗ്നിയും ദൃശ്യമായിരുന്നു.

ഇസ്രായേൽജനത തന്നെ എങ്ങനെ ബഹുമാനിക്കണമെന്നു ദൈവം മോശയെ അറിയിച്ചു. ദൈവകല്പനപ്രകാരം അഹറോനേയും അദ്ദേഹത്തിൻെറ പുത്രന്മാരേയും ഇസ്രായേലിലെ പ്രഥമപുരോഹിതന്മാരായി മോശ നിയമിച്ചു. ജനങ്ങഠംക്കുവേണ്ടി ദൈവത്തിനു ബലിയർപ്പിക്കുക, ആരാധനാകർമ്മങ്ങളിൽ ജനങ്ങാംക്കു നേതൃത്വം നൽകുക, ഇവയായിരുന്നു പുരോഹിതന്മാരുടെ കടമ

മൃഗങ്ങഠം, ധാന്യങ്ങഠം, കായ്കനികഠം ഇവ ഇസ്രായേൽ ബലിയായി സമർപ്പിച്ചിരുന്നു.

അനേകം വർഷങ്ങഠംക്കുശേഷം മഹാനായ സോളമൻ കമനീയമായൊരു ദൈവാലയം ജറുസലത്തു പണികഴിപ്പിച്ചു.

രക്ഷകൻെറ വരവിനുമുമ്പു് ഈ ദൈവാലയം മാത്രമായിരുന്നു, യഹൂദജനതയുടെ ആരാധനാകേന്ദ്രം. അതിലാണു് ആണ്ടുതോറും അവർ പെസഹാത്തിരുനാഠം ആഘോഷിച്ചിരുന്നതു്. ഈ തിരുനാളിൽ അവർ പെസഹാക്കുഞ്ഞാടിനെ ബലിയർപ്പിച്ചുകൊണ്ടു ദൈവത്തിനു നന്ദി പ്രകടിപ്പിച്ചിരുന്നു.

പുതിയ ഉടമ്പടിയിലെ തിരഞ്ഞെടുക്കപ്പെട്ട ജനമായ നമ്മോടുകൂടെ ഇന്നു ദൈവം വസിക്കുന്നു. ഇസ്രായേൽ ജനത്തിനെന്നതുപോലെതന്നെ നമുക്കുമുണ്ടു്, ഇന്നൊരു പേടകം. ഈ പേടകത്തിൽ ഈശോ വസിക്കുന്നു. നമ്മുടെ ദൈവാലയത്തിലെ സക്രാരി അതിവിശുദ്ധമത്രേ.

ഇസ്രായേൽ ജനതയെപ്പോലെ നാമും ബലിയർപ്പിച്ചുകൊണ്ടു ദൈവാരാധന നടത്തുന്നു. പഴയ നിയമത്തിലെ ബലികളുടെ

സ്ഥാനത്തു് ഇന്നു് യേശുക്രിസ്തുവിന്റെ സമ്പൂർണ്ണമായ ബലിയാണു ള്ളതു്. ദിവ്യബലിയിൽ യേശുക്രിസ്തു നമുക്കുവേണ്ടിയും നമ്മോടു കൂടെയും തന്നെത്തന്നെ പിതാവിനു സമർപ്പിക്കുന്നു. ദിവ്യകാരു ണ്യം സ്വീകരിക്കുമ്പോൾ ഈ സമർപ്പണവിരുന്നിൽ നാം പങ്കെടു ക്കുകയാണു ചെയ്യുന്നതു്.

നമ്മുടെ പെസഹാക്കുഞ്ഞാടായ ക്രിസ്തുനാഥനെ അർപ്പിക്കുന്ന ദിവ്യബലിയുടെ നിഴൽ മാത്രമാണു പഴയനിയമത്തിലെ ബലി കൾ.

## ഓർമ്മിക്കാൻ

വേദപുസ്തകത്തിൽനിന്നു്:

"സൂര്യന്റെ ഉദയംമുതൽ അസ്തമയംവരെ എന്റെ നാമം ജന ങ്ങളുടെ ഇടയിൽ മഹത്വമുള്ളതായിരിക്കും. എല്ലായിടത്തും അവർ എന്റെ നാമത്തിനു ബലിയർപ്പിക്കുന്നു." (മലാക്കി 1: 11)

1. പഴയനിയമകാലത്തു ജനങ്ങൾ എങ്ങനെ ദൈവാരാധന നടത്തിയിരുന്നു?
2. എന്തിനാണവർ ബലിയർപ്പണം നടത്തിയിരുന്നതു്?
3. പഴയനിയമബലികൾ എന്തിന്റെ നിഴലാണു്?

## പ്രവർത്തിക്കാൻ

ദൈവാലയത്തിലെ ആരാധനക്രമത്തിൽ ഞാൻ സജീവമായി പങ്കെടുക്കും.



# 3

# ക്രിസ്തു നമ്മുടെ നേതാവ്



"പൂർവ്വകാലങ്ങളിൽ ദൈവം പലപ്പോഴും പലവിധത്തിലും പ്രവാചകന്മാർവഴി പിതാക്കന്മാരോടു സംസാരിച്ചു. പക്ഷേ, ഇക്കാലത്തു് അവിടുത്തെ പുത്രൻവഴി, സകലത്തിൻേറയും അവകാശിയും സകലത്തിൻേറയും നിർമ്മാതാവുമായ പുത്രൻവഴി, നമ്മോടു സംസാരിച്ചു." (ഹീബ്രു. 1: 1, 2)

"ആദിയിലേ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവം തന്നെയായിരുന്നു. വചനം ആദിയിലേ ദൈവത്തോടുകൂടെ ആയിരുന്നു. അവിടുന്നുവഴിയാണു സമസ്തവും ഉണ്ടായതു്. ഉണ്ടായിട്ടുള്ള യാതൊന്നും അവിടുത്തെക്കൂടാതെ ഉണ്ടായിട്ടില്ല. ജീവൻ അങ്ങിലായിരുന്നു. മനുഷ്യരുടെ പ്രകാശമായിരുന്നു ജീവൻ. വെളിച്ചം അന്ധകാരത്തിൽ പ്രകാശിച്ചു. അന്ധകാരം അതിനെ സ്വീകരിച്ചില്ല....ഭൂമിയിൽ ജനിക്കുന്ന സകല മനുഷ്യരേയും പ്രകാശിപ്പിക്കുന്ന ഒരാളുണ്ടു്; അവിടുന്നാണു് യഥാർത്ഥ പ്രകാശം. അവിടുന്നു് ഈ ലോകത്തിലുണ്ടായിരുന്നു; അവിടുന്നാണു ലോകം സൃഷ്ടിച്ചതു്. എന്നാൽ, ലോകം അവിടുത്തെ അറിഞ്ഞില്ല. അവിടുന്നു സ്വന്തം ജനങ്ങളുടെ അടുക്കലേക്കു വന്നു; എന്നാൽ, അവർ അവിടുത്തെ സ്വീകരിച്ചില്ല. തന്നെ സ്വീകരിക്കുന്ന എല്ലാവർക്കും തൻേറ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും, ദൈവമക്കളാകാനുള്ള അവകാശം അവിടുന്നു നല്കി. അവ

രുടെ ജനനം മനുഷ്യരിൽ നിന്നല്ല; ശരീരത്തിൻെറയോ മനുഷ്യ മനസ്സിൻെറയോ ഇഷ്ടത്താലുമല്ല; പ്രത്യുത, ദൈവത്തിൽനിന്നത്രേ. വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. പിതാവിൻെറ ഏകജാതനു സഹജമായ മഹത്വം, അവിടുത്തേ കൃപാവരവും സത്യവും നിറഞ്ഞ മഹത്വം, നാം ദർശിച്ചു." (യോഹ. 1: 1–5; 9–14)



രക്ഷകൻ ഒരു പുതിയ രാജ്യം സ്ഥാപിക്കുമെന്നു പ്രവാചകന്മാർ എഴുതിയിട്ടുണ്ടായിരുന്നു. ഈ രാജ്യത്തിലേയ്ക്കു ലോകത്തിലെ എല്ലാ ജനതകളും വിളിക്കപ്പെട്ടിരുന്നു.

ദൈവത്തിൻെറ വാഗ്ദാനം നിറവേറാനുള്ള സമയം സമാഗതമായി. മേലിൽ ദൈവം തൻെറ ഏകജാതൻ വഴിയായിരിക്കും തൻെറ ജനത്തെ നയിക്കുക.

ദൈവപുത്രൻ പരിശുദ്ധ കന്യകാമറിയത്തിൽനിന്നു ജനിച്ചു. അബ്രാഹത്തിൻെറ വംശപരമ്പരയിൽപ്പെട്ട ദാവീദിൻെറ രാജകുടും

ബത്തിലാണ്ട് അവിടുത്തെ ജനനം. അങ്ങനെ, ഇസ്രായേൽ ജനതയിൽനിന്ന്ട് ഒരു രക്ഷകനെ അയയ്ക്കുമെന്ന വാഗ്ദാനം ദൈവം പൂർത്തിയാക്കി.

ഇസ്രായേൽ നേതാക്കന്മാർ ഈശോയെ രക്ഷകനായി അംഗീകരിച്ചില്ല. "അവിടുന്നു സ്വന്തം ജനങ്ങളുടെ അടുക്കലേയ്ക്കുവന്നു; എങ്കിലും—സ്വകീയർ അവനെ സ്വീകരിച്ചില്ല" (യോഹ. 1:11)

ക്രിസ്തു മനുഷ്യവർഗ്ഗത്തിന്റെ ശിരസ്സാണ്ട്. അവിടുന്നാണു ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട പുതിയ ജനതയുടെ രാജാവ്ട്, പുരോഹിതൻ, പ്രവാചകൻ, നേതാവ്ട്. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ അവിടുത്തെ സഹോദരന്മാരും, ദൈവപുത്രരും, സ്വർഗ്ഗത്തിന്ന് അവകാശികളും ആയിത്തീരുന്നു.

പഴയനിയമകാലത്തു ദൈവം ഇസ്രായേൽ ജനതയ്ക്കു സ്നേഹത്തിന്റെ പല അടയാളങ്ങളും നല്കി, തന്റെ ജനതയെ ഈജിപ്തിലെ അടിമത്തത്തിൽനിന്നു മോചിപ്പിക്കുവാൻ നേതാക്കന്മാരെ അയച്ചു; അത്ഭുതകരമായി പരിപാലിച്ചുകൊണ്ടു് അവരെ മരുഭൂമിയിലൂടെ നയിച്ച്ട്, വാഗ്ദത്തഭൂമിയിലേയ്ക്കു കൊണ്ടുവന്നു. എന്നാൽ, ഇന്നു ദൈവം അവിടുത്തെ സ്നേഹത്തിന്റെ ഏററം വലിയ അടയാളം നമുക്കു നല്കിയിരിക്കുന്നു. നമ്മെ പാപത്തിൽനിന്നു രക്ഷിക്കുവാൻ ദൈവം തന്റെ പുത്രനെത്തന്നെ ലോകത്തിലേയ്ക്കയച്ചു. ക്രിസ്തു തന്റെ ഉപദേശത്തിന്റേയും മാതൃകയുടേയും പ്രകാശത്താൽ നമ്മെ നയിക്കുന്നു. അവിടുന്നാണുനമ്മുടെ ആത്മാവിന്റെ ഭക്ഷണവും ജീവനും.

## ഓർമ്മിക്കാൻ

വേദപുസ്തകത്തിൽനിന്ന്ട്:

"പിതാവിനു നമ്മോടുള്ള സ്നേഹം എത്രയധികമെന്നു നോക്കുവിൻ. അവിടുന്നു നമ്മെ മക്കളെന്നു വിളിക്കുകയും അങ്ങനെ ആക്കിത്തീർക്കുകയും ചെയ്തുവല്ലോ" (യോഹ. 8:1)

1. സകല ജനതകളുടേയും രക്ഷകൻ ആര്ട്?
2. ക്രിസ്തുവിനെ സംബന്ധിച്ച തിരുസ്സഭ എന്തു പഠിപ്പിക്കുന്നു?
3. തന്റെ പുത്രനെ സ്വീകരിക്കുന്നവക്കു ദൈവം നല്കിയ അനുഗ്രഹം എന്തു്?

## പ്രവർത്തിക്കാൻ

ക്രിസ്ത്യാനിയായിരിക്കുന്നതിൽ ഞാൻ അഭിമാനം കൊള്ളും.

എന്റെ നേതാവായ ക്രിസ്തുവിനെക്കുറിച്ചു മററുള്ളവരോടു ഞാൻ സംസാരിക്കും.

# 4

# ദൈവരാജ്യം



"ഈശോ ഉപമകൾവഴി ജനങ്ങളെ പഠിപ്പിച്ചു. അവിടുന്നു പറയുന്നു: സ്വർഗ്ഗരാജ്യം വയലിൽ ഒളിഞ്ഞുകിടക്കുന്ന നിധിയോടു സദൃശമാകുന്നു. അതു കണ്ടെത്തിയ മനുഷ്യൻ അതു് ഒളിച്ചുവച്ചുകൊണ്ടു്, സസന്തോഷം പോയി തനിക്കുള്ളതെല്ലാം വിററു്, ആ വയൽ വാങ്ങി. പിന്നെയും, സ്വർഗ്ഗരാജ്യം നല്ല മുത്തുകൾ അന്വേഷിച്ചുകൊണ്ടിരിക്കുന്ന വ്യാപാരിയായ ഒരു മനുഷ്യനോടു സദൃശമാകുന്നു. വിലയേറിയ ഒരു മുത്തു കണ്ടെത്തിയപ്പോൾ അവൻ പോയി തനിക്കുള്ളതെല്ലാം വിററു് അതു വാങ്ങി. വീണ്ടും, സ്വർഗ്ഗരാജ്യം കടലിൽ ഇടപ്പെട്ടു് സകല ജാതി മത്സ്യങ്ങളേയും ശേഖരിച്ച ഒരു വലയോടു സദൃശമാകുന്നു. അതു നിറഞ്ഞപ്പോൾ അവർ വല വലിച്ചു കയററി കടൽത്തീരത്തിരുന്നു്, നല്ല മത്സ്യങ്ങൾ പാത്രങ്ങളിൽ ശേഖരിക്കുന്നു; മോശമായവ എറിഞ്ഞുകളയുകയും ചെയ്യുന്നു." (മത്തായി 13: 44-48)

തന്റെ പരസ്യജീവിതകാലത്തു്, 'സ്വർഗ്ഗരാജ്യം അടുത്തിരിക്കുന്നു' എന്നു് ഈശോ ജനങ്ങളെ അറിയിച്ചു. ഏതർത്ഥത്തിൽ ഈശോ ഇതുപറഞ്ഞുവെന്നു് നിങ്ങൾക്കറിയാമോ? ഒരു പുതിയ ഉടമ്പടി സ്ഥാപിക്കുവാനാണു് ഈശോ വന്നതു്. അവിടുന്നു് ഒരു പുതിയ ദൈവജനത്തെ ഒരുമിച്ചു ചേർത്തു. തിരുസ്സഭയെ സ്ഥാപിച്ചുകൊണ്ടാണു് ഈശോ ഇതു നിർവ്വഹിച്ചതു്. ഭൂമിയിലെ ദൈവരാജ്യം തിരുസ്സഭയാണു്. ഈ രാജ്യ

ത്തിലേയ്ക്ക് ഈശോ എല്ലാവരേയും ക്ഷണിച്ചു. ഈശോയുമായി ഈ രാജ്യത്തിലെ എല്ലാ അംഗങ്ങളും ബന്ധപ്പെട്ടിരിക്കുന്നു. ഇവർ ദൈവ പിതാവിനു് യഥാർത്ഥമായ ആരാധന സമർപ്പിക്കും. ദൈവേഷ്ടം നിറ വേററി ഇവർ വിശുദ്ധരായിത്തീരും. അങ്ങനെ ഇവർ സ്വർഗ്ഗരാജ്യ ത്തിൽ പ്രവേശിക്കുവാൻ അർഹരാകും.

ദൈവരാജ്യം എന്തെന്നു ജനങ്ങളെ ഗ്രഹിപ്പിക്കുവാൻ ഈശോ പല ഉപമകളും പറഞ്ഞു. അതു മറഞ്ഞിരിക്കുന്ന ഒരു നിധിപോലെ യും, വിലയേറിയ ഒരു മുത്തുപോലെയും ആണു്. ഈ നിധി കണ്ടു പിടിക്കുന്നതിനായി നാം പരിശ്രമിക്കണം. മാത്രമല്ല, ഈ നിധി സ്വന്തമാക്കുവാൻവേണ്ടി മററുള്ളവയെല്ലാം നാം ഉപേക്ഷിക്കണം. ഈ ലോകത്തിലുള്ള എല്ലാററിനേയുംകാൾ ശ്രേഷ്ഠമാണു സ്വർഗ്ഗ രാജ്യം.

സ്വർഗ്ഗരാജ്യത്തിൽ സന്തോഷമനുഭവിക്കുവാൻ എല്ലാവരും ആഗ്ര ഹിക്കുന്നു. ഇതിനു നാം ഭൂമിയിലെ ദൈവരാജ്യത്തിൽ അംഗമായി രിക്കണം. ഇതു നമ്മിൽ നിന്നു ചില ത്യാഗങ്ങൾ ആവശ്യപ്പെടുന്നു. ഈ ത്യാഗങ്ങൾ ചെയ്യുവാൻ ചിലർക്കു് മനസ്സില്ല. തന്മൂലം, അവർ ഈശോയുടെ വിളി കേൾക്കുന്നില്ല. എങ്കിലും തൻെറ പിതാവിൻെറ രാജ്യത്തിലേയ്ക്ക്, കത്തോലിക്കാതിരുസ്സഭയിലേയ്ക്ക്, ഈശോ എല്ലാ വരേയുംക്ഷണിച്ചുകൊണ്ടിരിക്കുന്നു.

എല്ലാത്തരം മത്സ്യങ്ങളേയും പിടിക്കുവാനായി കടലിൽ വീശിയ വലയ്ക്കു തുല്യമാണു സ്വർഗ്ഗരാജ്യമെന്നു് ഈശോ പറഞ്ഞു. തിരുസ്സഭ യിൽ എല്ലാ മനുഷ്യരും വന്നു ചേരണമെന്നു് ഇതു വഴി ഈശോ പ ഠിപ്പിക്കുന്നു. ഈ സഭയിൽ അംഗമായി എന്നതുകൊണ്ടുമാത്രം നാം രക്ഷപ്പെടുകയില്ല. ഈശോയെ അനുഗമിച്ചു്, ദൈവകല്പനകൾ പാ ലിച്ചുകൊണ്ടു്, നാം ദൈവത്തെ പ്രസാദിപ്പിക്കണം; കൂടാതെ, നാം പരസ്പരം സ്നേഹിക്കുകയും വേണം. ദൈവത്തെ അനുസരിക്കുകയും സ്നേഹിക്കുകയും ചെയ്യാത്തവർ ഉപമയിലെ 'മോശമായ മത്സ്യ'ത്തി നു തുല്യരാണു്.

ദൈവത്തെ നമ്മുടെ രാജാവും നാഥനുമായി അംഗീകരിക്കുമ്പോൾ നാം ദൈവരാജ്യത്തിലെ അംഗങ്ങളായിത്തീരുന്നു. ഈശോ പഠിപ്പി ച്ചതു പോലെ ജീവിക്കുമ്പോൾ നാം ദൈവിക സമ്പത്തിൻെറ ഓഹ രിക്കാരായിത്തീരുന്നു. സ്വർഗ്ഗരാജ്യത്തിനുവേണ്ടി എന്തും ത്യജിക്കാൻ നാം തയ്യാറാകണം; മററുള്ളവരോടു ദയാപൂർവ്വം പെരുമാറണം; ശാന്ത തയും സൗമ്യതയുമുള്ളവരാകണം; നിഷ്ക്കളങ്കതയും അനുസരണയും ഉള്ളവരാകണം എന്നെല്ലാം ഈശോ പഠിപ്പിച്ചു.

### ഓർമ്മിക്കാൻ

വേദപുസ്തകത്തിൽനിന്നു്:

"സ്വർഗ്ഗത്തിലുള്ള എൻെറ പിതാവിൻെറ ഇഷ്ടം നിറവേററു ന്നവനല്ലാതെ, എൻെറ കർത്താവേ, എൻെറ കർത്താവേ, എന്നു്

എന്നെ വിളിക്കുന്ന ഏവനുമല്ല സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതു്" (മത്തായി 7: 21).

1. ആരാണു ദൈവരാജ്യം നമുക്കു നല്കിയതു്?
2. ദൈവരാജ്യത്തെക്കുറിച്ചു് ഈശോ അരുളിച്ചെയ്ത ഉപമകളേവ?
3. ഭൂമിയിലുള്ള ദൈവരാജ്യം ഏതു പേരിൽ അറിയപ്പെടുന്നു?


## പ്രവർത്തിക്കാൻ

വേദപുസ്തകത്തിൽനിന്നു ദൈവരാജ്യത്തെക്കുറിച്ചുള്ള ഉപമകൾ ഞാൻ വായിക്കും.

'അങ്ങേ രാജ്യം വരണമേ' എന്ന പ്രാർത്ഥനാഭാഗം ആസ്പദമാക്കി ഒരു ഖണ്ഡിക എഴുതുക.

## പാടാൻ

നിൻനാമം ഞങ്ങൾ പുകഴ്ത്തുന്നു, ദൈവമേ,
നിൻമുമ്പിൽ കൈകൂപ്പി കുമ്പിടുന്നു.
എല്ലാം നിൻ ചെങ്കോലിൻ കീഴാണീലോകത്തിൽ
സ്വർലോകനാഥനും നീയാണല്ലോ.
നിൻവാഴ്ച വർണ്ണിക്കാൻ ആർക്കുണ്ടുവൈഭവം?
എന്നെന്നും നില്പതാണങ്ങേ രാജ്യം.



# 5

# സഭാസ്ഥാപനം



"ഈശോ തന്റെ പന്ത്രണ്ടു ശിഷ്യന്മാരേയും വിളിച്ച് ദുരാത്മാക്കളെ പുറത്താക്കുവാനും സകല വിധ വ്യാധികളും രോഗങ്ങളും ശമിപ്പിക്കുവാനും അവക്ക് അധികാരം കൊടുത്തു.... ഈശോ ഈ പന്ത്രണ്ടുപേരേയും ഇങ്ങനെ ഉപദേശിച്ച് അയച്ചു: പുറജാതികളുടെ വഴിയിലൂടെ നിങ്ങറം പോകരുത്. ശമ്റയക്കാരുടെ നഗരത്തിൽ നിങ്ങറം പ്രവേശിക്കയുമരുത്. ഇസ്രായേൽ ഗോത്രത്തിൽനിന്ന് നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുക്കലേക്കു നിങ്ങറം പ്രധാനമായി പോകുവിൻ. നിങ്ങറം പോകുമ്പോറം സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നുവെന്ന് പ്രസംഗിച്ചു പറയുവിൻ; രോഗികളെ സുഖപ്പെടുത്തുവിൻ; കുഷ്ഠരോഗികളെ ശുദ്ധരാക്കുവിൻ; പിശാചുക്കളെ പുറത്താക്കുവിൻ; നിങ്ങറംക്കു സൗജന്യമായി കിട്ടി; നിങ്ങറം സൗജന്യമായി കൊടുക്കുവിൻ. നിങ്ങളെ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു; എന്നെ സ്വീകരിക്കുന്നവൻ എന്നെ അയച്ചവനെ സ്വീകരിക്കുന്നു."

(മത്തായി 10: 1, 5-8, 40)

"ഈശോ അടുത്തുവന്ന് അവരോടു സംസാരിച്ചു. അവിടുന്ന് അരുറംചെയ്തു: സ്വർഗ്ഗത്തിലും ഭൂമിയിലും എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ആകയാൽ, നിങ്ങറം പോ

യി സകല ജാതികളേയും ശിഷ്യപ്പെടുത്തി പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവക്ക് മാമ്മോദീസ നല്കി, ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. ഞാനോ ഇതാ! ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടെയുണ്ടു്." (മത്തായി. 28: 18–20)

മനുഷ്യരെ പാപത്തിൽനിന്നു മോചിച്ച് അവക്ക് സ്വർഗ്ഗഭാഗ്യം നൽകുന്നതിനുവേണ്ടിയാണു് ഈശോയെ പിതാവായ ദൈവം അയച്ചതു്. ഈശോയുടെ സ്വർഗ്ഗാരോഹണത്തിനുശേഷവും ഈ രക്ഷാകരകൃത്യം തുടരേണ്ടതിനായി അവിടുന്നു പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു. അവരാണു് അപ്പസ്തോലന്മാർ; അതായതു്, "അയയ്ക്കപ്പെട്ടവർ." ഈശോയുടെ നാമത്തിൽ തിരുസ്സഭയെ പഠിപ്പിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും ഭരിക്കുന്നതിനുമായി അവിടുന്നു് അവരെ അയച്ചു.

ഈ പ്രേഷിതവേലയ്ക്കായി ഈശോ അവരെ ഒരുക്കി; ദൈവത്തെ സ്നേഹിക്കുവാനും സേവിക്കുവാനും പഠിപ്പിച്ചു; എങ്ങനെ പ്രാർത്ഥിക്കണമെന്നു പറഞ്ഞുകൊടുത്തു. തിരുസ്സഭയാണു ഭൂമിയിലെ സ്വർഗ്ഗരാജ്യമെന്നു വ്യക്തമാക്കി. സുവിശേഷം പ്രസംഗിക്കുന്നതിനും രോഗികളെ സുഖപ്പെടുത്തുന്നതിനും പിശാചുക്കളെ പുറത്താക്കുന്നതിനുംവേണ്ടി അവരെ അയച്ചു.

അപ്പസ്തോലന്മാക്കു പല മാനുഷികബലഹീനതകളും ഉണ്ടായിരുന്നു. അവരിൽ ഒരാം ഈശോയെ ഒററിക്കൊടുത്തു; മറെറാരാം അവിടുത്തെ അറിയുകയില്ലെന്നു പറഞ്ഞു; അവിടുത്തെ പടയാളികം ബന്ധിച്ചപ്പോാം എല്ലാവരും അവിടുത്തെ ഉപേക്ഷിച്ചു. പലപ്പോഴും ഈശോ അവരെ തിരുത്തിയിട്ടുണ്ടു്. തൻെറ ഉയിർപ്പിനുശേഷവും അവരുടെ വിശ്വാസക്കുറവുമൂലം അവരെ ഈശോ ശകാരിച്ചിട്ടുണ്ടു്. എന്നിട്ടും അവിടുന്നു തൻെറ ദൈവികാധികാരത്തിൻെറ ഓഹരി അവക്കു കൊടുത്തു.

തിരുസ്സഭയിലെ ആദ്യത്തെ മെത്രാന്മാരായി അവരെ ഈശോ നിയമിച്ചു. പഠിപ്പിക്കുവാനും വിശുദ്ധീകരിക്കുവാനും, ഭരിക്കുവാനുമുള്ള അധികാരം അവക്കു നല്കി. തന്മൂലം, അപ്പസ്തോലന്മാർ ദൈവജനത്തെ പഠിപ്പിച്ചു. കൂദാശകാം, ആരാധന, ഉപദേശം ഇവവഴി വിശുദ്ധീകരിച്ചു. മിശിഹായിൽ എല്ലാവരേയും ഒന്നിപ്പിക്കുവാൻ അവർ നിയമങ്ങളുണ്ടാക്കി. ഇങ്ങനെ അപ്പസ്തോലന്മാർ മുഖേന സഭ സ്ഥാപിച്ചതുകൊണ്ടു് സഭ അപ്പസ്തോലികമാണു് എന്നു പറയുന്നു.

വിശുദ്ധിതന്നെയായ ഈശോയാണു് തിരുസ്സഭയെ സ്ഥാപിച്ചതു്. അവിടുന്നാണു് തിരുസ്സഭയുടെ ശിരസ്സു്. എന്നും അങ്ങനെ ആയിരിക്കുകയും ചെയ്യും. തിരുസ്സഭയിലെ അംഗങ്ങളെ വിശുദ്ധീകരിക്കാൻ അവിടുന്നു് എപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ, സഭ വിശുദ്ധമാണു്. എല്ലാവരും തിരുസ്സഭയുടെ അംഗങ്ങളാവണമെന്നു് ഈശോ ആഗ്രഹിക്കുന്നു. തന്മൂലം, സഭ സാർവ്വത്രികമാണു്.

ദൈവത്തിൻെറ രക്ഷാകരപദ്ധതിയുടെ കേന്ദ്രം ക്രിസ്തുവാണ്. തിരുസ്സഭ ഒരേ സത്യംതന്നെ പഠിപ്പിക്കുന്നു. ഒരേ ബലിതന്നെ അപ്പിക്കുന്നു; ഒരേ കൂദാശകരം നൽകുന്നു. ക്രിസ്തുവിൻെറ വികാരിയായ മാർപ്പാപ്പയാണ് സഭയുടെ കാണപ്പെട്ട തലവൻ. ഒരേ നിയമങ്ങരം തന്നെയാണു സഭയിലുള്ളത്. തിരുസ്സഭ എന്നുമെന്നും ക്രിസ്തുവിനോടു വിശ്വസ്തയാണ്. തിരുസ്സഭയിലെ എല്ലാ അംഗങ്ങളും ക്രിസ്തുവിൽ ഒരു ശരീരമാണ്. ഇക്കാരണങ്ങളാൽ സഭ ഏകമാണ്.

ഏകവും വിശുദ്ധവും സാർവ്വത്രികവും അപ്പസ്തോലികവുമായ തിരുസ്സഭയിലെ ഒരംഗമാകാൻ ഭാഗ്യം ലഭിച്ചതിൽ ഞാൻ ദൈവത്തിനു നന്ദി പറയാറുണ്ടോ?

## ഓർമ്മിക്കാൻ

വേദപുസ്തകത്തിൽനിന്ന്:

ഈശോ അപ്പസ്തോലന്മാരോടു പറയുന്നു: "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ. 20:21)

"ഞാനോ ഇതാ! ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടെയുണ്ട്" (മത്താ. 28:20)

1. എന്തിനാണു ക്രിസ്തു തിരുസ്സഭയെ സ്ഥാപിച്ചത്?

2. പഠിപ്പിക്കുവാനും വിശുദ്ധീകരിക്കുവാനും ഭരിക്കുവാനുമുള്ള അധികാരം ക്രിസ്തു ആക്കു നൽകി?

3. തിരുസ്സഭയുടെ പ്രധാന ലക്ഷണങ്ങളേവ?


## പ്രവർത്തിക്കാൻ

സഭയുടെ പ്രവർത്തനങ്ങരം ഈശോയുടേതായിക്കാണാൻ ഞാൻ പരിശ്രമിക്കും. സഭയ്ക്കു സേവനം ചെയ്യാൻ എനിക്കു കിട്ടുന്ന അവസരം ഞാൻ നന്നായി വിനിയോഗിക്കും.

പൂരിപ്പിക്കുക:

1. ഇപ്പോഴത്തെ മാർപ്പാപ്പയുടെ പേര്................

2. നമ്മുടെ മെത്രാൻെറ പേര്............



# 6

# പ്രസാദവരജീവൻ




"വൈകുന്നേരമായപ്പോൾ അവർ പിശാചു ബാധിച്ച പലരേയും അവിടുത്തെ മുമ്പിൽ കൊണ്ടുവന്നു. അവിടുന്നു പിശാചുക്കളെ വചനം കൊണ്ടു പുറത്താക്കുകയും രോഗികളെ സുഖപ്പെടുത്തുകയും ചെയ്തു" (മത്തായി 8: 16–17). അങ്ങനെ "അവിടുന്നു നമ്മുടെ രോഗങ്ങൾ ഏറ്റെടുക്കും," എന്ന ഇസയാസിൻെറ പ്രവചനം പൂർത്തിയാക്കി.



"ഒരു മനുഷ്യൻ തൻെറ സ്നേഹിതന്മാർക്കുവേണ്ടി സ്വജീവൻ അർപ്പിക്കുക എന്നതിനേക്കാൾ വലിയ സ്നേഹം ഇല്ല" (യോഹ: 15: 13).

രോഗികളെ സുഖമാക്കുകയും മരിച്ചവരെ ഉയിർപ്പിക്കുകയും ചെയ്തുകൊണ്ട് യേശു നമ്മുടെ വേദനകളിൽ അനുകമ്പ കാണിച്ചു. അടുത്തും അകലെയുമുള്ളവർക്കു യേശു തൻെറ വാക്കുമൂലം ജീവനും ആരോഗ്യവും നല്കി.



രോഗികളോടു യേശുവിനു വലിയ അനുകമ്പയുണ്ടായിരുന്നു. എന്നാൽ, അതിലേറെ അനുകമ്പ പാപികളോട്, ദൈവികജീവൻ നഷ്ടപ്പെടുത്തിയവരോട്, ഉണ്ടായിരുന്നു.

ശരീരത്തിൻെറ ആരോഗ്യത്തേക്കാൾ ആത്മാവിൻെറ ആരോഗ്യത്തിനാണു പ്രാധാന്യമെന്നു യേശു വ്യക്തമാക്കി. നമ്മുടെ ശരീരം ദൈവത്തിൻെറ ദാനമാകയാൽ അതിനെ ശ്രദ്ധാപൂർവ്വം സംരക്ഷിക്കണം. എന്നാൽ, ഇതിലേറെ ശ്രദ്ധ ആത്മാവിൻെറ കാര്യത്തിൽ നാം കാണിക്കേണ്ടതാണ്.

"മോഷ്ടിക്കുവാനും കൊല്ലുവാനും നശിപ്പിക്കുവാനും അല്ലാതെ കള്ളൻ വരുന്നില്ല. അവർക്കു ജീവൻ ഉണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനും ആകുന്നു ഞാൻ വന്നിരിക്കുന്നതു്" (യോഹ. 10: 10).

യേശു ഇവിടെ അർത്ഥമാക്കുന്ന ജീവൻ, പ്രസാദവരജീവൻ (ദൈവികജീവൻ) ആണു്. പാപംവഴി നഷ്ടപ്പെട്ടുത്തിയ ദൈവികജീവൻ വീണ്ടും കൊടുക്കുന്നതിന്റെ അടയാളമായിട്ടാണു് യേശു മരിച്ചവരെ ഉയിർപ്പിച്ചതും രോഗികളെ സുഖപ്പെടുത്തിയതും.

തന്റെ മരണംവഴി തിരുസ്സഭയ്ക്കു ദൈവികജീവൻ നൽകുമെന്നു് ഈശോ നിക്കൊദേമൂസിനോടുള്ള സംഭാഷണത്തിൽ വ്യക്തമാക്കി. (യോഹ. 3: 14-17)

തിരുവത്താഴസമയത്തു് ഈശോ അരുൾചെയ്തു: "ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയിലെ എന്റെ രക്തമാകുന്നു."

തിരുസ്സഭയ്ക്കു ദൈവികജീവൻ ഉണ്ടാകുന്നതിനാണു് യേശു കുരിശിൽ മരിച്ചതു്. അവിടുന്നു്, തന്റെ മരണംവഴി പാപമാകുന്ന മരണത്തിൽനിന്നു നമ്മെ രക്ഷിച്ചു്, പ്രസാദവരമാകുന്ന ജീവൻ (ദൈവികജീവൻ) നമുക്കു വീണ്ടും നല്കി.

യേശുവിന്റെ വരവിനുമുമ്പ് ഇസ്രായേൽ ജനം മരുഭൂമിയിൽവച്ചു് ദൈവത്തിനും മോശയ്ക്കുമെതിരായി പിറുപിറുത്തു. അതിനു ശിക്ഷയായി ദൈവം അഗ്നിസർപ്പങ്ങളെ അയച്ചു. ഈ സർപ്പങ്ങൾ അവരെ കടിച്ചു. വളരെപ്പേർ മരിച്ചു. അപ്പോൾ ജനങ്ങൾ മനസ്തപിച്ചു മാപ്പപേക്ഷിച്ചു. ഉടനെ, ദൈവം പിച്ചളകൊണ്ടു് ഒരു പാമ്പിന്റെ രൂപം ഉണ്ടാക്കി നാട്ടുവാൻ മോശയോടു പറഞ്ഞു. മനസ്താപത്തോടുകൂടി ആ പിച്ചളസർപ്പത്തെ നോക്കിയവരെല്ലാം പാമ്പുകടിയിൽനിന്നു സുഖം പ്രാപിച്ചു. തന്റെ കുരിശുമരണത്തിന്റെ പ്രതിരൂപം ആണിതെന്നു് യേശു പറഞ്ഞു. വിശ്വാസത്തോടും മനസ്താപത്തോടുംകൂടി യേശുവിനെ നോക്കുന്നവർക്കെല്ലാം പാപമോചനവും പുതിയ ജീവനും (ദൈവികജീവനും) ലഭിക്കും.

നമ്മോടുള്ള സ്നേഹത്തിന്റെ ഏററവും വലിയ തെളിവാണു് യേശുവിന്റെ കുരിശുമരണം. അവിടുത്തെ രക്ഷാകരകൃത്യം കുരിശുമരണംകൊണ്ടു് അവസാനിച്ചില്ല. നമുക്കു പുതിയജീവൻ നൽകുന്നതിനായി അവിടുന്നു് ഉയിർത്തെഴുന്നേററു. യേശു തന്റെ ഉയിർപ്പും സ്വർഗ്ഗാരോഹണവുംവഴി മരണത്തിൽനിന്നു പുതിയ ജീവനിലേക്കു പ്രവേശിച്ചു. ഇപ്പോൾ അവിടുന്നു സ്വർഗ്ഗത്തിൽ ദൈവപിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു. പ്രസാദവരാവസ്ഥയിൽ മരിക്കുന്ന എല്ലാവരും സ്വർഗ്ഗത്തിലെത്തി യേശുവിനോടുകൂടെ നിത്യം ജീവിക്കും.

**ഓർമ്മിക്കാൻ**

വേദപുസ്തകത്തിൽനിന്നു്:

"അവർക്കു ജീവൻ ഉണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനും ആകുന്നു ഞാൻ വന്നിരിക്കുന്നതു്" (യോഹ. 10: 10).

1. നമ്മിൽ എത്രതരം ജീവനുണ്ട്? അതിൽ ഏതാണു പ്രധാനം?
2. യേശു എങ്ങനെയാണു തിരുസ്സഭയ്ക്കു ദൈവികജീവൻ നേടിയതു്?
3. യേശുവിൻെറ സ്വർഗ്ഗാരോഹണം എന്തു പഠിപ്പിക്കുന്നു?

## പ്രവർത്തിക്കാൻ

എൻെറ മുറിയിൽ ഒരു ക്രൂശിതരൂപം ഞാൻ സൂക്ഷിക്കും. നമുക്കു വേണ്ടി മരിച്ച രക്ഷകനു് എല്ലാദിവസവും ഞാൻ നന്ദിപറയും. എൻെറ പാപങ്ങൾ മോചിക്കണമെന്നും, ദൈവികജീവൻ എന്നിൽ ശക്തിപ്പെടുത്തണമെന്നും പ്രാർത്ഥിക്കും.

"ഞങ്ങളുടെ കർത്താവായ ഈശോ, പീഡാസഹനംവഴി മരണത്തെ ജയിച്ച ആരാധ്യനായ രാജാവേ, സ്വർഗ്ഗരാജ്യത്തിൽ നിത്യജീവൻ ഞങ്ങൾക്കു വാഗ്ദാനംചെയ്ത അങ്ങയുടെ പ്രത്യാഗമനത്തിൽ ജീവൻ പ്രാപിച്ചവരായി അങ്ങയെ എതിരേല്ക്കുവാൻ ഞങ്ങൾ പുറപ്പെടട്ടെ". ആമ്മേൻ.

## പാടാൻ

സ്വർഗ്ഗീയരാജനീശോ, നിൻമുമ്പിൽ വന്നിതാ ഞാൻ
കാരുണ്യസാഗരമേ, കാത്തുകൊള്ളേണമേ, നീ!
എൻശക്തിയൊക്കെയോടും—നിന്നെ സ്നേഹിച്ചിടുന്നേൻ
നിന്നെ നിനച്ചുവാഴും എന്നിലെഴുന്നള്ളണേ.
ഈയെൻെറ കൂടാരത്തിൽ നീ വരേണമെങ്കിലോ.
നിൻകൃപാരശ്മിയാലെ പൊൻവെളിച്ചം നല്കണേ.

(സ്വർഗ്ഗീയ.........)

കന്യകാമേരിതായേ, ദിവ്യദയാനിധിയേ,
നിൻസുതനോടെനിക്കായ് പ്രാർത്ഥിച്ചുകൊള്ളേണമേ,

(സ്വർഗ്ഗീയ.........)



# 7

# സഭയുടെ വളർച്ച



പരിശുദ്ധാത്മാവിനെ സ്വീകരിച്ചതിനുശേഷം വിശുദ്ധ പത്രോസ് ജനത്തോടു സംസാരിച്ചു. അദ്ദേഹം തന്റെ പ്രസംഗം ഇപ്രകാരം ഉപസംഹരിച്ചു: "ഈശോയെ ദൈവം ഉയിർപ്പിച്ചു. ഞങ്ങളെല്ലാം അതിനു സാക്ഷികളാകുന്നു. അവിടുന്നു ദൈവത്തിന്റെ വലത്തുഭാഗത്തേയ്ക്ക് ആരോഹണം ചെയ്തു; പരിശുദ്ധാത്മാവിനെ അയയ്ക്കാമെന്നുള്ള വാഗ്ദാനം പിതാവിൽ നിന്നു വാങ്ങി. നിങ്ങൾ കാണുന്നതും കേൾക്കുന്നതുമെല്ലാം പരിശുദ്ധാത്മാവിന്റെ ദാനമാണ്....ആകയാൽ, നിങ്ങൾ ക്രൂശിച്ച ഈശോയെ ദൈവം കർത്താവും മിശിഹായും ആക്കിയിരിക്കുന്നുവെന്ന് ഇസ്രായേൽ ഗോത്രം മുഴുവൻ മനസ്സിലാക്കട്ടെ." ഇതു കേട്ടപ്പോൾ അവർ ഹൃദയവ്യഥയോടെ പത്രോസിനോടും ശേഷം ശ്ലീഹന്മാരോടും ചോദിച്ചു: "സഹോദരന്മാരേ, ഞങ്ങൾ ഇനി എന്താണു ചെയ്യേണ്ടതു്?" പത്രോസ് പ്രതിവചിച്ചു: "പാപമോചനത്തിനായി നിങ്ങളോരോരുത്തരും അനുതപിച്ച് ഈശോമിശിഹായുടെ നാമത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കുവിൻ. അപ്പോൾ നിങ്ങൾക്കു പരിശുദ്ധാത്മാവിന്റെ ദാനം ലഭിക്കും. ഈ വാഗ്ദാനം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും ദൈവമായ കർത്താവു വിളിക്കുന്ന വിദൂരസ്ഥരായ എല്ലാവർക്കും വേണ്ടിയുള്ളതാണ്." മററു പല കാര്യങ്ങൾക്കും അദ്ദേഹം സാക്ഷ്യം വഹിക്കുകയും "ഈ വഴിപിഴച്ച തലമുറയിൽനിന്നു് ഒഴിഞ്ഞുമാറിക്കൊ

ള്ളവിൻ" എന്നു് അവരെ ഉപദേശിക്കുകയും ചെയ്തു. അദ്ദേഹത്തെ ചെവിക്കൊണ്ടവരെല്ലാം ജ്ഞാനസ്നാനം സ്വീകരിച്ചു. അന്നുതന്നെ മൂവ്വായിരത്തോളം ആളുകൾ അവരോടു ചേർന്നു. (നടപടി 2:32-41)

ഈശോ സ്വർഗ്ഗാരോഹണത്തിനുമുമ്പു് അപ്പസ്തോലന്മാരോടു വാഗ്ദാനം ചെയ്തു, പരിശുദ്ധാത്മാവിനെ അയയ്ക്കാമെന്നു്. ഈ വാഗ്ദാനം പന്തക്കുസ്താദിവസം നിറവേറി. പരിശുദ്ധാത്മാവു് തീനാളങ്ങളുടെ രൂപത്തിൽ അപ്പസ്തോലന്മാരുടെമേൽ എഴുന്നള്ളിവന്നു.

തിരുസ്സഭയിലെ അംഗങ്ങൾക്കു ജീവൻ നൽകുന്നതു പരിശുദ്ധാത്മാവാണു്. അവരെ അവിടുന്നു ശിരസ്സായ ക്രിസ്തുവുമായി യോജിപ്പിക്കുന്നു. മാമ്മോദീസ സ്വീകരിച്ച ഓരോരുത്തരെയും ദൈവത്തിന്റെ ദത്തുപുത്രരാക്കുന്നു. അവിടുന്നു് സ്നേഹം നമുക്കു തന്നുകൊണ്ടു് നന്മ ചെയ്യാൻ നമ്മെ ശക്തരാക്കുന്നു. നമ്മുടെ ശരീരത്തെ 'പരിശുദ്ധാത്മാവിന്റെ ആലയ'മെന്നു വിളിക്കാം.

പന്തക്കുസ്താദിവസം പരിശുദ്ധാത്മാവു് അപ്പസ്തോലന്മാർക്കു പുതിയ ശക്തി നല്കി. അവരുടെ വിശ്വാസം ഉറപ്പിച്ചു. ഈശോ പഠിപ്പിച്ചതെല്ലാം അവരെ ഓർപ്പിച്ചു. ദൈവരാജ്യത്തെപ്പററി പ്രസംഗിക്കുവാൻ അവർക്കു ധൈര്യം നൽകി.

പരിശുദ്ധാത്മാവു് അപ്പസ്തോലന്മാരുടെ പിൻഗാമികളെ സഹായിക്കുകയും നയിക്കുകയും ചെയ്യുന്നു. മാർപ്പാപ്പയാണു്, വിശുദ്ധ പത്രോസിന്റെ പിൻഗാമി; മെത്രാന്മാർ മററു് അപ്പസ്തോലന്മാരുടെ പിൻഗാമികളും. ജനങ്ങളെ വിശുദ്ധീകരിക്കുന്നതിനും പഠിപ്പിക്കുന്നതിനും നയിക്കുന്നതിനും പുരോഹിതന്മാർ മെത്രാന്മാരെ സഹായിക്കുന്നു. പഠിപ്പിക്കയും ഭരിക്കയും വിശുദ്ധീകരിക്കയും ചെയ്യുന്ന സഭാധികാരികളുടെ ഗണത്തെ ഹയരാർക്കി എന്നു വിളിക്കുന്നു.

ക്രിസ്തുവിന്റെ നാമത്തിലും പരിശുദ്ധാത്മാവിന്റെ നേതൃത്വത്തിലുമാണു്, മാർപ്പാപ്പയും മെത്രാന്മാരും നമ്മെ പഠിപ്പിക്കുകയും വിശുദ്ധീകരിക്കയും ചെയ്യുന്നതു്. അതിനാൽ, ക്രിസ്തുവിനെ എന്നതുപോലെ നാം അവരെ അനുസരിക്കണം.

ആദ്യത്തെ പന്തക്കുസ്താദിവസം തന്നെ ആയിരക്കണക്കിനാളുകൾ തിരുസ്സഭയുടെ അംഗങ്ങളായി. അന്നുമുതൽ ഇന്നുവരെ ധാരാളം പേർ തിരുസ്സഭയിൽ അംഗങ്ങളായി ചേർന്നുകൊണ്ടിരിക്കുന്നു. എങ്കിലും രക്ഷയുടെ ഈ സുവിശേഷം അറിയാത്തവരായി അനേകലക്ഷം ആളുകളുണ്ടു്. തന്മൂലം, പ്രാർത്ഥനയും സന്മാതൃകയുംവഴി സത്യവിശ്വാസം പ്രചരിപ്പിക്കുവാൻ ഓരോ കത്തോലിക്കനും കടപ്പെട്ടവനാണു്. സാധിക്കുമ്പോഴെല്ലാം ഈ സുവിശേഷം മററുള്ളവരെ അറിയിക്കുവാനും എല്ലാവർക്കും ചുമതലയുണ്ടു്.

**ഓർമ്മിക്കാൻ**

"ഞാൻ പിതാവിനോടപേക്ഷിക്കുകയും അവിടുന്നു മറെറാരാശ്വാസദായകനെ നിങ്ങൾക്കു് അയച്ചുതരുകയും ചെയ്യും. ആ ആശ്വാ

സദായകൻ എന്നേയ്ക്കും നിങ്ങളോടുകൂടെയുണ്ടായിരിക്കും."
(യോഹ. 14:16)

1. എന്നാണു സഭ ഉദ്ഘാടനം ചെയ്യപ്പെട്ടതു്?
2. സഭയിൽ പരിശുദ്ധാത്മാവിൻെറ പ്രവത്തനമെന്തു്?
3. സഭയുടെ ഭരണകൂടത്തിൻെറ പേരെന്തു്?
4. സഭയ്ക്കു് ഈശോ ഏല്പിച്ചുകൊടുത്ത മൂന്നു ചുമതലകളേവ?

## പാടാൻ

പരിശുദ്ധാത്മാവേ, നീയെഴുന്നള്ളി
വരണമേ എൻെറ ഹൃദയത്തിൽ,
ദിവ്യദാനങ്ങൾ ചിന്തിയെന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണേ.

പരിശുദ്ധാത്മാവേ........

1. സ്വർഗ്ഗവാതിൽ തുറന്നു ഭൂമിയിൽ
നിർഗ്ഗളിക്കും പ്രകാശമേ,
അന്ധകാര വിരിപ്പു മാററിടും
ചന്തമേറുന്ന ദീപമേ,
കേഴമാത്മാവിലാശ വീശുന്ന
മോഹന ദിവ്യഗാനമേ.

പരിശുദ്ധാത്മാവേ........

2. വിണ്ടുണങ്ങിവരണ്ട മാനസം
കണ്ട വിണ്ണിൻ തടാകമേ,
മന്ദമായ് വന്നു വീശിയാനന്ദം
തന്ന പൊന്നിളം തെന്നലേ,
രക്തസാക്ഷികളാഞ്ഞു പുൽകിയ
പുണ്യജീവിത പാത നീ.

പരിശുദ്ധാത്മാവേ... ....

## പ്രവത്തിക്കാൻ

മാർപ്പാപ്പയോടുള്ള ആദരം വാക്കുകളിലും പ്രവൃത്തികളിലും ഞാൻ പ്രകടമാക്കും.

പുതിയ ചാക്രികലേഖനങ്ങൾ വായിക്കുന്നതിനും വായിപ്പിക്കുന്നതിനും ഞാൻ കൂടുതൽ ശ്രദ്ധിക്കും.

കർബാനക്രമത്തിൽ സഭാധികാരികൾക്കുവേണ്ടിയുള്ള ഒരു പ്രാത്ഥന കണ്ടുപിടിച്ചു ചൊല്ലുക.

# 8

# നമ്മുടെ പങ്കാളിത്തം




ക്രിസ്തു നിക്കൊദേമൂസിനോട പറഞ്ഞു: "സത്യം സത്യമായി ഞാൻ നിന്നോട പറയുന്നു, ഒരു മനുഷ്യൻ ജലത്താലും പരിശുദ്ധാത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അവനു കഴികയില്ല" (യോഹ. 3: 5).

അപ്പസ്തോലന്മാരോട ക്രിസ്തു പറഞ്ഞു: "നിങ്ങൾ പോയി സകല ജാതികളേയും ശിഷ്യപ്പെടുത്തി പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവക്കു മാമ്മോദീസ നൽകുവിൻ."

(മത്തായി 28: 19)

മാമ്മോദീസ എന്ന കൂദാശ വഴി നാം ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കുന്നു. കൂടാതെ, ഈ കൂദാശയിൽ നമുക്കു ദൈവികജീവനും ലഭിക്കുന്നു. അങ്ങനെ ക്രിസ്തുവുമായി യോജിച്ചു നാം തിരുസ്സഭയുടെ അംഗങ്ങളായിത്തീരുന്നു.



## മാമ്മോദീസ

'പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ നിന്നെ ഞാൻ മാമ്മോദീസ മുക്കുന്നു' എന്നു പറഞ്ഞു കുരിശാകൃതിയിൽ തലയിൽ വെള്ളമൊഴിച്ചുകൊണ്ടു് ഈ കൂദാശ നൽകുന്നു.

## ഓർമ്മിക്കാൻ

മാമ്മോദീസ (ജ്ഞാനസ്നാനം) എന്നാലെന്തു്?

## പ്രവത്തിക്കാൻ

മററുള്ളവക്ക് മാമ്മോദീസ നല്കുമ്പോാം ഭക്തിയോടെ പങ്കു കൊള്ളുകയും, എൻെറ മാമ്മോദീസാവാഗ്ദാനങ്ങളെ നവീകരിക്കുകയും ചെയ്യും.

എനിക്കു ജ്ഞാനസ്നാനത്തിൽ പുതിയ ജീവൻ നൽകിയതിനു നന്ദിയായി ഞാൻ ജ്ഞാനസ്നാനവാഷികത്തിൽ ദൈവാലയത്തിൽ പോയി ദിവ്യബലിയിൽ സംബന്ധിച്ചു ദിവ്യകാരുണ്യം സ്വീകരിക്കും.

## പ്രാത്ഥന

ദൈവമേ, അവിടുന്നു ഞങ്ങളെ അവിടുത്തെ പുത്രരായി സ്വീകരിച്ചതിനാൽ അങ്ങേക്കു ഞങ്ങാം നന്ദിപറയുന്നു.

# മാമ്മോദീസ

## A. മലബാർ ക്രമത്തിൽ

### 1. പ്രാരംഭം

കാമ്മികൻ ശിശുവിനോട് "നീ എന്താഗ്രഹിക്കുന്നു?" എന്നു ചോദിക്കുന്നു. തലതൊട്ടപ്പനും തലതൊട്ടമ്മയും ശിശുവിനുവേണ്ടി ഉത്തരം പറയുന്നു: "മിശിഹായുടെ സഭയിൽ അംഗമാകുവാൻ." കാമ്മികൻ ദൈവാനുഗ്രഹം ആശംസിക്കുന്നു. "പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ" എന്നു ചൊല്ലി കുരിശുവരച്ചുകൊണ്ടു ശുശ്രൂഷ ആരംഭിക്കുന്നു. 'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി' എന്നു ചൊല്ലുന്നു. തുടന്ന് സമൂഹമൊന്നിച്ച്, "സ്വഗ്ഗസ്ഥനായ പിതാവേ" എന്ന ജപവും. പിന്നീട്, ശിശുവിനുവേണ്ടി കാമ്മികൻ പ്രാത്ഥിക്കുന്നു; 42–ാം സങ്കീത്തനം സമൂഹമൊന്നിച്ചു ചൊല്ലുകയും ചെയ്യുന്നു.

## 2. കൈ വയ്പും ഏററപറച്ചിലും



ശിശുവിൻെറ ശിരസ്സിനു മുകളിൽ കൈവച്ചു പ്രാർത്ഥിക്കുമ്പോൾ "തിരുസ്സഭയുടെ വാതില്ക്കൽ മുട്ടി വിളിക്കുന്ന ഈ ദാസനെ കാരുണ്യപൂർവ്വം അകത്തു പ്രവേശിപ്പിക്കണമേ!" എന്നു പറഞ്ഞു ശിശുവിനെ ആശീർവ്വദിക്കുന്നു.

പാപവും പാപമാർഗ്ഗവും ഉപേക്ഷിക്കുന്നതിൻേറയും രക്ഷകനായ മിശിഹായെ ദൈവമായി സ്വീകരിക്കുന്നതിൻേറയും പ്രഖ്യാപനമാണടുത്തതു്.

## 3. ലേഖനവും സുവിശേഷവും

കുർബാനയോടു ബന്ധപ്പെടുത്തിയാണെങ്കിൽ ലേഖനവായനയ്ക്കു മുമ്പുള്ള പ്രാർത്ഥനകൾ ചൊല്ലിയതിനുശേഷമാണു ലേഖനം വായിക്കുന്നതു്: വിശുദ്ധ പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം അദ്ധ്യായം 6: 1–4. പിന്നീടു് കാർമ്മികൻ സമാധാനമാശംസിച്ചുകൊണ്ടു സുവിശേഷം വായിക്കുന്നു: യോഹന്നാൻ, അദ്ധ്യായം 3: 1–5.

## 4. വിശ്വാസപ്രമാണം

തുടർന്നു കാർമ്മികൻ ചോദിക്കുന്ന ഏഴു ചോദ്യങ്ങൾക്കു "ഞാൻ വിശ്വസിക്കുന്നു" എന്നുത്തരം പറയുമ്പോൾ ശിശുവിൻെറ വിശ്വാസപ്രഖ്യാപനം പൂർത്തിയാകുന്നു.

## 5. വെള്ളം വെഞ്ചെരിപ്പും ലേപനവും

ജലത്തെ പരിശുദ്ധാത്മാവു വിശുദ്ധീകരിക്കട്ടെ എന്നു പ്രാർത്ഥിച്ചു് കാർമ്മികൻ അതിനെ ആശീർവ്വദിക്കുന്നു.

തുടർന്നു് തൈലത്തിൽ വിരൽ മുക്കി വെള്ളത്തിൽ കുരിശുവരച്ചു് വെഞ്ചെരിപ്പു പൂർത്തിയാക്കുന്നു.

ശിശുവിൻെറ പേരുവിളിച്ചുകൊണ്ടു്, പരിശുദ്ധ ത്രിത്വത്തിൻെറ നാമം ഉച്ചരിച്ചു്, ശിശുവിൻെറ നെററിയിലും നെഞ്ചിലും വിശുദ്ധ തൈലം കുരിശാകൃതിയിൽ പൂശുന്നു.

## 6. സ്നാപനം



കാർമ്മികൻ ശിശുവിൻെറ പേരു വിളിച്ച് "പിതാവിൻേറയും ✠ പുത്രൻേറയും ✠ പരിശുദ്ധാത്മാവിൻേറയും ✠ നാമത്തിൽ നിന്നെ ഞാൻ മാമ്മോദീസ മുക്കുന്നു" എന്നുച്ചരിച്ചുകൊണ്ട് ശിശുവിൻെറ ശിരസ്സിൽ മൂന്നു പ്രാവശ്യം കുരിശാകൃതിയിൽ വെള്ളമൊഴിക്കുന്നു.

"ആമ്മേൻ" എന്നു സമൂഹം ഉത്തരം പറയുന്നു.

---

പേരു തിരഞ്ഞെടുക്കുമ്പോൾ മൂത്ത ആൺകുട്ടിക്കു പിതാമഹൻെറ പേരു നല്കുന്ന യഹൂദപാരമ്പര്യം കേരളത്തിലെ സുറിയാനിക്കാർ പുലർത്തുന്നുണ്ട്. വിശുദ്ധരുടെ പേരാണ് മാമ്മോദീസയിൽ നല്കപ്പെടുക.

## 7. വെള്ളവസ്ത്രവും കത്തിച്ചതിരിയും



അനന്തരം വെള്ളവസ്ത്രം നല്കിക്കൊണ്ട്, വിശുദ്ധിയുടെ വസ്ത്രത്താൽ മിശിഹാ ശിശുവിനെ അലങ്കരിക്കട്ടെ എന്നു കാർമ്മികൻ ആശംസിക്കുന്നു. ശിശുവിൻെറ കൈയിൽ കത്തിച്ച തിരി നല്കുമ്പോൾ "മിശിഹാ നിനക്കു മാർഗ്ഗദീപമായിരിക്കട്ടെ" എന്നു കാർമ്മികൻ പറയുന്നു. സമൂഹം "ആമ്മേൻ" എന്നു പ്രതിവചിക്കുന്നു.

അനന്തരം, എല്ലാവരും മദ്ബഹായിലേക്കു പോകുന്നു.

## 8. യാചനാപ്രാർത്ഥന

കാർമ്മികൻ അഴിക്കാലിനടുത്തു ശിശുവിനു നേരെ തിരിഞ്ഞുനിന്ന്, "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന ജപം ചൊല്ലുന്നു. തുടർന്നു മാമ്മോദീസ സ്വീകരിച്ച ശിശുവി

നുവേണ്ടിയുള്ള യാചനാപ്രാർത്ഥനയാണ്. സഭയിലെ ഈ പുതിയ അംഗം സ്വർഗ്ഗത്തിലെത്തിച്ചേരുവോളം കർത്താവിൻെറ പരിപാലനയുടെ സംരക്ഷണം ലഭിക്കുന്നതിനുവേണ്ടി കാർമ്മികൻ പ്രാർത്ഥിക്കുന്നു.

## 9. മാദ്ധ്യസ്ഥപ്രാർത്ഥനയും സമാപനാശീർവ്വാദവും

പരിശുദ്ധ കന്യകയുടേയും വിശുദ്ധരുടേയും മദ്ധ്യസ്ഥത ശിശുവിനുവേണ്ടി കാർമ്മികൻ പ്രാർത്ഥിക്കുന്നു. സമാപനാശീർവ്വാദമാണ് അടുത്തതു്. അതു നൽകുമ്പോൾ, സ്വർഗ്ഗത്തിലെത്തുന്നതുവരെ ആപത്തുകളിൽ തുണയും പരീക്ഷകളിൽ ബലവും നല്കി ദൈവം ഈ ശിശുവിനെ സംരക്ഷിക്കട്ടെ എന്നു കാർമ്മികൻ പറയുന്നു. തിരുകർമ്മത്തിൽ പങ്കുകൊണ്ട എല്ലാവർക്കും കാർമ്മികൻ ദൈവാനുഗ്രഹം നേരുന്നതോടെ എല്ലാവരും "ആമ്മേൻ" എന്നു പ്രതിവചിക്കുന്നു.

# മാമ്മോദീസ

## B. ലത്തീൻ ക്രമത്തിൽ

### 1. ആമുഖം

വൈദികൻ ദൈവാലയ കവാടത്തിങ്കൽവന്നു സമാധാനാശംസയോടെ മാമ്മോദീസ സ്വീകരിയ്ക്കുവാനുള്ള ആളിനെ അഭിവാദ്യം ചെയ്യുന്നു: (പേരുവിളിച്ചു്) "നീ ദൈവത്തിൻെറ സഭയിൽനിന്നു് എന്തു് ആവശ്യപ്പെടുന്നു?" ശിശുവിനുവേണ്ടി തലതൊട്ടപ്പനും തലതൊട്ടമ്മയും മറുപടി പറയുന്നു: "വിശ്വാസം." വൈദികൻ: "വിശ്വാസം നിനക്കെന്തുതരുന്നു?" ഉത്തരം: "നിത്യായുസ്സ്."

വൈദികൻ: "നീ നിത്യായുസ്സിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ പ്രമാണങ്ങൾ അനുസരിക്കുക."

### 2. കുരിശടയാളം

പുരോഹിതൻ തള്ളവിരൽകൊണ്ടു ശിശുവിൻെറ നെററിയിലും മാറിലും കരിശടയാളം വരച്ചുകൊണ്ടു രക്ഷയുടെ അടയാളം സ്വീകരിക്കാൻ ആജ്ഞാപിക്കുന്നു.

### 3. ഉപ്പ്

അല്പം ഉപ്പു വെഞ്ചെരിച്ചു് ശിശുവിൻെറ വായിൽവച്ചുകൊണ്ടു്, "ഇതു നിനക്കു കരുണയും പാപമോചനവും നിത്യജീവനും നല്കട്ടെ" എന്നാശംസിയ്ക്കുന്നു.

### 4. പിശാചിനെ ബഹിഷ്ക്കരിക്കുന്നു

ദൈവത്തിൻെറ നാമത്തിൽ വൈദികൻ ദുഷ്ടാരൂപിയെ ശിശുവിൽനിന്നു ബഹിഷ്ക്കരിക്കുന്നു: "പിതാവിൻേറയും പുത്രൻേറയും

പരിശുദ്ധാത്മാവിൻേറയും നാമത്തിൽ നിന്നെ ഞാൻ ബഹിഷ്ക്കരിക്കുന്നു".

## 5. കൈവയ്പ്

വൈദികൻ ശിശുവിൻെറ തലയിൽ കൈവച്ചു പ്രാർത്ഥിക്കുന്നു: "പരിശുദ്ധനായ കർത്താവേ,........അങ്ങേ ജ്ഞാനവെളിച്ചത്താൽ ഈ ദാസനെ പ്രകാശിപ്പിയ്ക്കുന്നതിനും പവിത്രീകരിയ്ക്കുന്നതിനും അങ്ങ് തിരുമനസ്സാകണമേ.........യഥാർത്ഥമായ വിവേകത്തിലും വിശുദ്ധമായ പ്രബോധനങ്ങളിലും ഉറച്ചുനില്ക്കുവാൻ ഇവനെ ശക്തനാക്കുകയും ചെയ്യണമേ, ഞങ്ങളുടെ കർത്താവീശോമിശിഹാവഴി."

ഉത്തരം: ആമ്മേൻ.

## 6. ദൈവാലയ പ്രവേശനം



പുരോഹിതൻ സ്റ്റോള (ഊറാറ) യുടെ അകം ശിശുവിൻെറ മേൽ വച്ചുകൊണ്ട് "ക്രിസ്തുവിനോടുകൂടെ നിത്യജീവൻ പ്രാപിക്കുന്നതിനു ദൈവത്തിൻെറ ആലയത്തിലേയ്ക്കു പ്രവേശിക്കുക" എന്നു പറഞ്ഞുകൊണ്ട് ശിശുവിനെ ദൈവാലയത്തിലേയ്ക്കു സ്വീകരിക്കുന്നു.

**7. വിശ്വാസപ്രമാണം:** വൈദികനോടുകൂടെ തലതൊട്ടപ്പനും തലതൊട്ടമ്മയും വിശ്വാസപ്രമാണം ചൊല്ലുന്നു. തുടന്ന് 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന ജപവും.

**8. സാത്താനെ ഉപേക്ഷിയ്ക്കുന്നു**

വൈദികൻ: "നീ സാത്താനെ ഉപേക്ഷിയ്ക്കുന്നുവോ?"

ഉത്തരം: "ഉവ്വ്, ഞാനുപേക്ഷിയ്ക്കുന്നു."

ഈ ഏററുപറച്ചിൽ മററുത്തരങ്ങളിലും തുടന്ന് ആവർത്തിയ്ക്കുന്നു.

## 9. ലേപനം

പുരോഹിതൻ ശിശുവിൻെറമേൽ തൈലം പൂശിക്കൊണ്ട് ........നമ്മുടെ കർത്താവീശോയുടെ നാമത്തിൽ നിന്നെ ഞാൻ അഭിഷേകം ചെയ്യുന്നു. രക്ഷയുടെ ഈ തൈലത്താൽ നീ നിത്യജീവൻ പ്രാപിക്കുമാറാകട്ടെ" എന്നു പറയുന്നു.

## 10. വിശ്വാസപ്രഖ്യാപനം

പുരോഹിതൻ: "സർവ്വശക്തനായ പിതാവും ആകാശത്തിൻേറയും ഭൂമിയുടേയും സ്രഷ്ടാവുമായ ദൈവത്തിൽ നീ വിശ്വസിക്കുന്നുവോ?"

ഉത്തരം: "ഞാൻ വിശ്വസിക്കുന്നു."

പുരോഹിതൻ "അവിടുത്തെ ഏകപുത്രനും നമുക്കുവേണ്ടി മനുഷ്യനായി പിറന്നു പീഡ സഹിച്ചവനുമായ നമ്മുടെ കർത്താവീശോമിശിഹായിൽ നീ വിശ്വസിക്കുന്നുവോ?"

ഉത്തരം: "ഞാൻ വിശ്വസിക്കുന്നു."

പുരോഹിതൻ: "പരിശുദ്ധാത്മാവിലും വിശുദ്ധ കത്തോലിക്ക സഭയിലും പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിലും ശരീരങ്ങളുടെ ഉയിർപ്പിലും നിത്യജീവിതത്തിലും നീ വിശ്വസിക്കുന്നുവോ?"

ഉത്തരം: "ഞാൻ വിശ്വസിക്കുന്നു."

## 11. മാമ്മോദീസ



മാമ്മോദീസത്തൊട്ടിയിങ്കൽചെന്ന് വൈദികൻ ശിശുവിൻെറ തലയിൽ വെള്ളമൊഴിച്ചുകൊണ്ട്: (പേരു വിളിച്ച്) "പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ നിന്നെ ഞാൻ മാമ്മോദീസ മുക്കുന്നു" എന്നു പറയുന്നു. കുരിശാകൃതിയിൽ തലയിൽ മൂന്നു പ്രാവശ്യം വെള്ളമൊഴിച്ചുകൊണ്ടാണ് മൊഴികരം ചൊല്ലുന്നതു്.

## 12. ലേപനം

വിശുദ്ധ തൈലത്തിൽ തള്ളവിരൽ മുക്കി ശിശുവിൻെറ നെററിയിൽവൈദികൻപൂശുന്നു: "....ദൈവം രക്ഷയുടെ ഈ തൈലം കൊണ്ടു ഈശോമിശിഹായിൽ നിന്നെ അഭിഷേകം ചെയ്യട്ടെ. ഇതുവഴി നീ നിത്യരക്ഷ പ്രാപിക്കുകയും ചെയ്യട്ടെ"എന്നു പറയുന്നു.

## 13. വെള്ളവസ്ത്രം

വൈദികൻ ഒരു വെള്ളവസ്ത്രം ശിശുവിൻെറ തലയിൽവച്ച് നമ്മുടെ കർത്താവീശോമിശിഹായുടെ ന്യായാസനത്തിങ്കൽ നീ

എത്തുന്നതുവരെ നിർമ്മലമായി ഇതിനെ സൂക്ഷിയ്ക്കുക" എന്നു നിർദ്ദേശിയ്ക്കുന്നു.

ഉത്തരം: "ആമ്മേൻ." ഈ വെള്ളവസ്ത്രം പ്രസാദവരത്തെയാണു സൂചിപ്പിക്കുക.

## 14. കത്തിച്ച തിരി

ശിശുവിൻെറ കൈയിൽ കത്തുന്ന ഒരു മെഴുകുതിരി കൊടുത്തുകൊണ്ടു വൈദികൻ ആശംസിയ്ക്കുന്നു:"...........കർത്താവു് ആഗതനാകുമ്പോൾ സ്വർഗ്ഗഭവനത്തിൽ അവിടുത്തെ സ്വീകരിക്കുന്നതിനും അവിടത്തെ ആനന്ദമനുഭവിക്കുന്നതിനും നിനക്കു് ഇടയാകട്ടെ."

ഉത്തരം: "ആമ്മേൻ." വിശ്വാസത്തിൻെറ വെളിച്ചമാണു് പ്രകാശിയ്ക്കുന്ന തിരിയുടെ സൂചന.

അവസാനമായി വൈദികൻ ശിശുവിനു മിശിഹായുടെ സമാധാനം ആശംസിയ്ക്കുന്നു: "സമാധാനത്തിൽ പോകുക. കർത്താവു് നിന്നോടുകൂടെയുണ്ടായിരിക്കട്ടെ."

ഉത്തരം: "ആമ്മേൻ."

# മാമ്മോദീസ

## C. മലങ്കരക്രമത്തിൽ

ആദ്യകാലങ്ങളിൽ ഒരുവനെ സഭയിലേയ്ക്കു സ്വീകരിച്ചു ക്രിസ്ത്യാനിയാക്കുന്നതു പല ഘട്ടങ്ങളിലായിട്ടായിരുന്നു. ഇവയെ ആസ്പദമാക്കി നാലു പ്രത്യേക ശുശ്രൂഷകൾ നിലവിൽ വന്നു.

1) അർത്ഥിയെ ശിഷ്യനായി സ്വീകരിക്കുന്നതിനുള്ള ശുശ്രൂഷ.

2) ശിഷ്യനെ മാമ്മോദീസ മുക്കുന്നതിനുള്ള ശുശ്രൂഷ.

3) മാമ്മോദീസ സ്വീകരിച്ച ആൾക്കു മൂറോൻഅഭിഷേകം നൽകുന്ന ശുശ്രൂഷ.

4) മാമ്മോദീസയും മൂറോനഭിഷേകവും സ്വീകരിച്ച ആളിനു് വിശുദ്ധ കർബാന കൊടുക്കുന്നതിനുള്ള ശുശ്രൂഷ.

ശിശുക്കളെ മാമ്മോദീസ മുക്കുന്ന പതിവു പ്രാബല്യത്തിൽ വന്നതോടെ ഈ ശുശ്രൂഷകൾ എല്ലാം ഒരുമിച്ചു നടത്തുവാൻ തുടങ്ങി. പൂർവ്വികപാരമ്പര്യമനുസരിച്ചു് ഇപ്പോൾ മലങ്കരക്രമത്തിൽ മാമ്മോദീസയോടുകൂടി മൂറോൻ, വിശുദ്ധ കർബാന ഇവയും ശിശുക്കൾക്കു നല്കപ്പെടുന്നു.

## 1. അർത്ഥിയെ ശിഷ്യനാക്കുന്നു

പ്രാരംഭപ്രാർത്ഥന, ഗീതങ്ങൾ മുതലായവയ്ക്കുശേഷം കർമ്മി കൈകളുയർത്തിപ്പിടിച്ചുകൊണ്ടു്: "നിൻെറ പരിശുദ്ധ റൂഹായെ കൈക്കൊള്ളുന്നതിനു് ഇവനെ ഒരുക്കണമേ" എന്നു പ്രാർത്ഥിച്ചുകൊണ്ടു് അർത്ഥിയുടെ മുഖത്തു് കുരിശാകൃതിയിൽ മൂന്നുപ്രാവശ്യം ഊതുന്നു.



അർത്ഥികൾ ക്രിസ്തീയനാമം നൽകുന്നു; പുരുഷന് ഒരു വിശുദ്ധൻെറ പേരും സ്ത്രീക്ക് ഒരു വിശുദ്ധയുടെ പേരും.

കമ്മി അർത്ഥിയുടെമേൽ കുരിശടയാളം വരച്ച്, ദുഷ്ടാത്മാവിനെ പുറത്താക്കുവാനുള്ള പ്രാർത്ഥന ചൊല്ലുന്നു.

വിശ്വാസപ്രതിജ്ഞ: അർത്ഥി സാത്താനെ ഉപേക്ഷിക്കുകയും മിശിഹായിലുള്ള വിശ്വാസം ഏററു പറയുകയും ചെയ്യുന്നു. അർത്ഥി ശിശുവാണെങ്കിൽ മദ്ധ്യസ്ഥൻ (തല തൊടുന്ന ആൾ) വഴിയാണ് ഇതു ചെയ്യുന്നതു്. പുരുഷനെ തലതൊടുന്നതു് വിശ്വാസിയായ ഒരു പുരുഷനും സ്ത്രീയെ തലതൊടുന്നതു് വിശ്വാസിനിയായ ഒരു സ്ത്രീയുമത്രേ. ശിശുവിനെ ക്രിസ്തീയവിശ്വാസത്തിൽ വളർത്തുവാൻ മദ്ധ്യസ്ഥനു കടമയുണ്ടു്.



അർത്ഥി പടിഞ്ഞാറോട്ടു തിരിയുന്നു; മദ്ധ്യസ്ഥൻ ഇടതുകൈകൊണ്ടു് ഇടതുകൈയിൽ പിടിച്ച്, ദുഷ്ടാത്മാവിനെ ഉപേക്ഷിച്ചുകൊണ്ടുള്ള സത്യപ്രതിജ്ഞ മൂന്നു പ്രാവശ്യം ഏററുചൊല്ലുന്നു. അതിനുശേഷം അർത്ഥി കിഴക്കോട്ടു തിരിയുന്നു; മദ്ധ്യസ്ഥൻ വലതുകൈകൊണ്ടു് വലതുകൈയിൽ പിടിച്ചു മിശിഹായെ സ്വീകരിച്ചുകൊണ്ടുള്ള സത്യപ്രതിജ്ഞ മൂന്നു പ്രാവശ്യം ഏററുചൊല്ലുന്നു. തുടർന്ന് നിഖ്യാ വിശ്വാസപ്രമാണം എല്ലാവരും കൂടി ചൊല്ലുന്നു.

### 2. ശിഷ്യനെ മാമ്മോദീസ മുക്കുന്നു

a) ശിഷ്യനെ സൈത്തു (എണ്ണ) കൊണ്ടു് കുരിശടയാളം വരച്ചു മുദ്ര



കുത്തുമ്പോൾ കമ്മി ചൊല്ലുന്നു: "വീണ്ടും ജനനത്താൽ പുത്രസ്വീകാരത്തിന് ഇവൻ യോഗ്യനായിത്തീരുവാൻ പിതാവിൻേറയും പുത്രൻേറയും ജീവനും വിശുദ്ധിയുമുള്ള റൂഹായുടേയും തിരുനാമത്തിൽ (പേരു്) മുദ്രകുത്തപ്പെടുന്നു."

b) മാമ്മോദീസാവെള്ളം വാഴ്ത്തുന്നു. ഓരോ പ്രാവശ്യവും വെള്ളം പ്രത്യേകം വാഴ്ത്തുന്ന പതിവാണു മലങ്കരക്രമത്തിലുള്ളതു. മാമ്മോദീസത്തൊട്ടി സാധാരണയായി പള്ളിയുടെ ഉള്ളിൽ തെക്കുവശത്തെ ഭിത്തിയോടു ചേൎന്നാണു്. വെള്ളത്തിൽ മുക്കി ആയിരുന്ന മുൻകാലങ്ങളിൽ മാമ്മോദീസ നല്കിയിരുന്നതു്. വെള്ളത്തിൽ മുങ്ങുകയും എഴുന്നേല്ക്കുകയും ചെയ്യുന്നതു് മരണത്തേയും ക്രിസ്തുവിലുള്ള ഉയിൎത്തെഴുന്നേല്പിനേയും സൂചിപ്പിക്കുന്നു.



കമ്മി വലതുകൈയിൽ ചൂടുവെള്ളവും ഇടതുകൈയിൽ പച്ചവെള്ളവും എടുത്തു കൈകൾ കുരിശാകൃതിയിൽ പിടിച്ചുകൊണ്ടു് തൊട്ടിയിൽ വെള്ളം ഒഴിക്കുന്നു. പരിശുദ്ധാത്മാവിൻെറ ആവാസത്തിനായി പ്രാൎത്ഥിക്കുയും വെള്ളത്തിൽ വിശുദ്ധ മൂറോൻതൈലം ഒഴിക്കുയും ചെയ്യുന്നു.

c) മാമ്മോദീസ: അൎത്ഥി ശിശുവാണെങ്കിൽ തൊട്ടിയിലെ വെള്ളത്തിൽ അവനെ നിൎത്തുന്നു. പ്രായപൂൎത്തിയായ ആളാണെങ്കിൽ അയാളെ തൊട്ടിയിലേക്കു തലകുനിച്ചു നിൎത്തുന്നു.

അൎത്ഥിയുടെ ശിരസ്സിൽ വെള്ളം ഒഴിച്ചുകൊണ്ടു് കമ്മി കൂദാശവചനം ചൊല്ലുന്നു: "ജീവൻെറ ശരണത്തിനും പാപങ്ങളുടെ മോചനത്തിനുമായി, പിതാവിൻേറയും പുത്രൻേറയും ജീവനും വിശുദ്ധിയു

മുള്ള റൂഹായുടേയും തിരുനാമത്തിൽ (പേരു്) നിത്യജീവനായി മാമ്മോദീസ മുക്കപ്പെടുന്നു."

അത്ഥി ശിശുവാണെങ്കിൽ മദ്ധ്യസ്ഥൻ വിരിച്ചുപിടിച്ചിരിക്കുന്ന ഒരു വെള്ളശീലയിൽ ശിശുവിനെ സ്വീകരിക്കുന്നു.

മാമ്മോദീസ സ്വീകരിച്ച ആളിന്റെ ആത്മാവു് വെള്ളത്തുണി പോലെ പരിശുദ്ധമാണു്.


മാമ്മോദീസ ആത്മാവിന്റെ പാപക്കറ കഴുകിക്കളയുന്നു.

തുടന്നു് മൂറോൻ അഭിഷേകം നടത്തുന്നു.



# 9

# ക്രിസ്തുവിൻെറ അവയവങ്ങൾ




"ഇനി നിങ്ങൾ അന്യരല്ല, പരദേശികളുമല്ല; വിശുദ്ധരുടെ പട്ടണത്തിലെ വാസികളും ദൈവത്തിൻെറ വീട്ടുകാരുമാകുന്നു" (എഫേ. 2: 19).

"ശരീരം ഒന്നായിരിക്കയും അതിൽ പല അവയവങ്ങൾ ഉണ്ടായിരിക്കയും ചെയ്യുന്നുവെങ്കിലും ശരീരത്തിൻെറ അവയവങ്ങൾ പലതായിരുന്നിട്ടും ഒരേ ശരീരമായിരിക്കുന്നതെങ്ങനയോ അങ്ങനെതന്നെ ആകുന്നു മിശിഹായും. നാംതന്നെയും യൂദന്മാരാകട്ടെ, പുറജാതികളാകട്ടെ, അടിമകളാകട്ടെ, സ്വതന്ത്രരാകട്ടെ, എല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമായി മാമ്മോദീസ സ്വീകരിക്കയും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്യുകയും ചെയ്തിരിക്കുന്നു. ശരീരംതന്നെയും ഒരു അവയവമല്ല, പലതാകുന്നു. കൈ അല്ലാത്തതിനാൽ ഞാൻ ശരീരത്തിലുള്ളതല്ല എന്നു കാൽ പറയുന്നുവെങ്കിൽ ഇതുകൊണ്ടു് അതു ശരീരത്തിലുള്ളതല്ലെന്നു വരുകയില്ല. കണ്ണു് അല്ലാത്തതിനാൽ ഞാൻ ശരീരത്തിലുള്ളതല്ല എന്നു ചെവി പറയുന്നുവെങ്കിൽ ഇതുകൊണ്ടു് അതും ശരീരത്തിലുള്ളതല്ലെന്നു വരുകയില്ല. നിങ്ങൾ മിശിഹായുടെ ശരീരവും നിങ്ങളുടെ നിയുക്തസ്ഥാനത്തെ അവയവങ്ങളുമാകുന്നു." (കൊറി. 12: 12–16, 27)

മാമ്മോദീസ സ്വീകരിക്കുമ്പോൾ ക്രിസ്തു നമുക്കു ദൈവിക ജീവൻ തരുന്നു. പ്രസാദവരമാകുന്ന ഈ ദാനംവഴി നാം ദൈവ

ത്തിൻെറ മക്കളും സ്വർഗ്ഗത്തിനു് അവകാശികളുമായിത്തീരുന്നു.

മാമ്മോദീസവഴി നാം ഈശോയ്ക്കു സദൃശരായിത്തീരുന്നു. നാം ഈശോയുടെ ശരീരമാകുന്ന തിരുസ്സഭയിലെ അംഗങ്ങളായി മാറുന്നു. മററു കൂദാശകൾ സ്വീകരിക്കാൻ അവകാശം നമുക്കു ലഭിക്കുന്നു. കൂടാതെ, ക്രിസ്തുവിനോടുകൂടെ ദിവ്യബലിയർപ്പിച്ചുകൊണ്ടു ദൈവത്തെ ആരാധിക്കുവാനുള്ള അവകാശവും ലഭിക്കുന്നുണ്ടു്.



ശരീരത്തിലെ എല്ലാ അവയവങ്ങളും ഒരേ ജീവനിൽ പങ്കുകൊള്ളുന്നു. ഇതുപോലെ മാമ്മോദീസ സ്വീകരിച്ചവരെല്ലാം ക്രിസ്തുവിൽ ഒരേ ശരീരമാണു്; ഒരേ ദൈവികജീവനിൽ പങ്കുകാരാണു്.

മാമ്മോദീസവഴി ദൈവത്തിൻെറ മക്കളായി വളരാൻ സവിശേഷമായ കഴിവുകൾ നമുക്കുണ്ടാകുന്നു. ദൈവത്തിൽ വിശ്വസിക്കുവാനും ശരണപ്പെടുവാനും അവിടുത്തെ സ്നേഹിക്കുവാനും ഈ കഴിവുകൾ നമ്മെ ശക്തരാക്കും. പ്രകൃത്യതീതമായ ഇത്തരം കഴിവുകൾ, അല്ലെങ്കിൽ, സുകൃതങ്ങളാണു് വിശ്വാസം, ശരണം, ഉപവി എന്നിവ.

ദൈവത്തേയും നമ്മേയും കുറിച്ചു പല കാര്യങ്ങളും ഈശോ വെളിപ്പെടുത്തിയിട്ടുണ്ടു്. ഇവയെല്ലാം പൂർണ്ണമായി മനസ്സിലാക്കുവാൻ നമുക്കു സാധിക്കുകയില്ല. ഈ കാര്യങ്ങൾ വിശ്വസിക്കുവാൻ വിശ്വാസം നമ്മെ ശക്തരാക്കുന്നു. ദൈവത്തിൻെറ ഇഷ്ടമനുസരിച്ചു ജീവിക്കുവാൻ നമുക്കു കഴിയുന്നതും വിശ്വാസം മൂലമാണു്.

ദൈവം നമുക്കു സ്വർഗ്ഗരാജ്യം വാഗ്ദാനം ചെയ്തിട്ടുണ്ടു്. സ്വർഗ്ഗത്തിൽ എത്തിച്ചേരാനുള്ള മാർഗ്ഗങ്ങളും അവിടുന്നു കാണിച്ചുതന്നിട്ടുണ്ടു്. സർവ്വശക്തനും സ്നേഹയോഗ്യനുമായ ദൈവം അവിടുത്തെ വാഗ്ദാനമനുസരിച്ചു പ്രവർത്തിക്കുമെന്നു് ആശിക്കുവാൻ ശരണം നമ്മെ സഹായിക്കുന്നു. സ്വർഗ്ഗം പ്രാപിക്കുവാൻ ദൈവം കാണിച്ചുതന്നിട്ടുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നമ്മെ കഴിവുള്ളവരാക്കുന്നതും ശരണമാണു്. ഇതുവഴി ലോകത്തിൽവച്ചുതന്നെ സ്വർഗ്ഗത്തിലെ സമാധാനവും സന്തോഷവും നാം അനുഭവിച്ചു തുടങ്ങുന്നു. ഈ ലോകത്തിലെ പ്രയാസങ്ങൾ സഹിക്കുവാൻ നമ്മെ ശക്തരാക്കുന്നതും ശരണമാണു്.

ദൈവം അനന്തമായ നന്മയും സ്നേഹവുമാണ്. മററാരെയുംകാൾ അധികമായി നാം എന്നും സ്നേഹിക്കേണ്ടതു ദൈവത്തെയാണ്. ദൈവത്തെ സ്നേഹിക്കുവാൻ സ്നേഹമെന്ന പുണ്യം നമ്മെ സഹായിക്കുന്നു. നമ്മുടെ വത്സലപിതാവായ ദൈവത്തിനെതിരായി പ്രവർത്തിക്കുന്നതിനെക്കാൾ സകലതും ഉപേക്ഷിക്കുവാൻ സ്നേഹം നമ്മെ ശക്തരാക്കുന്നു.

ദൈവത്തെപ്രതി മററെല്ലാവരെയും സ്നേഹിക്കുവാൻ ഈ സ്നേഹം നമ്മെ സഹായിക്കുന്നു. അതായത്, അന്യരിൽ വസിക്കുന്ന ദൈവത്തെപ്രതി അവരെ നാം സ്നേഹിക്കുന്നു. ക്രിസ്തു പറഞ്ഞു: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം എന്ന ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു തരുന്നു." ദൈവത്തിൻെറ മക്കളാകയാൽ, നാം പരസ്പരം സ്നേഹിക്കുകയും അവിടുത്തെ ഇഷ്ടം നിറവേററുവാൻ അന്യോന്യം സഹായിക്കുകയും വേണം. ഈ സ്നേഹത്തിനു ജാതിയോ മതമോ ഒന്നും തടസ്സമല്ല.

ക്രിസ്തു പറഞ്ഞു: "ശത്രുക്കളെ സ്നേഹിക്കുവിൻ; അവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ; നിങ്ങളെ വെറുക്കുന്നവർക്കു നന്മ ചെയ്യുവിൻ." നമ്മെ ഉപദ്രവിക്കുന്നവർക്കും നാം നന്മ ചെയ്യേണ്ടതാണ്.

ദൈവം എല്ലാവരെയും സ്നേഹിക്കുന്നു. നാമും എല്ലാവരെയും സ്നേഹിക്കണം. നന്മ ചെയ്തുകൊണ്ടും ദയാപൂർവ്വം സംസാരിച്ചുകൊണ്ടുമാണ് നമ്മുടെ സ്നേഹം കാണിക്കേണ്ടത്.

## ഓർമ്മിക്കാൻ

വേദപുസ്തകത്തിൽനിന്ന്:

"നിങ്ങൾ മിശിഹായുടെ ശരീരവും നിങ്ങളുടെ നിയുക്തസ്ഥാനത്തെ അവയവങ്ങളുമാകുന്നു." (കൊറി. 1: 12, 27)

1. മാമ്മോദീസയിൽ ലഭിക്കുന്ന ഏതേതു പുണ്യങ്ങളാണ്, ദൈവവുമായി നമ്മെ യോജിപ്പിക്കുന്നത്?

2. ദൈവത്തിൻെറ കുടുംബത്തിലെ അംഗങ്ങളെന്നനിലയിൽ ദൈവം നമ്മിൽനിന്ന് എന്താവശ്യപ്പെടുന്നു?

3. ക്രിസ്തുവിനോടുകൂടെ നാം എങ്ങനെയാണ് ദൈവത്തെ ആരാധിക്കുന്നത്?

## പ്രവർത്തിക്കാൻ

പരസ്പരം സ്നേഹിച്ചുകൊണ്ടും ദൈവത്തിൻെറ ഇഷ്ടം നിറവേററിക്കൊണ്ടും ഞാൻ തിരുസ്സഭയുടെ നന്മയ്ക്കായി പ്രവർത്തിക്കും.

# 10

# സ്ഥിരീകരണം



“ശമ്റായരായ ജനം ദൈവത്തിന്റെ വചനം സ്വീകരിച്ചുവെന്നു ജെറുസലത്തെ ശ്ലീഹന്മാർ കേട്ടപ്പോൾ അവർ ശിമയോൻ പത്രോസിനേയും യോഹന്നാനേയും അവരുടെ അടുക്കൽ അയച്ചു. അവർ ചെന്നു് പരിശുദ്ധാത്മാവിനെ പ്രാപിക്കേണ്ടതിനു് അവക്കുവേണ്ടി പ്രാത്ഥിച്ചു. അതുവരെ അവരിൽ ഒരുവന്റെമേലും പരിശുദ്ധാത്മാവു് ഉണ്ടായിരുന്നില്ല. അവർ നമ്മുടെ കത്താവായ ഈശോമിശിഹായുടെ നാമത്തിൽ മാമ്മോദീസ സ്വീകരിച്ചതേയുള്ളു. അപ്പോൾ അവർ അവരുടെമേൽ കൈവയ്ക്കുകയും അവർ പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ചെയ്തു” (നടപടി 5: 14–17).

“ദൈവത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടുന്നവർ ആരോ അവരാകുന്നു ദൈവത്തിന്റെ മക്കൾ. അടിമത്തത്തിന്റെ ആത്മാവിനെയല്ല, ഭയത്തിനായി നിങ്ങൾ വീണ്ടും കൈക്കൊണ്ടിരിക്കുന്നതു്. നാം ദൈവത്തിന്റെ മക്കളാകുന്നുവെന്നു് ഈ ആത്മാവു് നമ്മുടെ ആത്മാവിനു് സാക്ഷ്യം നല്കുകയും ചെയ്യുന്നു. മക്കൾ എങ്കിൽ അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും, ഈശോമിശിഹായുടെ കൂട്ടവകാശികളും അത്രേ. നാം അവനോടുകൂടെ പീഡയനുഭവിച്ചാൽ അവനോടുകൂടെ മഹത്വം പ്രാപിക്കും” (റോമ. 8: 14–17).

വിശുദ്ധ ലൂക്കായാണ് "അപ്പസ്തോല നടപടി" യെഴുതിയതു്. പരിശുദ്ധാത്മാവിൻെറ വരവിനുശേഷം സഭയ്ക്കുണ്ടായ വളർച്ചയാണ് ഈ ഗ്രന്ഥത്തിൻെറ ഉള്ളടക്കം. അപ്പസ്തോലന്മാർ എപ്രകാരമാണ് മാമ്മോദീസ സ്വീകരിച്ചവരെ ക്രിസ്തുവിൽ ഉറപ്പിച്ചതെന്ന് നാമ തിൽ വായിക്കുന്നു.

മാമ്മോദീസ സ്വീകരിക്കുന്ന അവസരത്തിൽ പരിശുദ്ധാത്മാവു നമ്മിൽ എഴുന്നള്ളി വരുന്നുണ്ട്: നാം വളരുന്നതോടൊപ്പം ക്രിസ്തുവിൻെറ അനുഗാമികളായി വളരുവാൻ പ്രത്യേക സഹായം നമുക്കാവശ്യമാണ്. അതിനാൽ, സ്ഥൈര്യലേപനം വഴി ക്രിസ്തു നമുക്കു വീണ്ടും പരിശുദ്ധാത്മാവിനെ നല്കുന്നു. ക്രിസ്തുവിൻെറ ധീരനായ അനുയായി എന്ന നിലയിൽ നമ്മുടെ വിശ്വാസം പ്രഖ്യാപനം ചെയ്യാൻ വേണ്ട ശക്തി പരിശുദ്ധാത്മാവു നമുക്കു നല്കുന്നു.



ഈ കൂദാശ നമ്മുടെ ആത്മാവിൽ ഒരു പ്രത്യേക മുദ്ര പതിക്കുന്നുണ്ട്. ഇതു നമ്മെ പക്വതയുള്ള ക്രിസ്ത്യാനികളാക്കുന്നു. ഈ കൂദാശ ഒരിക്കൽ മാത്രമേ സ്വീകരിക്കാൻ പാടുള്ളു.

ഈ കൂദാശ നമ്മിൽ ചില കടമകളും അവകാശങ്ങളും ഉളവാക്കുന്നുണ്ട്: നാം ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നു. മനുഷ്യരക്ഷയിൽ ക്രിസ്തുവിനോടൊത്തു പണിയെടുക്കുന്നു. ദൈവാരാധനയിൽ നാം നിത്യപുരോഹിതനായ മിശിഹായുമായി ഐക്യപ്പെടുന്നു.

സ്ഥൈര്യലേപനം എന്നാൽ എന്തു്?

സവിശേഷമായ വിധത്തിൽ പരിശുദ്ധാത്മാവു നമ്മിലേക്കു വരുകയും, കരുത്തും പൂർണ്ണതയും കൈവന്ന ക്രിസ്ത്യാനികളെപ്പോലെ—ക്രിസ്തുവിൻെറ പടയാളികളെപ്പോലെ—നമ്മുടെ വിശ്വാസത്തെ പ്രഖ്യാപിക്കുവാൻ നമ്മെ ശക്തരാക്കുകയും ചെയ്യുന്ന കൂദാശയാകുന്നു.

**ഓർമ്മിക്കാൻ**

1. സ്ഥൈര്യലേപനം എന്നാൽ എന്തു്?

2. സ്ഥൈര്യലേപനം സ്വീകരിച്ച ക്രിസ്ത്യാനികളുടെ അവകാശങ്ങളും കടമകളും ഏവ?

## പാടാൻ

സകലേശാ, നിൻ വത്സലസുതരെ
തൃക്കൺ പാക്കണമേ;
ദൈവാത്മാവിൻ വരങ്ങളാലേ
പൂരിതമാക്കണമേ.

സകലേശാ........

ധീരതകലരും പടയാളികളായ്
ഞങ്ങളിറങ്ങട്ടെ;
നിന്നുടെ രാജ്യം വിസ്തൃതമാക്കാൻ
ഞങ്ങളിറങ്ങട്ടെ.

സകലേശാ... ....

പരിപാവനമാം പാതയിലൂടെ
പറന്നു മുന്നേറാൻ
വരമേകണമേ, വളൻ പൂത്തൻ
പൂക്കളണിഞ്ഞിടുവാൻ.

സകലേശാ........

## പ്രവർത്തിക്കാൻ

എൻെറ വിശ്വാസം ഏറ്റു പറയുന്നതിൽ ഞാൻ അഭിമാനം കൊള്ളും.

ധീരമായ ക്രിസ്തീയ ജീവിത മാതൃകകൾ രേഖപ്പെടുത്തിയിട്ടുള്ള പുസ്തകങ്ങൾ കൂട്ടുകാർ വായിക്കുന്നതിനു ഞാൻ പ്രേരണ നല്കും.

ക്രിസ്തുവിനു സാക്ഷ്യം വഹിക്കാൻ ഞാൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്ന് അനുസ്മരിക്കും.



# സ്ഥൈര്യലേപനം

## A. മലബാർ ക്രമത്തിൽ



**സൂചന:**

സ്ഥൈര്യലേപനം നല്കുന്നതിനുള്ള അംഗീകാരം മെത്രാന്മാരുടേതാണ്. മലബാർ സഭയിൽ പൗരസ്ത്യ ക്രമമനുസരിച്ച് സ്ഥൈര്യലേപനം നല്കുന്നതിനു വികാരിയച്ചന്മാർക്ക് ഇപ്പോൾ അനുവാദമുണ്ട്.

### 1. പ്രാരംഭം

കാർമ്മികൻ തിരുവസ്ത്രങ്ങളണിഞ്ഞ് മദ്ബഹായിൽ പ്രവേശിച്ച് സ്ഥൈര്യലേപനം സ്വീകരിക്കാനുള്ളവരോടു ചോദിക്കുന്നു: നിങ്ങൾ എന്താഗ്രഹിക്കുന്നു?

സമൂഹം: പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

കാർമ്മികൻ: ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

അനന്തരം പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ തിരുക്കർമ്മം ആരംഭിക്കുന്നു.

കാർമ്മികൻ: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം: ആമ്മേൻ.

തുടർന്നു കാർമ്മികൻ സമൂഹവുമൊന്നിച്ച് 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന ജപവും 42—ാം സങ്കീർത്തനവും 'സകലത്തിന്റേയും നാഥാ' എന്ന പ്രാർത്ഥനയും ചൊല്ലുന്നു. സമൂഹം ത്രൈശുദ്ധ കീർത്തനം (സർവ്വേശാ, നീ പരിശുദ്ധൻ) പാടുന്നു.

### 2. വിശുദ്ധഗ്രന്ഥവായന

ദിവ്യസന്ദേശം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും അതുവഴി സ്നേഹവും ശരണവും വർദ്ധിക്കുന്നതിനും കാർമ്മികൻ ദൈവസഹായം പ്രാർത്ഥിക്കുന്നു.

ശുശ്രൂഷി ശ്ലീഹന്മാരുടെ നടപടിപ്പുസ്തകത്തിൽനിന്നു വായിക്കുന്നു: അദ്ധ്യായം 8, വാക്യങ്ങൾ 14 മുതൽ 17 വരെ. അല്ലെങ്കിൽ, 2: 1—4.

തുടന്നു കാർമ്മികൻ സമാധാനാശംസയോടെ സുവിശേഷം വായിക്കുന്നു. വിശുദ്ധ യോഹന്നാൻ, അദ്ധ്യായം 24, 23 മുതൽ 26 വരെ വാക്യങ്ങൾ.

## വാഗ്ദാന നവീകരണം

സ്ഥൈര്യലേപനാർത്ഥികൾ മാമ്മോദീസയിലെ വാഗ്ദാനങ്ങൾ ബോധപൂർവ്വം ആവർത്തിയ്ക്കുന്നു. പാപവും പാപമാർഗ്ഗങ്ങളും ഉപേക്ഷിക്കുന്നെന്നും അപ്പസ്തോലിക വിശ്വാസപ്രമാണത്തിലെ എല്ലാക്കാര്യങ്ങളും വിശ്വസിക്കുന്നെന്നും അവർ പ്രഖ്യാപിയ്ക്കുന്നു. തുടന്ന് "പരിശുദ്ധാത്മാവേ, നീയെഴുന്നുള്ളി, വരണമേ" എന്നഗാനം.

## ലേപനം

കാർമ്മികൻ ദൈവാനുഗ്രഹത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു. അനന്തരം വലത്തുകൈ നീട്ടിപ്പിടിച്ചുകൊണ്ട്: "സർവ്വശക്തനായ ദൈവമേ........അങ്ങയുടെ പരിശുദ്ധാത്മാവിനെ അയച്ച് ഇവരെ വിശുദ്ധീകരിക്കണമേ........" എന്ന് അപേക്ഷിക്കുന്നു.

സമൂഹം: ആമ്മേൻ.



കാർമ്മികൻ ഓരോരുത്തരുടേയും ശിരസ്സിൽ കൈവച്ച്, പേർ വിളിച്ച്, താഴെ വരുന്ന വാചകം ചൊല്ലി തള്ളവിരൽകൊണ്ടു നെററിയിൽ കുരിശാകൃതിയിൽ മൂറോൺ പൂശുന്നു: "ദൈവമായ മിശിഹായുടെ തൈലത്താൽ, സത്യവിശ്വാസത്തിൻെറ പരിമളത്താൽ, പരിശുദ്ധാത്മാവിൻെറ കൃപാവരപൂർണ്ണതയുടെ മുദ്രയാൽ, പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ നിന്നെ ഞാൻ അടയാളപ്പെടുത്തുന്നു."
ഓരോരുത്തരും 'ആമ്മേൻ' എന്നുത്തരം പറയുന്നു.

തൈലാഭിഷേകസമയത്തു ഗാനാലാപമുണ്ട്. പിന്നീടു കാർമ്മികൻ കൈകൾ കഴുകുന്നു. തുടന്ന് ശുശ്രൂഷി പരിശുദ്ധാത്മാവിൻെറ വരവിനും ദാനങ്ങൾക്കും പ്രവർത്തനങ്ങൾക്കും നന്ദിപറയുന്ന കാറോസൂസാപ്രാർത്ഥന ചൊല്ലുന്നു. സമൂഹം, 'കർത്താവേ, അങ്ങയോടു ഞങ്ങൾ നന്ദി പറയുന്നു' എന്നാവർത്തിച്ചു ചൊല്ലുന്നു.

കാർമ്മികൻ സമാപനാശീർവ്വാദം നല്കുമ്പോരം പറയുന്നു: "നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയാൽ പരിശുദ്ധാത്മാവിനെ സ്വീകരിച്ച നിങ്ങരം അവിടുത്തെ ആലയങ്ങളായിരിക്കട്ടെ........ മിശിഹായെ അനുകരിക്കുവാനും സുവിശേഷത്തിനു സാക്ഷ്യം വഹിച്ചുകൊണ്ടു തീക്ഷ്ണതയുള്ള പ്രേഷിതരാകുവാനും പരിശുദ്ധാത്മാവു നിങ്ങളെ സഹായിക്കട്ടെ. ഈ തിരുക്കർമ്മത്തിൽ സംബന്ധിച്ച എല്ലാവരും പരിശുദ്ധാത്മാവിൻെറ വരങ്ങളാൽ സമ്പൂർണ്ണരാകട്ടെ."

സമൂഹം: 'ആമ്മേൻ.'

# സ്ഥൈര്യലേപനം

## B. ലത്തീൻ ക്രമത്തിൽ

**സൂചന**

സ്ഥൈര്യലേപനത്തിൻെറ സാധാരണ കാർമ്മികൻ മെത്രാനാണ്. പ്രത്യേകാനുവാദത്തോടെ വികാരിമാർക്കും ഈ കൂദാശ നല്കാം.

**പ്രാരംഭം**

മെത്രാൻ സ്ഥാനവസ്ത്രങ്ങളണിഞ്ഞു വന്നു് സ്ഥൈര്യലേപനം സ്വീകരിക്കാനുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു: "സർവ്വശക്തനും നിത്യനുമായ സർവ്വേശ്വരാ, അങ്ങയുടെ കാരുണ്യത്താൽ അങ്ങയുടെ ദാസരായ ഇവർക്കു ജലത്താലും പരിശുദ്ധാത്മാവിനാലുമുള്ള പുനർജ്ജീവനും പാപമോചനവും നല്കാൻ തിരുമനസ്സായല്ലോ ഇപ്പോരം അങ്ങയുടെ അരൂപിയെ അവിടുത്തേ ഏഴു ദാനങ്ങളോടുംകൂടെ ഇവരുടെമേൽ അയയ്ക്കണമേ."

ഉത്തരം: ആമ്മേൻ.

"ജ്ഞാനം, ബുദ്ധി, ആലോചന, ആത്മശക്തി, അറിവ്, ഭക്തി, ദൈവഭയം എന്നീ സദ്ഗുണങ്ങളുടെ ചൈതന്യം അങ്ങേ അരൂപി വഴി ഇവർക്കു പ്രദാനംചെയ്യണമേ. ഇവർ നിത്യജീവൻ പ്രാപിക്കുന്നതിനായി ഇവരെ ദൈവത്തിൻെറ ചൈതന്യത്താൽ നിറയ്ക്കുകയും വിശുദ്ധ കുരിശിൻെറ അടയാളത്താൽ മുദ്രിതരാക്കുകയും ചെയ്യണമേ."

**ലേപനം**

അനന്തരം മെത്രാൻ തള്ളവിരൽ വിശുദ്ധതൈലത്തിൽ മുക്കി ഓരോരുത്തരുടേയും നെററിയിൽ കുരിശുവരയ്ക്കുന്നു. അപ്പോരം താഴെ

ക്കൊടുത്തിരിക്കുന്ന പ്രാർത്ഥന ചൊല്ലുന്നു: "പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ വിശുദ്ധ കുരിശിൻെറ ചിഹ്നത്താൽ നിന്നെ ഞാൻ അടയാളപ്പെടുത്തുകയും രക്ഷയുടെ തൈലത്താൽ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു."



"സമാധാനം നിന്നോടുകൂടെ" എന്നാശംസിച്ചുകൊണ്ടു് സ്ഥൈര്യലേപനം സ്വീകരിച്ചയാളിൻെറ കവിളിൽ മെത്രാൻ ലഘുവായി അടിയ്ക്കുന്നു.

അർത്ഥികാരംക്കെല്ലാം സ്ഥൈര്യലേപനം നല്കിക്കഴിഞ്ഞു മെത്രാൻ അറംത്താരയ്ക്കഭിമുഖമായിനിന്നു പ്രാർത്ഥിയ്ക്കുന്നു: "കർത്താവേ, അങ്ങേ അപ്പോസ്കലന്മാരുടെമേൽ അങ്ങേ അരൂപിയെ അയയ്ക്കുകയും അവരും അവരുടെ പിൻഗാമികളും വഴി എല്ലാവിശ്വാസികളും ഈ ദിവ്യാരൂപിയെ സ്വീകരിക്കണമെന്നു് അങ്ങുതിരുമനസ്സാവുകയും ചെയ്തുവല്ലോ. ഞാൻനിർവ്വഹിച്ച ശുശ്രൂഷ വഴി അതേ അരൂപിയെ സ്വീകരിച്ച ഇവരിൽ ആ ദിവ്യാരൂപി എന്നും വസിയ്ക്കുന്നതിനും ഇവരുടെ ഹൃദയങ്ങളെ അവിടുത്തേ ആലയങ്ങളെന്നപോലെ പരിശുദ്ധമായി ഇവർ സൂക്ഷിക്കുന്നതിനും ഇടയാക്കണമെ." ആമ്മേൻ.


സ്ഥൈര്യലേപനം സ്വീകരിച്ചവക്കു മെത്രാൻ ആശീർവ്വാദം നല്കുന്നു: "ജീവിതകാലം മുഴുവൻ ജെറൂസലത്തിൻെറ (സഭയുടെ) സമൃദ്ധി ദശിക്കുന്നതിനും അവസാനം നിങ്ങരം നിത്യജീവൻ പ്രാപിക്കുന്നതിനും കർത്താവു നിങ്ങളെ അനുഗ്രഹിക്കട്ടെ." ആമ്മേൻ.

# സ്ഥൈര്യലേപനം

## C. മലങ്കര ക്രമത്തിൽ

മാമ്മോദീസയോടുകൂടെ മൂറോനും (സ്ഥിരീകരണവും) നല്കുന്നു. മൂറോൻഅഭിഷേകം നടത്തുവാൻ വൈദികക്കു് അനുവാദമുണ്ടു്.

കർമ്മി വലത്തുകൈയുടെ തള്ളവിരൽ വിശുദ്ധമൂറോൻതൈലത്തിൽ മുക്കി അർത്ഥിയുടെ നെററിയിൽ മുദ്ര കുത്തിക്കൊണ്ടു് താഴെപ്പറയുന്ന കൂദാശവചനം ചൊല്ലുന്നു.




"സത്യവിശ്വാസത്തിന്റെ അടയാളമുദ്രയും വിശുദ്ധറൂഹായുടെ നൽവരങ്ങളുടെ തികവുമാകുന്ന മിശിഹാതമ്പുരാന്റെ സൗരഭ്യമാകുന്ന വിശുദ്ധമൂറോൻകൊണ്ടു (പേരു്) പിതാവിന്റേയും പുത്രന്റേയും ജീവനും വിശുദ്ധിയുമുള്ള റൂഹായുടേയും തിരുനാമത്തിൽ നിത്യജീവനായി മുദ്രകുത്തപ്പെടുന്നു."


അർത്ഥി ശിശുവാണെങ്കിൽ ശിരസ്സു മുതൽ പാദംവരെ മൂറോൻ പൂശുന്നു. പ്രായപൂർത്തിയായ ആളാണെങ്കിൽ അർത്ഥിയുടെ കണ്ണു്, ചെവി, മൂക്കു്, കൈകാൽ ഇവകളിൽ മൂറോൻ പൂശുന്നു.

മാമ്മോദീസയും മൂറോനഭിഷേകവും കഴിഞ്ഞു് അർത്ഥിയെ മദ്ബഹായുടെ വാതിൽക്കൽ കൊണ്ടുവന്നു് രാജാചാര്യകുലത്തിലെ അംഗമെന്നനിലയിൽ കിരീടം ധരിപ്പിക്കുന്ന പതിവുണ്ടു്. കിരീടത്തിന്റെ അഭാവത്തിൽ കർമ്മി വിശുദ്ധവസ്ത്രങ്ങളുടെ അഗ്രം അർത്ഥിയുടെ ശിരസ്സിന്മേൽ വച്ചു് കീരിടധാരണശുശ്രൂഷ നടത്തുന്നു. ആൺകുട്ടികളെ മദ്ബഹായിൽ പ്രവേശിപ്പിച്ചു് ബലിപീഠം ചുംബിപ്പിക്കുന്ന പതിവും ഉണ്ടു്.



## 11

# പരിശുദ്ധ കുർബാന



തിരുവത്താഴസമയത്തു് ഈശോ അപ്പസ്തോലന്മാരോടു പറഞ്ഞു: "ഞാൻ പീഡ സഹിക്കുന്നതിനുമുൻപു് ഈ പെസഹാ നിങ്ങളോടുകൂടെ ഭക്ഷിക്കുവാൻ അത്യധികം ആഗ്രഹിച്ചു...." അവിടുന്നു് അപ്പമെടുത്തു പറഞ്ഞു: "ഇതു നിങ്ങൾക്കായി നൽകപ്പെടുന്ന എൻെറ ശരീരമാകുന്നു. ഇതു് എൻെറ ഓർമ്മയ്ക്കായി നിങ്ങൾ ചെയ്യുവിൻ." പിന്നീടു് അവിടുന്നു് പാനപാത്രമെടുത്തു് സ്തോത്രം ചെയ്തു പറഞ്ഞു: "ഇതു നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന എൻെറ രക്തംകൊണ്ടുള്ള പുതിയ ഉടമ്പടിയാകുന്നു."

(ലൂക്കാ 22:15–20)

നമ്മുടെ രക്ഷകൻ തൻെറ മരണത്തിൻെറ തലേ രാത്രിയിൽ, ദൈവപിതാവിനു സ്തോത്രം ചെയ്തുകൊണ്ടു് അപ്പവും വീഞ്ഞും തൻെറ ശരീരവുംരക്തവുമാക്കി, നമുക്കുവേണ്ടി പിതാവായ ദൈവത്തിനു തന്നെത്തന്നെ സമർപ്പിച്ചു. ആ സമയത്താണു് അവിടുന്നു പരിശുദ്ധ കുർബാന എന്ന കൂദാശ സ്ഥാപിച്ചതു്.

തിരുവത്താഴസമയത്തു താൻ ചെയ്തതു് അനുവർത്തിക്കണമെന്നു് ക്രിസ്തു അപ്പസ്തോലന്മാരോടു കല്പിച്ചു: "നിങ്ങൾ ഇതു് എൻെറ ഓർമ്മയ്ക്കായി ചെയ്യുവിൻ." ക്രിസ്തുവിൻെറ ഈ കല്പനയനുസരിച്ചു് തിരുസ്സഭ ദിവ്യബലി അർപ്പിക്കുന്നു.

ലോകാവസാനംവരെയും കുരിശിലെ ദിവ്യബലി നിലനില്ക്കണമെന്നു ക്രിസ്തു ആഗ്രഹിച്ചു. മാത്രമല്ല, നമ്മുടെ ആത്മാവിൻെറ ഭക്ഷണമായി തന്നെത്തന്നെ നൽകുവാനും നമ്മോടുകൂടെ വസിക്കുവാനും അവിടുന്നു തീരുമാനിച്ചു. അതിനുവേണ്ടിയാണു്, അപ്പവും വീഞ്ഞും തൻെറ ശരീരവും രക്തവും ആക്കുവാനുള്ള അധികാരം ക്രിസ്തു പുരോഹിതന്മാർക്കു കൊടുത്തതു്. ദിവ്യകാരുണ്യത്തിൽ, അപ്പത്തി

ൻേറയും വീഞ്ഞിൻേറയും രൂപത്തിൽ സജീവനും മഹത്വപൂർണ്ണനുമായ ക്രിസ്തു സന്നിഹിതനാകുന്നു.

അപ്പം വർദ്ധിപ്പിച്ചു ജനങ്ങൾക്കു ഭക്ഷിക്കുവാൻ കൊടുത്തപ്പോൾ പരിശുദ്ധ കർബാനയുടെ രഹസ്യം ഗ്രഹിക്കുവാൻ ഈശോ അവരെ ഒരുക്കുകയായിരുന്നു. ഈശോ വർദ്ധിപ്പിച്ച അപ്പം ജനങ്ങൾക്കിഷ്ടപ്പെട്ടു. അവർ കൂടുതൽ അപ്പം ചോദിച്ചു. ഈശോ അവരോട് പറഞ്ഞു: "നിങ്ങൾ സാധാരണമായ ഈ അപ്പം എന്നോടു ചോദിക്കേണ്ടാ. എന്നോടു ജീവൻെറ അപ്പം ചോദിക്കുവിൻ." ജനങ്ങൾ വിളിച്ചുപറഞ്ഞു: "ഞങ്ങൾക്ക് ആ അപ്പം തരുക." അപ്പോൾ ഈശോ അവരോട് പറഞ്ഞു: "ഞാനാകുന്നു ജീവൻെറ അപ്പം. നിങ്ങൾ ഈ അപ്പം ഭക്ഷിക്കുമെങ്കിൽ എന്നേക്കും ജീവിക്കും. നിങ്ങൾക്കു നൽകുവാനിരിക്കുന്ന ഈ അപ്പം എൻെറ ശരീരമാകുന്നു."

ഈശോ ദിവ്യകാരുണ്യത്തെക്കുറിച്ചു സംസാരിക്കുകയായിരുന്നു. അവിടുന്ന് പരിശുദ്ധകർബാനയിൽ തന്നെത്തന്നെ നൽകുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ, പലരും ഇതു വിശ്വസിച്ചില്ല. "തൻെറ ശരീരം നമുക്കു ഭക്ഷിക്കുവാൻ തരുവാൻ ഈ മനുഷ്യന് എങ്ങനെ സാധിക്കും?" എന്നു പറഞ്ഞ് അവർ അവിടെ നിന്നു പോയി.

പരിശുദ്ധകർബാനയിൽ അവിടുന്നു തന്നെത്തന്നെ നമുക്കു തരുന്നുവെന്നു് നമുക്കറിയാം. ദിവ്യകാരുണ്യമാകുന്ന അപ്പം സാധാരണമായ അപ്പംപോലെ കാണപ്പെടുന്നുവെങ്കിലും യഥാർത്ഥത്തിൽ ദൈവപുത്രൻ തന്നെയാണ്.

ദിവ്യബലിയുടെ സമയത്തു നാം ദിവ്യകാരുണ്യനാഥനെ ദൈവത്തിനു കാഴ്ചയായി സമർപ്പിക്കുന്നു. ദൈവപിതാവ് നമ്മുടെ ഈ "കാഴ്ച" സ്വീകരിക്കുന്നു. നാം ദിവ്യകാരുണ്യം സ്വീകരിക്കുമ്പോൾ അവിടുന്ന് ഈശോയെ നമുക്കു പ്രതിസമ്മാനമായി നൽകുന്നു.

ദിവ്യകാരുണ്യത്തിൽ ഈശോ സന്നിഹിതനായിരിക്കുന്നതിനാൽ പരിശുദ്ധകർബാന മററു കൂദാശകളെക്കാൾ ശ്രേഷ്ഠമാകുന്നു. പള്ളികളിലെ സക്രാരികളിലാണു ദിവ്യകാരുണ്യം സൂക്ഷിക്കുന്നത്. സക്രാരിയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയെ നാം ആരാധിക്കണം.

## ഓർമ്മിക്കാൻ

വേദപുസ്തകത്തിൽനിന്ന്:

"സ്വർഗ്ഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ഈ അപ്പം ഭക്ഷിക്കുന്നവർ നിത്യം ജീവിക്കും. ലോകത്തിൻെറ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എൻെറ ശരീരമാകുന്നു.

1. പരിശുദ്ധകുർബാന എന്നാൽ എന്ത്?
2. ദിവ്യകാരുണ്യസ്വീകരണം എന്നാൽ എന്ത്?
3. ദിവ്യകാരുണ്യസ്വീകരണത്തിനു വേണ്ട യോഗ്യതകൾ എന്തെല്ലാം?
4. ഈശോ എന്തിനാണ് പരിശുദ്ധകുർബാന സ്ഥാപിച്ചത്.

## പാടാൻ

മാലാഖമാരുടെയപ്പം,
സ്വർഗ്ഗീയജീവന്റെയപ്പം,
കാരുണ്യവാനായ ദൈവം
മാനവലോകത്തിനേകി.

മാലാഖ........

1. സപ്രേശനാദം മുഴങ്ങി,
മേഘങ്ങളെല്ലാമിറങ്ങി,
ആകാശവാതിൽ തുറന്നു,
സ്വർഗ്ഗീയമന്നാ പൊഴിഞ്ഞു.



മാലാഖ........

2. പാറകൾ പൊട്ടിപ്പിളന്നു,
നീർച്ചാലതിൽ നിന്നുണന്നു,
മരുവിൽത്തടാകം വിരിഞ്ഞു,
പുതുപൂക്കളെങ്ങും നിറഞ്ഞു.

മാലാഖ........

## പ്രവർത്തിക്കാൻ

ദിവ്യബലിയിൽ ഈശോയെ ഞാൻ ദൈവപിതാവിനു സമർപ്പിക്കും. ദിവ്യകാരുണ്യത്തിൽ ഈശോയെ ഞാൻ അടുത്തടുത്തു സ്വീകരിക്കും. പരിശുദ്ധകുർബാനയിൽ സന്നിഹിതനായിരിക്കുന്ന അവിടുത്തെ ഞാൻ സൗകര്യം കിട്ടുമ്പോഴെല്ലാം സന്ദർശിച്ച് ആരാധിക്കും.



# 12

# കുർബാന എന്ന ബലി

കുരിശിലെ ബലിതന്നെയാണു കുർബാന. കുർബാനയിൽ ക്രിസ്തു നമ്മുടെ പാപങ്ങാംക്കു പരിഹാരമായി തന്നെത്തന്നെ പിതാവിനു സമപ്പിക്കുന്നു. കുർബാന എന്ന ബലിയിൽ ക്രിസ്തു യഥാത്ഥത്തിൽ സന്നിഹിതനാണു്.

അവിടുത്തേ ബലി തുടരുവാനുള്ള അനുവാദവും അവകാശവും ക്രിസ്തു തിരുസ്സഭയ്ക്കു നല്കി. കുർബാനയിൽ ക്രിസ്തുവിനോടും അവിടുത്തേ പുരോഹിതനോടും ഒത്തു് ഈ ബലിയർപ്പണത്തിൽ നാം പങ്കുചേരുന്നു. ഈ ആരാധനകമ്മം ദൈവത്തിനു് ഏററം പ്രീതിജനകമാണു്. ഇതുവഴി തിരുസ്സഭയ്ക്കു ധാരാളം അനുഗ്രഹങ്ങാം ലഭിക്കുന്നു. ദിവ്യബലിയിൽ മൂന്നു പ്രധാന ഭാഗങ്ങളുണ്ടു്—കാഴ്ചവയ്പു്, കൂദാശചെയ്യൽ, ദിവ്യകാരുണ്യസ്വീകരണം.

അംത്താരയിൽ നാം അർപ്പിക്കുന്ന കുർബാനയിൽ ക്രിസ്തുവിൻെറ പീഡാനുഭവം, മരണം, ഉയിർപ്പു്, സ്വർഗ്ഗാരോഹണം ഇവ നാം അനുസ്മരിക്കുന്നു. ക്രിസ്തുവിനെ നാം പിതാവായ ദൈവത്തിനു സമപ്പിക്കുന്നു. നമ്മുടെ ശിരസ്സായ ക്രിസ്തുവുമൊന്നിച്ചു നാം നമ്മെത്തന്നെയും സമപ്പിക്കുന്നു. അവിടുത്തോടുകൂടെ നാം ദൈവപിതാവിനു മഹത്വം നല്കുന്നു.

ദിവ്യബലിവഴി നമുക്കു ധാരാളം അനുഗ്രഹങ്ങാം ലഭിക്കുന്നു. ദൈവത്തെ സ്നേഹിക്കുവാനും, അവിടുത്തെ ഇഷ്ടം നിറവേററുവാനും ശക്തി കൂടുതലായി ലഭിക്കുന്നതു ദിവ്യബലിയിൽ നിന്നാണു്

**ഓമ്മിക്കാൻ**

1. ആരാണു് ബലിയപ്പിക്കുന്നതു്?
2. ബലിയപ്പണത്തിലൂടെ ക്രിസ്തു എന്തു ചെയ്യുന്നു?
3. ദിവ്യബലിയിൽ ഏതു സമയത്താണു് ക്രിസ്തു തന്നെത്തന്നെ സമപ്പിക്കുന്നതു്?
4. കൂദാശചെയ്യലിൻെറ സമയത്തു നാം എന്തു ചെയ്യണം?
5. ദിവ്യബലിയിലെ മൂന്നു പ്രധാന ഭാഗങ്ങാം ഏതെല്ലാം?

**പ്രവത്തിക്കാൻ**

ദിവ്യബലിയിൽ സഹായിക്കുന്നതു ഒരു വലിയ ഭാഗ്യമാണെന്നു ഞാൻ കരുതും.


അനുദിനം ദിവ്യബലിയിൽ സംബന്ധിക്കുന്നതിനു് സഹപാഠികളെ ഞാൻ പ്രോത്സാഹിപ്പിക്കും.

ബലിവസ്തുക്കളോടുകൂടെ എന്നേയും മിശിഹാ വഴി പിതാവായ ദൈവത്തിനു സമപ്പിച്ചാൽ മാത്രമേ എൻെറ ബലി പൂത്തിയാകൂ എന്നബോധം ഞാൻ വളത്തും.

# കുർബാന എന്ന ബലി

## A. മലബാർ ക്രമത്തിൽ

കുർബാനയെ മൂന്നു ഭാഗങ്ങളായി തിരിക്കാം, ആരാധനക്രമമനുസരിച്ച്: ഒന്ന്, പ്രാരംഭം (എനാക്സിസ്); രണ്ട്, സ്നാപനാത്ഥികളുടെ കുർബാന; മൂന്ന്, വിശ്വാസികളുടെ കുർബാന.



കുരിശടയാളത്തോടെ ബലി ആരംഭിക്കുന്നു. 'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി' — കാമ്മികൻ ചൊല്ലുന്നു. സമൂഹം — 'ആമ്മേൻ' എന്നു പ്രതിവചിക്കുന്നു. തുടന്നു 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന ജപവും സങ്കീത്തനങ്ങളും.

### 2. സ്നാപനാത്ഥികളുടെ കുർബാന

കാമ്മികനും ജനങ്ങളും ചേന്നു ത്രൈശുദ്ധകീത്തനം (ത്രിസാഗിയോൻ = പരിശുദ്ധനായ ദൈവമേ) എന്ന പ്രാത്ഥന ചൊല്ലുന്നു. തുടന്ന് കാമ്മികൻ ദൈവവചനം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും രക്ഷയുടെ ഫലങ്ങൾ പുറപ്പെടുവിക്കുന്നതിനും ആവശ്യകമായ ദൈവാനുഗ്രഹം പ്രാത്ഥിക്കുന്നു.

**ലേഖനം:** ശുശ്രൂഷി വായിക്കുന്നു.

**സുവിശേഷം:** ലോകത്തിൻെറ പ്രകാശവും സകലത്തിൻേറയും ജീവനുമായ മിശിഹാസ്സ് ആരാധനയും കൃതജ്ഞതയും സമർപ്പിക്കുന്ന കാമ്മികൻ അഴിക്കാലിനടുത്തു വന്നു സുവിശേഷപുസ്തകംകൊണ്ടു് ജനങ്ങളെ ആശീർവ്വദിക്കുന്നു: "നിങ്ങഠംക്കു സമാധാനം." സമൂഹം ഉത്തരം പറയുന്നു: "അങ്ങേക്കും സമാധാനം." തുടന്നു സുവിശേഷ വായന.



**കാറോസൂസാ:** സുവിശേഷ വായന കഴിയുമ്പോഠം സഹായി കാറോസൂസാ എന്നു പറയുന്ന ലുത്തിനിയാ പ്രാത്ഥന നടത്തുന്നു. മിശിഹായുടെ ശരീരമായ സഭ മുഴുവനും സമസ്ത ലോകത്തിനും വേണ്ടിയും സമാധാനത്തിനും സമൃദ്ധിക്കും വേണ്ടിയും എല്ലാവരും പ്രാത്ഥിക്കുന്നു.

**കൈവയ്പു പ്രാർത്ഥന:** കാർമ്മികൻ കൈകഠം വിരിച്ചുപിടിച്ചു പ്രാത്ഥിക്കുന്നു. മിശിഹായുടെ പീഡാനുഭവത്തെ അനുസ്മരിക്കുന്നതിനും യാചനാഭാവം കാണിക്കുന്നതിനുമാണു് കൈകഠം വിരിച്ചു പിടിക്കുക. മാമ്മോദീസ സ്വീകരിക്കുന്നതിനു് ഒരുങ്ങുന്നവരേയും അയോഗ്യരേയും അനുഗ്രഹിച്ചതിനു ശേഷം പിരിച്ചയസ്സുന്ന പഴയ ക്രമത്തിൻെറ സൂചന വ്യക്തമാണു് ഈ പ്രാത്ഥനയിൽ.



**വിശ്വാസപ്രമാണം:** സവ്വനാഥനായി ദൈവത്തെ ഏറ്റുപറയുന്നതിനു കാമ്മികൻ കൈകഠം വിരിച്ചുകൊണ്ടു് വിശ്വാസപ്രമാണം ആരംഭിസ്സുന്നു. സമൂഹം അതു് തുടന്നു ചൊല്ലുന്നു. ശ്ലീഹന്മാരുടെ വിശ്വാസപ്രമാണമാണു സാധാരണ ദിവസങ്ങളിൽ ചൊല്ലുക. ആഘോഷാവസരങ്ങളിൽ നിഖ്യാ വിശ്വാസപ്രമാണവും ചൊല്ലാറുണ്ടു്.


**ബലിപീഠത്തെ സമീപിക്കുന്നു:** കാർമ്മികൻ കുനിഞ്ഞു് ആചാരം ചെയ്തു്, പാപമോചനവും ആത്മാക്കളുടെ രക്ഷയും ലോകം മുഴവനിലും സമാധാനവും സഭകൾക്കെല്ലാം ശാന്തിയും കൈവരുവാൻ പ്രാർത്ഥിക്കുന്നു. ബലിപീഠം ചുംബിക്കുന്നു. മുൻകാലങ്ങളിൽ പള്ളിയുടെ നടുവിലുള്ള വേദി (ബേമ) യിലാണു് കുർബാനയുടെ ഈ ഭാഗം നടത്തിയിരുന്നതു്.

**ബലിവസ്തുക്കൾ തയ്യാറാക്കുന്നു:** അപ്പവും വീഞ്ഞും ബലിപീഠത്തിൻെറ വലത്തും ഇടത്തും അററത്തു് സജ്ജീകരിക്കുന്നു. വീഞ്ഞിനോടു് അല്പം വെള്ളം ചേർക്കുമ്പോൾ മിശിഹായുടെ തിരുവിലാവിൽനിന്നു പുറപ്പെട്ട രക്തവും വെള്ളവും കാർമ്മികൻ പ്രാർത്ഥനയിൽ അനുസ്മരിക്കുന്നു.

## 3. വിശ്വാസികളുടെ കുർബാന:

**കാർമ്മികൻ കൈകൾ കഴുകുന്നു:** കാഴ്ചയപ്പം സ്വീകരിക്കുന്ന പഴയ ആചാരം ഓർപ്പിക്കുന്നതിനുകൂടിയാണു് ഈ കൈകഴുകൽ. "ദൈവം തൻെറ അനുഗ്രഹമാകുന്ന ജലത്താൽ നമ്മുടെ പാപങ്ങളുടെ കറ കഴുകിക്കളയട്ടെ" എന്നു വൈദികൻ പ്രാർത്ഥിക്കുന്നു.

**കാഴ്ചവയ്പു്:** പീലാസയിൽ അപ്പമെടുത്തു കൈകളിൽ ഉയർത്തി കാർമ്മികൻ ബലി പീഠത്തിൻെറ നടുവിൽ വരുന്നു. തുടർന്നു കാസ വലത്തുകൈയിലും പീലാസ ഇടത്തുകൈയിലും പിടിച്ചു കുരിശാകൃതിയിൽ കൈകൾ ബലിവസ്തുക്കളോടുകൂടെ ഉയർത്തുന്നു. "നമ്മുടെ രക്ഷയ്ക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും തൻെറ....മരണത്തിൻേറയും ഉത്ഥാനത്തിൻേറയും ഓർമ്മ ആചരിക്കുവാൻ കല്പിക്കുകയും ചെയ്ത മിശിഹാവഴി പിതാവായ ദൈവം........ഈ ബലി നമ്മുടെ കരങ്ങളിൽ നിന്നു സ്വീകരിക്കുമാറാകട്ടെ" — സമൂഹവും കാർമ്മികനോടു യോജിച്ചു ചൊല്ലുന്നു.



**ആച്ഛാദനം:** ബലിവസ്തുക്കൾ പീഠത്തിൽവച്ചു ശോശപ്പകൊണ്ടു മൂടുന്നു.

**അനുസ്മരണാപ്രാർത്ഥന:** പരിശുദ്ധ ത്രിത്വത്തേയും പരിശുദ്ധ കന്യകാമറിയത്തേയും വിശുദ്ധ യൗസേപ്പിനേയും ശ്ലീഹന്മാരേയും രക്തസാക്ഷികളേയും അനുസ്മരി

ക്കുന്നു. പരിശുദ്ധ ത്രിത്വത്തെ പ്രസാദിപ്പിക്കാൻ എല്ലാവരേയും ആഹ്വാനം ചെയ്യുകയാണ് കാർമ്മികൻ.

**അനാഫൊറ** (ബലിയർപ്പണഭാഗം): കുർബാനയിലെ ബലിയർപ്പണഭാഗം ആരംഭിക്കുന്നു. ശ്ലീഹന്മാരുടെ കുർബാനയാണ് തുടർന്നു വരുന്ന അനാഫൊറ. ഇവിടം മുതൽ പരിശുദ്ധാത്മാവിൻെറ വരവിനു വേണ്ടിയുള്ള പ്രാർത്ഥന വരെയുള്ള ഭാഗത്തെയാണ് അനാഫൊറ എന്ന വാക്കുകൊണ്ടർത്ഥമാക്കുന്നത്.

**സമാധാനാശംസ:** കാർമ്മികൻ കുരിശടയാളത്തിൽ ജനങ്ങളെ ആശീർവ്വദിക്കുന്നു: "നിങ്ങൾക്കു സമാധാനം." സമൂഹം പ്രത്യുത്തരിക്കുന്നു: "അങ്ങേയ്ക്കും സമാധാനം."

**അനാഛാദനം:** കാർമ്മികൻ ബലിവസ്തുക്കൾ മൂടിയിരിക്കുന്ന ശോശപ്പ മടക്കി ബലിവസ്തുക്കളെ ചുററി വയ്ക്കുന്നു. അപ്പോൾ ബലിയർപ്പണത്തിനു സഹായമപേക്ഷിക്കുന്നു. ഇപ്പോൾ മുതൽ ശോശപ്പ നമ്മുടെ കർത്താവിൻെറ കല്ലറയെ സൂചിപ്പിക്കുന്നു.

**കാനോന:** (ഡോക്സോളജി—ദൈവത്തെ മഹത്വപ്പെടുത്തുന്ന ഒരു ചെറുജപം): "നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിൻെറ സ്നേഹവും പരിശുദ്ധാത്മാവിൻെറ സംസർഗ്ഗവും നാമെല്ലാവരോടുംകൂടെയുണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും" എന്നു ചൊല്ലി കാർമ്മികൻ ബലി വസ്തുക്കളെ ആശീർവ്വദിക്കുന്നു.

**മുട്ടുകുത്തൽ:** മനസ്സിനെ ശുദ്ധമാക്കുന്നതിനും വിശുദ്ധബലിയർപ്പിക്കുവാൻ ആത്മധൈര്യം ലഭിക്കുന്നതിനും കാർമ്മികൻ മുട്ടുകുത്തി പ്രാർത്ഥിക്കുന്നു. സമൂഹവും മുട്ടുകുത്തുന്നു.

**കൃതജ്ഞതാപ്രാർത്ഥന:** സൃഷ്ടിച്ചതിനും രക്ഷിച്ചതിനും വേണ്ടി കാർമ്മികൻ പരിശുദ്ധരോടും മാലാഖമാരോടും ചേർന്നു ദൈവത്തെ സ്തുതിക്കുന്നു. സമൂഹം: "ബലവാനും കർത്താവുമായ ദൈവം പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ, ഉന്നതങ്ങളിൽ ഓശാനാ, ദാവീദിൻെറ പുത്രന് ഓശാനാ."

**പവിത്രീകരണത്തിനൊരുക്കം** (അനുതാപപ്രാർത്ഥന): ദൈവഭവനത്തിൻെറ വിശുദ്ധിയും തൻെറ അയോഗ്യതയും കാർമ്മികൻ ഓർക്കുന്നു; ഇസയാസ് പ്രവാചകൻേറയും പൂർവ്വപിതാവായ യാക്കോ

ബിൻേറയും വാക്കുകളിൽ പ്രാത്ഥിക്കുന്നു.



**സഹായാഭ്യർത്ഥന.**

"എൻെറ സഹോദരരേ, ഈ കുർബാന എൻെറ കരങ്ങരം വഴി പൂത്തിയാകുവാൻവേണ്ടി നിങ്ങരം പ്രാർത്ഥിക്കുവിൻ" — ജനങ്ങളുടെ നേരെ തിരിഞ്ഞു്, കൈകരം വിടത്തി, വൈദികൻ അഭ്യത്ഥിക്കുന്നു. സമൂഹം: "അങ്ങേയ്ക്കുവേണ്ടിയും ഞങ്ങരംക്കുവേണ്ടിയും ലോകം മുഴുവനുവേണ്ടിയും അപ്പിക്കപ്പെടുന്ന ഈ ബലിയിൽ ദൈവം സംപ്രീതനാകട്ടെ."

കാമ്മികൻ വീണ്ടും കൃതജ്ഞതാ പ്രാത്ഥന ചൊല്ലുന്നു. ദൈവത്തിൻെറ ദാനങ്ങരം അനവധികവും മനുഷ്യവഗ്ഗത്തോടുള്ള അവിടുത്തെ കരുണയും സ്നേഹവും അവാച്യവുമാണ്.

## കൂദാശകമ്മം: കുർബാനയുടെ സ്ഥാപനപ്രാത്ഥന



ബലിയുടെ ഹൃദയമാണു് കൂദാശകർമ്മമെന്നു പറയാം. ഈശോ ചെയ്തതു പുരോഹിതനും ചെയ്യുന്നു, അതേ വാക്കുകളുച്ചരിച്ചുകൊണ്ടു്.... "താൻ ഒററിക്കൊടുക്കപ്പെട്ട രാത്രിയിൽ ഈശോ നിർമ്മലമായ തൃക്കരങ്ങളിൽ അപ്പമെടുത്തു്, സ്വഗ്ഗത്തിലേക്കു്........കണ്ണുകളുയത്തി, വാഴ്ത്തി, വിഭജിച്ചു്, ശിഷ്യന്മാക്കു നൽകിക്കൊണ്ടു് അരുരംചെയ്തു: ഇതു പാപമോചനത്തിനായി നിങ്ങരംക്കുവേണ്ടി വിഭജിക്കപ്പെടുന്ന എൻെറ ശരീരമാകുന്നു. നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ." സമൂഹം 'ആമ്മേൻ' എന്നു പറയുന്നു. തിരുശ്ശരീരം ഉയത്തിയതിനുശേഷം ആരാധിക്കുന്നു. "അപ്രകാരംതന്നെ കാസയുമെടുത്തു്, കൃതജ്ഞതാസ്തോത്രം ചെയ്തു് അവക്കു നല്കിക്കൊണ്ടു് അരുരം



ചെയ്യ: ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയിലെ എൻെറ രക്തമാകുന്നു. നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി പാനം ചെയ്യുവിൻ." സമൂഹം 'ആമ്മേൻ' എന്നു വീണ്ടും പറയുന്നു. അപ്പവും വീഞ്ഞും മിശിഹായുടെ ശരീരവും രക്തവുമായി മാറുന്ന ദിവ്യാത്ഭുതമാണു് ഇവിടെ സംഭവിക്കുക.

## കല്പനാനുസ്മരണപ്രാർത്ഥന

(ആനെംനെസിസ്)

"ഞാൻ ഈ ചെയ്തതു് നിങ്ങൾ എൻെറ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ എൻെറ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്നു കാർമ്മികൻ ചൊല്ലുന്നു. "മിശിഹായുടെ പീഡാനുഭവത്തിൻേറയും മരണത്തിൻേറയും സംസ്കാരത്തിൻേറയും ഉത്ഥാനത്തിൻേറയും ആരാധ്യവും പരിശുദ്ധവും ജീവദായകവുമായ ഈ രഹസ്യത്തെ സന്തോഷത്തോടെ ഞങ്ങൾ സ്മരിക്കുകയും സ്തുതിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നു."

## മദ്ധ്യസ്ഥപ്രാർത്ഥന

(ഡിപ്റ്റിക്സ്)



"...........മാർപ്പാപ്പയ്ക്കുവേണ്ടിയും ............... മെത്രാനുവേണ്ടിയും വിശുദ്ധ കത്തോലിക്കാസഭ മുഴുവനുവേണ്ടിയും ............ഭരണകർത്താക്കൾക്കുവേണ്ടിയും, ശ്ലീഹന്മാരുടേയും രക്തസാക്ഷികളുടേയും വന്ദകരുടേയും ബഹുമാനത്തിനുവേണ്ടിയും, ക്ലേശിതരും ദുഃഖിതരും ദരിദ്രരുമായ എല്ലാവർക്കുവേണ്ടിയും, എല്ലാ മരിച്ചവർക്കുവേണ്ടിയും, എളിയവനായ എനിക്കുവേണ്ടിയും ഈ കുർബാന അങ്ങു സ്വീകരിക്കണമേ." മിശിഹായിൽ നാമെല്ലാവരും ഒന്നാണെന്നു് ഈ പ്രാർത്ഥന നമ്മെ ഓർപ്പിക്കുന്നു. അവിടു

ന്നു് ശിരസ്സും നാം അവയവങ്ങളുമത്രേ. ശിരസ്സായ ക്രിസ്തുവിലൂടെ നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു.

## സമർപ്പണപ്രാർത്ഥന

"ഈ തിരുശ്ശരീരരക്തങ്ങൾ വിശുദ്ധ ബലിപീഠത്തിൽ ഞങ്ങൾ നിനക്കു സമർപ്പിക്കുന്നു........മിശിഹാ വന്നു്........കത്തോലിക്ക സഭയുടെ സന്താനങ്ങളായിത്തീന്ന എല്ലാവക്കും ആവശ്യകമായ വിശുദ്ധിയുടെ മാർഗ്ഗം കാണിച്ചുതന്നുവെന്നും എല്ലാ മനുഷ്യരും അറിയുവാൻ ഇടയാകട്ടെ." കാർമ്മികൻ അൾത്താരയിൽ രക്ഷയുടെ അടയാളമായ കുരിശു വരയ്ക്കുന്നു.

## പരിശുദ്ധാത്മാവിൻെറ വരവിനായുള്ള പ്രാർത്ഥന

(എപ്പിക്ലേസിസ്)

ദിവ്യരഹസ്യങ്ങളിൽ കുരിശാകൃതിയിൽ കൈകളുയർത്തി "...പരിശുദ്ധാത്മാവു് എഴുന്നള്ളിവന്നു് ഈ....കുർബാനയെ ആശീർവ്വദിക്കുകയും പവിത്രീകരിക്കുകയും ചെയ്യട്ടെ" എന്നു കാർമ്മികൻ പ്രാത്ഥിക്കുന്നു. തുടന്നു് ആരാധനയും കൃതജ്ഞതയും ദൈവത്തിനു സമർപ്പിക്കുകയും സമാധാനത്തിനും പാപപ്പൊറുതിക്കുമായി പ്രാത്ഥിക്കുകയും ചെയ്യുന്നു.

## കുർബാന ഉയർത്തൽ

"....ഈ അപ്പം ഭക്ഷിക്കുന്നവൻ മരിക്കുകയില്ല, പ്രത്യുത പാപമോചനവും രക്ഷയും പ്രാപിക്കുകയും നിത്യം ജീവിക്കുകയും ചെയ്യും" എന്നു പറഞ്ഞു തിരുശ്ശരീരം അല്പം ഉയർത്തുന്നു. ഈശോ പിതാവിൻെറ ഏററം വിശിഷ്ടദാനമാണെന്നു കാർമ്മികൻ ഏററുപറയുന്നു.



## വിഭജനം

കാർമ്മികൻ തിരുവോസ്തി രണ്ടായി വിഭജിക്കുന്നു. മിശിഹായുടെ പീഡാനുഭവത്തിൻേറയും മരണത്തിൻേറയും സൂചനയാണു് ഈ വിഭജനം. തുടന്നു് ഒരു പകുതികൊണ്ടു തിരുരക്തത്തെ കുരിശാകൃതിയിൽ അടയാളപ്പെടുത്തുന്നു. ആ പകുതി ഉപയോഗിച്ചു മറേറ പകുതിയിലും കുരിശു വരയ്ക്കുന്നു. മിശിഹായുടെ ഉയിപ്പിനെയാണിതു സൂചിപ്പിക്കുക. തന്മൂലമാണു്, ഭേദിക്കപ്പെട്ട കല്ലറയുടെ സൂചന

യായി ഉടനെ ശോശപ്പ വിടർത്തി വയ്ക്കുന്നതു്.



## കർബ്ബാന സ്വീകരണം

സഹായി മാദ്ധ്യസ്ഥപ്രാർത്ഥന ചൊല്ലുന്നു. "കർത്താവേ, അങ്ങയുടെ ദാസരുടെ പാപങ്ങളും അപരാധങ്ങളും ക്ഷമിക്കണമേ" എന്നു സമൂഹം ആവർത്തിക്കുന്നു. അനന്തരം എല്ലാവരും "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന ജപം ചൊല്ലുന്നു. കാർമ്മികൻ ജനങ്ങൾക്കു സമാധാനമാശംസിച്ചു്, വിശുദ്ധകർബ്ബാന കാണിച്ചുകൊണ്ടു്, "വിശുദ്ധവസ്തു വിശുദ്ധർക്കുള്ളതാകുന്നു"എന്നു് അനുസ്മരിപ്പിക്കുന്നു.

കാർമ്മികൻ തിരുശ്ശരീരം ഉൾക്കൊള്ളുമ്പോൾ "കർത്താവേ, അങ്ങേ തിരുശ്ശരീരം എനിക്കു ശിക്ഷാവിധിക്കു ഹേതുവാകാതെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ" എന്നു പ്രാർത്ഥിക്കുന്നു. തിരുരക്തമുൾക്കൊണ്ടു കഴിഞ്ഞു്, "അങ്ങയുടെ അവർണ്ണനീയമായ സ്നേഹത്തിനു് എന്നേയ്ക്കും സ്തുതി" എന്നേറ്റു പറയുന്നു.



അനന്തരം ജനങ്ങളെ ആശീർവ്വദിച്ചു് തിരുശ്ശരീരം വിശ്വാസികൾക്കു നൽകുന്നു, "മിശിഹായുടെ ശരീരവും രക്തവും നിത്യജീവൻ നൽകട്ടെ" എന്ന ആശംസയോടെ. സൗകര്യമുള്ളപ്പോൾ ഇരുസാദൃശ്യങ്ങളിലും കർബ്ബാനനൽകുന്നതു് അഭിലഷണീയമത്രേ.

കാസയിൽ വെള്ളമൊഴിച്ചു് ഉൾക്കൊണ്ടശേഷം കാർമ്മികൻ പൂജാപാത്രങ്ങൾ വെടിപ്പാക്കുന്നു.

## കൃതജ്ഞതയുടേയും യാചനയുടേയും പ്രാർത്ഥന

ആ സമയത്തു സമൂഹം "....വി. കുർബാന സ്വീകരിച്ച ഞങ്ങളുടെ കൈകളെ സൽപ്രവൃത്തികഠം ചെയ്യാൻ ശക്തമാക്കണമേ" എന്നു തുടങ്ങുന്ന പ്രാർത്ഥന ചൊല്ലുന്നു. തുടർന്നു കാർമ്മികൻ "....ദൈവികവും ജീവദായകവുമായ ഈ ദാനത്തെക്കുറിച്ച് അങ്ങയുടെ മഹനീയമായ ത്രിത്വത്തിന് ആരാധനയും കൃതജ്ഞതയും സ്തുതിയും ബഹുമാനവും ഞങ്ങഠം സമർപ്പിക്കുന്നു" എന്നുൽഘോഷിക്കുന്നു.

## അവസാനാശീർവ്വാദം

സഹായി ആശീർവ്വാദം അപേക്ഷിക്കുന്നു. "....ദൈവത്തിൻെറ പരിപാലനം നിങ്ങളെ സംരക്ഷിക്കട്ടെ" എന്ന വാക്കുകളോടെ കാർമ്മികൻ ജനങ്ങളെ കുരിശടയാളത്തിൽ ആശീർവ്വദിക്കുന്നു. മിശിഹായുടെ ബലിയുടെ ഫലങ്ങഠം ലോകത്തിനു നൽകുന്നതിനു സഭ നമ്മെ പറഞ്ഞയയ്ക്കുന്നു.

## വിടവാങ്ങൽ പ്രാർത്ഥന

വിശുദ്ധീകരണത്തിൻെറ ബലിപീഠത്തോടു കാർമ്മികൻ വിടവാങ്ങുമ്പോഠം നമ്മുടെ കർത്താവിൻെറ കബറിടത്തെ അനുസ്മരിച്ച് അഠംത്താരയ്ക്ക് ആചാരം ചെയ്യുകയും പാപമോചനം യാചിക്കുകയും ചെയ്യുന്നു. ഇനിയൊരു ബലി അർപ്പിക്കുവാൻ സാധിക്കുമോ എന്ന് അദ്ദേഹത്തിനു അറിഞ്ഞുകൂടാ.



# കർബാന എന്ന ബലി

## B. ലത്തീൻ ക്രമത്തിൽ

### 1. പ്രാരംഭം



ഇവിടെ നാം വൈദികനു വന്ദനം പറയുന്നു. കാരണം തൻെറ ബലി സമപ്പണത്തോടു നമ്മെ യോജിപ്പിക്കാൻ വരുന്ന ക്രിസ്തുവിൻെറ സ്ഥാനം വഹിക്കുന്നു, അദ്ദേഹം. വൈദികൻ അംത്താരയുടെ ചുവട്ടിൽ നിന്നുകൊണ്ട് ഏതാനും പ്രാത്ഥനകഠം ചൊല്ലിയതിനുശേഷം വലത്തുവശത്തേയ്ക്ക് ആമുഖവായനയ്ക്കായി (പ്രവേശന ഗീതത്തിനായി) പോകുന്നു. സങ്കീത്തനഭാഗമടങ്ങിയ പ്രസ്തുതഗീതം ആ ദിവസത്തെ വിശുദ്ധ ബലിയുടെ പ്രധാനചിന്താവിഷയമാണ്.

### 2. കീരിയേ

പുരോഹിതൻ അംത്താരമദ്ധ്യത്തിലേക്കു നീങ്ങുന്നു. മൂന്നു പ്രാവശ്യം നാമും വൈദികനും ഇടവിട്ടു കരുണയ്ക്കുവേണ്ടി പ്രാത്ഥിക്കുന്നു. 'കീരിയേ എലൈസോൻ' എന്നതിൻെറ അർത്ഥം 'കത്താവേ, കനിയണമേ' എന്നും 'ക്രിസ്റ്റേ എലൈസോൻ' എന്നതിൻെറ അർത്ഥം 'ക്രിസ്തുവേ, കനിയണമേ' എന്നുമത്രേ. പുരോഹിതനോടു ചേന്നു ക്രിസ്തുവിനോടു കാരുണ്യം യാചിക്കുകയാണു നാമിവിടെ. ഈ മഹത്തായ ആരാധനയിൽ നമ്മുടെ ഭാഗം നിവ്വഹിക്കുവാൻ നമ്മെ ഒരുക്കണമേ എന്നു നാം പ്രാർത്ഥിക്കുന്നു.

### 3. ഗ്ലോറിയ

മനോഹരമായ ഈ പ്രാർത്ഥനയിൽ, ക്രിസ്തുവിലൂടെ പിതാവായ ദൈവത്തെ നാം മഹത്വപ്പെടുത്തുന്നു. മിശിഹായുടെ ജനനവേളയിൽ മാലാഖമാർ പാടിയ സ്തുതിഗീതത്തോടെയാണു നാം ഇതാരംഭിക്കുക. സന്തോഷകരമായ എല്ലാ വിശുദ്ധ ബലികളിലും ഇതു പാടുകയോ വായിക്കുകയോ ചെയ്യുന്നു.

## 4. കളക്റ്റ് (ലേഖനത്തിനു മുൻപുള്ള പ്രാർത്ഥന)

നമ്മുടെ എല്ലാ പ്രാർത്ഥനകളേയും സംയോജിപ്പിക്കുന്ന സഭയുടെ പ്രാർത്ഥനയാണിത്. സ്തുതിയും യാചനയുമാണ് ഇതിൻെറ ഉള്ളടക്കം. കർബാനയുടെ പ്രധാനചിന്താവിഷയം മാറുന്നതനുസരിച്ച് ഈ പ്രാർത്ഥനയും മാറിക്കൊണ്ടിരിക്കും. "നമ്മുടെ കർത്താവീശോമിശിഹാവഴി" എന്ന വാക്കുകൾ ക്രിസ്തു നമ്മുടെ മദ്ധ്യസ്ഥനും മഹാപുരോഹിതനുമാണ് എന്നു നമ്മെ ബോധവാന്മാരാക്കണം.


## 5. വായന

### a. ലേഖനം

കളക്റ്റ്വരെ നാം ദൈവത്തോടു സംസാരിക്കുകയായിരുന്നു. ലേഖനത്തിൽ ദൈവം നമ്മോടു സംസാരിക്കുകയാണ്. ഈ വായനയ്ക്കുള്ള ഭാഗങ്ങൾ പുതിയ നിയമത്തിലെ ലേഖനങ്ങളിൽനിന്നോ പഴയനിയമത്തിലെ പുസ്തകങ്ങളിൽനിന്നോ എടുത്തതായിരിക്കും. അവസാനം സങ്കീർത്തനഭാഗങ്ങൾ വായിക്കുകയോ പാടുകയോ ചെയ്യുന്നു.

### b. സുവിശേഷം

സുവിശേഷവായനയ്ക്കായി വൈദികൻ അൾത്താരയുടെ ഇടത്തുഭാഗത്തേയ്ക്കു നീങ്ങുന്നു. സുവിശേഷംവഴി ക്രിസ്തു നമ്മോടു സംഭാഷിക്കുന്നു. അവിടുത്തെ വാക്കുകളോടും അവിടുത്തെ രക്ഷാകരകൃത്യത്തിൻെറ ചരിത്രത്തോടും ആദരം പ്രകടിപ്പിക്കുവാൻ സുവിശേഷവായനയുടെ സമയത്തു നാം എഴുന്നേററുനില്ക്കുന്നു.



## 6. വിശ്വാസപ്രമാണം

നിന്നുകൊണ്ടുതന്നെ നാം വിശ്വാസപ്രമാണം ചൊല്ലുന്നു. ഈ പ്രാർത്ഥനയിലൂടെ പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും നമ്മുടെ വിശ്വാസത്തിൻെറ സുപ്രധാനമായ മററു സത്യങ്ങളിലുമുള്ള വിശ്വാസം പ്രഖ്യാപിക്കുകയാണു നാം.

## 7. കാഴ്ചവയ്പ്പ്

പുരോഹിതൻ അപ്പവും വീഞ്ഞും തയ്യാറാക്കുന്നു. ഈ അപ്പവും



വീണ്ടും ക്രിസ്തുവിൻെറ തിരുശ്ശരീരരക്തങ്ങളായി മാറാനുള്ള നമ്മുടെ കാഴ്ച വസ്തുക്കളാണ്. ഭൗമികമായ ഈ വസ്തുക്കളിലൂടെ നാം നമ്മെത്തന്നെ ദൈവത്തിനർപ്പിക്കുന്നു. അവിടുന്നു നമുക്കു തിരിച്ചു തരുന്നു, ഒരു മഹാദാനം—അവിടുത്തെ പുത്രനായ ഈശോമിശിഹാ തന്നെയാണ് ആ മഹാദാനം.

## 8. ആമുഖം

"നിങ്ങളുടെ ഹൃദയങ്ങൾ ഉയർത്തുവിൻ" എന്ന ആഹ്വാനത്തോടെ പുരോഹിതൻ വിശുദ്ധ കുർബാനയിലെ കൃതജ്ഞതാപ്രാർത്ഥന ആരംഭിക്കുന്നു. തുടർന്ന്, എല്ലാ സ്ഥലത്തും എല്ലാ സമയത്തും ദൈവത്തിനു നന്ദി പറയുവാൻ നാം എന്തുകൊണ്ടു കടപ്പെട്ടിരിക്കുന്നുവെന്നു വ്യക്തമാക്കുകയായി. ദൈവത്തിൻെറ നന്മയേയും കാരുണ്യത്തേയും അനുസ്മരിച്ചുകൊണ്ട് "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" എന്നു മാലാഖമാരോടൊപ്പം നാമും ഏററുപാടുന്നു.

## 9. കൂദാശകർമ്മം

അവസാനത്തെ അത്താഴത്തിൽവച്ചു മിശിഹാ ചെയ്ത അതേ പ്രവൃത്തിതന്നെയാണു കൂദാശകർമ്മത്തിലൂടെ പുരോഹിതനും നിർവ്വഹിക്കുക. ക്രിസ്തു ഉച്ചരിച്ച അതേ വാക്കുകൾ അദ്ദേഹവും ഉച്ചരിക്കുന്നു. പുരോഹിതൻ സ്വർഗ്ഗസ്ഥനായ പിതാവിനു കൃതജ്ഞതാസ്തോത്രം ചെയ്തു്, "ഇതു് എൻെറ ശരീരമാകുന്നു," "ഇതു് എൻെറ രക്തമാകുന്നു" എന്നുച്ചരിച്ചുകൊണ്ട് അപ്പവും വീഞ്ഞും കൂദാശ ചെയ്യുന്നു. ഏററം മഹത്തായ ഈ നിമിഷത്തിൽ അപ്പവും വീഞ്ഞും ഈശോമിശിഹായുടെ തിരുശ്ശരീരവും തിരുരക്തവുമായി മാറുന്നു.

വിശുദ്ധകുർബാനയുടെ ഹൃദയഭാഗമാണ് ഈ കൂദാശചെയ്യൽ. ഇവിടെ, ഈശോയുടെ പീഡാനുഭവവും മരണവും ഉയിർപ്പും സ്വർഗ്ഗാരോഹണവും നാം അനുസ്മരിക്കുന്നു. ഈശോമിശിഹായെ പിതാവായ ദൈവത്തിനർപ്പിക്കുകയാണു നാം. നമ്മുടെ ശിരസ്സായ മിശിഹായോടൊപ്പം നമ്മെ മുഴുവനായും നാം അർപ്പിക്കുകയും മിശിഹാവഴി പിതാവിനെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു.

## 10. ദിവ്യവിരുന്നു്



"സ്വർഗ്ഗസ്ഥനായ പിതാവേ...." തന്നോടൊത്തു കർത്തൃപ്രാത്ഥന യിൽ പങ്കുചേരാൻ പുരോഹിതൻ നമ്മെ ക്ഷണിക്കുകയാണു്, ഇപ്പോം. ഈ പ്രാർത്ഥനയിൽ നമ്മുടെ അനുദിനഭോജനത്തിനായി നാം യാചിക്കുന്നു. ദിവ്യകാരുണ്യമെന്ന ജീവൻെറ അപ്പം സ്വീകരിക്കുവാൻ നാം അതോടൊപ്പം ഒരുങ്ങുകയും ചെയ്യുന്നു.

## 11. ദിവ്യകാരുണ്യസ്വീകരണം

പുരോഹിതൻ തിരുവോസ്തി മൂന്നായി മുറിച്ചു് ഒരു ഭാഗം കാസയിലിടുന്നു. തുടന്നു് അദ്ദേഹം തിരുവോസ്തിയുടെ രണ്ടു ഭാഗങ്ങളും തിരുരക്തവും ഉാംക്കൊള്ളുന്നു. പുരോഹിതൻെറ ദിവ്യകാരുണ്യസ്വീകരണം കൂടാതെ ദിവ്യബലി പൂത്തിയാകയില്ല.

പുരോഹിതൻ വഴി തന്നെ സ്വീകരിക്കാൻ ഈശോ നമ്മെ ക്ഷണിക്കുന്നു. വിശുദ്ധകുർബാന സ്വീകരണത്തിനു പോകുമ്പോാം നാം ഈശോയുടെ ക്ഷണം സ്വീകരിക്കുകയാണു്. ദിവ്യകാരുണ്യ സ്വീകരണംവഴി നാം ക്രിസ്തുവുമായി ഒന്നായിച്ചേരുകയും നമ്മുടെ സഹോദരങ്ങളുമായി ഐക്യപ്പെടുകയും ചെയ്യുന്നു. "പരിശുദ്ധനായ പിതാവേ നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിനു്....അവർ ഐക്യത്തിൽ പരിപൂർണ്ണരാകുന്നതിനുവേണ്ടി അങ്ങു് എന്നിലെന്നതുപോലെ ഞാൻ അവരിലും ഉണ്ടായിരിക്കും...." ഈശോയുടെ ഈ പ്രാർത്ഥനയ്ക്കുള്ള പ്രത്യുത്തരമാണു് മുൻപറഞ്ഞ ഐക്യം.



## 12. കുർബാനസ്വീകരണത്തിനു ശേഷമുള്ള പ്രാർത്ഥന



ദിവ്യകാരുണ്യംവഴി ഈശോയെ നമുക്കു തന്നതിനു ദൈവത്തിനു നന്ദി പറയുകയാണു് ഈ പ്രാർത്ഥനയിൽ. ഈശോയുമായുള്ള ഗാഢബന്ധത്തിൽനിന്നു വരുന്ന എല്ലാ പ്രത്യേകാനുഗ്രഹങ്ങൾക്കും വേണ്ടി നാം പ്രാർത്ഥിക്കുന്നു.

## 13. അവസാനാശീർവ്വാദം


പുരോഹിതൻ പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ നമ്മെ ആശീർവ്വദിക്കുന്നു.

# കുർബാന എന്ന ബലി

## C. മലങ്കരക്രമത്തിൽ

### 1. ഒരുക്കത്തിൻെറ ഒന്നാം ശുശ്രൂഷ

അപ്പവും വീഞ്ഞും ഒരുക്കിവയ്ക്കുന്ന ശുശ്രൂഷയാണിതു്. ഇതിനെ ''മെൽക്കിസദേക്കിൻെറ ക്രമം'' എന്നും പറയാറുണ്ടു്. പുരോഹിതനായിരുന്ന മെൽക്കിസദേക്കു് അപ്പവും വീഞ്ഞും ദൈവത്തിനു ബലിയർപ്പിച്ചതിനെ ഇതനുസ്മരിപ്പിക്കുന്നു. (ഉൽപത്തി: 14.18.) മെൽക്കിസദേക്കിൻെറ ക്രമപ്രകാരം എന്നേയ്ക്കുമുള്ള പുരോഹിതൻ എന്നു വിശുദ്ധ പൗലോസ് ശ്ലീഹാ (എബ്രായർ 6. 20) ക്രിസ്തുവിനെ കുറിച്ചു പറഞ്ഞിരിക്കുന്നു. മെൽക്കിസദേക്കു് യഹൂദനായിരുന്നില്ല. മനുഷ്യചരിത്രത്തിൻെറ ആരംഭംമുതൽ അർപ്പിക്കപ്പെട്ടുപോന്ന എല്ലാ ബലികളും—യഹൂദനിയമത്തിൽപ്പെടാത്ത, സ്വാഭാവികനിയമത്തിൻകീഴുള്ള എല്ലാ ബലികളും—പൂർത്തിയാക്കുവാനാണു ക്രിസ്തു വന്നതു്.



ഈ ശുശ്രൂഷ മറസ്സുള്ളിൽ നട ത്തപ്പെടുന്നു. അപ്പോരം പുറത്തു് പഴയനിയമത്തിൽനിന്നുള്ള വായ നക്ഠം നടത്തുന്നു.

## 2. ഒരുക്കത്തിൻെറ രണ്ടാം ശുശ്രൂഷ

കർബാനചൊല്ലുന്ന വൈദി കൻ വിശുദ്ധ വസ്ത്രങ്ങരം ധരിക്കു ന്നു. പഴയനിയമത്തിൽ പ്രധാന പുരോഹിതനായിരുന്ന അഹറോ നും മററു പുരോഹിതന്മാരും വിശേ ഷവസ്ത്രങ്ങളണിഞ്ഞു് ധൂപം അ പ്പിച്ചിരുന്നതിനെ ഇതു സൂചിപ്പി ക്കുന്നു (പുറ. 27: 2). 'അഹറോൻെറ ക്രമം' എന്നും ഇതിനു പറയാറു ണ്ടു്. വിശുദ്ധ വസ്ത്രങ്ങരം അണി ഞ്ഞു വൈദികൻ പീലാസയും കാസയും (അപ്പവും വീഞ്ഞും) കൈകളിൽ എടുത്തു് 'അനുസ്മരണപ്രാത്ഥന' നടത്തുന്നു. ക്രിസ്തു വിൻെറ ജീവിതകാലരഹസ്യങ്ങളേയും പഴയനിയമത്തിലേയും പു തിയ നിയമത്തിലേയും എല്ലാ പ്രധാന വിശുദ്ധരേയും ഓമ്മിക്കു ന്നു. വിശുദ്ധകുർബാനയുടെ പ്രത്യേകനിയോഗവും ഇവിടെ ഓമ്മിയ്ക്കുന്നു. തിരികരം കത്തിക്കയും ഗാനങ്ങരം ആരംഭിക്കയും ചെയ്യുന്നു.

## 3. പരസ്യശുശ്രൂഷ

മദ്ബഹാ മറച്ചിരുന്ന തിരശ്ശീല നീക്കി കാർമ്മികൻ ചൊല്ലുന്നു: "നിന്നെ....പ്രസവിച്ചമറിയാമും നിനക്കു മാമോദീസ നൽകിയ യോഹന്നാനും ഞങ്ങരംക്കുവേണ്ടി നിന്നോടു് അപേക്ഷിക്കും. ഞങ്ങ ളോടു കരുണ ചെയ്യണമേ."

എല്ലാവരും: "സ്വഭാവപ്രകാരം മരണമില്ലാത്തവനും" എന്നു തുടങ്ങുന്ന മാർ സെവേറൂസിൻെറ ഗീതം ചൊല്ലുന്നു. ആ സമയം കാർമ്മികൻ ധൂപിച്ചുകൊണ്ടു ബലിപീഠം ചുററുന്നു. ശുശ്രൂഷകർ കത്തിച്ച തിരികരം, 'മർവഹസാ' ഇവകളോടുകൂടെ കാർമ്മികൻെറ മുമ്പുംപിമ്പുമായി പോകുന്നു. ക്രിസ്തു മനുഷ്യാവതാരം വഴി ലോക ത്തിൽ പ്രത്യക്ഷനായതിനെ ഇതു സൂചിപ്പിക്കുന്നു.

തുടന്നു് "ദൈവമേ, നീ പരിശുദ്ധനാകുന്നു" എന്ന സ്തുതി (ത്രി സാഗിയോൻ) കാർമ്മികൻ ആരംഭിക്കുകയും എല്ലാവരും ഏററുചൊ

ല്കുകയും ചെയ്യുന്നു.

## 4. വചനശുശ്രൂഷ



“ക്രിസ്തു തന്റെ വചനത്തിൽ നമ്മുടെ ഇടയിൽ സന്നിഹിതനായിരിക്കുന്നു. എന്തെന്നാൽ, ദൈവാലയത്തിൽ വിശുദ്ധഗ്രന്ഥം പാരായണം ചെയ്യുമ്പോൾ അവിടുന്നുതന്നെയാകുന്നു നമ്മോടു സംസാരിക്കുന്നത്.” (ആരാധനക്രമം സംബന്ധിച്ച ഡിക്രി No. 7. രണ്ടാം വത്തിക്കാൻ സൂനഹദോസ്.)

ലേഖനങ്ങളിൽനിന്നു രണ്ടു വായനകൾ, സുവിശേഷത്തിൽനിന്ന് ഒന്ന് എന്നിങ്ങനെ മൂന്നു വായനകളുണ്ട്. രണ്ടാംലേഖനം പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽനിന്നായിരിക്കും. ലേഖനങ്ങളുടെ വായനയ്ക്കു മുമ്പും സുവിശേഷവായനയ്ക്കു ശേഷവും സമുചിതമായ ഗീതങ്ങൾ പാടുന്നു. വായിച്ച വേദഭാഗത്തെ ആസ്പദമാക്കി വൈദികൻ പ്രസംഗം നടത്തുന്ന പതിവുണ്ട്.



## 5. പരിഹാരക്രമം

(ഹുസോയോ പ്രാർത്ഥനകൾ): പ്രൂമിയോൻ, ഹുസോയോ, സെദറാ, ഹുത്തോമ്മോ എന്നീ പ്രാർത്ഥനകൾ അടങ്ങിയ ഒരു ക്രമമത്രേ ഇത്. ,സുറിയാനിസഭയ്ക്കു പ്രത്യേകമായുള്ള ഒരു പ്രാർത്ഥനയാണിത്. മററു കൂദാശകളിലും ശുശ്രൂഷകളിലും ഇത് ഉപയോഗിക്കുന്നു. ഇതിൽ ഹുസോയോ (രണ്ടാമത്തെ പ്രാർത്ഥന) ഒഴികെ ബാക്കിയുള്ളവ സന്ദർഭാനുസരണം മാറുന്നുണ്ട്. ഈ പ്രാർത്ഥനയുടെ അവസാനം വൈദികൻ “ദൈവത്തിൽനിന്നു കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും രണ്ടു ലോകങ്ങളിലും എന്നന്നേക്കും

നാം കൈക്കൊള്ളുമാറാകട്ടെ'' എന്നു ചൊല്ലിക്കൊണ്ടു് പൊതുവിൽ പാപമോചനം പ്രാപിക്കുന്നു.

## 6. ധൂപക്കുററി വാഴ്ത്തൽ

പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസത്തിൻെറ ഒരു ഏററുപറച്ചിലാണു് ഈ സന്ദർഭം. ധൂപകലശത്തിൻെറ ചങ്ങലകളിൽ മൂന്നു പ്രാവശ്യം കരിശടയാളം വരച്ചുകൊണ്ടു പിതാവിനേയും പുത്രനേയും പരിശുദ്ധാത്മാവിനേയും സ്തുതിക്കുന്നു. പുത്രനെ സ്തുതിക്കുമ്പോഠം രണ്ടു ചങ്ങലകഠം ചേർത്തുപിടിക്കുന്നതു് മിശിഹായുടെ രണ്ടു സ്വഭാവങ്ങളെ സൂചിപ്പിക്കുവാനാണു്.

## 7. വിശ്വാസപ്രമാണം

നിഖ്യാവിശ്വാസപ്രമാണം ചൊല്ലുന്നു. കാർമ്മികൻ കൈവിരലുകഠം കഴുകുന്നതു്"....വന്ദ്യവും ദിവ്യവുമായ.... രഹസ്യങ്ങളെ കളങ്കംകൂടാതെ സ്പർശിക്കുവാൻ.... ആത്മാവിൻെറ മാലിന്യങ്ങളെ കഴുകിക്കളഞ്ഞു...." വെടിപ്പാക്കണം എന്നു സൂചിപ്പിക്കുന്നു.



## 8. അനാഫൊറ

(എവുക്കറേസ്റ്റിയായുടെ ക്രമം) 'എവുക്കറേസ്റ്റിയാ' എന്ന ഗ്രീക്കു പദത്തിൻെറ അർത്ഥം കൃതജ്ഞതാപ്രകരണം എന്നത്രേ. 'കാനൻ' എന്നു ലത്തീൻ ക്രമത്തിൽ പറയുന്ന ഭാഗത്തിനു തുല്യമാണു് അനാഫൊറ.


അന്ത്യോക്യൻക്രമത്തിലെ പ്രധാന അനാഫൊറ 'വിശുദ്ധ യാക്കോബിൻെറ ക്രമം' എന്നു് അറിയപ്പെടുന്നു. ഇതു വളരെ പുരാതനമാണു്. പില്ക്കാലത്തു് ഇതിനെ അടിസ്ഥാനപ്പെടുത്തി എഴുപതിലധികം അനാഫൊറകഠം ഉണ്ടായിട്ടുണ്ടു്. ഇവ സന്ദർഭാനുസരണം മാറിമാറിച്ചൊല്ലാവുന്നതാണു്. വൈദികൻ ഉച്ചത്തിൽ ചൊല്ലുവാനുള്ള പ്രാർത്ഥനകളുടെ എണ്ണം മുപ്പത്തിമൂന്നു് എന്നു് എല്ലാ അനാഫൊറയിലും ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. ഇവയിൽ ഏററവും അവസാനത്തെ പ്രാർത്ഥന ഒഴികെ ബാക്കിയുള്ളവയെല്ലാം പിതാവായ ദൈവത്തെ സംബോധന ചെയ്തുകൊണ്ടുള്ളവയാണു്. അവസാനത്തെ പ്രാർത്ഥനമാത്രം പുത്രനോടാണു്.




ആദ്യത്തെ പ്രാത്ഥനയ്ക്കു സമാധാനപ്രാത്ഥന എന്നു പറയുന്നു. ആ പ്രാർത്ഥനയ്ക്കുശേഷം എല്ലാവരും അന്യോന്യം സമാധാനം നല്കുന്നു. ഇതു് അപ്പസ്തോലികകാലം മുതൽക്കുള്ള ഒരു നടപടിയാണു്. (റോമ. 16: 16; 1 കൊറി. 16:20; 2 കൊറി. 13: 12; 1 പത്രോ. 5: 14.) ദിവ്യബലിയിൽ സംബന്ധിയ്ക്കുന്നവക്കുണ്ടായിരിയ്ക്കേണ്ട പരസ്പര സ്നേഹത്തേയും ഐക്യത്തേയും ഇതു സൂചിപ്പിക്കുന്നു.

ശോശപ്പ (ദിവ്യരഹസ്യങ്ങാം മൂടിയിരിയ്ക്കുന്ന വിരി) ഉയത്തി ആഘോഷപൂവ്വം ചലിപ്പിച്ചതിനു ശേഷം കാമ്മികൻ ജനങ്ങളെ ആശീവ്വദിക്കുന്നു. തുടന്നു് "ബോധങ്ങളും ഹൃദയങ്ങളും വിചാരങ്ങളും.........മഹോന്നതങ്ങളിൽ ആയിരിക്കണം" എന്നു് ഉദ്ബോധിപ്പിക്കുന്നു. കുദാശകമ്മത്തിനു മുമ്പായി "പരിശുദ്ധൻ" എന്ന സ്തുതി മാലാഖമാരോടു ചേന്നു് ഉച്ചത്തിൽ ചൊല്ലുന്നു.

## 9. കൂദാശകർമ്മം



കൂദാശവചനങ്ങാം കാമ്മികൻ ഉച്ചത്തിൽ ചൊല്ലിക്കൊണ്ടു് അപ്പവും വീഞ്ഞും വാഴ്ത്തുന്നു. ജനങ്ങാം ഭക്ത്യാദരപുരസ്സരം 'ആമ്മീൻ' എന്നു പറയുന്നു.



"ഈ രഹസ്യത്തിൽ നിങ്ങാം സംബന്ധിയ്ക്കുമ്പോഴൊക്കെയും എൻെറ മരണത്തേയും കബറടക്കത്തേയും ഉയിത്തെഴുന്നേല്പിനേയും ഞാൻ വരുന്നതുവരെ നിങ്ങാം ഓമ്മിക്കുവിൻ" എന്നു ക്രിസ്തു കല്പിച്ചു എന്നു് വൈദികൻ ചൊല്ലുമ്പോാം എല്ലാവരും മേൽപ്പറഞ്ഞവയുടെ അനുസ്മരണ (Anemnesis) നടത്തുന്നു.

## 10. പരിശുദ്ധാത്മാവിൻെറ ആവാസത്തിനുള്ള പ്രാർത്ഥന

ഇതു് (Epiclesis)എല്ലാ പൗരസ്ത്യ



കർബാന ക്രമങ്ങളിലും കാണുന്നു. പരിശുദ്ധാത്മാവാണു സകലവും പൂർത്തിയാക്കി ശുദ്ധീകരിക്കുന്നവൻ. പരിശുദ്ധാത്മാവു് പ്രാവിന്റെ രൂപത്തിൽ യേശുവിന്റെ സ്നാപനസമയത്തു് ഇറങ്ങി ആവസിച്ചു. ഏലിയാ ദീർഘദർശിയുടെ യാഗത്തിന്മേൽ സ്വർഗ്ഗത്തിൽ നിന്നു് അഗ്നിയിറക്കിയതായ അദ്ദേഹത്തിന്റെ അപേക്ഷ കാർമ്മികൻ മൂന്നു പ്രാവശ്യം ചൊല്ലുന്നു. (1 രാജാ. 18 3)

## 11. മദ്ധ്യസ്ഥപ്രാർത്ഥനകൾ

(Diptychs: തുബ്ദേൻ) ആറു മാദ്ധ്യസ്ഥ്യപ്രാർത്ഥനകളുള്ളതിൽ ആദ്യത്തെ മൂന്നെണ്ണം ജീവിച്ചിരിക്കുന്നവരേയും ബാക്കി മൂന്നെണ്ണം മരിച്ചവരേയും കുറിച്ചുള്ളതാണു്. തിരുസ്സഭയിലെ ഭരണാധികാരികൾ, പീഡയനുഭവിക്കുന്നവർ, ദരിദ്രർ, പരേതർ, ലൗകികഭരണാധികാരികൾ ഇവക്കെല്ലാം വേണ്ടി പ്രാർത്ഥിക്കുകയും വിശുദ്ധരെ ഓർത്തു് അവരുടെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുകയും ചെയ്യുകയാണു് ഇപ്പോൾ ചെയ്യുന്നതു്.



## 12. ഖണ്ഡനശുശ്രൂഷ

ഇതു തിരശ്ശീലയ്ക്കുള്ളിൽ നടത്തുന്നു. ക്രിസ്തു ശരീരത്തിൽ മുറിവേറ്റു രക്തം ചിന്തിയതിനേയും അവിടുത്തെ മരണസമയത്തു് ആത്മാവും ശരീരവും വേർപെട്ടതിനേയും സൂചിപ്പിക്കുന്നതിനാണു് ഈ ശുശ്രൂഷ. കാർമ്മികൻ തിരുശ്ശരീരം മുറിച്ചു് തിരുരക്തത്തിൽ മുക്കുന്നു. മനുഷ്യരൂപത്തിലോ കുഞ്ഞാടിന്റെ രൂപത്തിലോ ആണു തിരുശ്ശരീരം ക്രമപ്പെടുത്തിവയ്ക്കുന്നതു്.

## 13. കർതൃപ്രാർത്ഥനയും കർബാന ഉയർത്തലും

"സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന പ്രാർത്ഥന കാർമ്മികൻ ആരംഭിക്കുകയും എല്ലാവരും ഏററു



ചൊല്ലുകയും ചെയ്യുന്നു. "വിശുദ്ധ മായവ വിശുദ്ധർക്ക്" എന്നു പറഞ്ഞുകൊണ്ട് പീലാസയും പിന്നീട് കാസയും ഉയർത്തുന്നു. വിശുദ്ധ കർബാന സ്വീകരിക്കേണ്ടവർക്കുണ്ടായിരിക്കേണ്ട ഹൃദയവിശുദ്ധിയെ ഇവ അനുസ്മരിപ്പിക്കുന്നു.

തുടർന്ന് അനാഫൊറയിൽപ്പെടാത്ത ധൂപപ്രാർത്ഥനകൾ നടത്തുക പതിവുണ്ട്. ഇവ ദൈവമാതാവ്, വിശുദ്ധർ, പരേതർ ഇവരെക്കുറിച്ചുള്ളവയാണ്.

## 14. വിശുദ്ധകുർബാന സ്വീകരണം

കാർമ്മികൻ വിശുദ്ധരഹസ്യങ്ങൾ അനുഭവിച്ചതിനുശേഷം മദ്ബഹായിൽ നില്ക്കുന്ന വൈദികരും ശമ്മാശ്ശന്മാരും വിശുദ്ധകർബാന സ്വീകരിക്കുന്നു. അനന്തരം തിരശ്ശീലനീക്കുകയും കാർമ്മികൻ കാസയും പീലാസയും ഇരുകൈകളിലുമായി എടുത്തുകൊണ്ട് പടിഞ്ഞാറോട്ട് നീങ്ങുകയും ചെയ്യുന്നു. വിശുദ്ധകർബാന സ്വീകരിക്കുവാനുള്ളവർ മുമ്പോട്ടുവന്നു നിന്നുകൊണ്ടു ഭക്തിപൂർവ്വം വിശുദ്ധ കർബാന സ്വീകരിച്ചു തിരികെ താന്താങ്ങളുടെ സ്ഥാനത്തു നില്ക്കുന്നു. കാർമ്മികൻ വിശുദ്ധ രഹസ്യങ്ങൾകൊണ്ട് എല്ലാവരേയും ആശീർവ്വദിച്ചിട്ട് ബലിപീഠത്തിങ്കലേയ്ക്കു മടങ്ങുന്നു.

പൗരസ്ത്യസഭകളിലെ പതിവനുസരിച്ച് തിരുശ്ശരീരവും തിരുരക്തവും വിശ്വാസികൾക്കു നല്കപ്പെടുന്നു. സൗകര്യാർത്ഥം കാസയിൽ മുക്കിയ തിരുശ്ശരീരം നല്കുകയാണു ചെയ്യാറുള്ളത്. ഇസയാസ് പ്രവാചകൻ, പരിശുദ്ധി നല്കുവാൻ തന്റെ അധരങ്ങളിൽ വയ്ക്കപ്പെട്ട തീക്കനലിനെ (ഇസ. 6: 6) അനുസ്മരിച്ചുകൊണ്ടു തിരുശ്ശരീരത്തെ "തീക്കട്ട" എന്നു വിളിച്ചിരിയ്ക്കുന്നു.

## 15. കൃതജ്ഞത

വൈദികൻ കുർബാന എന്ന "അനശ്വരതയുടെ ദാനത്തിനു", "അമർത്ത്യതയുടെ ഔഷധത്തിനു" കൃതജ്ഞത പ്രകാശിപ്പിക്കുന്നു. ഈ ദിവ്യവിരുന്നിൽ പങ്കുകൊള്ളുവാൻ ഇടയായതിനു നന്ദി പറയുകയും മിശിഹായുടെ രണ്ടാമത്തെ വരവിൽ അവിടുത്തോടുകൂടെ സ്വർഗ്ഗരാജ്യത്തിലെ വിരുന്നിൽ പങ്കുകാരാകുവാൻ ഇടയാകണമെന്നു പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് 'അനാഫൊറ' അവസാനിപ്പിക്കുന്നു.



## 16. യാത്രപറച്ചിൽ

വിശുദ്ധകർബ്ബാനയിൽ വിശ്വാസികഠം കൈക്കൊണ്ട യഥാർത്ഥഭക്ഷണത്തെ അനുസ്മരിപ്പിച്ചുകൊണ്ട കാർമ്മികൻ ജനത്തെ ആശീർവ്വദിച്ചു യാത്രപറയുന്നു. മുൻ കാലങ്ങളിൽ എല്ലാവരും വിശുദ്ധ കുർബാന സ്വീകരിച്ചിരുന്നു എന്നു് ഇതിൽ നിന്നു മനസ്സിലാക്കാം. അന്നത്തെപ്പോലെ ഇന്നും എല്ലാവരും വിശുദ്ധ കുർബാന സ്വീകരിച്ചു് ദിവ്യബലിയിൽ സജീവമായി പങ്കെടുക്കണമെന്നു് തിരുസ്സഭ ആഗ്രഹിക്കുന്നു. കാർമ്മികനും ജനങ്ങളും പരസ്പരപ്രാർത്ഥനയിൽ ശരണപ്പെട്ടുകൊണ്ടു് യാത്രാവന്ദനം അവസാനിപ്പിക്കുന്നു.

## 17. സമാപനം

കാർമ്മികൻ തിരശ്ശീലയ്ക്കുള്ളിൽ വിശുദ്ധകർബ്ബാനസ്വീകരണം പൂർത്തിയാക്കിയശേഷം പൂജാപാത്രങ്ങഠം വെടിപ്പാക്കുന്നു. ബലിപീഠം മൂന്നുപ്രാവശ്യം ചുംബിച്ചു് അതിനോടു ഹൃദയസ്പൃക്കമാംവിധം യാത്രപറയുന്നു: "കർത്താവിൻെറ ദിവ്യവും പരിശുദ്ധവുമായ ബലിപീഠമേ, സമാധാനത്തോടെ വസിക്കുക. ഇനി നിൻെറ സന്നിധിയിൽ വരുമോ ഇല്ലയോ എന്നു എനിക്കു നിശ്ചയമില്ല. സ്വർഗ്ഗത്തിലെ ആദ്യജാതന്മാരുടെ സഭയിൽ നിന്നെ കാണുവാൻ കർത്താവു് എന്നെ യോഗ്യനാക്കട്ടെ. ഈ പ്രത്യാശയിൽ ഞാൻ ശരണപ്പെടുന്നു."

ജനങ്ങഠം കൊണ്ടുവന്നിട്ടുള്ള നേർച്ചകാഴ്ചകഠം സമർപ്പിച്ചിട്ടു് കാർമ്മികൻെറ കൈമുത്തിയതിനുശേഷം പിരിഞ്ഞു പോകുന്നു.



# 13

# അനുതാപത്തിൻെറ കൂദാശ



"കട്ടിലിൽ കിടക്കുന്ന ഒരു പക്ഷവാതരോഗിയെ ജനങ്ങരം അവിടുത്തെ അടുക്കൽ കൊണ്ടുവന്നു. ഈശോ അവരുടെ വിശ്വാസം കണ്ടു് ആ പക്ഷവാതക്കാരനോടു് 'എൻെറ മകനേ, ധൈര്യത്തോടിരിക്കുക. നിൻെറ പാപങ്ങരം നിന്നോടു ക്ഷമിക്കപ്പെട്ടിരിക്കുന്നു' എന്നു് അരുളിച്ചെയ്തു. എന്നാൽ, നിയമജ്ഞന്മാരിൽ ചിലർ ഇവൻ ദൈവദൂഷണം പറയുന്നുവെന്നു തങ്ങളുടെ ഉള്ളിൽ പറഞ്ഞു. ഈശോ അവരുടെ വിചാരങ്ങരം അറിഞ്ഞു് (ഇങ്ങനെ) ചോദിച്ചു: 'നിങ്ങരം ഹൃദയത്തിൽ തിന്മ വിചാരിക്കുന്നതെന്തു്? നിൻെറ പാപങ്ങരം നിന്നോടു ക്ഷമിച്ചിരിക്കുന്നുവെന്നു പറയുന്നതോ, നീ എഴുന്നേററു നടക്കുക എന്നു പറയുന്നതോ ഏതാണു് എളുപ്പം? മനുഷ്യപുത്രനു് ഭൂമിയിൽ പാപങ്ങരം ക്ഷമിക്കുവാൻ അധികാരമുണ്ടെന്നു നിങ്ങരം അറിയേണ്ടതിനു്–ആ പക്ഷവാതക്കാരനോടു് അവിടുന്നു് അരുളിച്ചെയ്തു–നീ എഴുന്നേററു് നിൻെറ കട്ടിലെടുത്തുകൊണ്ടു വീട്ടിലേക്കു പോവുക.' അവൻ എഴുന്നേററു് വീട്ടിലേയ്ക്കു പോയി. ജനങ്ങരം ഇവ കണ്ടപ്പോരം ഭയപ്പെടുകയും, ഇപ്രകാരമുള്ള അധികാരം മനുഷ്യർക്കു കൊടുത്ത ദൈവത്തെ സ്തുതിക്കുകയും ചെയ്തു." (മത്തായി 9:2-8)

ആ തളർവാതരോഗിയെ സുഖപ്പെടുത്തുന്നതിനു മുമ്പായിത്തന്നെ ഈശോ അവൻെറ പാപങ്ങരം അവനോടു ക്ഷമിച്ചു. ശരീരത്തി

ന്റെ ആരോഗ്യത്തെക്കാൾ ആത്മാവിന്റെ ആരോഗ്യത്തിനാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടതെന്ന് ഈശോ ഇതുവഴി നമുക്കു കാണിച്ചുതരുന്നു. പാപംവഴി നാം നഷ്ടപ്പെടുത്തിയ ദൈവികജീവൻ നമുക്കു വീണ്ടും തരുവാനാണ് അവിടുന്നു വന്നതെന്ന് ഈശോ പലപ്പോഴും പറഞ്ഞിട്ടുണ്ട്. ഈ ദൈവികജീവൻ നമുക്കുണ്ടാകുവാൻ വേണ്ടിയത്രേ ഈശോ കുരിശിൽ മരിച്ചതു്.

ക്രിസ്തുവിനു പാപം മോചിക്കുവാൻ അധികാരമുണ്ട്. ഉയിർപ്പു ഞായറാഴ്ച, ഈ അധികാരം തന്റെ അപ്പസ്തോലന്മാർക്കും അവിടുന്നു കൊടുത്തു. അന്നാണ്, ക്രിസ്തു പാപമോചനമെന്ന കൂദാശ തിരുസ്സഭയ്ക്കു നൽകിയതു്. ഉയിർപ്പുതിരുനാളിൽ ക്രിസ്തു നമുക്കു തന്ന അത്ഭുതകരമായ സമ്മാനമാണിതു്.

മാമ്മോദീസയിൽ നമുക്കു ലഭിക്കുന്ന ദൈവികജീവൻ നഷ്ടപ്പെടുത്തുക എന്നതാണ് നമ്മുടെ ഏററം വലിയ ദൗർഭാഗ്യം. ഗൗരവമേറിയ (മാരക)പാപം വഴി നാം ക്രിസ്തുവിൽനിന്നും അവിടുത്തെ അവയവങ്ങളിൽ (തിരുസ്സഭയുടെ അംഗങ്ങളിൽ)നിന്നും അകലുന്നു. നാം ക്രിസ്തുവിന്റെ ശരീരത്തിലെ ജീവനില്ലാത്ത അവയവങ്ങളായി ത്തീരുന്നു. ലഘുപാപങ്ങൾവഴി ഒരാൾ ക്രിസ്തുവിൽനിന്നു പരിപൂർണ്ണമായി അകലുന്നില്ല. എന്നാൽ, ദൈവത്തോടുള്ള അവന്റെ സ്നേഹത്തിനു കുറവു സംഭവിക്കുന്നു. ഗൗരവമുള്ള പാപത്തിൽ വീഴാൻ തക്ക സാഹചര്യത്തിൽ നാം ഉൾപ്പെടുന്നു.

അനുതാപത്തിന്റെ കൂദാശയിൽ (കുമ്പസാരത്തിൽ) പുരോഹിതനോടു നാം പാപം ഏററുപറയുമ്പോൾ ദൈവം നമ്മോടു ക്ഷമിക്കുന്നു. ഇവിടെ പുരോഹിതൻ പാപം മോചിക്കുമ്പോൾ ക്രിസ്തുതന്നെയാണ് പാപമോചനം നൽകുന്നതു്.

പാപത്തെക്കുറിച്ചുള്ള മനസ്താപം ഇല്ലെങ്കിൽ കുമ്പസാരം കൂദാശയാകുന്നില്ല. ഈ കൂദാശയിലെ ഏററവും പ്രധാനഭാഗങ്ങൾ പാപത്തെക്കുറിച്ചുള്ള മനസ്താപവും, പാപം ചെയ്യുകയില്ല എന്ന തീരുമാനവുമാണ്.

സർവ്വനന്മയായ ദൈവത്തെ ധിക്കരിച്ചതിലുള്ള ദുഃഖമാണ് പൂർണ്ണമനസ്താപം. ഇതുവഴി നാം സ്നേഹപൂർവ്വം ദൈവത്തിങ്കലേയ്ക്കു വീണ്ടും തിരിയുന്നു. നമ്മുടെ ഗൗരവമേറിയ പാപങ്ങൾപോലും ദൈവം ക്ഷമിക്കും.

ക്രിസ്തുവിന്റെ പ്രതിനിധിയായ പുരോഹിതനോട് നാം നമ്മുടെ പാപങ്ങൾ ഏററുപറയണം. യഥാർത്ഥമായ അനുതാപം ഇതിനു നമ്മെ പ്രേരിപ്പിക്കുന്നു. പൂർണ്ണമനസ്താപമുണ്ടെങ്കിൽ പാപോച്ചാരണത്തിനുമുൻപുതന്നെ പാപമോചനം ലഭിക്കുന്നതാണ്. എന്നാൽ, കഴിയുംവേഗം പാപോച്ചാരണം നടത്താൻ നാം സന്നദ്ധരായിരിക്കണം.

പാപത്തിനുള്ള ശിക്ഷയെക്കുറിച്ചോ മറേറതെങ്കിലും വിധത്തിലോ ഉള്ള മനസ്താപം അപൂർണ്ണമാണ്. പൂർണ്ണമനസ്താപമാണ് ഉത്തമം. എന്നാൽ, അപൂർണ്ണമനസ്താപം മാത്രമുള്ളപ്പോഴും അനുതാപത്തിന്റെ കൂദാശ സ്വീകരിക്കാവുന്നതാണ്.

അനുതാപത്തിന്റെ കൂദാശ സമാധാനത്തിന്റെ കൂദാശയാണ്. ദൈവസ്നേഹവും ദൈവികജീവനും വർദ്ധിപ്പിക്കുവാൻ ഈ കൂദാശ നിങ്ങൾ കൂടെക്കൂടെ സ്വീകരിക്കുന്നുണ്ടോ?

## ഓർമ്മിക്കാൻ

"പാപം മറച്ചുവയ്ക്കുന്നവൻ അഭിവൃദ്ധി പ്രാപിക്കുന്നില്ല; എന്നാൽ, പാപം ഏററുപറയുന്നവനു കരുണ ലഭിക്കുന്നു."

(സുഭാഷിതങ്ങൾ 28:13)

1. അനുതാപത്തിന്റെ കൂദാശ എന്നാലെന്ത്?

2. മനസ്താപം എന്നാലെന്ത്?

3. പൂർണ്ണമനസ്താപം എന്ത്?

4. ഗൗരവമേറിയ (മാരക)പാപം ചെയ്യാനിടയായാൽ നാമെന്തു ചെയ്യണം?

5. പാപമോചനാധികാരം എന്നാണ് ഈശോ അപ്പസ്തോലന്മാർക്കു നല്കിയത്.

6. ക്രിസ്തു അവരോടെന്തു പറഞ്ഞു?

7. നാം എന്തിനാണ് കൂടെക്കൂടെ അനുതാപത്തിന്റെ കൂദാശ സ്വീകരിക്കുന്നത്?

## പാടാൻ

കണ്ണീരാരുതരും,
പശ്ചാത്താപത്തിൽ
പാപം കഴുകിടുവാൻ?

നിൻതിരുകല്പന വിട്ടുലകിൻ
മറിമായങ്ങളിൽ മുഴുകീ ഞാൻ,
പാഴായ്പ്പോയൊരു ദിനമെല്ലാ-
മോർത്തോർത്തുരുകിക്കരയാനായ്
താപത്തിൻ കണ്ണീരാരുതരും?

വൈരിയെനിക്കെതിരായ്
വലകൾ വിരിച്ചവയിൽ
വീണു കുഴങ്ങിഞാൻ:
വീണുകുഴങ്ങി ഞാൻ.

...ലകം തകത്തെൻ നാഥാ, നീ
രക്ഷയെനിക്കു കനിഞ്ഞരുളി;
പാവനമാം തവ കല്പനകരം
ലംഘിച്ചേററം ദുർബലനായ്
വീണ്ടും ഞാൻ വലയിൽ വീണല്ലോ.

## പ്രവത്തിക്കാൻ

പാപം ചെയ്താൽ കഴിയുന്നത്ര വേഗം പൂണ്ണമനസ്താപത്തോടെ പാപനിവേദനം (കുമ്പസാരം) നടത്തും.

"ദൈവമേ, കരുണ തോന്നണമേ. ദയാപൂവ്വം എൻെറ പാപങ്ങരം മായിച്ചുകളയണമേ. എൻെറ അപരാധങ്ങരം കഴുകിക്കളയുകയും, തെററുകരം തുടച്ചുമാററുകയും ചെയ്യണമേ. എന്തെന്നാൽ, എൻെറ പാപങ്ങരം ഞാനറിയുന്നു. ഞാനവയെല്ലാം കണ്ടുകൊണ്ടിരിക്കുന്നു. അങ്ങേക്കെതിരായി ഞാൻ പാപം ചെയ്തു. അങ്ങേ സന്നിധിയിൽ ഞാൻ തിന്മകരം പ്രവത്തിച്ചു." ദാവീദിനെപ്പോലെ ഞാനും ഈ സങ്കീത്തനം (51) പല പ്രാവശ്യം ചൊല്ലും.



# 14

# അനുതാപത്തിൻെറ ക്രൂദാശ സ്വീകരിക്കുന്ന വിധം



"ഈശോ വീണ്ടും അവരോട്ട് (ഇങ്ങനെ) അരുളിച്ചെയ്തു: ഒരു മനുഷ്യനു രണ്ടു പുത്രന്മാരുണ്ടായിരുന്നു. അവൻെറ ഇളയപുത്രൻ അവനോട്ട്: 'എൻെറ അപ്പാ, വീട്ടിൽ നിന്നു് എനിക്കു വരേണ്ടഭാഗം എനിക്കു തരുക' എന്നു പറഞ്ഞു. അവൻ തൻെറ മുതൽ അവക്കു ഭാഗിച്ചുകൊടുത്തു. കുറേ ദിവസങ്ങളുടെ ശേഷം അവൻെറ ഇളയപുത്രൻ തനിക്കു കിട്ടിയവയെല്ലാം ശേഖരിച്ചു ദൂരദേശത്തേയ്ക്കു പോയി. അവിടെ ധൂർത്തനായി ജീവിച്ചു് സ്വത്തുക്കൾ നാനാവിധമാക്കിക്കളഞ്ഞു. അവനുള്ളതെല്ലാം നശിപ്പിച്ചുകഴിഞ്ഞപ്പോൾ ആ സ്ഥലത്തു് ഒരു വലിയ ക്ഷാമം ഉണ്ടാവുകയും അവനു ജീവിക്കുവാൻ നിവൃത്തിയില്ലാതാവുകയും ചെയ്തു. അവൻ പോയി അവിടത്തെ പൗരന്മാരിൽ ഒരുവനോടു ചേർന്നു. അവൻ അവനെ വയലുകളിൽ പന്നികളെ മേയ്ക്കുവാൻ അയച്ചു. പന്നികൾ തിന്നിരുന്ന അമരത്തവിടുകൊണ്ടു് അവൻ വയറുനിറയ്ക്കുവാൻ വളരെ ആഗ്രഹിച്ചു. എങ്കിലും ആരും അവനു കൊടുത്തില്ല. പിന്നെ അവൻ സുബോധം വന്നപ്പോൾ പറഞ്ഞു: 'ഭക്ഷണം മിച്ചമുള്ള എത്രകൂലിക്കാർ ഇപ്പോൾ എൻെറ അപ്പൻെറ വീട്ടിലുണ്ടു്! ഞാനോ ഇവിടെ വിശപ്പുമൂലം നശിക്കുന്നു! ഞാൻ എഴുന്നേററു് എൻെറ അപ്പൻെറ അടുക്കൽ

ചെന്നു്, 'എൻെറ അപ്പാ, സ്വർഗ്ഗത്തിനെതിരായും അങ്ങേ മുമ്പാകെയും ഞാൻ പാപം ചെയ്തുപോയി. ഇനി അങ്ങയുടെ മകനെന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല. അങ്ങയുടെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കണമേ' എന്നു പറയും. അനന്തരം, അവൻ എഴുന്നേററു അപ്പൻെറ അടുക്കലേക്കു വന്നു. അവൻ ദൂരെയായിരിക്കുമ്പോൾത്തന്നെ അപ്പൻ അവനെക്കണ്ടു്, മനസ്സലിഞ്ഞു്, ഓടിച്ചെന്നു കെട്ടിപ്പിടിച്ചു് അവനെ ചുംബിച്ചു. മകൻ അവനോടു് 'എൻെറ അപ്പാ, സ്വർഗ്ഗത്തിനെതിരായും അങ്ങേ മുമ്പാകെയും ഞാൻ പാപം ചെയ്തുപോയി. അങ്ങയുടെ മകനെന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല' എന്നു പറഞ്ഞു. അവൻെറ അപ്പൻ ഭൃത്യന്മാരോടു പറഞ്ഞു: 'നിങ്ങൾ വിലയേറിയ വസ്ത്രമെടുത്തു് ഇവനെ ഉടുപ്പിക്കുവിൻ. ഇവൻെറ വിരലിൽ മോതിരം ഇടുവിൻ. ഇവനെ ചെരിപ്പുകൾ ധരിപ്പിക്കുവിൻ. മെഴുത്ത കാളയെ കൊണ്ടുവന്നു കൊല്ലുവിൻ. നമുക്കു ഭക്ഷിച്ചു് ആനന്ദിക്കാം. എന്തെന്നാൽ, എൻെറ ഈ മകൻ മരിച്ചവനായിരുന്നു; അവൻ വീണ്ടും ജീവിച്ചു. കാണാതെ പോയിരുന്നു; കണ്ടെത്തി.' അവർ ആനന്ദിക്കുവാൻ തുടങ്ങി." (ലൂക്കാ 15: 11–24)

ദൈവം എത്ര കാരുണ്യവാനാണെന്നും പാപി അനുതപിച്ചു വരുമ്പോൾ ദൈവം എത്രമാത്രം സന്തോഷിക്കുന്നുവെന്നും ഈ ഉപമ വഴി ഈശോ നമ്മെ പഠിപ്പിക്കുന്നു. കൂടാതെ പാപങ്ങൾക്കു മോചനം ലഭിക്കുവാൻ നാം എന്തു ചെയ്യണമെന്നും അവിടുന്നു കാണിച്ചുതരുന്നു.


ചെയ്ത തെററിനെപ്പററി ധൂർത്തപുത്രൻ ചിന്തിച്ചു; അതോർത്തവൻ ദുഃഖിച്ചു. ഇനി തെററു ചെയ്യുകയില്ലെന്നു് അവൻ തീരുമാനിച്ചു. പിന്നീടു് അവൻ പിതാവിൻെറ പക്കലേക്കു ചെന്നു്, തൻെറ തെററുകൾ പിതാവിനെ അറിയിച്ചു. പിതാവു പറയുന്നതെന്തും ചെയ്യുവാൻ അവൻ ഒരുക്കമായിരുന്നു.

അനുതാപത്തിൻെറ കൂദാശയിൽ ദൈവപിതാവിൽനിന്നു പാപപ്പൊറുതി ലഭിക്കുവാൻ നാമും ഇപ്രകാരം ചെയ്യണം. ഏതെല്ലാം വിധത്തിൽ ദൈവത്തിനെതിരായി നാം പാപംചെയ്തുവെന്നു ചിന്തിക്കണം. പാപങ്ങളോർത്തു നാം ദുഃഖിക്കണം. വീണ്ടും പാപം ചെയ്യുകയില്ലെന്നു തീരുമാനിക്കണം. പിന്നീടു പുരോഹിതനോടു പാപങ്ങൾ ഏററുപറയണം. പുരോഹിതൻ നല്കുന്ന പ്രായശ്ചിത്തം (പരിഹാരം) നിർവ്വഹിക്കണം.

ദൈവപ്രമാണങ്ങൾ, തിരുസ്സഭയുടെ കല്പനകൾ ഇവയ്ക്കെതിരായി എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ എന്നു് നാം പരിശോധിക്കണം. കൂടാതെ, നമ്മുടെ ജീവിതകടമകൾ നിർവ്വഹിക്കുന്നതിൽ വന്നിട്ടുള്ള വീഴ്ചകളെപ്പററി നാം ചിന്തിക്കണം. താഴെപ്പറയുന്ന കാര്യങ്ങൾ ഈ പരിശോധനയ്ക്കു നമ്മെ സഹായിക്കും.

1. ദൈവാലയത്തിലുള്ള എൻെറ പെരുമാററം എങ്ങനെ?

2. വീട്ടിൽ പ്രാർത്ഥനാസമയം എങ്ങനെ ചെലവഴിക്കുന്നു?



3. വീട്ടിലെ പെരുമാററം എങ്ങനെ? അനുസരിക്കുന്നുണ്ടോ?

4. സ്കൂളിൽ ഞാനെങ്ങനെ സമയം വിനിയോഗിക്കുന്നു?

5. കളിസ്ഥലത്തു ഞാൻ എങ്ങനെ വ്യാപരിക്കുന്നു?

6. വഴിയിൽ എൻെറ പെരുമാററം എപ്രകാരമായിരുന്നു?

7. എൻെറ കൂട്ടുകാർ ആരെല്ലാം? ഞാൻ വായിക്കുന്ന പുസ്തകങ്ങൾ എങ്ങനെയുള്ളവ?

എല്ലാ പാപങ്ങളും ദൈവത്തിന് അനിഷ്ടമുളവാക്കുന്നു; ആത്മാവിനു് ഉപദ്രവം ചെയ്യുന്നു. ദൈവം നീതിമാനാണ്. തന്മൂലം, എല്ലാ പാപങ്ങൾക്കും ഗൗരവമനുസരിച്ചുള്ള ശിക്ഷ അവിടുന്നു നൽകും. മാരകമായ പാപത്തെപ്പററി മനസ്താപമില്ലാതെ മരിക്കുന്നതായാൽ പാപി നരകത്തിൽ നിത്യമായി ശിക്ഷിക്കപ്പെടും. ലഘുപാപങ്ങൾക്കുള്ള ശിക്ഷ ഈ ലോകത്തിൽവച്ചോ് ശുദ്ധീകരസ്ഥലത്തുവച്ചോ അനുഭവിക്കണം. മാരകമായ പാപം പൊറുക്കപ്പെടുമ്പോൾ പാപി നിത്യശിക്ഷയിൽനിന്നു രക്ഷപ്പെടുന്നു. എങ്കിലും ഈ ലോകത്തിലോ ശുദ്ധീകരസ്ഥലത്തോ അതിനു പരിഹാരം ചെയ്യണം.

അനുതാപത്തിൻെറ കൂദാശയിൽ വൈദികൻ നല്കുന്ന പ്രായശ്ചിത്തം നിറവേററിക്കൊണ്ടു് നമ്മുടെ പാപങ്ങൾക്കു നാം ഭാഗികമായി പരിഹാരം ചെയ്യുന്നു. നമുക്കുണ്ടാകുന്ന ക്ലേശങ്ങൾ സഹിച്ചുകൊണ്ടും മററുള്ളവർക്കു നന്മചെയ്തുകൊണ്ടും പ്രത്യേകപ്രാർത്ഥനകൾ ചൊല്ലിക്കൊണ്ടും പാപത്തിനു പരിഹാരം ചെയ്യാവുന്നതാണ്.

ദൈവപ്രമാണങ്ങൾക്കും തിരുസ്സഭയുടെ കല്പനകൾക്കും എതിരായി പൂർണ്ണമായ അറിവോടും സമ്മതത്തോടുംകൂടെ ചെയ്യുന്ന തെററുകളാണ് മാരകമായ പാപങ്ങൾ. ദൈവപ്രമാണങ്ങൾക്കും തിരുസ്സഭയുടെ കല്പനകൾക്കും എതിരായി പൂർണ്ണമായ അറിവോ സമ്മതമോ ഇല്ലാതെ പ്രവർത്തിച്ചാൽ അവ ലഘുപാപങ്ങളായിരിക്കും. കൂടാതെ, ഗൗരവമില്ലാത്ത കാര്യങ്ങൾ പൂർണ്ണമായ അറിവോടും പൂർണ്ണസമ്മതത്തോടുംകൂടെ ചെയ്താലും അവ ലഘുപാപങ്ങളാണ്. മാരകപാപങ്ങൾ മാ

ത്രമേ ഏറ്ററുപറയാൻ കടമയുള്ളു. ലഘുപാപങ്ങളം ഏറ്ററുപറയണമെ ന്നു നിർബ്ബന്ധമില്ലെങ്കിലും അങ്ങനെ ചെയ്യുന്നതു വളരെ നല്ല താണ്.

ദൈവം സാക്ഷാൽ നന്മയും കരുണയുമാണ്. നമ്മുടെ തെററു കരം അവിടുന്നു ക്ഷമിക്കുന്നു. മാത്രമല്ല, അവയ്ക്കു പരിഹാരം ചെയ്യാ നുള്ള മാർഗ്ഗവും അവിടുന്നു കാണിച്ചുതരുന്നു.


## ഓർമ്മിക്കാൻ

1. അനുതാപത്തിൻെറ കൂദാശ യോഗ്യതയോടെ സ്വീകരി ക്കുവാൻ വേണ്ട കാര്യങ്ങളം ഏവ?
2. എല്ലാ പാപങ്ങളും ഏറ്ററുപറയണമോ?

## പ്രവർത്തിക്കാൻ

ഞാൻ കുമ്പസാരിക്കുമ്പോരം ഈ പാഠത്തിൽ പഠിച്ച കാര്യ ങ്ങളം കൃത്യമായി പാലിക്കും.

കുമ്പസാരമെന്ന കൂദാശ സ്വീകരിക്കുമ്പോരം ഞാൻ ക്രിസ്തുവി നെ നേരിടുകയാണെന്നും, ആ കൃപാനിധിയിൽനിന്നു പാപപ്പൊറു തിയും പ്രസാദവരവും സ്വീകരിക്കയാണെന്നും വിശ്വസിച്ച്, വേ ണ്ടവിധം ഒരുങ്ങിയിരിക്കും.



# 15

# രോഗിലേപനം

“നിങ്ങളിലാരെങ്കിലും രോഗാതുരനാണെങ്കിൽ സഭയിലെ പുരോഹിതനെ വിളിക്കുക. അദ്ദേഹം കർത്താവിൻെറ നാമത്തിൽ തൈലം പൂശുകയും അവനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യട്ടെ. വിശ്വാസത്തോടുകൂടിയ ആ പ്രാർത്ഥന രോഗിയെ രക്ഷിക്കും. നമ്മുടെ കർത്താവ് അവനെ എഴുന്നേല്പിക്കും. അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവ ക്ഷമിക്കപ്പെടും.” (യാക്കോബ് 5: 14, 15)

രോഗികളെ തൈലം പൂശുവാൻ ക്രിസ്തു അപ്പസ്തോലന്മാരെ പഠിപ്പിച്ചു. വേദന സഹിക്കുന്നവരെ രോഗിലേപനമെന്ന കൂദാശവഴി ക്രിസ്തു ശക്തിപ്പെടുത്തുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. ഈ കൂദാശ സ്വീകരിക്കുന്നവർ പ്രസാദവരത്തിൽ വളരുന്നു. പാപമോചനവും പാപപരിഹാരവും ഇവർക്കു ലഭിക്കുന്നു. ക്ഷീണിതരായവർക്ക് ആത്മധൈര്യം കൈവരുന്നു. ആത്മരക്ഷയ്ക്കുപകരിക്കുമെങ്കിൽ ശാരീരികസൗഖ്യം ലഭിക്കുന്നതിനു് ഈ കൂദാശ സഹായിക്കും. ഗൗരവമുള്ള രോഗം, അപകടം, വാർദ്ധക്യം ഇവമൂലം മരണാപകടമുള്ളപ്പോൾ രോഗിലേപനം സ്വീകരിക്കാവുന്നതാണ്.

## അന്ത്യശുശ്രൂഷ

ഒരു വ്യക്തി മരണാസന്നനാകുമ്പോൾ അന്ത്യശുശ്രൂഷയ്ക്കായി തിരുസ്സഭ അവനെ സമീപിക്കുന്നു. മരണാസന്നൻ അനുതാപത്തിൻെറ കൂദാശവഴി പാപമോചനം പ്രാപിക്കുന്നു. ‘തിരുപ്പാഥേയം’ വഴി ക്രിസ്തു അവനിൽ എഴുന്നള്ളിവരുന്നു. ഈ ലോകത്തിൽനിന്നു നിത്യത്വത്തിലേക്കു കടന്നുപോകുന്ന അവസരത്തിൽ ക്രിസ്തുതന്നെ അവനെ ശക്തിപ്പെടുത്തുന്നു.

ഒരു നല്ല ക്രിസ്ത്യാനിക്കു ലഭിക്കുവാനിരിക്കുന്ന സ്വർഗ്ഗഭാഗ്യത്തെക്കുറിച്ചുള്ള പ്രതീക്ഷകൾ നിറഞ്ഞ സന്തോഷകരമായ പ്രാർത്ഥനകൾ ആ സമയത്തു ചൊല്ലുന്നു.

രോഗിലേപനം മരണാസന്നനു ശക്തിയും ആശ്വാസവും നൽകുന്നു.

## ഓർമ്മിക്കാൻ

“എൻെറ മകനേ, നീ രോഗി ആയിരിക്കുമ്പോൾ നിന്നെ സുഖപ്പെടുത്താൻ കഴിവുള്ളവനായ ദൈവത്തോടു പ്രാർത്ഥിക്കുക. തിന്മയിൽനിന്നു് ഓടിയകലുക....നിൻെറ ഹൃദയത്തിലെ പാപമാലിന്യം കഴുകിക്കളയുക.” (പ്രഭാഷകൻ 38.9-10)

1. രോഗിലേപനം എന്നാൽ എന്തു്?

2. രോഗിലേപനം എപ്പോഴാണ് സ്വീകരിക്കുന്നത്?
3. തിരുപ്പാഥേയം എന്നാൽ എന്ത്?

**പാടാൻ**

1. ഈശോയ്ക്കേകുവാൻ ഒന്നുമില്ലല്ലോ
ആശിച്ചാലുമെൻ പാപമല്ലാതെ;
നാശമില്ലാതെ നാളുകൾ പോക്കാൻ
ആശയോടെ വണങ്ങുന്നിതാ ഞാൻ.

2. നീയാണെന്നുടെ സർവ്വവും നാഥാ:
രാജൻ, താതൻ, ദൈവവുമെല്ലാം.
സ്നേഹനായകാ, നിന്നെപ്പിരിയാൻ—
മേലാതങ്ങിൽ ലയിക്കേണം ഞാനും.

3, കണ്ണും കാതുമീദേഹവുമെല്ലാം
നിന്നിൽത്തന്നെ ഞാൻ കാഴ്ചയണയ്ക്കാം;
തെല്ലും പാപങ്ങൾ ആയവയാലെ
ചെയ്യാനെന്നെയനുവദിക്കാതെ.

**പ്രവർത്തിക്കാൻ**

ഞാൻ രോഗികളെ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യും.

രോഗിലേപനം ആവശ്യകമായ അവസരത്തിൽ ആ കർമ്മത്തിനുവേണ്ടവ താൽപര്യപൂർവ്വം ഞാൻ തയ്യാറാക്കും.

# രോഗിലേപനം

## A. മലബാർ ക്രമത്തിൽ

### 1. ഒരുക്കം

രോഗിയുടെ സമീപം ഒരു മേശമേൽ കുരിശുരൂപം സ്ഥാപിച്ച് രണ്ടു വശത്തും കത്തിച്ച തിരികൾ വച്ചതിനുശേഷം പുരോഹിതൻ ഊറാറ ധരിച്ച് പ്രാർത്ഥനയാരംഭിക്കുന്നു.



ലേപനം നൽകുന്നതിനുമുമ്പ് ആവശ്യമെങ്കിൽ രോഗിയെ കുമ്പസാരിപ്പിക്കുന്നു. ലേപനത്തിനുശേഷമാണ് വിശുദ്ധകുർബാന നൽകേണ്ടത്.

## 2. പ്രാർത്ഥന

കാർമ്മികൻ "പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ" എന്നാരംഭിക്കുമ്പോൾ സമൂഹം 'ആമ്മേൻ' എന്നു പറയുന്നു. കാർമ്മികൻ "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി" എന്നു ചൊല്ലിക്കഴിഞ്ഞ്, "സ്വർഗ്ഗസ്ഥനായ പിതാവേ," എന്ന ജപം സമൂഹത്തോടു കൂടെ ചൊല്ലുന്നു. തുടന്ന് 6—ാം സങ്കീർത്തനവും, ദൈവവചനം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഫലം പുറപ്പെടുവിക്കുന്നതിനും സഹായമപേക്ഷയും.

## 3. ലേഖനവും സുവിശേഷവും


വിശുദ്ധ യാക്കോബുശ്ലീഹായുടെ ലേഖനം, അദ്ധ്യായം 5, വാക്യങ്ങൾ 10 മുതൽ 15 വരെ. തുടന്നു കാർമ്മികൻ സമാധാനാശംസയോടെ സുവിശേഷം വായിക്കുന്നു. വിശുദ്ധ ലൂക്കാ, അദ്ധ്യായം 5, 1 മുതൽ 6 വരെ വാക്യങ്ങൾ.

## 4. ലേപനം

രോഗിയുടെ നെററിയിൽ കുരിശാകൃതിയിൽ തിരുതൈലം പൂശിക്കൊണ്ടു കാർമ്മികൻ ചൊല്ലുന്നു: "ആത്മീയവും ശാരീരികവുമായആരോഗ്യം ലഭിക്കുവാനായി ഈ തൈലംകൊണ്ടു (പേർ) റൂശ്മാ ചെയ്യപ്പെടുകയും ✠ വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു: പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ." സമൂഹം 'ആമ്മേൻ' എന്നുത്തരം പറയുന്നു. (സൂചന: രോഗി അത്യാസന്നനിലയിലാണെങ്കിൽ മററു ലേപനങ്ങൾ ഉപേക്ഷിക്കാം. പൂശുന്ന അവയവങ്ങൾ ഓരോ പ്രാവശ്യവും പഞ്ഞികൊണ്ട് തുടയ്ക്കുന്നു.)

പിന്നീട്, കാർമ്മികൻ "കാരുണ്യവാനായ കർത്താവേ, ഈ കണ്ണുകൾവഴി ചെയ്തിട്ടുള്ള പാപങ്ങളെല്ലാം ഇദ്ദേഹത്തോടു ക്ഷമിക്ക

ണമേ.... എന്നു ചൊല്ലി കൺപോളകഠം പൂശുന്നു. സമൂഹം 'ആമ്മേൻ' എന്നു പറയുന്നു. ഇതുപോലെ, ചെവികളും അധരങ്ങളും കരങ്ങളും പാദങ്ങളും തുടൎന്നു പൂശുന്നു.



## 5. യാചനാപ്രാൎത്ഥന

ശുശ്രൂഷി കൎത്താവിൻെറ കാരുണ്യത്തെ അനുസ്മരിച്ചു പ്രാൎത്ഥിക്കുന്നു. "ഈ ആളെ ആശ്വസിപ്പിക്കണമേ" എന്ന് ആവൎത്തിച്ചു സമൂഹം ചൊല്ലുന്നു.

## സമാപനാശീൎവ്വാദം

"...ദൈവം പാപങ്ങഠം പൊറുത്തു നിന്നെ അനുഗ്രഹിക്കട്ടെ...നിത്യാനന്ദത്തിലുള്ള പ്രത്യാശയോടെ ക്ലേശങ്ങഠം സഹിക്കാൻ നിന്നെ സഹായിക്കട്ടെ. പരിശുദ്ധ കന്യകാമറിയത്തിൻേറയും വിശുദ്ധ യൗസേപ്പിൻേറയും സകല വിശുദ്ധരുടേയും പ്രാർത്ഥന നിനക്കു ധൈര്യം നൽകട്ടെ. ക്രൂശിതനായ മിശിഹാ നിന്നേയും നിന്നെ പരിചരിക്കുന്നവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ" എന്നാശംസിച്ചുകൊണ്ട് കുരിശാകൃതിയിൽ ആശീൎവ്വദിക്കുന്നു. അവസാനം രോഗിയെ കുരിശുരൂപം മുത്തിക്കുന്നു.

# രോഗിലേപനം

## B. ലത്തീൻ ക്രമത്തിൽ

### 1. ആമുഖം

രോഗിയുടെ മുറിയിൽ വൈദികൻ പ്രവേശിക്കുമ്പോഠം "ഈ വീടിനു സമാധാനമുണ്ടാകട്ടെ" എന്ന് ആശംസിക്കുന്നു. രോഗിലേപനതൈലം മേശപ്പുറത്തു വച്ചിട്ട്, വൈദികൻ രോഗിയുടെ മുറിയിൽ വിശുദ്ധജലം തളിക്കുന്നു. "ഞങ്ങഠം ഈ മുറിയിൽ പ്രവേശിക്കുന്നതുവഴി നിത്യാനന്ദവും ദൈവാനുഗ്രഹവും സന്തോഷവും സ്നേഹവും നിലനില്ക്കുന്ന ആരോഗ്യവും ഈ ഭവനത്തിനുണ്ടാകട്ടെ. സാത്താ



ന് ഇവിടെ പ്രവേശനമുണ്ടാകാതിരിക്കട്ടെ. സമാധാനത്തിൻെറ മാലാഖമാർ ഇവിടെ വസിക്കുകയും ചെയ്യട്ടെ" എന്നാശംസിച്ചുകൊണ്ടു പ്രാർത്ഥിക്കുന്നു.

## 2. പ്രാർത്ഥന

ആവശ്യമെങ്കിൽ രോഗിയെ കുമ്പസാരിപ്പിക്കുന്നു. വൈദികൻ മിശിഹായുടെ കാരുണ്യത്തിനും പരിശുദ്ധാത്മാവിൻെറ വരങ്ങൾക്കുമായി അപേക്ഷിക്കുന്നു.

വൈദികൻ: കർത്താവേ, കനിയണമേ.

ഉത്തരം: ക്രിസ്തുവേ, കനിയണമേ....

വൈദികൻ: പരിശുദ്ധാത്മാവിൻെറ കൃപാവരം ഈ രോഗിയിൽ ചിന്തണമേ.

ഉത്തരം: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

വൈദികൻ രോഗിയുടെമേൽ കൈനീട്ടി പരിശുദ്ധകന്യകാമറിയത്തിൻേറയും വിശുദ്ധരുടേയും മാലാഖമാരുടേയും മാദ്ധ്യസ്ഥം യാചിക്കുന്നു.

## 3. ലേപനം


വൈദികൻ തള്ളവിരൽ വിശുദ്ധ തൈലത്തിൽ തൊട്ട്, രോഗിയുടെ കണ്ണുകൾ, ചെവികൾ, മൂക്ക്, വായ്, കൈകൾ, കാലുകൾ എന്നിവ പ്രത്യേകം പ്രത്യേകം കുരിശു വരച്ചു പൂശുന്നു. ഓരോ പ്രാവശ്യവും ഇങ്ങനെ പ്രാർത്ഥിക്കുന്നു: "ഈ വിശുദ്ധാഭിഷേകം വഴി, ഈ അവയവംകൊണ്ടു നീ ചെയ്തിട്ടുള്ള തെററുകളെല്ലാം, കർത്താവ് തൻെറ അനന്തകാരുണ്യത്താൽ നിന്നോടു ക്ഷമിക്കുമാറാകട്ടെ."

ലേപനത്തിനുശേഷം വൈദികൻ കരങ്ങൾ കഴുകുന്നു.

## 4. സ്വർഗ്ഗസ്ഥനായ പിതാവേ

തുടർന്ന് 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന വൈദികൻ ചൊല്ലുന്നു.

വൈദികൻ: "കർത്താവേ, അങ്ങിൽ ശരണപ്പെടുന്ന ഈ ദാസനെ



രക്ഷിക്കണമേ. കർത്താവേ, അങ്ങേ സഹായം ഇയാൾക്ക നൽകണമേ."

ഉത്തരം: "ഇയാളെ കാത്തുകൊള്ളുകയും ചെയ്യണമേ."

അനന്തരം പുരോഹിതൻ രോഗിക്ക പാപമോചനവും പരിശുദ്ധാത്മാവിൻെറ സഹായവും ശാരീരികവും മാനസികവുമായ അനുഗ്രഹങ്ങളും ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുന്നു.

സാധാരണമായി രോഗിലേപനം കഴിഞ്ഞു രോഗിക്ക് തിരുപ്പാഥേയമായി വിശുദ്ധകർബാന നൽകുന്നു. പാഥേയം എന്നതിൻെറ വാച്യാർത്ഥം വഴിയാത്രയ്ക്കുള്ള ഭക്ഷണം എന്നാണ്.

# രോഗിലേപനം

## C. മലങ്കര ക്രമത്തിൽ

മലങ്കരക്രമത്തിൽ രോഗികളെ തൈലാഭിഷേകം ചെയ്യുന്നത്, രോഗിക്ക പൂർണ്ണപാപമോചനം നൽകണമെന്നും, ദൈവേഷ്ടമെങ്കിൽ രോഗിക്ക് ആരോഗ്യം വീണ്ടും ലഭിക്കണമെന്നും, അഥവാ, രോഗിയെ ഭാഗ്യമരണത്തിനൊരുക്കണമെന്നു, ഉള്ള ഉദ്ദേശ്യത്തോടുകൂടെയാണ്. വൈദികൻ പ്രാരംഭപ്രാർത്ഥന, കുക്കിലിയോൻ ഇവയ്ക്കുശേഷം മുറപ്രകാരം പ്രൊമിയോൻ, സെദറാ, എത്രോ മുതലായ പരിഹാരപ്രാർത്ഥനകൾ ചൊല്ലുന്നു. അതിനുശേഷം എല്ലാവരും ചേർന്ന് "ഭൂവിലശേഷം" എന്ന ഗാനം ആലപിക്കുന്നു. തുടർന്ന്, കാർമ്മികൻെറ വലത്തുഭാഗത്തുനിന്നുകൊണ്ടു ശുശ്രൂഷകൻ വിശുദ്ധ യാക്കോബ്വശ്ലീഹായുടെ ലേഖനം (യാക്കോ. 5: 13-16) വായിക്കുന്നു. 'പൗലോസ്ശ്ലീഹാ' എന്ന ഗീതം ചൊല്ലി അവസാനിക്കുമ്പോൾ ശുശ്രൂഷകൻ കാർമ്മികൻെറ ഇടത്തുവശത്തുനിന്ന് ലേഖനം (റോമ. 13: 11–14) വായിക്കുന്നു. അനന്തരം, പട്ടക്കാരൻ സുവിശേഷം (മത്തായി 10: 5--10) രോഗിയുടെ നേരെ തിരിഞ്ഞുനിന്നു വായിക്കുന്നു. മാർ യാക്കോബിൻെറ ബോവുസായും കഴിഞ്ഞ് പട്ട

ക്കാരൻ രോഗിയുടെമേൽ കൈവെച്ച പാപമോചനപ്രാർത്ഥന നടത്തി ആശീർവ്വദിക്കുന്നു. അനന്തരം, പട്ടക്കാരൻ വലത്തുകൈയുടെ തള്ളവിരലിൽ വിശുദ്ധ തൈലം പുരട്ടി ആ വിരലുകൊണ്ടു രോഗിയുടെ നെററിയിൽ കുരിശാകൃതിയിൽ മൂന്നു പ്രാവശ്യം റൂശ്മാചെയ്തുകൊണ്ടു താഴെപ്പറയുന്ന കൂദാശവചനം ചൊല്ലുന്നു. വിശുദ്ധതൈലാഭിഷേകത്താൽ "നീ വെടിപ്പാക്കപ്പെട്ടു ശുദ്ധീകരിക്കപ്പെടുമാറാകട്ടെ. മനസ്സോടും മനസ്സുകൂടാതെയും, അറിവോടും അറിവു കൂടാതെയും നീ ചെയ്തിട്ടുള്ള കടങ്ങളും പാപങ്ങളും നിന്നോടു ക്ഷമിക്കപ്പെടുമാറാകട്ടെ. സകല ദുശ്ചിന്തകളും പൈശാചികവ്യാപാരങ്ങളും നിന്നിൽനിന്നു മായിക്കപ്പെടുമാറാകട്ടെ. അതു നിത്യജീവനായിട്ട് പിതാവിൻെറയും ✠ പുത്രൻെറയും ✠ പരിശുദ്ധ റൂഹായുടെയും ✠ തിരുനാമത്തിൽത്തന്നെ. ആമ്മീൻ."

അനന്തരം, രോഗിയുടെ കൺപോളകളിലും കാതുകളിലും മൂക്കിൻെറ അഗ്രഭാഗത്തും ഒടുവിൽ കൈകളിലും കാലുകളിലും തൈലം പൂശി റൂശ്മാചെയ്തു കൂദാശവചനം ചൊല്ലുന്നു. വലത്തുവശത്തെ അവയവങ്ങളിൽ രണ്ടു പ്രാവശ്യവും ഇടത്തുവശത്തെ അവയവങ്ങളിൽ ഒരു പ്രാവശ്യവും മൂക്കിൻെറ അഗ്രഭാഗത്ത് ഇടത്തും വലത്തും നടുക്കും ഓരോ പ്രാവശ്യവും താഴെക്കൊടുത്തിരിക്കുന്ന കൂദാശവചനങ്ങൾ ചൊല്ലിക്കൊണ്ട് റൂശ്മാ ചെയ്യുന്നു: "നിൻെറ (അവയവത്തിൻെറ പേര്) ഭോഷത്തത്താൽ നീ തെററായി ചെയ്തിട്ടുള്ള സകലവും, ഈ വിശുദ്ധതൈലത്താലും ദൈവത്തിൻെറ മധുരതരമായ കരുണയാലും നിന്നോടു ക്ഷമിക്കപ്പെടട്ടെ. ആയതു നിത്യജീവനായിക്കൊണ്ട് പിതാവിൻെറയും ✠ പുത്രൻെറയും ✠ ജീവനും വിശുദ്ധിയുമുള്ള റൂഹായുടെയും ✠ തിരുനാമത്തിൽത്തന്നെ. ആമ്മീൻ."

ഓരോ അവയവത്തിലും റൂശ്മാ ചെയ്യുമ്പോൾ അതാതിൻെറ പേരു മാറിമാറി പറയുന്നു. അനന്തരം, 'ബസ്മൽകേ' മുതലായ കുക്കിലിയോനുകളും അവസാനം ഹൂത്തോമായും ചൊല്ലി ശുശ്രൂഷ അവസാനിപ്പിക്കുന്നു. ശുശ്രൂഷയ്ക്കു മുൻപോ പിൻപോ അനുതാപത്തിൻെറ മസുമ്മൂറാകൾ ചൊല്ലാവുന്നതാണ്.



# 16

# പൗരോഹിത്യം



"നിങ്ങൾ പോയി എല്ലാ ജനങ്ങളേയും പഠിപ്പിക്കയും പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്യുവിൻ. ഞാൻ ആജ്ഞാപിച്ചിട്ടുള്ളവ അനുഷ്ഠിക്കുവാൻ അവരെ അഭ്യസിപ്പിക്കുവിൻ."

(മത്താ. 28:19)

ഉയിർപ്പിനുശേഷം ഈശോ അപ്പോസ്തലന്മാരോടു പറഞ്ഞു: "പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു........ നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ; നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ മോചിക്കപ്പെടും."

(യോഹ. 20:21-23)

ആത്മാക്കളെ പിതാവിൻെറ പക്കലേക്കു നയിക്കുവാനുള്ള ജോലി ഈശോ അപ്പോസ്തലന്മാരെ ഏല്പിച്ചു. അതിനുവേണ്ട അധികാരം അവർക്കു നൽകി. അവർ ആത്മാക്കളെ പഠിപ്പിക്കുകയും ഭരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യണമായിരുന്നു. കാൽവരിയിലെ ബലി അൾത്താരയിൽ ആവത്തിച്ചു് (സന്നിഹിതമാക്കി) ഈശോയുടെ പൗരോഹിത്യവും അവർ തുടരേണ്ടിയിരുന്നു. തിരുവത്താഴത്തിൽവച്ചു് ഈശോ അവരോടു കല്പിച്ചു: "ഇതു് എൻെറ ഓർമ്മയ്ക്കായി ചെയ്യുവിൻ" (ലൂക്കാ 22:19).

തൻെറ രക്ഷാകരജോലി തുടരുവാൻ ഇന്നും ഈശോ ആളുകളെ തിരഞ്ഞെടുക്കുന്നുണ്ടു്. തൻെറ അധികാരത്തിൽ ഈശോ അവരേയും പങ്കുകാരാക്കുന്നു. ഈ അധികാരം തിരുപ്പട്ടം എന്ന കൂദാശവഴിയാണു് തൻെറ തിരഞ്ഞെടുക്കപ്പെട്ടവർക്കു് അവിടുന്നു നൽകുന്നതു്. തിരഞ്ഞെടുക്കപ്പെട്ടവരുടെമേൽ മെത്രാന്മാർ കൈവയ്ക്കുകയും പരിശുദ്ധാത്മാവു് അവരിൽ ആവസിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്തുകൊ

ണ്ടാണ് പട്ടം നൽകുന്നതു്. അതോടുകൂടി ഓരോ പദവിക്കും അനു സൃതമായ സ്ഥാനചിഹ്നങ്ങളും കൊടുക്കുന്നു.

**ഓർമ്മിക്കാൻ**

1. തിരുപ്പട്ടം എന്നാൽ എന്തു്?

2. അപ്പവും വീഞ്ഞും ക്രിസ്തുവിൻെറ മാംസരക്തങ്ങളാക്കാനു ള്ള അധികാരം എപ്പോഴാണ് ഈശോ പുരോഹിതന്മാർക്കു നൽകി യതു്?

**പ്രവർത്തിക്കാൻ**

നമുക്കു വിശുദ്ധരായ ധാരാളം വൈദികരെ ലഭിക്കുവാനായി ഞാൻ പ്രാർത്ഥിക്കും.

രക്ഷാകരജോലിയിൽ ഈശോയോടു സഹകരിക്കുവാൻ ഞാൻ സന്നദ്ധനാകും. പുരോഹിതന്മാരിൽ ഞാൻ ഈശോയെ ദർശിക്കും.

# പൗരോഹിത്യം

## A. മലബാർ ക്രമത്തിൽ

മലബാർസഭയുടെ ക്രമത്തിൽ പൗരോഹിത്യപദവിയിൽ കാറോയാപ്പട്ടം, ഹെവുപ്പദ്യാക്കനോപ്പട്ടം, മ്ശമ്ശാനാപ്പട്ടം, കശീശാ (കർബാന)പ്പട്ടം, മെത്രാൻപട്ടം എന്നിങ്ങനെ അഞ്ചു പട്ടങ്ങളുണ്ടു്. പൗരോഹിത്യത്തിൻെറ പൂർണ്ണത മെത്രാൻപട്ടത്തിലത്രേ. കൈവയ്പാണ് പട്ടം നൽകുന്നതിലെ പ്രധാനകർമ്മം. പ്രത്യേക പ്രാർത്ഥനകളും ആശീർവ്വാദവും ഓരോ പട്ടത്തിനുമുണ്ടു്. പട്ടം നൽകുന്നതു മെത്രാനാണ്.

### 1. കാറോയാപ്പട്ടം

'നിന്നിലുള്ള പാപഭാരം....മിശിഹാ നീക്കിക്കളയട്ടെ' എന്നു ചൊല്ലി മെത്രാൻ അർത്ഥിയുടെ മുടിവെട്ടുന്നു. പിന്നീടു് അയാളെ കൊത്തീനായും സൂനാറായും ധരിപ്പിക്കുന്നു: നവീകരിക്കപ്പെട്ട പുതിയ മനുഷ്യൻ നൈർമ്മല്യത്തിൽ നിലനില്ക്കണമെന്നാണു സൂചന. ദൈവാലയത്തിൽ വായനകർമ്മം നടത്തുകയാണ് ഈ പട്ടം സ്വീകരിക്കുന്നയാളിൻെറ പ്രധാന കർത്തവ്യം.

### 2. ഹെവുപ്പദ്യാക്കനോപ്പട്ടം

ദൈവാലയശുശ്രൂഷയിൽ സഹായിക്കുന്നതിനു് ഈ പട്ടം സ്വീകരിക്കുന്നയാൾ അർഹനാക്കപ്പെടുന്നു. ദൈവാലയവാതിൽ

അടയ്ക്കുന്നതിനും മദ്ബഹായുടെ മദ്ധ്യത്തിലുള്ള വിളക്കുവരെ ചെല്ലുന്നതിനും ഈ പട്ടം അധികാരം നൽകുന്നു.

## 3. മ്ശമ്ശാനാപ്പട്ടം

അത്ഥി ഒരുമുട്ടുകുത്തിനില്ക്കുന്നു; ആദ്ധ്യാത്മികമായി ഒരു നാണയം സ്വീകരിക്കുന്നു എന്നാണിതു സൂചിപ്പിക്കുന്നത്. ആരാധനാശുശ്രൂഷകൾക്കായി ഒരാൾ ഇവ്വിധം തിരഞ്ഞെടുക്കപ്പെടുകയും വേർതിരിക്കപ്പെടുകയും ചെയ്യുന്നു. സുവിശേഷം വായിക്കുന്നതിനും പ്രസംഗിക്കുന്നതിനും മദ്ബഹായിൽ ശുശ്രൂഷ നടത്തുന്നതിനും ഈ പട്ടം ഒരാളെ അർഹനാക്കുന്നു. ഇതിലും തുടർന്നുള്ള പട്ടങ്ങളിലും പരിശുദ്ധാത്മാവിന്റെ ആഗമനമുണ്ട്. മ്ശമ്ശാനാപ്പട്ടം സ്വീകരിക്കുന്നതോടെ ആജീവനാന്തം ബ്രഹ്മചര്യം പാലിക്കുന്നതാണെന്ന് അത്ഥി വാഗ്ദാനം ചെയ്യുന്നു.

## 4. കശീശാ (കുർബാനാ)പ്പട്ടം

മ്ശമ്ശാന മെത്രാന്റെ മുമ്പിൽ ഇരുമുട്ടുംകുത്തി വിശ്വാസം പ്രഖ്യാപിക്കുന്നു. പട്ടം സ്വീകരിക്കുന്നയാളിന്റെ തലയിൽ മെത്രാൻ കൈവച്ച് വിവിധ പ്രാത്ഥനകൾ ചൊല്ലുകയും വലത്തുകൈയ്ക്കു പിടിച്ച് അനുഗ്രഹങ്ങൾ നൽകുകയും ചെയ്യുന്നു. ഊറാറയും പൈനയും ധരിപ്പിക്കുന്നു. സുവിശേഷപുസ്തകം കയ്യിൽ കൊടുക്കുകയും നെററിയിൽ കുരിശുവരച്ചനുഗ്രഹിക്കയും ചെയ്യുന്നു. ബലിയർപ്പിക്കുന്നതിനും പാപങ്ങൾ മോചിക്കുന്നതിനും മററു കൂദാശകൾ പരികമ്മം ചെയ്യുന്നതിനും സുവിശേഷം പ്രസംഗിക്കുന്നതിനും പഠിപ്പിക്കുന്നതിനുമുള്ള പൗരോഹിത്യാധികാരവും കത്തവ്യവും ഈ കൂദാശയിൽ സംലബ്ധമാകുന്നു.



“തിരുസ്സഭയിലെ പുരോഹിതവൃത്തിക്കും അഹറോന്റെ ആചാര്യശുശ്രൂഷയ്ക്കുമായി (പേര്) പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ എന്നന്നേയ്ക്കുമായി വേർതിരിക്കപ്പെടുകയും പരിപൂർണ്ണനാക്കപ്പെടുകയും ചെയ്തിരിക്കുന്നു” എന്നു പറഞ്ഞതിനുശേഷം മെത്രാൻ കുർബാനപ്പട്ടം സ്വീകരിച്ച ആളിന്റെ ശിരസ്സിൽ ചുംബിക്കുന്ന ഭാഗം ഹൃദയസ്പർശിയത്രേ. (മെത്രാൻപട്ടം മററുക്രമങ്ങളിലേതുപോലെ.)

# പൗരോഹിത്യം

## B. ലത്തീൻ ക്രമത്തിൽ


പൗരോഹിത്യത്തിനു ലത്തീൻക്രമത്തിൽ ആകെ എട്ടു പദവികളാണുള്ളത്: നാലെണ്ണം താഴ്ന്ന പദവികളും നാലെണ്ണം ഉയൎന്ന പദവികളും. താഴ്ന്ന പദവികൾ സഭയാണു സ്ഥാപിച്ചത്: അവ കൂദാശകളല്ല.

### 1. താഴ്ന്ന പദവികൾ

ഒരാളെ വൈദികശുശ്രൂഷികളുടെ (ക്ലേരികളുടെ) ഗണത്തിലുൾപ്പെടുത്തുന്നതിന് ആസ്ഥപ്പാടുപട്ടം (ടോൺഷർ) കൊടുക്കുന്നു. വൈദികാൎത്ഥിയുടെ മുടിവെട്ടുകയും അദ്ദേഹത്തിനു ളോവ (വൈദികവസ്ത്രം)നൽകുകയും ചെയ്യുന്നു.

a) ഒന്നാംപട്ടം: (പോർട്ടർ—വാതിൽ സൂക്ഷിപ്പുകാരൻ.) പള്ളി തുറക്കുകയും അടയ്ക്കുകയും ചെയ്യുന്നതിനുള്ള അധികാരം ഒരുവനു ലഭിക്കുന്നു, ഇതുവഴി. താക്കോലാണ് ഈ പട്ടത്തിൻെറ അധികാരചിഹ്നം.

b) രണ്ടാംപട്ടം: (ലെക്ടർ—വായനക്കാരൻ). ദൈവാലയത്തിൽ വിശുദ്ധഗ്രന്ഥത്തിൽനിന്നു നിർദ്ദേശാനുസരണം വായിക്കാനുള്ള അധികാരം ഈ പട്ടംമൂലം കിട്ടുന്നു. അധികാരചിഹ്നം: പുസ്തകം.



c) മൂന്നാംപട്ടം: (എക്സൊർസിസ്റ്റ്—ഭൂതോച്ചാടകൻ) പിശാചിനെ ബഹിഷ്കരിക്കാനുള്ള അധികാരം നൽകുന്നതിനാണ് ഈ പട്ടം. ചിഹ്നം: പുസ്തകം.

d) നാലാംപട്ടം: (ആക്കൊളൈറ്റ്—തിരിവാഹകൻ)വിശുദ്ധകുർബാനയ്ക്ക് അകമ്പടിസേവിക്കുവാനുള്ള അധികാരമാണ് ഈ പദവിയിലൂടെ ലഭിക്കുക. അധികാരചിഹ്നം: തിരിക്കാൽ.

### 2. ഉയൎന്നപദവികൾ

എല്ലാ പദവികളും കൈവയ്പ്, പ്രധാനപ്രാർത്ഥനകൾ ഇവ വഴി മെത്രാൻ നൽകുന്നു.

a) **അഞ്ചാംപട്ടം:** ഈ പട്ടം കൂദാശയല്ല, ഉയൎന്ന പദവികളുടെ

കൂടെ എണ്ണപ്പെടുന്നുണ്ടെങ്കിലും. ബ്രഹ്മചര്യം പാലിക്കുവാനുള്ള വ്രതം വൈദികവിദ്യാർത്ഥി (സബ്ഡീക്കൻ) ഈ പട്ടത്തോടുകൂടെ സ്വീകരിക്കുന്നു. കാനോനനമസ്കാരം ചൊല്ലാനുള്ള ചുമതലയും ഇതോടുകൂടെ ഏറ്റെടുക്കുന്നു.

b) **ആറാംപട്ടം:** തിരുപ്പട്ടം എന്ന കൂദാശയുടെ താണനിലയാണിത്. പള്ളിയിൽ പ്രസംഗിക്കുന്നതിനും ദിവ്യബലിയിൽ ശുശ്രൂഷിക്കുന്നതിനും ആവശ്യമെങ്കിൽ വിശുദ്ധകുർബാന നൽകുന്നതിനും ഉള്ള അധികാരം ഈ ഡീക്കൻപട്ടംമൂലം ലഭിക്കുന്നു.

c) **തിരുപ്പട്ടം:** പുരോഹിതപട്ടം. ആറാംപട്ടക്കാരൻ മെത്രാന്റെമുമ്പിൽ മദ്ബഹായിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നു. സമൂഹം സകല വിശുദ്ധരുടെ ലിത്തനിയ പാടുന്നു. തുടർന്ന്, അൾത്താരക്കു മുമ്പിൽ ഉപവിഷ്ടനായിരിക്കുന്ന മെത്രാന്റെയടുക്കൽ മുട്ടുകുത്തിനില്ക്കുന്ന ആറാംപട്ടക്കാരന്റെ ശിരസ്സിൽ മെത്രാൻ കൈവച്ചു പ്രാർത്ഥിക്കുന്നു: 'കർത്താവേ, അങ്ങയുടെ ഈ ദാസനു പുരോഹിതപദവി നൽകണമേ....' അനന്തരം നവവൈദികനെ തിരുവസ്ത്രങ്ങൾ അണിയിക്കുകയും അദ്ദേഹത്തിന്റെ കരങ്ങൾ തിരുതൈലത്തുകൊണ്ടു പൂശുകയും ചെയ്യുന്നു. വിശുദ്ധീകരിക്കുന്നതിനും ബലിയർപ്പിക്കുന്നതിനുമുള്ള അധികാരം നൽകുകയാണിതുവഴി. ഇതിനുശേഷം നവവൈദികൻ മെത്രാനോട് അനുസരണം വാഗ്ദാനം ചെയ്യുന്നു. മെത്രാൻ നവവൈദികനു സമാധാനത്തിന്റെ ചുംബനം നൽകുന്നു. തുടർന്നു നവവൈദികൻ മെത്രാനോടുകൂടെ കുർബാനയുടെ കാഴ്ചവയ്പുമുതൽ ബലിയർപ്പിക്കുന്നു. കുർബാനയുടെ അന്ത്യഭാഗത്തു നവവൈദികനു മെത്രാൻ പാപമോചനാധികാരം നൽകുന്നു.



d) **മെത്രാൻപട്ടം:** തിരുപ്പട്ടം എന്ന കൂദാശയുടെ ഏററവും ഉയർന്ന പദവിയാണിത്. തിരുപ്പട്ടമെന്ന കൂദാശ നൽകാനുള്ള അധികാരവും ഇടയനടുത്ത പൂർണ്ണാധികാരവും ഈ കൂദാശവഴി ലഭിക്കുന്നു. മെത്രാൻ മിശിഹായുടെ അപ്പോസ്തലന്മാരുടെ പിൻതുടർച്ചാവകാശിയാണ്.

# പൗരോഹിത്യം

## C. മലങ്കര ക്രമത്തിൽ

### 1. വിവിധ പദവികൾ


ഒരുവൻ പൗരോഹിത്യപദവിയിലേയ്ക്കുയർത്തപ്പെടുന്നതു പല പദവികളിലൂടെയാണ്. ഒരുവൻ മെത്രാനാൽ വിളിക്കപ്പെട്ടുകഴിഞ്ഞാൽ ഓരോരോ ഘട്ടങ്ങളിലായി ചെറുപട്ടങ്ങളെന്നറിയപ്പെടുന്ന 'മ്സമറോനോ,' 'കോറൂയോ', 'യൂപ്പദിയാക്കോനോ' എന്നീ പട്ടങ്ങളും വലിയ പട്ടങ്ങൾ എന്നറിയപ്പെടുന്ന 'ശംശോനോ,' 'കശിശ്ശോ,' എന്നീ പട്ടങ്ങളും യഥാക്രമം സ്വീകരിക്കുന്നു. പട്ടം നൽകുമ്പോൾ മെത്രാൻ കരങ്ങൾ അർത്ഥിയുടെ ശിരസ്സിൽ വയ്ക്കുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നതിനുവേണ്ടിയുള്ള പ്രാർത്ഥനകൾ നടത്തുകയും ചെയ്യുന്നു. വൈദികപട്ടം കൊടുക്കുന്നതു് മെത്രാനാണ്. മെത്രാനെ അഭിഷേകം ചെയ്യുന്നതു് സാധാരണമായി മൂന്നു മെത്രാന്മാരുടെ സഹകരണത്തോടുകൂടെയാണ്.

### 2. പദവികൾക്കൊത്ത ചുമതലകൾ

'മ്സമറോനോ,' 'കോറൂയോ,' 'യൂപ്പദിയാക്കോനോ' എന്നീ പട്ടങ്ങൾ വഴി യഥാക്രമം ദൈവാലയത്തിൽ ദിവ്യഗാനങ്ങൾ ആലപിക്കുന്നതിനും, ലേഖനങ്ങളും പ്രാർത്ഥനകളും മററും വായിക്കുന്നതിനും, ശുശ്രൂഷചെയ്യുന്നതിനും അവകാശം ലഭിക്കുന്നു. 'ശംശോനോ' എന്ന പട്ടംവഴി ദിവ്യബലിസമയം ധൂപം വീശുന്നതിനും ദിവ്യബലിസമയം വൈദികനോടൊത്തു് അൾത്താരയിൽ ശുശ്രൂഷ ചെയ്യുന്നതിനും, അത്യാവശ്യമുള്ളപ്പോൾ വിശ്വാസികൾക്കു വിശുദ്ധകുർബാന കൊടുക്കുന്നതിനും, മാമ്മോദീസ നൽകുന്നതിനും അധികാരം ലഭിക്കുന്നു. വൈദികൻ മെത്രാൻെറ പ്രതിനിധിയായി കൂദാശകൾ അനുഷ്ഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും വിശ്വാസികളെ നയിക്കുന്നതിനും ചുമതലപ്പെട്ടിരിക്കുന്നു. മെത്രാന്മാർ ശ്ലീഹന്മാരുടെ പിൻഗാമികൾ ആയതുകൊണ്ടു്, ശ്ലീഹന്മാർക്കു പൗരോഹിത്യം അതിൻെറ പൂർണ്ണതയിൽ ക്രിസ്തു നൽകിയതുപോലെ മെത്രാഭിഷേകത്തിൽ പൗരോഹിത്യത്തിൻെറ പൂർണ്ണത ക്രിസ്തു അവർക്കു നൽകുന്നു.



# 17
# വിവാഹം



"ഈശോ അരുളിച്ചെയ്തു: സ്രഷ്ടാവ് ആദിയിൽ മനുഷ്യരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചെന്നും, തന്നിമിത്തം, പുരുഷൻ മാതാവിനേയും പിതാവിനേയും വിട്ടു് ഭാര്യയോടു ചേരുമെന്നും, അവരിരുവരും ഒരു ശരീരമായിത്തീരുമെന്നും അവിടുന്നു് അരുളിച്ചെയ്തിട്ടുണ്ടെന്നും നിങ്ങൾ വായിച്ചിട്ടില്ലേ?"
(മത്തായി 19:4,5)

എപ്രകാരമാണു് ഭാര്യാഭർത്താക്കന്മാർ പരസ്പരം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതെന്നു് വിശുദ്ധ പൗലോസ് ഒരു ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ടു്:

"ഭാര്യമാരേ, നിങ്ങൾ നമ്മുടെ കർത്താവിനെന്നതുപോലെ നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിക്കുവിൻ. എന്തെന്നാൽ, മിശിഹാതന്നെയും സഭയുടെ തലയും ശരീരത്തിന്റെ രക്ഷകനുമായിരിക്കുന്നതുപോലെതന്നെ ഭർത്താവു് ഭാര്യയുടെ തലയാകുന്നു. ആ സ്ഥിതിക്കു്, സഭ മിശിഹായ്ക്കു കീഴ്പ്പെട്ടിരിക്കുന്നതുപോലെതന്നെ ഭാര്യമാരും തങ്ങളുടെ ഭർത്താക്കന്മാർക്കു സകലത്തിലും കീഴ്പ്പെട്ടിരിക്കണം. ഭർത്താക്കന്മാരേ, മിശിഹാതന്നെയും തന്റെ സഭയെ സ്നേഹിക്കുകയും അവളെപ്രതി തന്നെത്തന്നെ ഏല്പിച്ചുകൊ

ടുക്കയും ചെയ്കതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ.”
(എഫേ. 5:22-25)

വധൂവരന്മാർ തമ്മിലുള്ള സ്നേഹവും ഐക്യവും ക്രിസ്തുവും തിരുസ്സഭയും തമ്മിലുള്ള സ്നേഹവും ഐക്യവുംപോലെയാകുന്നു. വിവാഹമെന്ന കൂദാശയിൽ വിവാഹത്തിലെ അഭേദ്യമായ ഈ ഐക്യംവഴി ഭാര്യാഭർത്താക്കന്മാർ ദൈവജനത്തിൻെറ വർദ്ധനത്തിനും വിശുദ്ധിക്കുമായി ക്രിസ്തുവിനോടു സഹകരിച്ചു പ്രവർത്തിക്കുന്നു. മനോഹരമായ ഒരു കർമ്മംവഴി തിരുസ്സഭ ഈ ഐക്യത്തെ ആശീർവ്വദിക്കുന്നു.

## പ്രവർത്തിക്കാൻ

1. വിവാഹമെന്ന കൂദാശയെന്തു്?

2. വിവാഹത്തിൽ ആചരിക്കേണ്ട തിരുസ്സഭയുടെ സാർവ്വത്രികനിയമം എന്തു്?

3. വിവാഹമെന്ന കൂദാശയിൽ ക്രിസ്തു വധൂവരന്മാർക്കുവേണ്ടി എന്തു ചെയ്യുന്നു?

## പാടാൻ

ആദിയിലഖിലേശൻ
നരനെ സൃഷ്ടിച്ചു;
അവനൊരു സഖിയുണ്ടായ്
അവനൊരു തുണയുണ്ടായ്.


ആദിയി........

വാനവർ സാക്ഷികളാം
പാവനമംഗല്യം:
ആദേൻവനികയിലെ
ആദിമദമ്പതിമാർ.

ആദിയി........

ഇരുമെയ്യല്ലവരീ—
ധരമേലൊരുനാളും;
ഏകശരീരംപോൽ
വാഴണമെന്നെന്നും.

ആദിയി........



## ഓർമ്മിക്കാൻ

എൻെറ ദൈവവിളി ഏതെന്നറിയാൻ ഞാൻ പ്രാർത്ഥിക്കുകയും ആദ്ധ്യാത്മികപിതാവിനോടു ആലോചിക്കുകയും ചെയ്യും.

വിവാഹിതരാകുന്ന ഓരോ അംഗത്തിനുവേണ്ടിയും ഞാൻ പ്രാത്ഥിക്കും.

നിമ്മലമായ കുടുംബജീവിതത്തിൻെറ അനുഗ്രഹങ്ങരം എല്ലാവക്കും ലഭിക്കുന്നതിനുവേണ്ടി ഞാൻ പ്രാത്ഥിക്കും.

# വിവാഹം

## A. മലബാർ ക്രമത്തിൽ

### 1. പ്രാരംഭം

പുരോഹിതൻ തിരുവസ്ത്രങ്ങളണിഞ്ഞു് പള്ളിയിൽ അഴിക്കാലിനടുത്തുനില്ക്കുന്നു. വധൂവരന്മാർ പുരോഹിതനെ സമീപിക്കുന്നു. ചോദ്യം: "നിങ്ങരം എന്താഗ്രഹിക്കുന്നു?" ഉത്തരം: വിവാഹമെന്ന കൂദാശവഴി പരസ്പരം ബന്ധിതരാകുവാൻ ഞങ്ങരം ആഗ്രഹിക്കുന്നു." പുരോഹിതൻ അവക്കു ദൈവാനുഗ്രഹം ആശംസിക്കുന്നു.

പുരോഹിതൻ: പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ.

സമൂഹം: ആമ്മേൻ.

പുരോഹിതൻ: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. തുടന്നു്, "സ്വഗ്ഗസ്ഥനായ പിതാവേ," എന്ന ജപം സമൂഹമൊന്നിച്ചു ചൊല്ലുന്നു; അതിനുശേഷം 45—ാം സങ്കീത്തനവും.

സമീപത്തുള്ള മേശയിൽ വച്ചിരിക്കുന്ന മെഴുകുതിരി (നിലവിളക്കു) കത്തിച്ചുകൊണ്ടു് പുരോഹിതൻ 'ഞാൻ ലോകത്തിൻെറ പ്രകാശമാകുന്നു' എന്നു ക്രിസ്തുവിൻെറ നാമത്തിൽ പറയുന്നു. തുടന്നു് മിശിഹാക്കു് ആരാധന സമർപ്പിക്കുന്ന "സകലത്തിൻേറയും നാഥാ" എന്ന പ്രാത്ഥനയും ത്രൈശുദ്ധകീത്തനവും ചൊല്ലുന്നു. ദൈവവചനം മനസ്സിനേയും ബുദ്ധിയേയും പ്രകാശിപ്പിക്കുന്നതിനുവേണ്ടി പുരോഹിതൻ പ്രാർത്ഥിക്കുന്നു.

## 2. ലേഖനവും സുവിശേഷവും

ശുശ്രൂഷി ലേഖനം വായിക്കുന്നു. വിശുദ്ധ പൗലോസ്ശ്ലീഹാ എഫേസൂസ്കാക്കു് എഴുതിയ ലേഖനം 5:22–30.

പുരോഹിതൻ സമാധാനാശംസയോടെ സുവിശേഷം വായിക്കുന്നു: മത്തായി 19:3–6

## 3. സ്വീകരണം (വിവാഹകമ്മം)

പുരോഹിതൻ: (വരൻെറ പേരുവിളിച്ചുകൊണ്ടു്) "മിശിഹായുടെ നിയമവും തിരുസ്സഭയുടെ നടപടിയുമനുസരിച്ചു് സ്വതന്ത്രമായ മനസ്സോടും പൂണ്ണമായ സമ്മതത്തോടുംകൂടെ (വധുവിൻെറ പേരു്)–യെ നിൻെറ ഭാര്യയായി നീ സ്വീകരിക്കുന്നുവോ?"

വരൻ: സ്വീകരിക്കുന്നു.

ഇപ്രകാരം വധുവിനോടും വരനെ സ്വീകരിക്കുന്നുവോ എന്നു ചോദിക്കയും അവരം സ്വീകരിക്കുന്നു എന്നുത്തരം പറയുകയും ചെയ്യുന്നു.





സാക്ഷികളോടു പുരോഹിതൻ: "നിങ്ങരം ഇതിനു സാക്ഷികളാണല്ലോ?" എന്നു ചോദിക്കുമ്പോരം "അതെ" എന്നവർ മറുപടി പറയുന്നു.

വധൂവരന്മാർ പരസ്പരം വലതുകരം ഗ്രഹിക്കുന്നു. "....നമ്മുടെ കത്താവീശോമിശിഹാ വിവാഹത്താൽ നിങ്ങളെ ബന്ധിക്കയും സ്വഗ്ഗീയവരങ്ങരം നല്കി നിങ്ങളെ അനുഗ്രഹിക്കയും ചെയ്യട്ടെ" എന്നു പറഞ്ഞു പുരോഹിതൻ അവരെ ആശീവ്വദിക്കുന്നു. വധൂവരന്മാർ 'ആമ്മേൻ' എന്നുത്തരം പറയുന്നു.

## 4. താലികെട്ടും മന്ത്രകോടിയണിയിക്കലും

പുരോഹിതൻ താലിയും മന്ത്രകോടിയും വെഞ്ചെരിക്കു

ന്നു. പുരോഹിതന്റെ കൈയിൽനിന്നു വരൻ താലിവാങ്ങി വധുവിന്റെ കഴുത്തിൽ കെട്ടുന്നു. കൊന്തയോ മോതിരമോ മാലയോ അണിയിക്കുന്ന പതിവുണ്ടെങ്കിൽ ഈ സമയത്താണ് അതു ചെയ്യുക. പിന്നീടു പുരോഹിതൻ മന്ത്രകോടി വരനെ ഏല്പിക്കുന്നു. വരൻ അതു വധുവിനെ അണിയിക്കുന്നു.

## 5. പ്രതിജ്ഞ

തുടന്നു പുരോഹിതൻ പിടിച്ചുകൊടുക്കുന്ന വേദപുസ്തകത്തിൽ തൊട്ടുകൊണ്ട് വധൂവരന്മാർ പ്രതിജ്ഞാവാചകം ഉച്ചരിക്കുന്നു: 'ഇന്നു മുതൽ മരണംവരെ....പരസ്പരസ്നേഹത്തോടും വിശ്വസ്തതയോടുംകൂടെ ....ജീവിച്ചുകൊള്ളാമെന്ന് ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു....'

## 6. സമൂഹപ്രാർത്ഥന

അനന്തരം, "കർത്താവേ, ഈ ദമ്പതിമാരെ അനുഗ്രഹിക്കണമേ" എന്നാവർത്തിക്കുന്ന പ്രാർത്ഥന (കാറോസൂസ) സമൂഹം ചൊല്ലുന്നു. ശുശ്രൂഷകൻ അതിനു നേതൃത്വം നൽകുന്നു. പിന്നീടു പുരോഹിതൻ വധൂവരന്മാരുടെ നേരെ കൈ നീട്ടിപ്പിടിച്ച് ആശീർവ്വാദപ്രാർത്ഥന ചൊല്ലുന്നു.

കുർബാനയുണ്ടെങ്കിൽ വിശ്വാസപ്രമാണത്തിനു മുമ്പുള്ള പ്രാർത്ഥനമുതൽ തുടരുന്നു. കാഴ്ചവയ്പിനുമുമ്പ് പുരോഹിതൻ "ലോകം മുഴുവൻ കർത്താവിനെ സ്തുതിക്കട്ടെ" എന്നാണു പറയുക, "വരുവിൻ, നമുക്കു കർത്താവിനെ വാഴ്ത്താം" എന്നതിനു പകരം.



## 7. സമാപനാശീർവ്വാദം

കുർബാനയുണ്ടെങ്കിൽ അതിലെ സമാപനാശീർവ്വാദത്തിനു പകരമാണിതുചൊല്ലുക. "അനന്തമായ സ്നേഹത്താൽ മനുഷ്യനെസൃഷ്ടിക്കുകയും ജീവിതസഖിയെ നൽകി സൃഷ്ടികർമ്മത്തിൽ അവനെ പങ്കാളിയാക്കുകയും ചെയ്ത കാരുണ്യവാനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ....നവദമ്പതിമാരായ നി

ങ്ങളേയും ഇന്നത്തെ തിരുക്കർമ്മങ്ങളിൽ പങ്കെടുത്തവരെല്ലാവരേയും ദൈവം ആശീർവ്വദിക്കട്ടെ. ഇപ്പോഴും✠എപ്പോഴും എന്നേയ്ക്കും" എന്നു പറഞ്ഞു പുരോഹിതൻ ആശീർവ്വദിക്കുന്നു. സമൂഹം 'ആമ്മേൻ' എന്നു പ്രതിവചിക്കുന്നു.

# വിവാഹം

## B. ലത്തീൻ ക്രമത്തിൽ

### 1. പ്രാരംഭം

പുരോഹിതൻ സ്റ്റോളധരിച്ച് അൾത്താരയിലേക്കു വരുന്നു. അദ്ദേഹം വിവാഹത്തിനു സാക്ഷ്യം വഹിക്കുകയും വിവാഹം ആശീർവ്വദിക്കുകയും ചെയ്യേണ്ടതുണ്ട്. കുറഞ്ഞതു രണ്ടു സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ വധൂവരന്മാർ മുമ്പോട്ടുവന്നു പുരോഹിതൻെറ മുമ്പിൽ മുട്ടുകുത്തുന്നു. വൈദികൻ താഴെവരുന്ന പ്രാർത്ഥനചൊല്ലുന്നു: കർത്താവേ, ഞങ്ങളുടെ എല്ലാ പ്രാർത്ഥനകളും പ്രവൃത്തികളും എപ്പോഴും അങ്ങയിൽനിന്നു സമാരംഭിച്ച് അങ്ങുവഴി സമാപിക്കാൻ ഇടയാക്കേണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ.

### 2. ഉപദേശം

പുരോഹിതൻ വധൂവരന്മാർക്ക് ഉപദേശം നൽകുന്നു. സംഗ്രഹമിതാണ്: പ്രിയപ്പെട്ടവരേ, ഏററം പരിശുദ്ധവും ഏററം ഗൗരവാവഹവും ദൈവത്താൽത്തന്നെ സ്ഥാപിക്കപ്പെട്ടതുമായ ഒരു ബന്ധത്തിലേർപ്പെടാൻ പോവുകയാണു നിങ്ങൾ. ഇതുവഴി ദൈവം മനുഷ്യവംശത്തെ നിലനിർത്തിക്കൊണ്ടുപോകാനുള്ള തൻെറ കഴിവിൽ മനുഷ്യരേയും ഭാഗഭാക്കാക്കുന്നു. ഇങ്ങനെ മാനുഷികസ്നേഹം പവിത്രീകൃതമാവുകയും ദൈവത്തിൻെറ പൈതൃകമായ സംരക്ഷണയിൻ കീഴ് ദൈവമക്കളായി ജീവിക്കുന്നതിനു പരസ്പരം സഹായിക്കാൻ സ്ത്രീപുരുഷന്മാർ ശക്തി പ്രാപിക്കുകയും ചെയ്യുന്നു.

## 3. സമ്മതവും വാഗ്ദാനവും

പുരോഹിതൻ വരനോട്:

(പേര്), നമ്മുടെ മാതാവായ സഭയുടെ ക്രമമനുസരിച്ച് ഈ നിൽക്കുന്ന (പേര്)നിയമപ്രകാരമുള്ള ഭാര്യയായി സ്വീകരിപ്പാൻ സമ്മതമാണോ?

വരൻ: സമ്മതമാണ്.

പുരോഹിതൻ വധുവിനോട്:

(പേര്), നമ്മുടെ മാതാവായ സഭയുടെ ക്രമമനുസരിച്ച് ഈ നിൽക്കുന്ന (പേര്)നിയമപ്രകാരമുള്ള ഭർത്താവായി സ്വീകരിപ്പാൻ സമ്മതമാണോ?

വധു: സമ്മതമാണ്.

വധൂവരന്മാർ പരസ്പരം വലതുകരം ഗ്രഹിക്കാൻ പുരോഹിതൻ ആവശ്യപ്പെടുന്നു. പുരോഹിതൻ സ്റ്റോളയുടെ അററം അവരുടെ കൈകളിൽ വളച്ചിടുന്നു. അനന്തരം, പുരോഹിതൻ വിവാഹവാഗ്ദാനം ചൊല്ലിക്കൊടുക്കുന്നു. ആദ്യം വരനും പിന്നീട് വധുവും അത് ആവത്തിച്ചുചൊല്ലുന്നു: ഞാൻ ഈ നിമിഷം മുതൽ മരണം നമ്മെ വേർപെടുത്തുംവരെ, സന്തോഷത്തിലും സന്താപത്തിലും, സമ്പത്തിലും ദാരിദ്ര്യത്തിലും, ആരോഗ്യത്തിലും അനാരോഗ്യത്തിലും ഒന്നിച്ചുജീവിക്കുവാൻ നിങ്ങളെ നിയമപ്രകാരമുള്ള എൻെറ ഭാര്യയായി (ഭർത്താവായി)സ്വീകരിച്ചിരിക്കുന്നു.

പുരോഹിതൻ: പിതാവിൻേറയും ✠ പുത്രൻേറയും ✠ പരിശുദ്ധാത്മാവിൻേറയും ✠ നാമത്തിൽ നിങ്ങളെ ഞാൻ വിവാഹത്തിൽ സംയോജിപ്പിക്കുന്നു.

ഉത്തരം: ആമ്മേൻ.

പുരോഹിതൻ: ഇവിടെ സന്നിഹിതരായിരിക്കുന്ന നിങ്ങൾ ഞാനിപ്പോൾ ആശീർവ്വദിച്ച പരിശുദ്ധമായ ഈ ഉടമ്പടിക്കു സാക്ഷികളാണല്ലോ. ദൈവം സംയോജിപ്പിച്ചതു മനുഷ്യൻ വിയോജിപ്പിക്കാതിരിക്കട്ടെ.

## 4. താലി (മോതിരം) ആശീർവ്വദിക്കലും അണിയിക്കലും

പുരോഹിതൻ: (താലിയോ മോതിരമോ ആശീർവ്വദിക്കുമ്പോൾ) 'ദൈവമേ അങ്ങയുടെ നാമത്തിൽ ഞങ്ങൾ ആശീർവ്വദിക്കുന്ന ഈ താലി (മോതിരം) അങ്ങ് ആശീർവ്വദിച്ചരുളേണമേ. ഇതു ധരി

ക്കുന്നവർ [മോതിരമാണെങ്കിൽ], പരസ്പരം പരിപൂർണ്ണവിശ്വസ്തത പാലിച്ച്, അങ്ങയുടെ സമാധാനത്തിൽ നിലനിൽക്കുകയും അങ്ങയുടെ തിരുവുള്ളം നിറവേററുകയും പരസ്പരസ്നേഹത്തിൽ എന്നും ജീവിക്കുകയും ചെയ്യുമാറാകട്ടെ. ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി.'

ഉത്തരം: ആമ്മേൻ.

വരൻ: (താലിയോ മോതിരമോ വധുവിനെ അണിയിച്ചുകൊണ്ട്) പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ നമ്മുടെ വിശ്വസ്തതയുടെ ലക്ഷ്യമായി ഈ താലി (മോതിരം) ധരിച്ചുകൊള്ളുക.

മോതിരമാണു കൈമാറുന്നതെങ്കിൽ വധുവും ഇതാവർത്തിക്കുന്നു.

## 5. നന്മവരട്ടെ

തുടർന്ന് നവവധൂവരന്മാരുടെ ആധ്യാത്മികവും ഭൗതികവുമായ എല്ലാ നന്മകൾക്കുമായി പുരോഹിതൻ പ്രാർത്ഥിക്കുന്നു. അദ്ദേഹം നവവധൂവരന്മാരുടെമേൽ കൈ ഉയർത്തിപ്പിടിച്ചുകൊണ്ടു ചൊല്ലുന്നു: സർവ്വശക്തനായ ദൈവം നിങ്ങളെ....അനുഗ്രഹിക്കട്ടെ. നിർമ്മലമായ സ്നേഹത്തിൻെറ സുസ്ഥിരബന്ധത്തിൽ നിങ്ങളുടെ ഹൃദയങ്ങളെ ഏകീകരിക്കുകയും ചെയ്യട്ടെ. സന്താനങ്ങളിൽ നിങ്ങൾ അനുഗൃഹീതരാവട്ടെ. അവരിൽ നിങ്ങൾ ചൊരിയുന്ന സ്നേഹം നൂറുമടങ്ങായി നിങ്ങൾക്കു തിരിച്ചുലഭിക്കട്ടെ....ക്രിസ്തുവിൻെറ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിലും കുടുംബത്തിലും എപ്പോഴും കുടികൊള്ളട്ടെ........ ആമ്മേൻ.

# വിവാഹം

## C. മലങ്കര ക്രമത്തിൽ

### പ്രാരംഭം

മദ്ബഹായുടെ മുമ്പാകെ ബലിപീഠത്തിങ്കലേയ്ക്കു നോക്കിക്കൊണ്ടു വധൂവരന്മാർ നിൽക്കുന്നു. വരൻെറ വലത്തുവശത്താണു വധു. വിവാഹം ആശീർവ്വദിക്കുന്ന വൈദികനും ശേഷം

വൈദികരും ശുശ്രൂഷകരും താന്താങ്ങളുടേതായ അംഗവസ്ത്രങ്ങൾ ധരിച്ചുകൊണ്ടാണ് വിവാഹശുശ്രൂഷയിൽ പങ്കെടുക്കുന്നത്. വിവാഹത്തിനുള്ള ശുശ്രൂഷക്രമത്തിൽ രണ്ടുഭാഗങ്ങൾ അടങ്ങിയിരിക്കുന്നു: 1. മോതിരം വാഴ്‌വിന്റെ ക്രമം, 2. കിരീടം വാഴ്‌വിന്റെ ക്രമം.

## 1. മോതിരംവാഴ്‌വിന്റെ ക്രമം

മോതിരം വാഴ്‌വിന്റെ ക്രമം യഥാർത്ഥത്തിൽ വിവാഹവാഗ്ദാനത്തിന്റെ ക്രമമാണ്. പ്രാരംഭപ്രാർത്ഥനകഴിഞ്ഞു വൈദികൻ വധൂവരന്മാരുടെ മനസ്സമ്മതം ചോദിക്കുന്നു. അതിനുശേഷം 51–ാം മസുമൂറചൊല്ലുന്നു. അനന്തരം, ഒരു ഗാനമാലപിച്ചുകൊണ്ട് വധൂവരന്മാരെ ആശീർവ്വദിക്കുന്നു. കുക്കിലിയോൻ കഴിഞ്ഞു പ്രൂമിയോൻ, സെദറാ ഇവ ചൊല്ലുന്നു. സെദറാ വായനസമയത്ത് വൈദികൻ മോതിരങ്ങളാശീർവ്വദിക്കുന്നു. 'എത്രോ'യുംകഴിഞ്ഞു മോതിരങ്ങൾ താഴെപ്പറയുന്ന പ്രാത്ഥനചൊല്ലി മൂന്നുപ്രാവശ്യം കുരിശുവരച്ച് ആശീർവ്വദിക്കുന്നു. "പിതാവിന്റേയും പുത്രന്റേയും വിശുദ്ധ റൂഹായുടേയും തിരുനാമത്തിൽ വിശുദ്ധസഭയുടെ മക്കളുടെ സന്തോഷപൂർണ്ണതയ്ക്കായി ഈ മോതിരങ്ങൾ വാഴ്ത്തപ്പെട്ടിരിക്കുന്നു. ആമ്മീൻ."

പിന്നീട് വരനേയും വധുവിനേയും മോതിരങ്ങളണിയിക്കുന്നു. അതിനുശേഷമുള്ള ഗാനങ്ങൾ ചൊല്ലി ഹുത്തോമപ്രാത്ഥനയും നടത്തി കൗമായുംചൊല്ലി മോതിരം വാഴ്‌വിന്റെ ശുശ്രൂഷ അവസാനിപ്പിക്കുന്നു.

## 2. കിരീടംവാഴ്‌വിന്റെ ക്രമം

പ്രാരംഭപ്രാർത്ഥന, 51–ാം മസുമൂറാ, വധൂവരന്മാരെ ആശീർവ്വദിച്ചുകൊണ്ടുള്ള ഗീതം, കുക്കിലിയോൻ മുതലായ പ്രാത്ഥനകൾ കഴിഞ്ഞ്, പ്രൂമിയോൻ, സെദറാ, എത്രോ മുതലായ പരിഹാരപ്രാർത്ഥനകൾ നടത്തുന്നു. അതിനുശേഷം "പൗലോസ് ശ്ലീഹാ" എന്ന ഗാനം ചൊല്ലി, എഫേസൂസ്കാക്കുള്ള ലേഖനം [5:20-33] വായിക്കുന്നു. അനന്തരം, പട്ടക്കാരൻ വി. മത്തായി എഴുതിയ സുവിശേഷം [19:1–16] വായിക്കുന്നു. വായനകഴിഞ്ഞു താഴെപ്പറയുന്ന കൂദാശവചനംചൊല്ലി കിരീടം വാഴ്ത്തുന്നു: "ഈ കിരീടങ്ങളും ഇവ വയ്ക്കപ്പെടുന്ന ശിരസ്സുകളും പിതാവിന്റേയും പുത്രന്റേയും വിശുദ്ധ റൂഹായുടേയും തിരുനാമത്തിൽ എന്നേയ്ക്കും വാഴ്ത്തപ്പെട്ടിരിക്കുന്നു." അനന്തരം, ഗാനങ്ങളാലപിച്ച് ആഘോഷപൂർവ്വം കിരീടം വധൂവരന്മാരുടെ ശി

രസ്സിന്മേൽ വയ്ക്കുന്നു. പിന്നീട്, ഇന്ത്യയിലെ പൂർവ്വികാചാരപ്രകാരം വധുവിൻെറ കഴുത്തിൽ വരൻ, വൈദികനാശീർവ്വദിച്ചുകൊടുത്ത കുരിശ്ശ് [മിന്ന്]കെട്ടുന്നു. വൈദികൻ മന്ത്രകോടി വരനെ ഏല്പിക്കുന്നു. വരൻ അതു നിവർത്തി വധുവിൻെറ ശിരസ്സിൽ ധരിപ്പിക്കുന്നു. അതിനുശേഷം വധൂവരന്മാരെ ആശീർവ്വദിക്കുന്നതിനുള്ള ഗീതംചൊല്ലി ആശീർവ്വാദം നൽകുന്നു. പിന്നീട്, ഹൃത്തോമപ്രാർത്ഥന ചൊല്ലി, (പകതിയാകുമ്പോൾ) വധൂവരന്മാരെ തമ്മിൽത്തമ്മിൽ ഭരമേല്പിക്കുന്നു. അതിനുശേഷം വിശ്വാസപ്രമാണം, ബസ്മൽക്കേ മുതലായ പ്രാർത്ഥനകൾചൊല്ലി വിവാഹത്തിൻെറ ശുശ്രൂഷ അവസാനിപ്പിക്കുന്നു.



# 18

# കൂദാശകളിലൂടെ



പ്രസാദവരം നമുക്കു നൽകുകയോ നമ്മിൽ വർദ്ധിപ്പിക്കുകയോ ചെയ്യുന്ന ക്രിസ്തുവിൻെറ പ്രവൃത്തികളാകുന്നു കൂദാശകൾ. അവ ക്രിസ്തുവിൻെറ ജീവദായകമായ പ്രവർത്തനങ്ങൾ നമുക്കു മനസ്സിലാക്കിത്തരുന്ന ബാഹ്യമായ അടയാളങ്ങളാണ്. ഈ അടയാളങ്ങൾ പ്രസാദവരത്തെ സൂചിപ്പിക്കുകയും നൽകുകയും ചെയ്യുന്നു. അവ ക്രിസ്തുവിനോടു നമ്മെ ഐക്യപ്പെടുത്തുന്നു.

ക്രിസ്തു ഏഴു കൂദാശകൾ സ്ഥാപിച്ചിട്ടുണ്ടെന്നു തിരുസ്സഭ നമ്മെ പഠിപ്പിക്കുന്നു. ഓരോ കൂദാശയും നൽകുമ്പോൾ ഉപയോഗിക്കേണ്ട വസ്തുക്കളും വാക്കുകളും ക്രിസ്തുവിൻെറ നേതൃത്വത്തിൽ സഭ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഓരോ കൂദാശയും നമുക്കു ശുദ്ധീകരണപ്രസാദവരം നൽകുകയോ അതു നമ്മിൽ വർദ്ധിപ്പിക്കുകയോ ചെയ്യുന്നു. ഈ വലിയ ദാനത്തിനുപുറമേ, ഓരോ കൂദാശയും ഏതുദ്ദേശ്യത്തിനായി സ്ഥാപിച്ചിരിക്കുന്നുവോ ആ ഉദ്ദേശ്യം സാധിക്കുവാൻ സഹായിക്കുന്ന പ്രത്യേക പ്രസാദവരവും ഓരോ കൂദാശയിലും ക്രിസ്തു നമുക്കു നൽകുന്നു.

| കൂദാശ | ബാഹ്യപ്രവർത്തനവും വാക്കുകളും | | ക്രിസ്തുവിൻെറ അദൃശ്യപ്രവർത്തനം |
|---|---|---|---|
| മാമ്മോദീസ | ജലം ഒഴിക്കുന്നു. | പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ നിന്നെ ഞാൻ മാമ്മോദീസ മുക്കുന്നു. | ക്രിസ്തു ദൈവിക ജീവൻ നൽകുന്നു. നമ്മെ ദൈവത്തിൻെറ മക്കളും അവിടുത്തെ ശരീരമാകുന്ന തിരുസ്സഭയിലെ അംഗങ്ങളുമാക്കുന്നു. ജന്മപാപവും, കർമ്മപാപമുണ്ടെങ്കിൽ അതും നീക്കുന്നു. |
| സ്ഥൈര്യലേപനം | സൈത്തു പൂശുന്നു. | പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ നിന്നെ ഞാൻ കുരിശിൻെറ ചിഹ്നത്താൽ അടയാളപ്പെടുത്തുകയും രക്ഷയുടെ ലേപനംകൊണ്ടു സ്ഥൈര്യപ്പെടുത്തുകയും ചെയ്യുന്നു. | നമ്മിലുള്ള ദൈവിക ജീവൻ കൂടുതൽ പൂർണ്ണത പ്രാപിക്കുന്നു. പരിശുദ്ധാത്മാവിനെ പ്രത്യേക രീതിയിൽ സ്വീകരിക്കുന്നു. തന്മൂലം, നാം പക്വതയുള്ള ക്രിസ്ത്യാനികളായിത്തീരുന്നു; അതുപോലെ, ക്രിസ്തുവിൻെറ സഹപ്രവർത്തകരും വിശ്വാസത്തിനു സാക്ഷികളും. |
| പരിശുദ്ധ കുർബാന | അപ്പവും വീഞ്ഞും കൂദാശ ചെയ്യുന്നു. | "ഇതു് എൻെറ ശരീരമാകുന്നു." "ഇതു് എൻെറ രക്തമാകുന്നു." | ക്രിസ്തു നമ്മുടെ മുമ്പിൽ കുരിശിലെ ബലി സന്നിഹിതമാക്കുന്നു. നാം ക്രിസ്തുവിനെ പിതാവിനു സമർപ്പിക്കുന്നു. പരിശുദ്ധ കുർബാനസ്വീകരണംവഴി അവിടുന്നു തന്നെത്തന്നെ നമ്മുടെ ആത്മാവിൻെറ ഭക്ഷണമായിത്തരുന്നു. |

DHARMARAM COLLEGE LIBRARY, BANGALORE. 34025

| കൂദാശ | ബാഹ്യപ്രവൎത്തനവും വാക്കുകളും | | ക്രിസ്തുവിൻെറ അദൃശ്യ പ്രവൎത്തനം |
| --- | --- | --- | --- |
| കമ്പസാരം | നാം പാപം ഏററുപറയുന്നു. പുരോഹിതൻ പാപമോചനം നൽകുന്നു. | പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ നിൻെറ പാപങ്ങരം ഞാൻ മോചിക്കുന്നു. | മാരകപാപം മൂലം ദൈവികജീവൻ നഷ്ടമായിട്ടുണ്ടെങ്കിൽ അതു വീണ്ടും നൽകുന്നു. പ്രലോഭനങ്ങളെ നേരിടുവാൻ ശക്തി ലഭിക്കുന്നു. പ്രസാദവരജീവന്നു് അഭിവൃദ്ധിയുണ്ടാകുന്നു. |
| രോഗീലേപനം | സൈത്തു പൂശുന്നു. | പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിലുള്ള ഈ തൈലാഭിഷേകംവഴി കൎത്താവു നിനക്കു കുററങ്ങരംക്കെല്ലാം മാപ്പുതരട്ടെ. | ക്രിസ്തു രോഗിയെ ആശ്വസിപ്പിക്കുന്നു. പാപപ്പൊറുതി നൽകുന്നു. പാപത്തിനുള്ള ശിക്ഷ കുറയ്ക്കുന്നു. നിത്യരക്ഷയ്ക്കുപകരിക്കുമെങ്കിൽ ആരോഗ്യം തിരികെക്കൊടുക്കുന്നു. |
| തിരുപ്പട്ടം | | നിശ്ചിത വാക്കുകരം ഉച്ചരിച്ചുകൊണ്ടു് മെത്രാൻ പട്ടമേല്ക്കാനുള്ള ആളിൻെറ തലയിൽ കൈ വയ്ക്കുന്നു. | ക്രിസ്തു തൻെറ പൗരോഹിത്യത്തിൻെറ നിത്യമുദ്ര പതിക്കുന്നു. ബലിയൎപ്പിക്കുവാനും, പാപം മോചിക്കുവാനും, 'വിശുദ്ധീകരിക്കുവാനും പഠിപ്പിക്കുവാനും ഉള്ള അധികാരം ക്രിസ്തു നൽകുന്നു. |
| വിവാഹം | | തിരുസ്സഭാനിയമം അനുസരിച്ചുള്ള വിവാഹവാഗ്ദാനങ്ങളുടെ കൈമാററം. | വേൎപിരിയാൻ പാടില്ലാത്ത രീതിയിൽ വധൂവരന്മാരെ തമ്മിൽ ക്രിസ്തു യോജിപ്പിക്കുന്നു; കടമകരം നിൎവ്വഹിക്കാൻ വേണ്ട പ്രസാദവരം നൽകുന്നു. |

ശരിയായ രീതിയിൽ യോഗ്യതാപൂർവ്വം കൂദാശകൾ സ്വീകരിക്കുമ്പോൾ നമുക്കു ദൈവികജീവൻ (പ്രസാദവരം) ലഭിക്കുകയോ അതിൽ വർദ്ധനവ് ഉണ്ടാവുകയോ ചെയ്യുന്നു. കൂദാശ സ്വീകരിക്കുമ്പോൾ നമുക്കുള്ള വിശ്വാസവും സ്നേഹവും അനുസരിച്ചു നമ്മിൽ ദൈവിക ജീവൻ വർദ്ധിക്കുന്നു.

ദൈവികജീവൻ പ്രഥമത: നൽകുന്നതിനോ പാപംമൂലം നഷ്ടപ്പെട്ട ദൈവികജീവൻ വീണ്ടും നൽകുന്നതിനോ ആകുന്നു മാമ്മോദീസയും അനുതാപത്തിന്റെ കൂദാശയും (കുമ്പസാരവും) സ്ഥാപിച്ചിരിക്കുന്നത്. തന്മൂലം, ഈ കൂദാശകൾ 'മരിച്ചവരുടെ കൂദാശകൾ' എന്നും പറയപ്പെടുന്നു.

മററു കൂദാശകൾ സ്ഥാപിച്ചിരിക്കുന്നത്, നമ്മിലുള്ള ദൈവിക ജീവൻ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ്. ക്രിസ്തുവിനെപ്പോലെ ആകുവാൻ വിശേഷാനുഗ്രഹവും ഈ കൂദാശകൾ നൽകുന്നു. തന്മൂലം, ഇവയെ 'ജീവിക്കുന്നവരുടെ കൂദാശകൾ' എന്നു വിളിക്കുന്നു.

ജ്ഞാനസ്നാനം, സ്ഥൈര്യലേപനം, തിരുപ്പട്ടം ഇവ ഒരിക്കൽ മാത്രമേ സ്വീകരിക്കാൻ പാടുള്ളൂ. എന്തുകൊണ്ടെന്നാൽ, ഒരിക്കലും മായാത്ത മുദ്ര ഈ കൂദാശകൾ ആത്മാവിൽ പതിക്കുന്നു.

## ഓർമ്മിക്കാൻ

"ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവനു പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല. ഞാൻ നൽകുന്ന ജലം മനുഷ്യനെ നിത്യായുസ്സിലേക്കു നയിക്കുന്ന നീർച്ചാലായിരിക്കും" (യോഹ. 4: 14).

1. കൂദാശ എന്നാൽ എന്ത്?
2. കൂദാശകൾ എപ്പോഴും പ്രസാദവരം നൽകുന്നുണ്ടോ?
3. നമ്മുടെ ജീവിതത്തിൽ കൂദാശകൾക്ക് വളരെ പ്രാധാന്യമുണ്ട്. കാരണമെന്ത്?
4. കൂദാശകൾ എത്ര? ഏതെല്ലാം?

## കൂദാശാനുകരണങ്ങൾ

തിരുസ്സഭയിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഉണ്ട്. അനുദിന ജീവിതത്തിൽ നമുക്കാവശ്യകമായ വസ്തുക്കൾ പലതും തിരുസ്സഭ ആശീർവ്വദിക്കുന്നു. വിശുദ്ധമായി ജീവിക്കുവാനും നാം സ്വർഗ്ഗരാജ്യത്തിലെ പൗരന്മാരാണെന്നു് ഓർമ്മിക്കുവാനും ഇവ നമ്മെ സഹായിക്കുന്നു. ഈ വസ്തുക്കളെയാണ് 'കൂദാശാനുകരണങ്ങൾ' എന്നു പറയുന്നത്.

കൂദാശാനുകരണങ്ങൾ പ്രസാദവരം നൽകുന്നില്ല. എന്നാൽ, ഓരോ കൂദാശയും കൂടുതൽ യോഗ്യതയോടെ സ്വീകരിക്കുവാൻ ഇവ നമ്മെ ഒരുക്കുന്നു. സാധാരണമായി നാം ഉപയോഗിക്കാറുള്ള കൂദാശാനുകരണങ്ങൾ വിശുദ്ധജലം, കുരിശുരൂപം, ആശീർവ്വദിച്ച തിരി, ആശീർവ്വദിച്ച ചാരം, കുരുത്തോല, കൊന്ത, വെന്തിങ്ങ, ഭക്തരൂപങ്ങൾ മുതലായവയാണ്.

## പ്രവർത്തിക്കാൻ

കൂദാശകൾ സ്വീകരിക്കാൻ ഞാൻ ശ്രദ്ധാപൂർവ്വം ഒരുങ്ങും. തിരുവസ്തുക്കളെ ആദരിക്കുവാൻ കൂടുതൽ ജാഗ്രതകത പാലിക്കും.



# 19


# പുണ്യവാന്മാരുടെ ഐക്യം



"സകല ജനതകളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലുംനിന്നുള്ളവർ വെള്ളവസ്ത്രം ധരിച്ചും കുരുത്തോല കൈയിൽ പിടിച്ചും സിംഹാസനത്തിനും, കുഞ്ഞാടിനും മുമ്പിൽ നില്ക്കുന്നതു ഞാൻ കണ്ടു. ആർക്കും എണ്ണിത്തിട്ടപ്പെടുത്തുവാൻ കഴിയാത്തവിധം അത്ര വലിയ ജനക്കൂട്ടമായിരുന്ന അതു്" (വെളിപാടു് 7: 9).



"മരിച്ചവർ പാപമാലിന്യങ്ങളിൽനിന്നു വിമുക്തരാകുന്നതിനു വേണ്ടി പ്രാർത്ഥിക്കുന്നതു്, പരിപാവനവും രക്ഷാകരവുമായ പ്രവൃത്തിയാണു്" (2 മക്കബായർ 12: 14).



"ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളും ആകുന്നു. ഒരുവൻ എന്നിലും, ഞാൻ അവനിലും വസിക്കുന്നപക്ഷം അവൻ ധാരാളം ഫലം പുറപ്പെടുവിക്കും. എന്നെക്കൂടാതെ നിങ്ങൾക്കു് ഒന്നും ചെയ്യുക സാധ്യമല്ല. എന്നിൽ വസിക്കാത്തവൻ വെട്ടിനീക്കപ്പെട്ട കൊമ്പു പോലെ വാടിവരണ്ടുപോകും. അതു തീയിൽ ഇടപ്പെടുകയും കത്തിദഹിച്ചുപോവുകയും ചെയ്യും....നിങ്ങൾ ധാരാളം ഫലം വഹിക്കുകയും എൻെറ ശിഷ്യന്മാരായിരിക്കുകയും ചെയ്യുന്നതിൽ എൻെറ പിതാവു മഹത്വപ്പെടുന്നു....നിങ്ങൾ എൻെറ സ്നേഹത്തിൽ വസിക്കുവിൻ. നിങ്ങൾ എൻെറ കല്പനകൾ പാലിച്ചാൽ എൻെറ സ്നേഹത്തിൽ നിലനില്ക്കും"

(യോഹ. 15: 5-10).



മുന്തിരിച്ചെടിയും ശാഖകളും തമ്മിലുള്ളതുപോലെ വളരെ അടുത്ത ബന്ധമാണ്, നാമും ക്രിസ്തുവും തമ്മിലുള്ളത്. ക്രിസ്തുവിനെക്കൂടാതെ ഒന്നുംചെയ്യാൻ നമുക്കു കഴിവില്ല. ക്രിസ്തുവുമായി യോജിച്ചുകൊണ്ടു നാം തിരുസ്സഭയാകുന്ന വലിയ കുടുംബത്തിലെ അംഗങ്ങളായിത്തീരുന്നു. ഈ ലോകത്തിലെ വിശ്വാസികളും, ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കളും, സ്വർഗ്ഗത്തിലെ വിശുദ്ധരും ഈ വലിയ കുടുംബത്തിലെ അംഗങ്ങളാണ്.

ഭൂമിയിലുള്ള വിശ്വസ്തരായ ആത്മാക്കൾ സ്വർഗ്ഗത്തിലേയ്ക്കുള്ള വഴിയിലാണ്. അവർ ആത്മാവിൻെറ ശത്രുക്കളുമായി യുദ്ധത്തിലേപ്പെട്ടിരിക്കുകയാണ്. നിത്യജീവൻ പ്രാപിക്കുന്നതിനായി അവർ ക്രിസ്തുവുമൊന്നിച്ചു യുദ്ധംചെയ്യുന്നു. തന്മൂലം, ഇപ്പറഞ്ഞവർ 'സമരസഭ'യിലെ അംഗങ്ങളാണ്.

ശുദ്ധീകരസ്ഥലത്തിലെ ആത്മാക്കൾ പ്രസാദവരസ്ഥിതിയിൽ മരിച്ചവരാണ്. അവർ യുദ്ധത്തിൽ വിജയിച്ചു; എന്നാൽ, പാപത്തിനുള്ള കടങ്ങൾ അവരിൽ അവശേഷിച്ചു. അവർ സഹനത്താൽ ആ കടങ്ങൾ പരിഹരിച്ചു വിശുദ്ധീകരിക്കപ്പെടുന്നതുവരെ അവിടെയായിരിക്കും. അതിനുശേഷം അവർ സ്വർഗ്ഗത്തിലേക്കു പ്രവേശിക്കുന്നു. ഇപ്പറഞ്ഞവരെ 'സഹനസഭ'യെന്നു വിളിക്കുന്നു.

ദൈവപ്രമാണങ്ങൾ വിശ്വസ്തതാപൂർവ്വം പാലിച്ചവരാണു സ്വർഗ്ഗത്തിലുള്ളവർ. ഇപ്പോൾ അവർ ക്രിസ്തുവിൻെറ വിജയത്തിൽ പങ്കാളികളാണ്. ഇപ്പറഞ്ഞവരെ 'വിജയസഭ'യെന്നു പറയുന്നു.

സമരസഭയിലേയും സഹനസഭയിലേയും വിജയസഭയിലേയും അംഗങ്ങൾ തമ്മിൽ അടുത്ത ബന്ധമുണ്ട്. ഈ ബന്ധത്തെയാണ് 'പുണ്യവാന്മാരുടെ ഐക്യം' എന്നു പറയുന്നത്.

പുണ്യവാന്മാരുടെ ഐക്യംവഴി എല്ലാ അംഗങ്ങളും ക്രിസ്തുവിൽ ഒന്നായിത്തീരുന്നു. തന്മൂലം, എല്ലാവരും ഒരേ ദൈവികജീവനിലും ആദ്ധ്യാത്മികനന്മയിലും പങ്കുകാരാകുന്നു. ദിവ്യബലി, കുദാശകൾ, പ്രാർത്ഥന, സൽപ്രവൃത്തികൾ ഇവവഴി സമരസഭയ്ക്കു ലഭിക്കുന്ന പ്രസാദവരത്തിൽ മററുള്ളവരും ഓഹരിക്കാരാകുന്നു.

ഭൂമിയിലെ വിശ്വാസികളായ നാം പ്രാർത്ഥനയും സഹോദരസ്നേഹവുംവഴി ക്രിസ്തുവിലുള്ള നമ്മുടെ ഐക്യം പ്രകടിപ്പിക്കുന്നു. സഹനസഭയിലെ ആത്മാക്കൾക്കുവേണ്ടിയുള്ള പ്രാർത്ഥനയും മററു ഭക്ത്യഭ്യാസങ്ങളുംവഴി അവരുമായി നമ്മെ നാം ബന്ധപ്പെടുത്തുന്നു. ക്രിസ്തുവിലൂടെ നാം പ്രാപിച്ച വിശുദ്ധിനിമിത്തം സ്വർഗ്ഗവാസികളെ നാം ബഹുമാനിക്കുമ്പോൾ ആദ്ധ്യാത്മികമായി നാം അവരോട് ഒന്നായിച്ചേരുന്നു.

'പുണ്യവാന്മാരുടെ ഐക്യ'ത്തിൽ പരിശുദ്ധകന്യകാമറിയത്തിനു് ഒരു പ്രത്യേക സ്ഥാനമുണ്ടു്. കാരണം, കന്യകാമറിയം ക്രിസ്തുവിൻെറ അമ്മയാണു്. പരിശുദ്ധ കന്യകവഴിയാണു പിതാവായ ദൈവം തിരുസ്സഭയുടെ ശിരസ്സായി ക്രിസ്തുവിനെ നമുക്കു നല്കിയതു്. നമ്മുടെ ആത്മരക്ഷയ്ക്കാവശ്യമായ പ്രസാദവരം നമുക്കു ക്രിസ്തുവിൽനിന്നു ലഭിക്കുന്നതും പരിശുദ്ധജനനിവഴിയാണു്.

നാം ക്രിസ്തുവിൻെറ സഹോദരീസഹോദരന്മാരാണു്; തന്മൂലം, പരിശുദ്ധജനനി നമ്മുടേയും അമ്മയത്രേ. അവിടുന്നു് നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ജപമാലചൊല്ലിക്കൊണ്ടു പരിശുദ്ധജനനിയെ നാം സവിശേഷം ബഹുമാനിക്കുന്നു.

## ഓർമ്മിക്കാൻ

1. പുണ്യവാന്മാരുടെ ഐക്യം എന്നാലെന്തു്?
2. വിശുദ്ധരോടു നാം എന്തു പ്രാർത്ഥിക്കുന്നു?
3. പുണ്യവാന്മാരുടെ ഐക്യത്തിൽപ്പെടുന്ന അംഗങ്ങൾ ഓഹരിക്കാരാകുന്നതു് എന്തിലാണു്?
4. ജപമാല പരിശുദ്ധ കന്യകാമറിയത്തിനു് ഇഷ്ടപ്പെട്ട ഭക്തകൃത്യമാണോ? എന്തുകൊണ്ടു്?

## പ്രവർത്തിക്കാൻ

ശുദ്ധീകരാത്മാക്കളെ സഹായിക്കുന്നതിനുവേണ്ടി തിങ്കളാഴ്ചതോറും ദിവ്യബലിയിൽ ഭക്തിപൂർവ്വം ഞാൻ സംബന്ധിക്കും.

എൻെറ ആവശ്യങ്ങളിലും ആപത്തുകളിലും, ശുദ്ധീകരാത്മാക്കളുടെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കും. ക്ലേശങ്ങൾ സഹിക്കേണ്ടിവരുമ്പോൾ രക്തസാക്ഷികളെ ഞാൻ മാതൃകയായി സ്വീകരിക്കും.

# 20

# സഭാവത്സരം

"ഞാൻ ലോകത്തിൻെറ വെളിച്ചമാകുന്നു. എൻെറ പിന്നാലെ വരുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല. ജീവൻെറ വെളിച്ചം അവനുണ്ടാകും........എന്നിൽ വിശ്വസിക്കുന്നവൻ ഇരുളിൽ സ്ഥിതി ചെയ്യാതിരിക്കേണ്ടതിനു പ്രകാശമായി ഞാൻ ലോകത്തിലേയ്ക്കു വന്നിരിക്കുന്നു." (യോഹ. 8:12;12:46)

തിരുസ്സഭ ഓരോ തിരുനാളും ഓരോ പ്രത്യേക രീതിയിലാണ് ആഘോഷിക്കുന്നതു്. ഏററവും പ്രധാനമായ തിരുനാളുകൾ ക്രിസ്തുമസ്സും ഉയിർപ്പുമാണ്. ഈ രണ്ടു തിരുനാളുകളെ കേന്ദ്രീകരിച്ച് മററു തിരുനാളുകൾ നിലകൊള്ളുന്നു. അങ്ങനെ ക്രിസ്മസ്കാലം, ഉയിർപ്പുകാലം എന്നു രണ്ടു പ്രധാന കാലങ്ങളാണുള്ളതു്.

## ക്രിസ്മസ്കാലം

ആഗമനം ഒന്നാം ഞായറാഴ്ചയാണ് തിരുസ്സഭാവത്സരം ആരംഭിക്കുന്നതു്. 'ആഗമനം' എന്നു പറഞ്ഞാൽ 'ക്രിസ്തുവിൻെറ വരവു്' എന്നാണർത്ഥം. ആഗമനകാലത്തിൽ ക്രിസ്തുവിൻെറ വരവിനു് നാം ഒരുങ്ങുന്നു.

ക്രിസ്തുസ്കുർബാനയിൽ ക്രിസ്തു തൻെറ ആദ്യത്തെ വരവാകുന്ന മഹാസംഭവം നമ്മിലേയ്ക്കു സംവഹിക്കുന്നു. ലോകാവസാനമുള്ള അവിടുത്തേ രണ്ടാമത്തെ വരവിനെ നാം പ്രതീക്ഷാപൂർവ്വം മുൻകാണുകയും ചെയ്യുന്നു. താൻ രക്ഷിച്ചവരെയെല്ലാം അന്നു ക്രിസ്തു പിതാവിൻെറ രാജ്യത്തിലേക്ക് കൂട്ടിക്കൊണ്ടുപോകും.

എപ്പിഫനി (പ്രത്യക്ഷീഭവിക്കൽ, ദനഹാ) ഈ കാലഘട്ടത്തിലെ അടുത്ത തിരുനാളാണ്. ഈശോയെ രക്ഷകനായി യഹൂദർക്കു പുറമേയുള്ള എല്ലാജനതകൾക്കുംവെളിപ്പെടുത്തുകയാണ് ഈ തിരുനാൾ. രാക്കുളി, പതിമ്മൂന്നാം പെരുന്നാൾ എന്നും മററും ഇതിനു വേറെയും പേരുകളുണ്ടു്.

## ഉയിർപ്പുകാലം

ഉയിർപ്പുതിരുനാളിനു് ഏകദേശം എഴുപതുദിവസംമുമ്പാണ് എഴുപതാം ഞായർ. അന്നുമുതൽ നാം ഉയിർപ്പുതിരുനാളിനു് ഒരുങ്ങുന്നു. പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിൻേറയും കാലമാണിതു്. സുറിയാനിക്രമത്തിൽ അതു് 50-ാം ഞായറാഴ്ച ആരംഭിക്കുന്നു. ലത്തീൻ ക്രമമനുസരിച്ച് നോമ്പു് ആരംഭിക്കുന്നതു് വിഭൂതി (ചാരം)ബുധനാഴ്ചയാണ്. പിന്നീടുള്ള ദിവസങ്ങളിൽ ഉയിർപ്പുതിരുനാളിനായി

നാം പ്രത്യേകവിധം ഒരുങ്ങുന്നു. ഈ കാലഘട്ടത്തിൽ ക്രിസ്തുവിനെ അനുകരിക്കുന്നതിനു നാം കൂടുതലായി പരിശ്രമിക്കുകയും ക്രിസ്തുവിനുവേണ്ടി നാം ചെയ്ത ജീവിതസമർപ്പണം നവീകരിക്കുകയും ചെയ്യുന്നു.

നോമ്പിന്റെ അവസാനഞായറാഴ്ച കുരുത്തോല ആശീർവ്വദിക്കുന്നു. ഈ കുരുത്തോല വഹിച്ചുകൊണ്ടാണ് അന്നത്തെ പ്രദക്ഷിണത്തിൽ നാം പങ്കെടുക്കുന്നത്. ഈ പ്രദക്ഷിണം നമ്മുടെ രാജാവായ ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ ജെറൂസലംപ്രവേശത്തെ ഓർമ്മിപ്പിക്കുന്നു. അന്നുമുതൽ വിശുദ്ധവാരം ആരംഭിക്കുന്നു.

വിശുദ്ധ വാരത്തിലെ പ്രധാനദിവസങ്ങൾ പെസഹാവ്യാഴം, ദുഃഖവെള്ളി, ദുഃഖശനി ഇവയാണ്. ഈ ദിവസങ്ങളിൽ ക്രിസ്തുവിന്റെ പീഡാനുഭവവും മരണവും നാം ഓർക്കുന്നു. വിശുദ്ധ വാരത്തിലെ ദൈവാലയശുശ്രൂഷകളിൽ പങ്കെടുത്തുകൊണ്ടു നമ്മുടെ രക്ഷകന്റെ സമുദ്ധാരകവേലയിൽ നാം പങ്കുകാരാകുന്നു.

തിരുസ്സഭാവത്സരത്തിലെ ഏററം പ്രധാനതിരുനാളാണ് ഉയിർപ്പ് അല്ലെങ്കിൽ ഈസ്റ്റർ. വിജയത്തിന്റെ ഈ മഹാദിനത്തിൽ ക്രിസ്തുവിന്റെ ഉയിർപ്പാണ് നാം ആഘോഷിക്കുന്നത്. ഈ തിരുനാളാഘോഷം നാല്പതുദിവസത്തേയ്ക്കു നീണ്ടുനിൽക്കുന്നു. നാല്പതാംദിവസമായ വ്യാഴാഴ്ചയാണ് ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിരുനാൾ. തന്റെ രാജ്യത്തിൽ നമുക്കു വാസസ്ഥാനം ഒരുക്കുവാനായി താൻ പോകുന്നുവെന്ന ക്രിസ്തുവിന്റെ വാഗ്ദാനം നാം ഓർക്കുന്നു.



ഉയിർപ്പിന്റെ അമ്പതാം ദിവസമാണ് പന്തക്കുസ്താത്തിരുനാൾ. പന്തക്കുസ്താ (പെൻറക്കോസ്റ്റ്) എന്ന വാക്കിന്റെ അർത്ഥം അൻപതാം ദിവസം എന്നാണ്. ഈ തിരുനാളോടുകൂടെ ഉയിപ്പുകാലം അവസാനിക്കുന്നു. പരിശുദ്ധാത്മാവ് നമ്മിൽ എഴുന്നള്ളിവന്ന്, ക്രിസ്തു നമുക്കു നേടിത്തന്ന ദൈവികജീവൻ നമ്മിൽ വദ്ധിപ്പിക്കണമേ എന്ന് നാം പ്രാർത്ഥിക്കുന്നു.

പരിശുദ്ധ കന്യകാമറിയവും മററു വിശുദ്ധരും പ്രത്യേകവിധത്തിൽ ക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കുന്നവരാണ്. തന്മൂലം തിരുസ്സഭാവത്സരത്തിൽ അവരേ

യും നാം ബഹുമാനിക്കുന്നു. പരിശുദ്ധകന്യകാമറിയത്തിന്റെ പ്രധാനതിരുനാളുകൾ താഴെപ്പറയുന്നവയാണ്:

ആഗസ്റ്റ് 15

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം. അമ്മയുടെ ഈലോകജീവിതം അവസാനിച്ചപ്പോൾ ക്രിസ്തു അമ്മയെ സ്വർഗ്ഗത്തിലേയ്ക്കു കൊണ്ടുപോയി. പരിശുദ്ധ ജനനിയെ സംബന്ധിക്കുന്ന ഏററം പുരാതനമായ തിരുനാളാണിത്. നമ്മുടെ മാതൃഭൂമിയുടെ സ്വാതന്ത്ര്യദിനം നാമാഘോഷിക്കുന്നതും ഈ ദിവസംതന്നെ.

സെപ്ററംബർ 8

പരിശുദ്ധകന്യകാമറിയത്തിന്റെ ജനനം.

ഡിസംബർ 8

പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവം.

മാർച്ച് 25

മംഗലവാർത്തത്തിരുനാൾ.

## ഓർമ്മിക്കാൻ

1. തിരുസ്സഭാചരിത്രത്തിൽ നാം അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന തിരുനാളുകൾ ഏതെല്ലാം?

2. തിരുസ്സഭാവത്സരത്തിലെ പ്രധാന കാലങ്ങളേവ?

3. പരിശുദ്ധകന്യകാമറിയത്തേയും സകല വിശുദ്ധരേയും സംബന്ധിക്കുന്ന തിരുനാളുകൾ തിരുസ്സഭാവത്സരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ കാരണമെന്ത്?

## പ്രവർത്തിക്കാൻ

വിശുദ്ധവാരത്തിൽ കൂടുതൽ ശ്രദ്ധയോടെ ഞാൻ പരിത്യാഗകൃത്യങ്ങൾ അനുഷ്ഠിക്കും.

ഓഗസ്റ്റ് 15-ാംതീയതിയിലെ ആഘോഷങ്ങൾ പരിശുദ്ധ കർബാന സ്വീകരിക്കുന്നതിന് തടസ്സമാകാതിരിക്കാൻ ഞാൻ ശ്രദ്ധിക്കും.

അമ്പതുനോമ്പിൽ ഓരോദിവസവും ഒരു പുണ്യപ്രവൃത്തിയെങ്കിലും ചെയ്യാൻ ഞാൻ പരിശ്രമിക്കും.



# 21

# ആദിമക്രിസ്ത്യാനികൾ



"ആദിമക്രിസ്ത്യാനികൾ അപ്പസ്തോലന്മാരുടെ ഉപദേശത്തിൽ സ്ഥിരപ്പെട്ടും പ്രാർത്ഥനയിലും അപ്പം മുറിക്കുന്നതിലും പങ്കുകൊണ്ടുമിരുന്നു.... അവർ എല്ലാ ദിവസവും ഏകമനസ്സോടെ ദൈവാലയത്തിൽ പ്രാർത്ഥിച്ചു. വീടുകളിൽ വച്ചു ബലിയപ്പം മുറിച്ചു. സന്തോഷത്തോടും ഹൃദയനിഷ്കപടതയോടുംകൂടെ ഭക്ഷണംകഴിക്കയും ദൈവത്തെ സ്തുതിക്കയും എല്ലാവരോടും സമാധാനമായി വർത്തിക്കയും ചെയ്തു. വിശ്വാസികൾക്ക് ഒരേ മനസ്സും ഒരേ ആത്മാവുമായിരുന്നു. അപ്പസ്തോലന്മാർ ക്രിസ്തുവിൻെറ ഉയിർപ്പിനെപ്പററി വലിയ ശക്തിയോടുകൂടെ സാക്ഷ്യംവഹിച്ചിരുന്നു. എല്ലാവരോടുംകൂടെ വലിയ കൃപാവരവും ഉണ്ടായിരുന്നു"
(നടപടി 2: 42-47; 4: 32-33).

ലോകചരിത്രത്തിലെ അതിപ്രധാനമായ ഒരു സംഭവമാണ് സഭയുടെ വളർച്ച. ഈശോയുടെ സ്വർഗ്ഗാരോഹണം കഴിഞ്ഞു പത്താം ദിവസമായ പന്തക്കുസ്തായോടുകൂടെ തിരുസ്സഭയുടെ ചരിത്രം ആരംഭിച്ചു. അന്നു പരിശുദ്ധാത്മാവു തീനാളങ്ങളുടെ രൂപത്തിൽ അപ്പസ്തോലന്മാരുടെമേൽ എഴുന്നള്ളിവന്നു. ദൈവത്തിൻെറ ആത്മാവിനാൽ നിറഞ്ഞതുകൊണ്ട്, "നിങ്ങൾ ലോകമെങ്ങും പോയി പഠിപ്പിക്കുവിൻ" എന്ന ക്രിസ്തുവിൻെറ കല്പന നിറവേററുവാൻ അവർ വളരെ താൽപര്യം പ്രകടിപ്പിച്ചു.

യഹൂദന്മാരുടെ ഇടയിൽ വിള

വെട്ടപ്പുതിരുനാളായി പന്തക്കുസ്ത നിലവിലിരുന്നു. ഈ തിരുനാൾ ആഘോഷിക്കുവാൻ ധാരാളം യഹൂദർ അന്ന് ജെറുസലത്തു വന്നുചേ ന്നിരുന്നു. പരിശുദ്ധാത്മാവ് ആഗമിച്ച സമയത്തുണ്ടായ അടയാള ങ്ങളാൽ ആകൃഷ്ടരായി അനേകംപേർ അപ്പസ്തോലന്മാർ ഇരുന്നിരു ന്ന ഭവനത്തിനു ചുററും ഓടിക്കൂടി. വിശുദ്ധ പത്രോസ് ആ ജനക്കൂട്ട ത്തോടു പ്രസംഗിച്ചു. ഓരോരുത്തരും താന്താങ്ങളുടെ ഭാഷയിൽ അതു കേട്ടു. ദൈവം അവരോടുകൂടെയുണ്ട് എന്നതിന് ഒരു വലിയ അട യാളമായിരുന്നു അതു്.

ഏകദേശം മൂവായിരം പേർ അന്നു് മാമ്മോദീസ സ്വീകരിച്ചു. ഇവരാണ് ആദിമക്രിസ്ത്യാനികൾ. ജന്മനാ മുടന്തനായിരുന്ന ഒരുവ നെ വിശുദ്ധ പത്രോസ് സുഖപ്പെടുത്തിയതോടുകൂടെ മററനേകം പേ രും തിരുസ്സഭയിൽ ചേർന്നു.

ആദിമക്രിസ്ത്യാനികളുടെ പ്രധാനലക്ഷണം എന്തായിരുന്നെ ന്നോ? അവർ ദിവ്യബലിക്ക് (അപ്പം മുറിക്കുന്നതിന്) ഒരുമിച്ചു കൂടിയിരുന്നു. ക്രിസ്തുവിനെപ്രതി പരസ്പരം സ്നേഹിക്കുവാനും സഹാ യിക്കുവാനും വേണ്ട ശക്തി പരിശുദ്ധ കർബാനയിൽനിന്നു് അവ ക്കു ലഭിച്ചു. ധനികർ തങ്ങളുടെ സ്വത്തു പാവങ്ങൾക്കു പങ്കിട്ടുകൊടു ത്തു. ആരോഗ്യമുള്ളവർ രോഗികളെ സഹായിച്ചു. നല്കിയവരും സ്വീകരിച്ചവരും ദൈവസ്നേഹത്തിൽ അഭിവൃദ്ധിപ്രാപിച്ചു.

യഹൂദപ്രമാണികൾക്ക് ഇവയൊന്നും മനസ്സിലാവുകയോ ഇഷ്ട പ്പെടുകയോ ചെയ്തില്ല. വദ്ധിച്ചുവരുന്ന ക്രിസ്ത്യാനികളുടെ സംഖ്യ ക ണ്ടു് അവർ ഭയപ്പെട്ടു. ക്രിസ്തുവിനെപ്പററി പ്രസംഗിച്ചാൽ അപ്പസ്തോ ലന്മാരെ കൊല്ലുമെന്നു പറഞ്ഞു ഭയപ്പെടുത്തി.

ക്രിസ്ത്യാനികളെ ഏററമധികം വെറുത്തിരുന്ന ഒരാളാണ് താർ സസിലെ സാവൂൾ. ഒരിക്കൽ അയാൾ ഡമാസ്കസ്സിലേക്കു പോവുക യായിരുന്നു. വഴിക്കുവച്ച് ഒരത്ഭുതം സംഭവിച്ചു. ഉജ്ജ്വലത്തായ ഒരു പ്രകാശം അയാളെ അന്ധനാക്കി. “സാവൂൾ, സാവൂൾ, എന്തിനു് നീ എന്നെ ഉപദ്രവിക്കുന്നു?” എന്നു ക്രിസ്തു ചോദിക്കുന്നതു് അയാൾ കേട്ടു. അത്ഭുതകരമായി സാവൂൾ മാനസാന്തരപ്പെട്ടു. കുറച്ചുദിവസ ങ്ങൾക്കുശേഷം അദ്ദേഹം മാമ്മോദീസ സ്വീകരിച്ചു.

സാവൂൾ, പൗലോസ് എന്ന പേരു സ്വീകരിച്ചു. പത്രോസി നെ കാണുവാനായി അദ്ദേഹം ജെറുസലത്തേക്കു പോയി. തിരുസ്സഭ യിലെ ഏററം വലിയ മിഷനറിയാണ് വിശുദ്ധപൗലോസ്. ആദി മക്രിസ്ത്യാനികളെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനായി അദ്ദേഹം പതിന്നാലു ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. ദൈവവചനം പ്രസംഗി ച്ചതിനു ശിക്ഷയായി ജയിലിൽ അടക്കപ്പെട്ടിരുന്ന അവസരങ്ങളി ലാണ് ഇവയിൽ ചിലതു് എഴുതിയതു്.

ആദിമകാലങ്ങളിൽ തിരുസ്സഭയുടെ പ്രവത്തനങ്ങളധികവും ജെ റുസലത്തായിരുന്നു. അക്കാലത്താണ് എസ്തപ്പാനോസിൻെറ രക്ത

സാക്ഷിത്വം. അതോടെ, ക്രിസ്ത്യാനികൾക്കെതിരായി മതപീഡനം ആരംഭിച്ചു. ക്രിസ്ത്യാനികൾ ജെറുസലം വിട്ട് ഓടിപ്പോയി. അങ്ങനെ തിരുസ്സഭ സമറിയാ, അന്ത്യോക്ക്യ, റോമ മുതലായ സ്ഥലങ്ങളിലും വ്യാപിക്കുന്നതിനിടയായി. പിന്നീട്, കുറേക്കാലത്തേയ്ക്കു തിരുസ്സഭയുടെ പ്രവർത്തനങ്ങൾ അന്ത്യോക്ക്യയിൽ കേന്ദ്രീകൃതമായി. അതിനുശേഷം പത്രോസ് തിരുസ്സഭയുടെ ആസ്ഥാനം റോമയിലേയ്ക്കു മാററി. അങ്ങനെ റോമ തിരുസ്സഭയുടെ കേന്ദ്രമായി.

മററു് അപ്പസ്തോലന്മാർ അന്നറിയപ്പെട്ടിരുന്ന ലോകത്തിൻെറ വിവിധഭാഗങ്ങളിൽ ദൈവവചനം പ്രസംഗിച്ചു. ഇവരുടെ ജോലി ശിഷ്യന്മാർ തുടർന്നു. അതു് ഇന്നും തുടർന്നുകൊണ്ടുതന്നെയിരിക്കുന്നു.

## ഓർമ്മിക്കാൻ

1. ദൈവവചനം പ്രസംഗിക്കുവാനുള്ള അവസരം പന്തക്കുസ്താത്തിരുനാളിൽ അപ്പസ്തോലന്മാർക്കു ലഭിച്ചതെങ്ങനെ?
2. തിരുസ്സഭയുടെ പ്രാരംഭചരിത്രം വിവരിക്കുന്ന പുതിയനിയമഭാഗം ഏതു്?
3. സാവൂൾ മാനസാന്തരപ്പെട്ടതെങ്ങനെ?
4. മാനസാന്തരത്തിനുശേഷം സാവൂൾ ആരായിത്തീർന്നു?

## പാടാൻ

ദൈവസൂനോ ലോകനാഥാ,
കുരിശിനാൽ മർത്ത്യനെ വീണ്ടെടുത്തു നീ.
നവ്യരാജ്യം ചേർന്നിടുമ്പോൾ
കനിവിയന്നു ഞങ്ങളേയുമോർത്തിടേണമേ.
ദൈവസൂനോ....
നിൻപ്രീതിമാത്രം ലക്ഷ്യമാക്കി
നിൻദിവ്യമാർഗ്ഗം പിൻതുടർന്നിടാൻ
ആശയോടേ, മോദമോടേ
ഞങ്ങൾ നിൻ വരങ്ങൾ തേടിവന്നിടുന്നു.
ദൈവസൂനോ....
പാരിലെന്നുമങ്ങേ ശിഷ്യരാകുവാൻ
ദിവ്യദൗത്യമെന്നും ഭുവിനേകുവാൻ
ആശയോടേ, മോദമോടേ
ഞങ്ങൾ നിൻ വരങ്ങൾ തേടിവന്നിടുന്നു.
ദൈവസൂനോ ....


## പ്രവർത്തിക്കാൻ

അന്യമതങ്ങളിൽനിന്നു കത്തോലിക്കസഭയിലേയ്ക്കു വരുന്ന സഹോദരരോടു ഞാൻ ആദരപൂർവ്വം വർത്തിക്കും.

അവശരോടു് അനുകമ്പകാണിക്കുകയാണു് ക്രിസ്തീയത്വത്തിൻെറ ലക്ഷണം എന്നോർത്തു്, ഞാൻ അപ്രകാരം ചെയ്യും.

# 22

# ക്രിസ്തുവിൻെറ സാക്ഷികൾ



"പിന്നീട് അവർ അപ്പസ്തോലന്മാരെ വരുത്തി അവരെ പ്രഹരിപ്പിച്ചതിനുശേഷം ഇനി ഈശോയുടെ നാമത്തിൽ പ്രസംഗിക്കരുതെന്നു നിഷ്കർഷിച്ചിട്ട്, വിട്ടയച്ചു. ഈശോയുടെ നാമത്തെപ്രതി അപമാനംസഹിക്കുവാൻ അർഹരായി ഗണിക്കപ്പെട്ടതിൽആനന്ദിച്ചുകൊണ്ട് അവർ ന്യായാധിപസംഘത്തിൽനിന്നു പോയി. ദൈവാലയത്തിലും വീടുതോറും ഈശോയെപ്പററി പ്രസംഗിക്കുന്നതിൽനിന്ന് അവർ ഒരു ദിവസംപോലും വിരമിച്ചില്ല" (നടപടി 5: 40–42).


"ചിലർ കല്ലെറിയപ്പെട്ടു. ചിലർ വാളിനാൽ പിളക്കപ്പെട്ടു. മററു ചിലർ പരീക്ഷകൾക്കു വിധേയരായി. വേറെ ചിലർ വാളിൻെറ വായ്ത്തലയാൽ കൊല്ലപ്പെട്ടു. ഇതരർ കുഞ്ഞാടുകളുടേയും കോലാടുകളുടേയും തോലുകൾ ധരിച്ച് അവശതയിലും കഷ്ടതയിലും കഴിഞ്ഞുകൂടി" (എബ്രായർ 11–37).

"മേഘപടലംപോലെ വളരെയധികം സാക്ഷികളാൽ സമാവൃതരായിരിക്കുന്ന നമുക്കു നമ്മുടെ ഭാരങ്ങളും നമ്മെ വലയംചെയ്തിരിക്കുന്ന പാപങ്ങളും പരിത്യജിച്ച്, സത്യവിശ്വാസത്തിൻെറ നായകനും അതിനെ പൂർണ്ണമാക്കുന്നവനുമായ മിശിഹായെ നോക്കിക്കൊണ്ട് ക്ഷമാപൂർവ്വം നമ്മുടെ മുമ്പിലുള്ള സമരത്തിനു് ഓടിയണയാം" (എബ്രായർ 12: 1).

ആദിമക്രിസ്ത്യാനികൾ ക്രിസ്തുവിനു സാക്ഷ്യംവഹിച്ചു. ക്രിസ്തു

സാക്ഷാൽ ദൈവപുത്രനാണെന്ന് അവർ വിശ്വസിച്ചു. ക്രിസ്തു പഠിപ്പിച്ചതെല്ലാം അപ്പസ്തോലന്മാർവഴി അവർ വിശ്വസിച്ചു.

അനുദിനജീവിതത്തിൽ അവർ ക്രിസ്തുവിനു സാക്ഷികളായിരുന്നു. ദിവ്യബലിയർപ്പിക്കുവാൻ അവർ പലപ്പോഴും ഒരുമിച്ചുകൂടിയിരുന്നു. അവർ ഉപവിയോടുകൂടെ പരസ്പരം സഹായിച്ചു. അവർ സത്യസന്ധരായ പൗരന്മാരായിരുന്നതുകൊണ്ടു മററുള്ളവർ അവരെ ബഹുമാനിച്ചിരുന്നു. റോമൻപട്ടാളത്തിൽ ഉൾപ്പെട്ടിരുന്ന ക്രിസ്ത്യാനികൾ ഒന്നാംതരം ഭടന്മാരായിരുന്നു. കാരണം, പ്രയാസമേറിയ കാര്യങ്ങൾ ചെയ്യുവാൻ ക്രിസ്തീയ വിശ്വാസം അവരെ സഹായിച്ചു; ശക്തരാക്കി.



ആദ്യത്തെ മൂന്നൂറുവർഷക്കാലത്തേയ്ക്കു തിരുസ്സഭയ്ക്കു ധാരാളം ശത്രുക്കളുണ്ടായിരുന്നു. ക്രൂരമായ മതമർദ്ദനംവഴി തിരുസ്സഭയെ നശിപ്പിക്കുവാൻ റോമാക്കാരും മററു പല ഭരണാധികാരികളും ശ്രമിച്ചു. ക്രിസ്തുവിനുവേണ്ടി ആയിരക്കണക്കിനു ക്രിസ്ത്യാനികൾ രക്തസാക്ഷികളായി. ഇതിനുവേണ്ട ശക്തി ദൈവം അവർക്കു നല്കി.

ക്രിസ്തുവിനു സാക്ഷ്യംവഹിക്കുന്നതിൽ അപ്പസ്തോലന്മാർ ആദിമക്രിസ്ത്യാനികൾക്കു മാതൃകയായിരുന്നു. ദൈവവചനം പ്രസംഗിച്ചതിന് ആദിമകാലങ്ങളിൽത്തന്നെ വിശുദ്ധപത്രോസും വിശുദ്ധ യോഹന്നാനും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു. അ



ധികം താമസിയാതെ മററ് അപ്പസ്തോലന്മാരും ജെറുസലത്തുവച്ച ബന്ധിതരായി. ജയിലിൽനിന്ന വിമുക്തരായ ഉടൻതന്നെ അവർ വിശ്വാസത്തെപ്പററി പ്രസംഗിക്കുവാൻ വീണ്ടും പുറപ്പെട്ടു. ക്രമേണ എല്ലാ അപ്പസ്തോലന്മാരും രക്തസാക്ഷികളായി. വിശുദ്ധ യോഹന്നാൻ മരണകരമായ പീഡനങ്ങളെ അത്ഭുതകരമായി അതിജീവിച്ചതുകൊണ്ട് തിരുസ്സഭ അദ്ദേഹത്തെ രക്തസാക്ഷിയായിട്ടാണ് കരുതുന്നത്.

ആദ്യത്തെ രക്തസാക്ഷി വിശുദ്ധ എസ്തപ്പാനോസ് (സ്റ്റീഫൻ) ആണ്. ജെറുസലത്തിനു പുറത്തുവച്ച് അദ്ദേഹത്തെ കല്ലെറിഞ്ഞുകൊല്ലുകയാണുണ്ടായത്. റോമൻസാമ്രാജ്യത്തിൻെറ മററു ഭാഗങ്ങളിൽവച്ചാണ് അധികംപേരും രക്തസാക്ഷികളായത്. ആദിമക്രിസ്ത്യാനികളുടെ ശവസംസ്കാരത്തിനുപയോഗിച്ചിരുന്ന സ്ഥലമാണ് ഭൂഗർഭാലയങ്ങൾ, അഥവാ, കാററക്കോംസ്. മതമർദ്ദനകാലങ്ങളിൽ രക്ഷപ്പെടുന്നതിനായി അവർ ഭൂഗർഭാലയങ്ങളിൽ ഒളിച്ചിരുന്നു. എന്നാൽ, അങ്ങനെ രക്ഷപ്പെടാൻ സാധിക്കാതിരുന്നവരിൽ ചിലരെ പീഡകളേല്പിച്ചു കൊല്ലുകയും മററു ചിലരെ ക്രൂരമൃഗങ്ങൾക്ക് ഇരയായി എറിഞ്ഞുകൊടുക്കുകയുംചെയ്തു. ഈശോയ്ക്കു സാക്ഷ്യംവഹിച്ചവരുടെ രക്തം തിരുസ്സഭയുടെ വളർച്ചയെ സഹായിച്ചു. തന്മൂലമാണ്, "രക്തസാക്ഷികളുടെ നിണം സഭയുടെ വിത്ത്" എന്ന ചൊല്ലു പ്രസിദ്ധമായത്.

ഈ മതമർദ്ദനങ്ങൾ അവസാനിച്ചത് കോൺസ്റ്റൻറയിൻ ചക്രവത്തിയുടെ കാലത്താണ്. കോൺസ്റ്റൻറയിൻ ചക്രവത്തി ക്രിസ്തുമതം സ്വീകരിച്ചതോടെ മററു പലരും ക്രിസ്ത്യാനികളായി. പ്രസ്തുത മതമർദ്ദനങ്ങളുടെകാലത്തു ജീവിച്ചിരുന്നെങ്കിൽ നിങ്ങളും ക്രിസ്തുവിനുവേണ്ടി സധൈര്യം മരിക്കുമായിരുന്നില്ലേ?

## ഓർമ്മിക്കാൻ

1. എപ്രകാരമാണ് ആദിമക്രിസ്ത്യാനികൾ ക്രിസ്തുവിനു സാക്ഷ്യം വഹിച്ചത്?
2. നിങ്ങൾക്കെങ്ങനെ ക്രിസ്തുവിനു സാക്ഷ്യംവഹിക്കുവാൻ കഴിയും?

## പാടാൻ

നല്ല കാരുണ്യമുള്ള ദൈവത്തിൻ
വല്ലഭമെഴും പുത്രാ നീ,
നിൻതിരുഹൃദയത്തിലെന്നെയും
സ്വന്തമായ് ചേർത്തുകൊള്ളേണേ. /2

നിൻെറയോമനക്കൊച്ചുതോഴനായ്
നിൻവഴിക്കെന്നെ കൊണ്ടുപോയ്,
നിന്നനുഗ്രഹകൃപയിൽനിന്നു മാറായ്‌വാൻ
നൽവരങ്ങളും തരേണമേ. /2

## പ്രവർത്തിക്കാൻ

രക്തസാക്ഷികളുടെ, വിശ്വാസസ്ഥിരത ഞാൻ മാതൃകയാക്കും.

ക്രിസ്തുവിനു സാക്ഷ്യംവഹിച്ചുകൊണ്ടു ജീവിക്കുക എൻെറ ഏററം വലിയ കടമയും സൗഭാഗ്യവുമായി ഞാൻ കരുതും.



# 23

# അവർ ഒന്നായിരിക്കേണ്ടതിന്



ഈശോ അവരോട് ഈ ഉപമ അരുളിച്ചെയ്തു: "ഞാൻ നല്ലഇടയനാകുന്നു. എൻെറ പിതാവ് എന്നെ അറിയുകയും ഞാൻ പിതാവിനെ അറിയുകയും ചെയ്യുന്നതുപോലെ, ഞാൻ എനിക്കുള്ളവയെ അറിയുകയും, എനിക്കുള്ളവയാൽ അറിയപ്പെടുകയും, ആടുകൾക്കുവേണ്ടി എൻെറ ജീവൻ ഞാൻ സമർപ്പിക്കുകയും ചെയ്യുന്നു. എന്നാൽ, ഈ തൊഴുത്തിലുള്ളവയല്ലാതെ വേറെ ആടുകളും എനിക്കുണ്ട്. അവയേയും ഞാൻ കൊണ്ടുവരേണ്ടതാകുന്നു. അവയും എൻെറ സ്വരം കേൾക്കും. ഇങ്ങനെ ഒരാട്ടിൻകൂട്ടവും ഒരിടയനും ആകും."

(യോഹ. 10:14–16)

തിരുവത്താഴസമയത്ത് ഈശോ തൻെറ സ്വർഗ്ഗീയപിതാവിനോടു പ്രാർത്ഥിച്ചു: "ഇനിമേൽ ഞാൻ ലോകത്തിലുണ്ടായിരിക്കയില്ല. ഞാൻ അങ്ങയുടെ അടുക്കലേയ്ക്കു വരുകയാണ്. എന്നാൽ, അവർ ലോകത്തിൽത്തന്നെ വസിക്കുന്നു. നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങെനിക്കു ഏല്പിച്ചുതന്നവരെയെല്ലാം അങ്ങയുടെ നാമത്തിൽ കാത്തുകൊള്ളണമേ! അവക്കുവേണ്ടി മാത്രമല്ല, അവരുടെ ഉപദേശംമൂലം എന്നിൽ വിശ്വസിക്കുന്ന എല്ലാവക്കുംവേണ്ടി ഞാൻ പ്രാത്ഥിക്കുന്നു. അവരെല്ലാവരും ഒന്നായിരിക്കുന്നതിന്, പിതാവായ അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നാകു

വാൻ, അങ്ങനെ അവിടുന്ന് എന്നെ അയച്ചിരിക്കുന്നുവെന്നു ലോകം വിശ്വസിക്കുന്നതിനുവേണ്ടി, നാം ഒന്നായിരിക്കുന്നതുപോലെ അവരെല്ലാം ഒന്നായിരിക്കുന്നതിന് അവിടുന്ന് എനിക്കു നൽകിയ വിശിഷ്ടാവകാശം ഞാൻ അവർക്കുകൊടുത്തു. ഞാൻ അവരിലും അങ്ങ് എന്നിലും എന്നതുപോലെ, അവരുടെ ഐക്യം പരിപൂർണ്ണമാകുന്നതിനും അവിടുന്നാണ് എന്നെ അയച്ചതെന്നും, എന്നെ സ്നേഹിച്ചതുപോലെ ഞാൻ അവരേയും സ്നേഹിച്ചുവെന്നും ലോകം അറിയേണ്ടതിനും ഞാൻ അവരിലും നീ എന്നിലും ഇരിക്കുന്നു."

(യോഹ: 17:11;20-23)

തിരുസ്സഭ വാളാൽ നശിപ്പിക്കപ്പെടുകയില്ലെന്നു രക്തസാക്ഷികളുടെ ചരിത്രം തെളിയിക്കുന്നു. ആദിമക്രിസ്ത്യാനികൾക്കു ശാരീരികമായ പീഡനങ്ങൾ മാത്രമല്ല ഉണ്ടായിരുന്നത്. അവരുടെ വിശ്വാസത്തിനെതിരായ പല പ്രബോധനങ്ങളും അവിടവിടെ ഉയർന്നുവന്നു. ഈ സാഹചര്യങ്ങളിൽ തിരുസ്സഭയുടെ വിശ്വാസപരമായ ഐക്യം സംരക്ഷിച്ച ധീരാത്മാക്കളെ തിരുസ്സഭ "മല്പാന്മാർ" (വേദപാരംഗതന്മാർ) എന്നോ "സഭാപിതാക്കന്മാർ" എന്നോ വിളിക്കുന്നു.

ആദിമകാലങ്ങളിൽ വിശ്വാസികളിൽപ്പലരും, ചില വൈദികരും, മെത്രാന്മാർപോലും തെററിൽ ഉൾപ്പെട്ടുപോയിട്ടുണ്ട്. ക്രിസ്തു പഠിപ്പിച്ച കാര്യങ്ങൾ പലതും അവർ വിശ്വസിച്ചു. എങ്കിലും ചില തെററായ ആശയങ്ങൾ അവർക്കുണ്ടായിരുന്നു. അത്തരം തെററുകൾ അവർ മററുള്ളവരെ പഠിപ്പിക്കുകയും ചെയ്തു. ക്രിസ്തു ദൈവമല്ലെന്നുപോലും ഒരു കൂട്ടർ പഠിപ്പിക്കുകയുണ്ടായി. വിശുദ്ധ അത്തനേഷ്യസ് ഈ തെററിനെ എതിർത്തു. നിഖ്യായിൽവച്ചു നടന്ന ആദ്യത്തെ സൂനഹദോസിൽ ക്രിസ്തു ദൈവമാണെന്ന സത്യം ഉറപ്പിച്ചു പ്രഖ്യാപിക്കപ്പെട്ടു. ആ സൂനഹദോസിൽ സംബന്ധിച്ച മെത്രാന്മാർ ഒരു വിശ്വാസപ്രകരണം എഴുതിയുണ്ടാക്കി, ഈ സത്യം പ്രഖ്യാപിച്ചു. ഇതു 'നിഖ്യാവിശ്വാസപ്രമാണം' എന്നറിയപ്പെടുന്നു.

തിരുസ്സഭയിലെ വേറൊരു വേദപാരംഗതനാണ് വിശുദ്ധ ആഗസ്തീനോസ്. ഇദ്ദേഹം മുപ്പതുവയസ്സുവരെ പാപകരമായ ജീവിതമാണു നയിച്ചിരുന്നത്. അനന്തരം മാനസാന്തരപ്പെട്ട് നല്ല ജീവിതമാരംഭിച്ചു. ഇദ്ദേഹം ഒരു പുരോഹിതനും പിന്നീടു മെത്രാനുമായി. തിരുസ്സഭയുടെ പല പ്രബോധനങ്ങളും ഇദ്ദേഹം വിശദീകരിച്ചിട്ടുണ്ട്. ഇവയിൽ ഏററവും പ്രധാനം നിത്യരക്ഷപ്രാപിക്കാൻ ദൈവസഹായത്തിൻെറ ആവശ്യകതയെസ്സംബന്ധിച്ചുള്ള പ്രബോധനമാകുന്നു. വിശുദ്ധ ആഗസ്തീനോസിനെപ്പോലുള്ള ധീരാത്മാക്കൾ തിരുസ്സഭയിൽ എല്ലാക്കാലത്തുമുണ്ടായിരുന്നു. എങ്കിലും, വിശ്വാസസത്യങ്ങളെപ്പററി തിരുസ്സഭയിൽ പല തർക്കങ്ങളും ഉത്ഭവിക്കാനിടവന്നു. തൽഫലമായി തിരുസ്സഭയിൽനിന്നു പലരും വേർപിരിഞ്ഞു.

ഇങ്ങനെ വേർപിരിഞ്ഞുപോയവരിൽ പലരും (ഉദാ. ഗ്രീക്ക് ഓർത്തഡോക്സ്കാർ) ആരാധനക്രമത്തിലും വിശ്വാസത്തിലും തിരു

സ്സഭയോടു വളരെ അടുത്താണു നില്ക്കുന്നതു്. എന്നാൽ, പ്രൊട്ടസ്റ്റൻറു കാരുടേയും മററും പ്രബോധനങ്ങളും ആരാധനക്രമങ്ങളും കത്തോലിക്കാതിരുസ്സഭയുടേതിൽനിന്നു് ഏറെ വ്യത്യസ്തമാണു്. എങ്കിലും തിരുസ്സഭയിൽനിന്നു വേർപെട്ടുപോയ എല്ലാവരും നമ്മുടെ സഹോദരർതന്നെ, തീർച്ചയായും.

പരിശുദ്ധ മാർപ്പാപ്പയുടെ കീഴിൽ ക്രിസ്തുവിൽ ഒന്നായിരിക്കുവാൻ തിരുസ്സഭ എല്ലാവരോടും ആവശ്യപ്പെടുന്നു. എല്ലാ ക്രൈസ്തവരുടേയും ഐക്യത്തിനുവേണ്ടി തിരുസ്സഭ ഇന്നും പ്രാത്ഥിക്കുന്നുണ്ടു്. ഈ ക്രൈസ്തവൈക്യത്തിനു മുൻകൈയെടുക്കുകയാണു്, യോഹന്നാൻ മാർപ്പാപ്പ വിളിച്ചുകൂട്ടിയ സാർവ്വത്രികസൂനഹദോസിൻെറ ഉദ്ദേശങ്ങളിലൊന്നു്. ക്രിസ്തു ശിരസ്സായുള്ള തിരുസ്സഭയിലെ അംഗങ്ങളെന്ന നിലയിൽ നാം ക്രൈസ്തവൈക്യത്തിനുവേണ്ടി പ്രാർത്ഥിക്കണം.

ദൈവത്തെയോ ക്രിസ്തുവിനെയോപററി കേൾക്കാത്തവരായി അനേകംപേർ ഇന്നും ലോകത്തിൻെറ നാനാഭാഗങ്ങളിലും ഉണ്ടു്. സത്യം അറിയുവാൻ അവരെ സഹായിക്കേണ്ടവർ നാമാണു്. അവരും ക്രിസ്തുവിൽ ഒന്നാകുവാൻ നാം പ്രാത്ഥിക്കണം.

സുവിശേഷത്തിനു സാക്ഷ്യം വഹിച്ച വിവിധ തരത്തിലുള്ള ധീരാത്മാക്കളെ തിരുസ്സഭാചരിത്രത്തിൽ നമുക്കു കാണുവാൻ കഴിയും. ദൈവസേവനത്തിൽ ഏർപ്പെട്ടുകൊണ്ടു് നിത്യഭാഗ്യം പ്രാപിക്കുവാൻ വിവിധമാർഗ്ഗങ്ങൾ ദൈവം നമുക്കു നിർദ്ദേശിച്ചുതന്നിട്ടുണ്ടു്. പ്രത്യേകവിധത്തിൽ ദൈവസേവനം നിർവ്വഹിക്കുവാനുള്ള ക്ഷണമാണു് പൗരോഹിത്യത്തിലേയ്ക്കോ സന്യാസത്തിലേയ്ക്കോ ഉള്ള ദൈവവിളി.

ക്രിസ്തുവിൻെറ മരണത്തിനുശേഷം ലോകബഹളങ്ങളിൽ നിന്നകന്നു ദൈവസേവനം നടത്താനുള്ള ഒരു മാർഗ്ഗം ചിലർ കണ്ടുപിടിച്ചു. പ്രാത്ഥിക്കുവാനും ക്രിസ്തുവിൻെറ സുവിശേഷം പഠിക്കുവാനും അവർ ഏകാന്തസ്ഥലങ്ങളിലേയ്ക്കുപോയി. അവിടെ അവർ ഒരധികാരിയുടെ കീഴിൽ സമൂഹമായി ജീവിച്ചു. ഇവയിലൊന്നാണു് 6-ാം നൂററാണ്ടിൽ സ്ഥാപിതമായ വിശുദ്ധ ബെനഡിക്ടിൻെറ സന്യാസസമൂഹം. പല നൂററാണ്ടുകളോളം ഇതു മററു സന്യാസസമൂഹങ്ങൾക്കു മാതൃകയായിരുന്നു.

കാലക്രമത്തിൽ സാഹചര്യങ്ങളുടെ മാററംമൂലം സന്യാസജീവിതരീതിയിലും ചില മാററങ്ങൾ ഉണ്ടായി. ചില സന്യാസസഭകൾ തിരുസ്സഭയുടെ ഔദ്യോഗികപ്രാത്ഥനകൾ ആഘോഷപൂർവ്വം ചൊല്ലിക്കൊണ്ടു് ദൈവത്തെ സ്തുതിക്കുന്നതിൽ അധികസമയവും ചെലവഴിക്കുന്നു. വേറെ ചിലർ വേദപുസ്തകപഠനത്തിൽ വ്യാപൃതരായാണു കഴിയുന്നതു്. മററുചിലർ പഠിപ്പിക്കുക, പ്രസംഗിക്കുക,

സാധുക്കളേയും രോഗികളേയും സഹായിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടു് ദൈവത്തിനു സേവനം അനുഷ്ഠിക്കുന്നു.

പുരോഹിതന്മാരും സന്യാസസഹോദരന്മാരും കന്യാസ്ത്രീകളുമായി ക്രിസ്തുവിനെ അനുഗമിച്ചു ദൈവസേവനം നടത്തിയ അനേകംപേർ തിരുസ്സഭയിലുണ്ടു്. ദൈവത്തിന്റെ ഈ പ്രത്യേകവിളിയാണു് "പൗരോഹിത്യത്തിലേയ്ക്കുള്ള വിളി" എന്നും "സന്യാസത്തിലേയ്ക്കുള്ളവിളി" എന്നും പറയുന്നതു്. ഈ വിളി സ്വീകരിക്കുന്നവരുടെ ധീരത എത്രത്തോളമെന്നു് പലപ്പോഴും ദൈവം മാത്രമേ അറിയുകയുള്ളു.

അധികമാളുകളും അനുദിനജോലികൾ ചെയ്തുകൊണ്ടും കുടുംബജീവിതം നയിച്ചുകൊണ്ടുമാണു് വിശുദ്ധി പ്രാപിക്കുന്നതും, തിരുസ്സഭയുടെ വളർച്ചയെ സഹായിക്കുന്നതും. വിവാഹജീവിതത്തിനോ സന്യാസം സ്വീകരിക്കാത്ത അവിവാഹിതജീവിതത്തിനോ ഉള്ള ആഹ്വാനമാണു് ദൈവത്തിൽനിന്നു ചിലർ സ്വീകരിക്കുക. ക്രിസ്തുവിനോടുകൂടെ മനുഷ്യരുടെ നന്മയ്ക്കായി തിരുസ്സഭയിൽ അദ്ധ്വാനിക്കുന്ന സുപ്രധാനാംഗങ്ങളാണു് ഇവരും.

ദൈവത്തിന്റെ വിവിധവിളികൾ അനുസരിച്ചു ജീവിക്കുന്നവരെല്ലാവരും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. 'എല്ലാവരും ഒന്നാകണ'മെന്നുള്ള ക്രിസ്തുവിന്റെ പ്രാർത്ഥന ഫലപ്രദമാകുവാൻപരിശുദ്ധാത്മാവിന്റെ നേതൃത്വത്തിൽ ഇവർ എല്ലാവരും ഒന്നിച്ചു പ്രവർത്തിക്കുന്നു.

## ദൈവവിളിക്കുവേണ്ടിയുള്ള പ്രാർത്ഥന

ദൈവമേ, എല്ലാവരും രക്ഷപ്പെടണമെന്നും അങ്ങയുടെ സത്യം ഗ്രഹിക്കണമെന്നും അങ്ങു് ആഗ്രഹിക്കുന്നുവല്ലോ. ദൈവമേ, അങ്ങയുടെ വയലിലേയ്ക്കു വേലക്കാരെ ധാരാളമായി അയയ്ക്കണമേ! അവർ എല്ലായിടത്തും സുവിശേഷം പ്രചരിപ്പിക്കട്ടെ. അങ്ങനെ, സത്യദൈവമായ അങ്ങയേയും അങ്ങയച്ച ക്രിസ്തുവിനേയും എല്ലാ ജനതകളും അറിയുവാനും സ്നേഹിക്കുവാനും ഇടയാകട്ടെ; ആമ്മേൻ.

## ഓർമ്മിക്കാൻ

1. ആദിമക്രിസ്ത്യാനികൾക്കു നേരിട്ട ചില പുതിയ അപകടങ്ങൾ ഏവ?

2. ആദിമകാലങ്ങളിൽ തിരുസ്സഭയിൽ ഉണ്ടായിരുന്ന വിശ്വാസസംരക്ഷകർ ഏതു പേരിലറിയപ്പെടുന്നു?

3. രണ്ടു തിരുസ്സഭാപിതാക്കന്മാരുടെ പേരു പറയുക.

4. ക്രൈസ്തവൈക്യത്തിനുവേണ്ടി തിരുസ്സഭ ഇന്നു് എന്തു ചെയ്യുന്നു?

5. ദൈവവിളി എന്നാലെന്തു്?

6. ദൈവസേവനം നടത്താനുള്ള വിവിധ മാർഗ്ഗങ്ങളേവ?

## പ്രവർത്തിക്കാൻ

ദൈവസേവനത്തിനു ഞാൻ വിളിക്കപ്പെട്ടിട്ടുണ്ടോ എന്നറിയുവാൻ ഞാൻ പ്രാർത്ഥിക്കും; എൻെറ ദൈവവിളിയെപ്പററി ഞാൻ പഠിക്കും.

ക്രൈസ്തവൈക്യത്തിനുവേണ്ടിയുള്ള പ്രസ്ഥാനങ്ങളെ ഞാൻ പ്രോത്സാഹിപ്പിക്കും.



# 24

# ദൈവഭവനം



"യാക്കോബ്ബ് ഒരു സ്ഥലത്തെത്തിയപ്പോഴം സൂര്യൻ അസ്തമിക്കുകയാൽ രാത്രി അവിടെ താമസിച്ചു. അദ്ദേഹം ആ സ്ഥലത്തുനിന്നു് ഒരു കല്ലെടുത്തു തലയ്ക്കുകീഴെ വച്ചു കിടന്നുറങ്ങി. അഗ്രം ആകാശത്തിലെത്തുന്ന ഒരു കോവണി ഭൂമിയിൽ വച്ചിരിക്കുന്നതായും അതുവഴി ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതായും അദ്ദേഹം സ്വപ്നംകണ്ടു. കർത്താവു് അദ്ദേഹത്തിൻെറ അടുത്തുനിന്നുകൊണ്ടു് അരുളിച്ചെയ്തു: 'നിൻെറ പിതാവായ അബ്രാഹത്തിൻെറ ദൈവമായ കർത്താവു ഞാനാകുന്നു....നീ പോകുന്നിടത്തെല്ലാം നിൻെറകൂടെനിന്നു ഞാൻ നിന്നെ സംരക്ഷിക്കും..' യാക്കോബ്ബ് നിദ്രയിൽനിന്നുണർന്നു് ഇപ്രകാരം പറഞ്ഞു: 'നിശ്ചയമായും കർത്താവു് ഈ സ്ഥലത്തുണ്ടു്. ഞാൻ അതറിഞ്ഞിരുന്നില്ല' ഭയചകിതനായി അദ്ദേഹം പറഞ്ഞു: 'ഈ സ്ഥലം എത്ര ഭയജനകമാണു്! ഇതു ദൈവത്തിൻെറ ആലയവും സ്വർഗ്ഗത്തിൻെറ കവാടവുമല്ലാതെ മറെറാന്നുമല്ല!' യാക്കോബ്ബ് രാവിലെ എഴുന്നേററു് തൻെറ തലയ്ക്കുകീഴെ വച്ചിരുന്ന കല്ലെടുത്തു് ഒരു സ്മാരകസ്തംഭമായി നാട്ടുകയും അതിനെ തൈലംകൊണ്ടു് അഭിഷേചിക്കുകയും ചെയ്തു"

(സൃഷ്ടി 28: 11--13; 15--18).

ദൈവം എല്ലായിടത്തും ഉണ്ടു്. അവിടുത്തെ സാന്നിദ്ധ്യം പ്രപഞ്ചം മുഴുവൻ നിറഞ്ഞുനില്ക്കുന്നു. അവിടുത്തെ ശക്തി എല്ലാററിനും അസ്തിത്വം കൊടുക്കുന്നു. എല്ലാസ്ഥലത്തും എല്ലാ സമയത്തും ദൈവം

സന്നിഹിതനാണ്. എങ്കിലും അവിടത്തേ സേവനത്തിനായി പ്രത്യേകവിധം മാററിവച്ചിരിക്കുന്ന പ്രത്യേക സ്ഥലങ്ങളും സാധനങ്ങളുമുണ്ട്. അവ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടവ എന്നു നാം പറയുന്നു.

തിരുസ്സഭ ക്രിസ്തുവിൻെറ ശരീരമാണെന്നു നാം പഠിച്ചുകഴിഞ്ഞു. ഭൂമിയിൽ ദൈവത്തിൻെറ കുടുംബത്തിൻെറ വളർച്ചയെപ്പററി നാം മനസ്സിലാക്കി. ദൈവാരാധനയ്ക്കായി ഈ കുടുംബത്തിലെ അംഗങ്ങൾ സമ്മേളിക്കുന്ന സ്ഥലത്തിന് ദൈവാലയം (പള്ളി) എന്നു പറയുന്നു.

നമ്മുടെ പഴയ പള്ളികൾക്ക് ഒരു മുഖശാല കാണാം. അതിനെ മോണ്ടളം എന്നു വിളിക്കുന്നു. പള്ളിയകത്തു വാതിലിനു സമീപത്തായി ഭിത്തിയിലുള്ള കൽത്തൊട്ടിയിൽ വിശുദ്ധജലം (ഹന്നാൻ വെള്ളം) സൂക്ഷിക്കുന്നു. ഈ പാത്രത്തെ ഹന്നാൻകല്ല് എന്നും പറയും. പള്ളിയുടെ പ്രധാന കവാടത്തിനടുത്ത് മുൻകാലങ്ങളിൽ മാമ്മോദീസത്തൊട്ടി സ്ഥാപിച്ചിരുന്നു.

ദൈവാലയത്തിലെ പരിശുദ്ധകർമ്മങ്ങൾക്കായി നിർദ്ദേശിച്ചിരിക്കുന്ന സ്ഥലമാണ് ശ്രീകോവിൽ. മദ്ബഹാ അല്ലെങ്കിൽ സാങ്ച്വറി എന്നും അതിനു പേർ പറയും. അതിൽ കല്ലുകൊണ്ടോ മരംകൊണ്ടോ നിർമ്മിച്ചിട്ടുള്ള ബലിപീഠമാണ് അൾത്താര. അൾത്താരയിലോ അതിനടുത്തോ വച്ചിരിക്കുന്ന പേടകമാണ് സക്രാരി. ഇതു് പരിശുദ്ധകുർബാന സൂക്ഷിക്കുന്നതിനുള്ളതാണ്. സക്രാരിയിൽ കുസ്തോദി അല്ലെങ്കിൽ സിബോറിയം എന്നു പറയുന്ന ലോഹപ്പാത്രത്തിലാണ് പരിശുദ്ധകുർബാന നിക്ഷേപിക്കുക.

ദിവ്യബലിയിൽ ഈശോയുടെ രക്തമായി പകരാനുള്ള വീഞ്ഞൊഴിക്കുന്ന പാനപാത്രത്തിനു കാസ എന്നു പറയുന്നു; ഈശോയുടെ ശരീരമായി പകരാനുള്ള അപ്പം (ഓസ്തി) വയ്ക്കുന്ന താലത്തിനു പീലാസ അല്ലെങ്കിൽ പത്തേന എന്നും. കാസ തുടയ്ക്കുന്ന ചെറുതുവാലയുടെ പേരു് സങ്കീഞ്ഞു് അല്ലെങ്കിൽ പ്യൂരിഫിക്കേറററ് എന്നാണ്. കാസ, പീലാസ, കുസ്തോദി എന്നീ പാത്രങ്ങൾ സാധാരണയായി സ്വർണ്ണം പൂശിയാണുപയോഗിക്കുക. കാസ മുതലായവ വയ്ക്കുന്ന തുവാലയാണ് കെത്താന അല്ലെങ്കിൽ കോർപ്പൊറൽ. കാസ മൂടുന്ന ചതുരത്തുണിയെ കബലാന അല്ലെങ്കിൽ പാൾ എന്നു വിളിക്കുന്നു. കാസയും പീലാസയും ഒന്നാകെ മൂടുന്ന നിറമുള്ള വലിയ തുവാല ശോശപ്പ അല്ലെങ്കിൽ വെയ്ൽ എന്നറിയപ്പെടുന്നു.

കുർബാനയ്ക്കു കാർമ്മികൻ ഉപയോഗിക്കുന്ന തിരുവസ്ത്രങ്ങൾ താഴെപ്പറയുന്നവയാണ്: തോൾമുതൽ പാദംവരെ നീണ്ടുകിടക്കുന്ന വെള്ളയങ്കി: ആൽബാ അല്ലെങ്കിൽ കൊത്തീനാ; അതു ധരിച്ചതിനുശേഷം ഉപയോഗിക്കുന്ന ചരട്: അരക്കെട്ട് അല്ലെങ്കിൽ സൂനാറ; പിന്നീട് തോളുകളിൽനിന്നു നെഞ്ചത്തുകൂടെ താഴേയ്ക്കു തൂങ്ങിക്കിട

ക്കത്തക്കവിധത്തിൽ ധരിക്കുന്ന നാട: സ്റ്റോള അല്ലെങ്കിൽ ഊറാറ; ഇവയ്ക്കുപുറമെ ധരിക്കുന്ന നിറമുള്ളതും കൈയില്ലാത്തതുമായ തിരുവസ്ത്രം (കുർബാനക്കുപ്പായം): ചാസ്യൂബിൾ അല്ലെങ്കിൽ പൈന.

## ഓർമ്മിക്കാൻ

കുർബാനയ്ക്കുപയോഗിക്കുന്ന തിരുവസ്ത്രങ്ങളും, തിരുപ്പാത്രങ്ങളും ഇവയുടെ പേരുകളും പറയുക.

## പ്രവർത്തിക്കാൻ

തിരുവസ്തുക്കളും ഞാൻ ആദരപൂർവ്വം കൈകാര്യംചെയ്യും.

ദൈവാലയത്തിൽ ഞാൻ ഭക്തിയോടെ വ്യാപരിക്കും.

പരിശുദ്ധ കുർബാനയുടെ മുമ്പിൽ ആരാധനാരൂപിയോടെ ആചാരം ചെയ്യുന്നതിനു ഞാൻ ശ്രദ്ധിക്കും.



# 25

# ദൈവദാനം



യാത്രാക്ഷീണംമൂലം ഈശോ യാക്കോബിൻെറ കിണററിനരികെ ഇരുന്നു. സമയം ഏതാണ്ട മദ്ധ്യാഹ്നമായിരുന്നു. അപ്പോഠം, ഒരു സമറിയാക്കാരി വെള്ളംകോരുവാൻ അവിടെ എത്തി. ഈശോ അവളോട്, "എനിക്കു കുടിക്കാൻ വെള്ളം തരുക" എന്നരുഠംചെയ്തു. അവിടുത്തെ ശിഷ്യന്മാർ ഭക്ഷണസാധനങ്ങഠം വാങ്ങുവാൻ പട്ടണത്തിൽ പോയിരിക്കുകയായിരുന്നു. ആ സമറിയാസ്ത്രീ അവിടുത്തോട്, "താങ്കഠം യൂദനായിരിക്കെ, സമറിയാസ്ത്രീയായ എന്നോട കുടിക്കുവാൻ ചോദിക്കുന്നതെങ്ങനെ? യൂദർക്ക് സമറിയാക്കാരുമായി കൂട്ടുകെട്ട് ഇല്ലല്ലോ" എന്നു പറഞ്ഞു. ഈശോ ഉത്തരമായി അവളോട്, "ദൈവത്തിൻെറ ദാനമെന്തെന്നും എനിക്കു കുടിക്കുവാൻ തരുക എന്നു നിന്നോടാവശ്യപ്പെട്ടതാരെന്നും നീ ഗ്രഹിച്ചിരുന്നെങ്കിൽ, നീതന്നെ അയാളോട ചോദിക്കുകയും അയാഠം ജീവജലം നിനക്കു തരുകയും ചെയ്യുമായിരുന്നു" എന്നരുഠംചെയ്തു. "സ്വാമിൻ", ആ സ്ത്രീ അവിടുത്തോട ചോദിച്ചു, "വെള്ളംകോരാൻ താങ്കളുടെ കൈവശം ഒന്നുമില്ലല്ലോ. കിണറാണെങ്കിൽ ആഴമേറിയതു്. പിന്നെ ജീവൻെറ ജലം നല്കുവാൻ താങ്കഠംക്കു കഴിയുന്നതെങ്ങനെ? ഈ കിണർ ഞങ്ങഠംക്കു തന്ന ഞങ്ങളുടെ പിതാവായ യാക്കോബിനേക്കാഠം താങ്കഠം വലിയവനാണോ? അദ്ദേഹവും പുത്രന്മാരും വളർത്തുമൃഗങ്ങളും വെള്ളംകുടിച്ചിരുന്നതു് ഇതിൽനിന്നാണു്."

ഈശോ അവളോട്  അരുൾചെയ്തു: "ഈ വെള്ളം കുടിക്കുന്നവനു പിന്നീടു ദാഹമുണ്ടാകും. ഞാൻ തരുന്ന വെള്ളം കുടിക്കുന്നവന് പിന്നീടൊരിക്കലും ദാഹിക്കുകയില്ല. ഞാൻ നല്കുന്ന ജലം മനുഷ്യനെ നിത്യായുസ്സിലേയ്ക്കു നയിക്കുന്ന നീർച്ചാലായിരിക്കും." ഉടനെ അവൾ അവിടുത്തോടു ചോദിച്ചു. "പ്രഭോ, ആ ജലം എനിക്കു നല്കിയാലും. പിന്നെ എനിക്കു ദാഹിക്കുകയില്ലല്ലോ. വെള്ളം കോരാൻ വരുകയും വേണ്ടാ" (യോഹ. 4: 6-16).

താൻ ആരെന്നും 'ദൈവദാനം' എന്തെന്നും ഈശോ പറഞ്ഞപ്പോൾ അവിടുന്ന് എന്താണർത്ഥമാക്കിയതെന്ന് ആദ്യം ആ സ്ത്രീ അറിഞ്ഞില്ല. ഈശോയുടെ വാക്കുകൾ ശ്രദ്ധിച്ചപ്പോൾ ഈ ജീവജലം ലഭിക്കുന്നതിന് അവൾക്കതിയായ താൽപര്യമുണ്ടായി.

ദൈവത്തിൻെറ ഏററവും വലിയ ദാനം ക്രിസ്തുവാണ്. ക്രിസ്തു ഒട്ടുമാവെന്നപോലെ നിന്നെ തന്നോട് ഐക്യപ്പെടുത്തുന്നു. ദിവസംതോറും നിന്നെ കൂടുതൽ കൂടുതൽ തന്നെപ്പോലെ ആക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നുമുണ്ട്.

തനിക്കു നിന്നോടുള്ള ഐക്യം വർദ്ധിപ്പിക്കുന്നതിനായി 'ജീവജല'ത്തിൻെറ നീർച്ചാലാകുന്ന കൂദാശകൾവഴി ദൈവികജീവനും ദൈവികസ്നേഹവും ഈശോ നിനക്കു നല്കുന്നു. കർബാന എന്ന ദിവ്യബലിയിൽ നീ ദൈവത്തിനു നല്കുന്ന ദാനമാണ് ഈശോ. അവിടുന്ന് നിന്നെ തൻെറ ശരീരമാകുന്ന സഭയുടെ ഒരംഗമാക്കി. സ്വർഗ്ഗത്തിൽ ദൈവികമഹത്വത്തിൽ പങ്കുകാരനാകുന്നതിനു നാന്ദിയായി ഈ ലോകത്തിൽ ദൈവികജീവൻെറ ഓഹരി നിനക്കു ലഭിക്കുന്നു.

## ഓർമ്മിക്കാൻ

1. ദൈവത്തിൻെറ ഏററം വലിയ ദാനമെന്ത്?
2. ക്രിസ്തു നിന്നെ എങ്ങനെ തന്നോട് ഐക്യപ്പെടുത്തിയിരിക്കുന്നു?

## പാടാൻ

സമ. സ്ത്രീ: ഞാനൊരു സമര്യനാരി, യെന്നാൽ
മാനി, യഹൂദകുലോത്തമൻ നീ!
കൊള്ളുമോ ഹീനയാം നാരിയോടായ്
വെള്ളമിരന്നുകുടിപ്പതോർത്താൽ!

യേശു: നീരിനായ് നിന്നോടിരന്നിടുവോൻ
ആരെന്നു നീയറിഞ്ഞുവെങ്കിൽ,
യാചിക്കുമായിരുന്നെന്നോടുനീ
ജീവനരുളുന്ന ദിവ്യതീർത്ഥം.

ഒട്ടും മടിയാതെ നല്കിയേനെ
നിത്യജീവൻറജലത്തെ ഞാനും.

സമ: ആഴമേറീടും കിണററിൽനിന്നും
തോയമിതെങ്ങനെ കോരിടും നീ?
പാളയുമില്ല, കയറുമില്ല,
വേറെയില്ലൊന്നും ജലമെടുക്കാൻ.
ഇക്കിണർ തീർത്ത പിതാമഹനാം
യാക്കോബിനേക്കാൾ നീ കേമനാണോ?


യേശു: നീ കോരും നീരുകുടിക്കുവോർക്കു
തീരുകയില്ലൊരുനാളും ദാഹം;
ഞാനേകും വെള്ളം കുടിപ്പവർക്കു
മേലിലുണ്ടാകില്ല ദാഹമെന്നും.

സമ: ദാഹമെനിക്കു ശമിച്ചീടുവാൻ,
ഞാനീജലംതേടി വന്നിടായ്‌വാൻ,
പാവനമാകുമാ ദിവ്യതീർത്ഥം
നീ ദയവോടെനിക്കേകിയാലും!

## പ്രവർത്തിക്കാൻ


ക്രിസ്തു തായ്ത്തണ്ടും ഞാൻ ശാഖയുമാണെന്നു് എൻെറ പ്രവൃത്തികളിൽ ഞാൻ അനുസ്മരിക്കും.

സഭയാകുന്ന മുന്തിരിച്ചെടിയിലെ ഉണങ്ങിയ ശാഖകൾ തളിർക്കുകയും പൂക്കുകയും ചെയ്യുന്നതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കും, പരിത്യാഗങ്ങൾ അനുഷ്ഠിക്കും.



# 26

# രണ്ടാമത്തെ വരവിൽ



"സ്വർഗ്ഗരാജ്യം വധൂവരന്മാരെ എതിരേല്ക്കാൻ വിളക്കുകളുമായി പുറപ്പെട്ട പത്തു കന്യകകളോടു സദൃശമാകുന്നു. അവരിൽ അഞ്ചുപേർ വിവേകവതികളും അഞ്ചുപേർ വിവേകരഹിതകളുമായിരുന്നു. വിവേകരഹിതകൾ വിളക്കുകളെടുത്തപ്പോൾ എണ്ണകൂടി കൊണ്ടുപോയില്ല. വിവേകവതികൾ വിളക്കുകളോടുകൂടെ പാത്രങ്ങളിൽ എണ്ണയുമെടുത്തു. മണവാളൻ വരാൻ വൈകിയതിനാൽ, അവർ നിദ്രാധീനരായിപ്പോയി. അർദ്ധരാത്രിയായപ്പോൾ, 'ഇതാ, മണവാളൻ വരുന്നു, അദ്ദേഹത്തെ എതിരേല്ക്കാൻ പുറപ്പെടുവിൻ' എന്ന ഉദ്ഘോഷണമുണ്ടായി. ഉടനെ കന്യകകളെല്ലാവരും എഴുന്നേററു തങ്ങളുടെ വിളക്കുകൾ തെളിച്ചു. വിവേകരഹിതകളായ കന്യകമാർ വിവേകവതികളോടു പറഞ്ഞു: 'ഞങ്ങളുടെ വിളക്ക് അണഞ്ഞുപോകുന്നു. നിങ്ങളുടെ എണ്ണയിൽ കുറച്ചു ഞങ്ങൾക്കു തരുവിൻ.' വിവേകവതികൾ മറുപടി പറഞ്ഞു: 'നിങ്ങൾ വ്യാപാരികളുടെ അടുക്കൽ പോയി വാങ്ങിക്കൊള്ളുവിൻ. അല്ലാത്തപക്ഷം, നമുക്കിരുകൂട്ടർക്കും തികയാതെവരും.' അവർ എണ്ണവാങ്ങാൻ പോയ സമയത്തു് മണവാളൻ വന്നു. ഒരുങ്ങിനിന്നിരുന്നവർ അദ്ദേഹത്തോടുകൂടെ വിരുന്നിനായി അകത്തു പ്രവേശിച്ചു; വാതിലും അടയ്ക്കപ്പെട്ടു" (മത്തായി 25: 1–10).

ഈശോ ഒരിക്കൽ പറഞ്ഞ ഒരുപമയാണിതു്. വിളക്കുകളുമായി അവർ മണവാളനെ കാത്തുനിന്നു. ഒരുങ്ങിയിരുന്നവർ അവ

നോട്ടക്കൂടെ വിരുന്നുശാലയിൽ പ്രവേശിച്ചു. ഒരുക്കംകൂടാതിരുന്നവർ ഒരുങ്ങിവന്നപ്പോഴേയ്ക്കും വാതിൽ അടയ്ക്കപ്പെട്ടതായി കണ്ടു.

നാം സദാ ഒരുങ്ങിയിരിക്കണമെന്നാണ് ഈശോ ഈ ഉപമവഴി നമ്മെ പഠിപ്പിക്കുന്നതു്. ദൈവികജീവനും സ്നേഹവുമാകുന്ന വിളക്കുകൾ കൊളുത്തിയാണ് നാം ഒരുങ്ങിയിരിക്കേണ്ടതു്. ഇങ്ങനെ നാം ഒരുങ്ങിയിരുന്നാൽ ഈശോയോടൊത്തു സ്വർഗ്ഗീയവിരുന്നിൽ നമുക്കു പങ്കുകാരാകാം.

നാം ഈലോകത്തിലായിരിക്കുമ്പോൾ ഈശോയാണ് നമ്മുടെ നല്ല ഇടയൻ. വലിയ സ്നേഹത്തോടെ അവിടുന്നു നമ്മെ പിതാവിൻെറ പക്കലേയ്ക്കു നയിക്കുന്നു. മരണംകഴിഞ്ഞാലുടനെ ഈശോ നമ്മെ വിധിക്കുന്നു. ഇതിനാണ് തനതുവിധിയെന്നു പറയുന്നതു്. ദൈവപ്രമാണങ്ങൾ, വിശേഷിച്ച്, സ്നേഹത്തിൻെറ പ്രമാണം, അനുസരിക്കുന്നതിൽ കാണിച്ചിട്ടുള്ള വിശ്വസ്തതയനുസരിച്ചായിരിക്കും ഈശോ നമ്മെ വിധിക്കുന്നതു്.

ലോകാവസാനം എല്ലാ മനുഷ്യരും ഉയിർത്തെഴുന്നേല്ക്കും. ഉടൻ തന്നെ പൊതുവിധി നടക്കുന്നു. സ്വർഗ്ഗത്തിൻേറയും ഭൂമിയുടേയും നാഥനും രാജാവുമായ ക്രിസ്തു മഹത്വത്തോടും അധികാരത്തോടുംകൂടെ മനുഷ്യവർഗ്ഗത്തെ വിധിക്കുവാൻവരും. നല്ലവരേയും ദുർജ്ജനങ്ങളേയും നിത്യമായി വേർതിരിക്കുവാനാണ് അവിടുന്നു വരുന്നതു്. ഈ സമയത്തു ദൈവരാജ്യം സർവ്വവിധ മഹത്വത്തോടുംകൂടെ പ്രത്യക്ഷപ്പെടും.

അവസാനമായി ഉച്ചരിക്കപ്പെടുന്ന വാചകം നിത്യമാണ്. നല്ലവരോട്, അതായതു്, കത്തിച്ച വിളക്കുമായി നില്ക്കുന്ന 'വിവേകി'കളോട്, ക്രിസ്തു പറയും: "എൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ." ദുർജ്ജനങ്ങളോട്, അതായതു്, ദൈവികജീവനും സ്നേഹവുമില്ലാത്തവരോട് ക്രിസ്തു പറയും: "എന്നിൽനിന്നു് എന്നേയ്ക്കുമായി അകന്നുപോകുവിൻ."

നമുക്കു്, "എൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ" എന്ന അഭിവാദ്യം ക്രിസ്തുവിൽനിന്നു കേൾക്കാനിടയാകട്ടെ!

ദൈവത്തെപ്രതി നാം നമ്മുടെ അയല്ക്കാരെ സ്നേഹിക്കുന്ന സ്നേഹത്തിൻെറ തോതനുസരിച്ചാണ് ദൈവം നമ്മെ വിധിക്കുന്നതു്. നിയമത്തിൻെറ പൂർത്തീകരണം സ്നേഹമാണ്. മറെറല്ലാ കല്പനകളും സ്നേഹത്തിൻെറ നിയമത്തെ ആശ്രയിച്ചിരിക്കുന്നു. ക്രിസ്തുവിൻെറ യഥാർത്ഥാനുയായികളുടെ ലക്ഷണം സ്നേഹമത്രേ.

ഈശോ എല്ലാവരേയും സ്നേഹിക്കുന്നു. മററുള്ളവക്കു നാം ചെയ്യുന്ന സഹായങ്ങൾ തനിക്കുതന്നെ ചെയ്യപ്പെട്ടതായി ഈശോ കരുതുന്നു. ഈശോയ്ക്കു് എല്ലാ മനുഷ്യരോടുമുള്ള സ്നേഹത്തെയാണ് ഇതു ദ്യോതിപ്പിക്കുന്നതു്. മാത്രമല്ല, എല്ലാവരും തന്നോടു് ഐക്യപ്പെട്ടിരിക്കണമെന്നും അവിടുന്നു് ആഗ്രഹിക്കുന്നു.

ക്രിസ്തുവിൻെറ മഹത്വപൂർണ്ണമായ വരവിൻവേണ്ടി ദൈവത്തിൻെറ യഥാർത്ഥമക്കളെപ്പോലെ നമുക്കു പ്രാർത്ഥിക്കാം. നമ്മുടെ പിതാവായ ദൈവത്തിൻെറ രാജ്യത്തിൽ ക്രിസ്തുവിനോടൊത്തു ജീവിക്കാനുള്ള ഒരുക്കമാണ്, ഈ ലോകത്തിലെ നമ്മുടെ ജീവിതം.

## ഓർമ്മിക്കാൻ


"ആകയാൽ, നിങ്ങളുടെ യജമാനൻ ഏതു നാഴികയിൽ വരുന്നുവെന്നു് അറിയാത്തതിനാൽ നിങ്ങൾ ഉണർന്നിരിക്കുവിൻ"

(മത്തായി 24: 42).

1. ശരീരത്തിൻെറ ഉത്ഥാനം എന്നാലെന്തു്?
2. ദൈവരാജ്യം സർവ്വവിധമഹത്വത്തോടുംകൂടെ പ്രത്യക്ഷപ്പെടുന്നതു് എന്നാണു്?
3. അവസാനദിവസം നമ്മെ വിധിക്കുന്നതാരാണു്?
4. എന്തടിസ്ഥാനത്തിലാണു് അവിടുന്നു നമ്മെ വിധിക്കുന്നതു്?

## പ്രവർത്തിക്കാൻ

1. വിധിയാളനായ ദൈവത്തെ സ്വീകരിക്കുന്നതിനു് ഓരോ ദിവസവും ഞാൻ ഒരുങ്ങും.
2. ദരിദ്രരേയും അവശരേയും സഹായിക്കാൻ കിട്ടുന്ന അവസരമൊന്നും ഞാൻ നഷ്ടപ്പെടുത്തുകയില്ല.



# ഏതാനും നമസ്കാരങ്ങൾ

## വിശ്വാസപ്രകരണം

എൻെറ ദൈവമേ, കത്തോലിക്കസഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന സത്യങ്ങളെല്ലാം ഞാൻ ദൃഢമായി വിശ്വസിക്കുന്നു; എന്തെന്നാൽ, വഞ്ചിക്കുവാനും വഞ്ചിക്കപ്പെടുവാനും കഴിയാത്തവനായ അങ്ങുതന്നെയാണ് അവ വെളിപ്പെടുത്തിയിരിക്കുന്നത്.

## പ്രത്യാശാപ്രകരണം (ശരണപ്രകരണം)

എൻെറ ദൈവമേ, അങ്ങു സർവ്വശക്തനും അനന്തദയാലുവും വാഗ്ദാനങ്ങളിൽ വിശ്വസ്തനുമാണ്; ആകയാൽ, ഞങ്ങളുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ യോഗ്യതകളാൽ പാപമോചനവും, അങ്ങയുടെ പ്രസാദവരത്തിൻെറ സഹായവും, നിത്യജീവിതവും എനിക്കു ലഭിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു.

## സ്നേഹപ്രകരണം

എൻെറ ദൈവമേ, അങ്ങ് അനന്തനന്മയും പരമസ്നേഹത്തിനു യോഗ്യനുമാണ്; ആകയാൽ, പൂർണ്ണഹൃദയത്തോടെ സർവ്വോപരി അങ്ങയെ ഞാൻ സ്നേഹിക്കുന്നു; അങ്ങയോടുള്ള സ്നേഹംനിമിത്തം മററുള്ളവരേയും എന്നെപ്പോലെ ഞാൻ സ്നേഹിക്കുന്നു. എന്നെ ഉപദ്രവിച്ച എല്ലാവരോടും ഞാൻ ക്ഷമിക്കുന്നു; ഞാൻ ഉപദ്രവിച്ച എല്ലാവരോടും ഞാൻ മാപ്പപേക്ഷിക്കുകയും ചെയ്യുന്നു.

## സുവിശേഷഭാഗ്യങ്ങൾ എട്ട്

1. ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗരാജ്യം അവരുടേതാകുന്നു.

2. എളിമയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ, അവർ ഭൂമിയെ അവകാശമായി അനുഭവിക്കും.

3. ദുഃഖിതർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ, അവർ ആശ്വസിപ്പിക്കപ്പെടും.

4. നീതിയെക്കുറിച്ചു വിശപ്പും ദാഹവും സഹിക്കുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ, അവർ തൃപ്തരാകും.

5. കരുണയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ, അവരുടെമേൽ കരുണയുണ്ടാകും.

6. ഹൃദയവിശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ, അവർ ദൈവത്തെ കാണും.

7. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ, അവർ ദൈവത്തിൻെറ പുത്രരെന്നു വിളിക്കപ്പെടും.

8. നീതിനിമിത്തം പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ, സ്വർഗ്ഗരാജ്യം അവരുടേതാകുന്നു.

## സത്യതിരുസ്സഭയുടെ പ്രധാന ലക്ഷണങ്ങൾ നാല്

1. തിരുസ്സഭ ഏകമാകുന്നു.

2. തിരുസ്സഭ വിശുദ്ധമാകുന്നു.

3. തിരുസ്സഭ കത്തോലിക്കമാകുന്നു (സാർവ്വത്രികമാകുന്നു).

4. തിരുസ്സഭ ശ്ലൈഹികമാകുന്നു.

## മൗലികപാപങ്ങളും അവയ്ക്കെതിരായ പുണ്യങ്ങളും

1. നിഗളം × എളിമ
2. ദ്രവ്യാഗ്രഹം × ഔദാര്യം
3. മോഹം × അടക്കം
4. കോപം × ക്ഷമ
5. കൊതി × മിതഭോജനം
6. അസൂയ × ഉപവി
7. മടി × ഉത്സാഹം

## മൗലികസുകൃതങ്ങൾ നാല്

1. വിവേകം 2. നീതി

3. ആത്മശക്തി 4. മിതത്വം

## പ്രധാന പുണ്യപ്രവൃത്തികൾ മൂന്ന്

1. നോമ്പ് 2. പ്രാർത്ഥന 3. ദാനധർമ്മം.

## പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ഏഴ്

1. ജ്ഞാനം
2. ബുദ്ധി
3. ആലോചന
4. ആത്മശക്തി
5. അറിവ്
6. ഭക്തി
7. ദൈവഭയം

## പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ പന്ത്രണ്ട്

1. ഉപവി 2. ആനന്ദം 3. സമാധാനം

4. ക്ഷമ 5. സഹനശക്തി 6. നന്മ

7. കനിവ് 8. സൗമ്യത 9. വിശ്വാസം

10. അടക്കം 11. ആത്മസംയമനം 12 ബ്രഹ്മചര്യം (കന്യാവ്രതം)

## പരിശുദ്ധാത്മാവിനെതിരായ പാപങ്ങൾ ആറ്

1. മോക്ഷം കിട്ടുകയില്ലെന്നുള്ള വിചാരം (നിരാശ).
2. സൽപ്രവൃത്തികൾ കൂടാതെ മോക്ഷം പ്രാപിക്കാമെന്ന വിചാരം (മിഥ്യാപ്രതീക്ഷ).
3. ഒരു കാര്യം സത്യമാണെന്നറിഞ്ഞിട്ടും അതിനെ നിഷേധിക്കുന്നത്.
4. അന്യരുടെ നന്മയിലുള്ള അസൂയ.
5. പാപം ചെയ്തതിനുശേഷം അനുതപിക്കാതെ പാപത്തിൽത്തന്നെ ജീവിക്കുന്നത്.
6. അന്ത്യസമയത്തുപോലും അനുതപിക്കാതെ പാപത്തോടു കൂടി മരിക്കുന്നത്.

## ദൈവത്തിന്റെ ലക്ഷണങ്ങൾ ആറ്

1. തന്നാൽത്താനായിരിക്കുന്നു.
2. അനാദിയായിരിക്കുന്നു.
3. അശരീരിയായിരിക്കുന്നു.
4. സർവ്വനന്മസ്വരൂപിയായിരിക്കുന്നു
5. എങ്ങും വ്യാപിച്ചിരിക്കുന്നു.
6. സകലത്തിനും ആദികാരണമായിരിക്കുന്നു.

DHARMARAM LIBRARY
BANGALORE - 560 029

| Due Date | Due Date | Due Date |
| --- | --- | --- |
| 20 JUL 2010 | | |

പിതാവിൻ പക്കലേക്ക്_ 5



P.O.C. PUBLICATIONS_ 9